





# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്
# സമഗ്രവികസനരേഖ





‘‘ഒൻപതാം പദ്ധതി
ജനകീയ പദ്ധതി’’

# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് സമഗ്ര വികസന രേഖ



സ്വന്തം രാജ്യത്തിന്റെ
നിർമ്മിതിയിൽ തങ്ങൾക്കും
ഫലപ്രദമായൊരു
പങ്കുണ്ടെന്ന് പരമ ദരിദ്രനുപോലും
അനുഭവപ്പെടുന്നൊരു ഭാരതം,
ഉയർന്ന വർഗ്ഗക്കാരനോ
താഴ്ന്ന വർഗ്ഗക്കാരനോ
ഇല്ലാത്തൊരു ഭാരതം,
എല്ലാ സമുദായങ്ങളും
പരിപൂർണ്ണ രഞ്ജിപ്പിൽ
കഴിയുന്നൊരു ഭാരതം
കെട്ടിപ്പടുക്കുന്നതിനുവേണ്ടി
ഞാൻ പ്രവർത്തിക്കും.

—— മഹാത്മാഗാന്ധി


എഡിറ്റർ
പി. സജിത്

എഡിറ്റോറിയൽ സ്റ്റാഫ്
എ. അബ്ദുൽ അസീസ്
സി. എച്ച്. സാലി
എ. അബ്ദുൾഖാദർ കുഞ്ഞ്
പി. ഡി. സുരേഷ്
ആർ. നന്മജൻ
പി. രാമചന്ദ്രൻ
എസ്. രാജേന്ദ്രൻ
ജി. രവീന്ദ്രൻ
സി. സുധീന്ദ്രബാബു
എം. ഷാംനാഥ്
വി. ഗോപകുമാർ
കെ. പുഷ്കരൻ
എം. നൗഷാദ്

കവർ
സുധി കാർലോസ്

ടൈപ്പ്സെറ്റിങ്ങ്
ടൈപ്പിൻസോഫ്റ്റ്
കൊച്ചി -16

പ്രിൻറിങ്
ജാസ്മിൻ ഗ്രാഫിക്സ്
കൊച്ചി -16

# ഗ്രാമപഞ്ചായത്ത് സാരഥികൾ



**എ. അബ്ദുൽ അസീസ്**
പ്രസിഡൻറ്



**സി. എച്ച്. സാലി**
വൈസ് പ്രസിഡൻറ്



**എ. അബ്ദുൽഖാദർ കുഞ്ഞ്**
സ്റ്റാൻറിങ് കമ്മിറ്റി ചെയർമാൻ

| | |
|---|---|
| **ഷെർളി സുരേഷ്** | മെംബർ |
| **സുജാതാ നടരാജൻ** | മെംബർ |
| **അബ്ദുൽലത്തീഫ്** | മെംബർ |
| **പുഷ്പാബാലൻ** | മെംബർ |
| **വിനോദ്കുമാർ പാണ്ഡവത്ത്** | മെംബർ |
| **ജി. കാർത്തികേയൻ** | മെംബർ |
| **മേനകാമോഹനൻ** | മെംബർ |
| **കെ. ഗോപാലൻ** | മെംബർ |

## ജനകീയ ആസൂത്രണ പ്രസ്ഥാനം
## ജില്ലാതല പരിശീലകർ

പി. സജിത്
സി. രത്നകുമാർ
എസ്. രാജേന്ദ്രൻ
പി. രാമചന്ദ്രൻ
വി. ഗോപകുമാർ
ആർ. നന്മജൻ
ജി. രവീന്ദ്രൻ
എം. ഷംനാദ്
സി. സുധീന്ദ്രബാബു
എം. നൗഷാദ്



ഇന്ത്യയുടെ ആത്മാവ്
കുടികൊള്ളുന്നത്
ഗ്രാമങ്ങളിലാണ്.

MKGandhi

# മുൻകാല സാരഥികൾ



ശ്രീ. റ്റി. കെ. ബാലകൃഷ്ണൻ



ശ്രീ. പാണ്ഡവത്ത് ശങ്കരപിള്ള



ശ്രീ. കെ. സുകുമാരപണിക്കർ



ശ്രീ. എൻ. ചെല്ലപ്പൻ



ശ്രീ. കെ. സുകുമാരൻ



ശ്രീ. കെ. എം. മജീദ്

# ഉള്ളടക്കം

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്ര താളുകളിലൂടെ
4. കൃഷി, ജലസേചനം
5. മത്സ്യസമ്പത്തും മൃഗപരിപാലനവും
6. വ്യവസായം
7. വിദ്യാഭ്യാസം
8. പൊതുജനാരോഗ്യം, കുടിവെള്ളം
9. ഗതാഗതവും ഊർജ്ജവും
10. പാർപ്പിടം
11. സാമൂഹ്യക്ഷേമം
12. കലാ-സാംസ്കാരികരംഗം
13. വനിത
14. സഹകരണം
15. പട്ടികജാതി പട്ടികവർഗ്ഗം
16. വിഭവസമാഹരണം
17. ടൂറിസം
18. സമർപ്പണം

---

അനുബന്ധം : തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്
പ്രവർത്തനരേഖ

# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്.





# വികസന രേഖയ്ക്ക് ഒരാമുഖം

സ്വാതന്ത്ര്യാനന്തര ഭാരതം എട്ട് പഞ്ചവത്സര പദ്ധതികളിലൂടെ കടന്ന് ഒൻപതാം പദ്ധതിയിലേക്ക് നടന്നടുക്കുകയാണ്. ദേശീയ സ്വാതന്ത്ര്യസമരകാലയളവിലും സ്വാതന്ത്ര്യലബ്ധിയെ തുടർന്നും നവഭാരത സൃഷ്ടിയെസംബന്ധിച്ച് ഒട്ടനവധി ചിന്തകളും ആശയഗതികളും ഉരുത്തിരിയുകയും അവയാകെതന്നെ പ്രയോഗികതലത്തിൽ എത്തിയ്ക്കുന്നതിനുള്ള കർമ്മപദ്ധതിയെന്ന തരത്തിൽ പഞ്ചവത്സരപദ്ധതികൾ നിലവിൽ വരികയും ചെയ്തു. വ്യക്തമായ ലക്ഷ്യങ്ങളെ മുൻനിറുത്തുക്കൊണ്ട് ആവിഷ്കരിച്ച പഞ്ചവത്സരപദ്ധതികൾ എത്രമാത്രം ലക്ഷ്യപ്രാപ്തിയിലെന്ന പരിശോധനയ്ക്ക് പ്രസക്തിയേറുന്നു. പദ്ധതി നടത്തിപ്പിനു വേണ്ടി നീക്കിവെയ്ക്കുന്ന തുകയുടെ മുന്തിയ ശതമാനവും നിലവിലിരിക്കുന്ന സംവിധാനങ്ങളുടെ പോരായ്മകൊണ്ടും പദ്ധതി രൂപകല്പനയിലെ അശാസ്ത്രീയതകൊണ്ടും പാഴായിപ്പോവുകയും, അതുവഴി രാഷ്ട്രശില്പികളുടെ ചിന്തയിൽ രൂപംകൊണ്ട പഞ്ചവത്സരപദ്ധതികൾ ലക്ഷ്യംകാണാതെ പോവുകയും ചെയ്തു. ഇതിനർത്ഥം പദ്ധതികൾ ആകെതന്നെ പരാജയമടഞ്ഞുവെന്നല്ല. മറിച്ച് എട്ടുപദ്ധതികളിലൂടെ നാം എന്തു നേട്ടം കൈവരിക്കാൻ ആഗ്രഹിച്ചുവോ അതിന്റെ പരിപൂർണ്ണതയിലെത്തുവാൻ നമുക്കു സാധിച്ചട്ടില്ല.

കേന്ദ്ര-സംസ്ഥാനതലങ്ങളിലെ ബൗദ്ധികകേന്ദ്രങ്ങളിൽ രൂപപ്പെട്ട് ബ്യൂറോക്രസിയുടെ ചട്ടകൂടുകൾക്കുള്ളിൽ നിന്നുകൊണ്ട് നടപ്പിൽവരുത്തിയ പദ്ധതികൾ ലക്ഷ്യപ്രാപ്തിയിലെത്തിചേരാൻ കഴിയാതിരുന്നതിന് അടിസ്ഥാനപരമായ കാരണങ്ങൾ പലതാണ്. നയരൂപീകരണത്തിലും നിർവഹണത്തിലും അമിതമായ കേന്ദ്രീകരണവും ഔപചാരികതയും അഴിമതിയും ശരിയായ വിലയിരുത്തലിന്റെ അഭാവവുമെല്ലാം ഇന്ത്യയിലെ 90കോടി ജനങ്ങൾക്കായി രൂപപ്പെടുത്തിയ പദ്ധതികളുടെ വൈകല്യങ്ങളായി നിഴലിച്ചുനിൽക്കുന്നു. നിലനിൽക്കുന്ന ഈ പരിമിതികളുടെയും പോരായ്മകളുടെയും പരിഹാരം തേടിയുള്ള അന്വേഷണങ്ങൾ ആകെത്തന്നെ എത്തിനിൽക്കുന്നത് മഹാത്മജിയുടെ ആശയഗതികളുടെ സങ്കൽപ്പങ്ങളുടെ വിളഭൂമിയായിരുന്ന ഗ്രാമങ്ങളിലാണ്. ഇന്ത്യയുടെ ആത്മാവുകുടികൊള്ളുന്ന ഗ്രാമങ്ങളെ തൊട്ടറിയാത്ത, ഗ്രാമങ്ങളുടെ സ്പന്ദനങ്ങൾ ഏറ്റുവാങ്ങാത്ത വികസനപദ്ധതികൾ അപ്രായോഗികമാവുകയും ചെയ്യുമ്പോഴാണ് പഞ്ചായത്തിരാജിന്റെ പ്രസക്തിയേറുന്നത്. അമിതാധികാര കേന്ദ്രീകരണത്തിൽ നിന്നും വ്യതിചലിച്ചുകൊണ്ട് പഞ്ചായത്ത്രാജ് സംവിധാനത്തെ ശക്തമാക്കി ജനകീയ പങ്കാളിത്തത്തോടുകൂടിയ വികേന്ദ്രീകൃത ആസൂത്രണം ഒന്നുകൊണ്ടുമാത്രമേ യഥാർത്ഥ ഗ്രാമസ്വരാജ് പ്രാവർത്തികമാവുകയുള്ളൂ.

പൊതുജീവിതത്തിന്റെ പുഴുക്കുത്തുകളായി മാറിയ അഴിമതിയ്ക്കും സ്വജനപക്ഷപാതത്തിനും ഒരു പരിധിവരെ തടയിടാൻ കഴിയുന്നതരത്തിൽ സുതാര്യവും പ്രത്യക്ഷജനപങ്കാളിത്തവും, കാര്യശേഷി കൂടുതലുള്ളതും എല്ലാ കക്ഷിചിന്തകൾക്കും അതീതമായി സ്വന്തം നാടിനുവേണ്ടി ആവതുചെയ്യുക എന്ന വൈകാരികതയിൽ അതിഷ്ഠിതമായ ഒരു പുത്തൻ ആസൂത്രണസംവിധാനം ഉയർന്നുവരേണ്ടത് വർത്തമാനം ആവശ്യപ്പെടുന്ന ഒന്നാണ്. ഭരണഘടന രൂപീകരണവേളയിൽ സംസ്ഥാന പരിധിയിൽ വരുന്ന നിർദ്ദേശകതത്വങ്ങളുടെ പട്ടികയിൽ മാത്രം സ്ഥാനം ലഭിച്ചിരുന്ന ഈ സംവിധാനത്തിന് മൂർത്തമായ രേഖചമച്ച ബൽവന്ത്റായ്മേത്ത കമ്മിറ്റി ആവശ്യമായ ശക്തിപകർന്നു. 1960കളിൽ നിലവിൽ വന്ന പഞ്ചായത്ത്രാജ് സ്ഥാപനങ്ങളെ അവയുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് ഉൽപ്പാദന

മേഖലയെ പരിപോഷിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുന്നതിന് സഹകരണപ്രസ്ഥാനം ശക്തിമാക്കികൊണ്ട് സാമ്പത്തികലഭ്യത കണ്ടെത്തണമെന്നുള്ള രണ്ടാംപഞ്ചവത്സരപദ്ധതിരേഖ അധികാരവികേന്ദ്രീകരണ ചരിത്രത്തിലെ ഒരു സുപ്രധാന ചുവടുവെയ്പാണ്.

വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ആദ്യകാലശ്രമങ്ങൾക്ക് തടസം സൃഷ്ടിച്ച ഘടകങ്ങളെ കണ്ടെത്തിയ അശോക്മേത്താ കമ്മിറ്റി സ്വയംഭരണകൂടങ്ങളായിമാറാൻ കഴിയാത്ത പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ സ്ഥിതി ബോധ്യപ്പെടുകയും അവയാകെ പരിഹരിക്കുന്നതിനുള്ള ശാസ്ത്രീയ സമീപന രേഖ അവതരിപ്പിക്കുകയും ചെയ്തു. 1970ലെ പഞ്ചായത്ത്രാജ് സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള അശോക്മേത്താ കമ്മിറ്റി റിപ്പോർട്ടും ബ്ലോക്കുതല ആസൂത്രണത്തെ സംബന്ധിച്ചുള്ള ദന്ത്വാല കമ്മിറ്റി റിപ്പോർട്ടും സമർപ്പിക്കപ്പെട്ടതോടെ അധികാര വികേന്ദ്രീകരണത്തെ സംബന്ധിച്ച ചർച്ചകൾ ദേശീയതലത്തിൽ സജീവമായി. യശഃശരീരനായ മുൻ പ്രാധാനമന്ത്രി രാജീവ്ഗാന്ധിയുടെ കാലത്ത് 64-ാം ഭരണഘടന ഭേദഗതിയിലൂടെ ലഭിച്ച സാധ്യതയും അതിനെതുടർന്ന് വന്ന 73-74 ഭരണഘടനാ ഭേദഗതിയും അധികാരവികേന്ദ്രീകരണരംഗത്ത് ഒട്ടനവധി സാധ്യതകൾ തെളിയിച്ചുതരികയും ഇതിന്റെ സാക്ഷാൽക്കരണത്തിനുള്ള പരിശ്രമങ്ങൾക്ക് ആക്കംകൂട്ടുകയും ചെയ്തു.

ഇൻഡ്യയ്ക്കും ലോകത്തിനുതന്നെയും ഒട്ടനവധി മാതൃകകൾ കാഴ്ചവച്ചിട്ടുള്ള കേരളം ആസൂത്രണപ്രക്രിയയിൽ ഒരു പുതിയ മാതൃക 1172 ചിങ്ങം ഒന്നിന് സമർപ്പിച്ചിരിക്കുകയാണ്. മുകളിൽ നിന്ന് താഴേയ്ക്ക് കെട്ടിയിറക്കുന്ന ആസൂത്രണത്തിന്റെ പരമ്പരാഗത രീതിയിൽ നിന്ന് വ്യത്യസ്തമായി താഴേതട്ടിൽ നിന്ന് ജനപങ്കാളിത്തത്തോടുകൂടി ഒമ്പതാംപദ്ധതി രൂപപ്പെടുത്തുക എന്ന പുത്തൻ ശൈലി ലോകത്തിന്റെതന്നെ ആസൂത്രണപ്രക്രിയയിൽ പുതുയുഗപിറവിക്ക് നാന്ദികുറിക്കുമെന്നതിൽ സംശയമില്ല. 9-ാം പദ്ധതിയിലേക്കുള്ള ജനകീയ നിർദ്ദേശങ്ങൾ സമാഹരിക്കുന്നതിനായി വിളിച്ചുചേർത്ത വിശേഷാൽ ഗ്രാമസഭകൾ ജനപങ്കാളിത്തംകൊണ്ടും സജീവമായ ചർച്ചകൾകൊണ്ടും ശ്രദ്ധേയമായി. നാടിനെ സംബന്ധിച്ചും അമൂല്യമായ സാംസ്കാരികതനിമയുംഒക്കെ ഈ ഗ്രാമസഭകളിൽ ഉയർന്നുവന്നു രേഖകളിൽ സ്ഥാനംപിടിച്ചു. ഭവനാന്തരീക്ഷത്തിന്റെ നാല്അതിരുകൾക്കുള്ളിൽ ഒതുങ്ങികൂടി കഴിഞ്ഞിരുന്ന സ്ത്രീകളുടെ പങ്കാളിത്തം മിക്കഗ്രാമസഭകൾക്കും പുത്തൻ ഉണർവ് പകർന്നു. മത്സ്യബന്ധനത്തിലും കയർപിരിമേഖലയിലും ഒക്കെ വ്യാപൃതരായിരുന്ന തൊഴിലാളികളും ഇടത്തട്ടുകാരുമെല്ലാം ഉച്ചയ്ക്കുമുമ്പേ പണികൾ പൂർത്തീകരിച്ചുകൊണ്ട് ഗ്രാമസഭയിലേക്കെത്തി. വിശേഷാൽ ഗ്രാമസഭകൾക്ക് സമാപനംകുറിച്ചുകൊണ്ട് അരങ്ങേറിയ കലാപരിപാടികൾ ഗ്രാമസഭകൾക്ക് ഉത്സവഛായ പകർന്നു. വിശേഷാൽ ഗ്രാമസഭകൾക്കുശേഷം ജനകീയ ആസൂത്രണസമിതിയുടെ നടത്തിപ്പിനെകുറിച്ച് ആലോചിക്കുന്നതിനായി പഞ്ചായത്തുതലത്തിൽ വിപുലമായ യോഗങ്ങൾ വിളിച്ചുചേർക്കുകയും ദ്വിതീയവിവരശേഖരണത്തിനായി 12 ഗ്രൂപ്പുകൾ രൂപീകരിക്കുകയും ചെയ്തു. സമയബന്ധിതമായി തന്നെ ദ്വിതീയ വിവരങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞുവെന്നത് ഈ രംഗത്തു പ്രവർത്തിച്ച മുഴുവൻ അംഗങ്ങളുടെയും സഹകരിച്ച മുഴുവൻ ഉദ്യോഗസ്ഥരുടെയും അർപ്പണമനോഭാവം ഒന്നുകൊണ്ടുമാത്രമാണ്.

ചുരുക്കത്തിൽ ജനകീയാസൂത്രണപ്രക്രിയയിൽ മുഴുവൻ ജനവിഭാഗങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുവാൻ കഴിഞ്ഞുവെന്നതിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിന് അഭിമാനിക്കുവാൻ കഴിയും. ഇത്തരത്തിൽ ഈ ഗ്രാമത്തിലാകെ ഉയർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടുള്ള ജനകീയ മുന്നേറ്റത്തെ ഗ്രാമത്തിന്റെ സമഗ്രവികസനത്തിന് ഉൽപ്രേരകമാക്കുവാൻ കഴിയുന്നതിനുള്ള പ്രവർത്തനം വരുംകാലങ്ങളിൽ ഏറ്റെടുക്കും.



# പഞ്ചായത്ത് പൊതുവിവരണം

| | | |
|---|---|---|
| പഞ്ചായത്തിൻെറ പേര് | - | തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് |
| ഉൾപ്പെടുന്ന വില്ലേജ് | - | തൃക്കുന്നപ്പുഴ |
| ബ്ലോക്ക് പഞ്ചായത്ത് | - | ഹരിപ്പാട് |
| താലൂക്ക് | - | കാർത്തികപ്പള്ളി |
| അസംബ്ലി മണ്ഡലം | - | ഹരിപ്പാട് |
| ജില്ല | - | ആലപ്പുഴ |
| വിസ്തീർണ്ണം | - | 12.53 ച.കി.മീ. |
| അതിരുകൾ | - | കിഴക്ക് - കർത്തികപ്പള്ളി, കുമാരപുരം, കരുവാറ്റ പഞ്ചായത്തുകൾ<br>പടിഞ്ഞാറ് - അറബിക്കടൽ<br>തെക്ക് - ആറാട്ടുപുഴ പഞ്ചായത്ത്<br>വടക്ക് - പുറക്കാട്ട് പഞ്ചായത്ത് |
| ജനസംഖ്യ | - | 25849 |
| പുരുഷൻ | - | 12790 |
| സ്ത്രീ | - | 13059 |
| അക്ഷരാഭ്യാസമുള്ളവർ | - | 20062 |
| വാർഡുകൾ | - | 11 |
| പ്രസിഡൻറ് | - | എ. അബ്ദുൾ അസീസ് |
| വൈസ്പ്രസിഡൻറ് | - | സി.എച്ച്. സാലി. |
| സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | - | എ. അബ്ദുൾ ഖാദർകുഞ്ഞ് |
| ഗ്രാമപഞ്ചായത്ത് സെക്രട്ടറി | - | പി.ഡി. സുരേഷ് |
| എം.പി | - | വി.എം. സുധീരൻ |
| എം.എൽ.എ. | - | എ.വി. താമരാക്ഷൻ |
| ജില്ലാപഞ്ചായത്തംഗം | - | പി. വി. സിന്ധു |
| ബ്ലോക്ക് പഞ്ചായത്തംഗങ്ങൾ | - | ടി.എസ്. താഹ, സോൾ സി. തൃക്കുന്നപ്പുഴ, അഡ്വ. ഡി. ലില്ലി. |



# തൃക്കുന്നപ്പുഴയുടെ ചരിത്രം

പണ്ടുകാലം മുതൽ പ്രശസ്തി നേടിയ ഒരു പശ്ചിമ തീരപ്രദേശമാണ് ഇന്നത്തെ തൃക്കുന്നപ്പുഴ. "ശ്രീമൂലവാസ"മെന്ന പേരിലാണ് അക്കാലത്ത് ഈ പ്രദേശം അറിയപ്പെട്ടിരുന്നത്. വിദേശ വ്യാപാരികളുടെ പായ്ക്കപ്പലുകൾക്ക് നിർബാധം അടുക്കുകയും ചരക്കുകൾ കയറ്റി ഇറക്കുകയും ചെയ്യാവുന്ന ഒരു തുറമുഖവും തുറമുഖപട്ടണവും അന്നിവിടെ ഉണ്ടായിരുന്നതായി പറയപ്പെടുന്നു. ഇന്നിവിടെ കാണുന്ന ശാസ്താ ക്ഷേത്രം സ്ഥിതി ചെയ്യുന്നിടത്തുനിന്നു ആറേഴു നാഴിക പടിഞ്ഞാറ് ഇന്നു കടലായ് കാണുന്ന ഭാഗത്തായിരുന്നു പ്രസ്തുത തുറമുഖപട്ടണത്തിന്റെയും ശാസ്താക്ഷേത്രത്തിന്റെയും മറ്റും ആസ്ഥാനമെന്നു ചില പുരാതന രേഖകളിൽ കാണുന്നുണ്ട്. ചരിത്ര ഗവേഷകനായ ശ്രീമാൻ ഇളംകുളം കുഞ്ഞൻ പിള്ള അവർകളുടെ കേരള ചരിത്രത്തിലും, കേരളോല്പത്തി, സ്ഥലപുരാണം, ചില സഞ്ചാരികളുടെ ലേഖനങ്ങൾ, വിദേശ വ്യാപാരികളുടെ രേഖകൾ എന്നിവകളിലും ശ്രീമൂലവാസത്തെക്കുറിച്ചു ചില വിശദീകരണങ്ങളും സൂചനകളും കാണുന്നുണ്ട്. അക്കാലത്തു ഈ പ്രദേശത്തിന്റെ അധീശത്വം ബുദ്ധമതക്കാരായ പാലി ആര്യന്മാർക്കായിരുന്നതായും, ഇവിടെ അതിമനോഹരമായ ഒരു വിഹാരം ബുദ്ധപ്രതിമയോടുകൂടി നിലനിന്നിരുന്നായും, ബുദ്ധ സന്യാസിമാരുടെ നേതൃത്വത്തിൽ നിരവധി മതസമ്മേളനങ്ങൾ നടന്നിരുന്നതായും "ഹ്യൂയങ്സാങ്" എന്ന ചൈനീസ് സഞ്ചാരി രേഖപ്പെടുത്തിക്കാണുന്നുണ്ട്. ഇങ്ങനെ സർവ്വപ്രകാരേണയും വിശ്വപ്രസിദ്ധി നേടിയ ശ്രീമൂല വാസവും തുറമുഖപട്ടണവും ആയിരത്തി അഞ്ഞൂറു കൊല്ലങ്ങൾക്കു മുമ്പ് ഭീകരമായ ഒരു കടൽക്ഷോഭത്തിൽ നശിച്ചു പോയതായി വിശ്വസിക്കപ്പെടുന്നു. ഇതു കൂടാതെ തൃക്കുന്നപ്പുഴയെക്കുറിച്ചു മറ്റൊരു ഐതിഹ്യം കൂടി പറഞ്ഞുവരുന്നുണ്ട്.

പണ്ട്, മഹാവിഷ്ണുവിന്റെ ആറാമത്തെ അവതാരമായി അറിയപ്പെടുന്ന പരശുരാമൻ, ക്ഷത്രിയ രാജാക്കന്മാരോടുണ്ടായ പക വീട്ടുന്നതിനു വേണ്ടി അങ്ങോളമിങ്ങോളം സഞ്ചരിച്ച് ക്ഷത്രിയരെ കൊലചെയ്ത് ഇവിടെയെത്തി ഇവിടത്തെയും ക്ഷത്രിയ രാജാക്കന്മാരെ കൊന്നൊടുക്കി കേരളം സ്വന്തമാക്കി. അങ്ങനെ സ്വന്തമാക്കിയ കേരളം തന്റെ സഹായികളും, സ്വവർഗ്ഗക്കാരുമായ ബ്രാഹ്മണർക്കു അറുപത്തിനാലു തളികളായി ഭാഗിച്ചു ദാനം ചെയ്തു. അങ്ങനെ ദാനം ചെയ്ത തളികളിൽ ഒന്നാണു 'ശ്രീമൂല വാസം' (ശ്രീമൂലപാദം) എന്നു വിശ്വസിക്കപ്പെടുന്നു. നിരപരാധികളായ രാജാക്കന്മാരെ കൊന്നൊടുക്കിയതിന്റെ പാപപരിഹാരാർത്ഥം അറുപത്തിനാലു തളികളിലും ഓരോ ക്ഷേത്രങ്ങൾ പണി കഴിപ്പിച്ച് അതിൽ ശിവൻ, വിഷ്ണു, ശാസ്താവ് എന്നീ ദേവന്മാരെ പ്രതിഷ്ടിച്ചു അതാതു തളികൾക്കായി ദാനം ചെയ്തു. അതിനുശേഷം തളികളുടേയും, ക്ഷേത്രങ്ങളുടേയും ഭരണം 'തളിയാതിരി'മാരെ വാഴിച്ചു നടത്തിപ്പോന്നു. അങ്ങനെ നൂറ്റാണ്ടുകൾ കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്ന ക്ഷേത്രവും, അഗ്രഹാരങ്ങളും കടൽക്ഷോഭം നിമിത്തം കടലിൽ ആണ്ടുപോയെന്നും, കടൽ ശാന്തമായി പിൻവാങ്ങിയപ്പോൾ ശാസ്താ വിഗ്രഹവും മറ്റു നാശാവശിഷ്ടങ്ങളും നാട്ടുകാർ കടലിൽ നിന്നു വീണ്ടെടുത്തു സൂക്ഷിച്ചു പോന്നു എന്നും പറയപ്പെടുന്നു.

## തൃക്കുന്നപ്പുഴയെന്ന പേരു ലഭിച്ചത്

മുൻ പ്രസ്താവിച്ച സംഭവങ്ങൾക്കു ശേഷം കേരളം ഭരിച്ചുകൊണ്ടിരുന്നത് കേരള ചക്രവർത്തിയെന്നറിയപ്പെട്ടിരുന്ന 'ചേരമാൻപെരുമാളായിരുന്നു'. ഭരണസൗകര്യത്തിനു വേണ്ടി അദ്ദേഹം തൃക്കാക്കര, കൊടുങ്ങല്ലൂർ, കൊല്ലം എന്നിവിടങ്ങളിൽ കൊട്ടാ

രങ്ങാം സ്ഥാപിച്ചു പ്രതിപുരുഷന്മാരെ നിയോഗിച്ചിരുന്നു. ഒരു ബുദ്ധമതാനുയായി ആയിരുന്ന പെരുമാാം രാജ്യം ഭാഗിച്ചു മക്കാംക്കും മരുമക്കാംക്കുമായി ദാനം ചെയ്തിട്ട് ദേശാടനത്തിനിറങ്ങി. അനുചരന്മാരോടും ചില ബുദ്ധ സന്യാസിമാരോടും കൂടിയുള്ള യാത്ര കിഴക്കൻ നാട്ടിലൂടെ തെക്കേ ദിക്കിലേക്കായിരുന്നു. അങ്ങനെ സഞ്ചരിച്ച പെരുമാാം മടക്ക യാത്ര പടിഞ്ഞാറൻ ദിക്കിലൂടെ വടക്കോട്ടാക്കി. പരിവാര സമേതം കൊല്ലത്തു നിന്നു കൊടുങ്ങല്ലൂരിലേക്കു യാത്രയാരംഭിച്ച പെരുമാാം അഷ്ടമുടിക്കായലും, കായംകുളം കായലും കടന്നു വടക്കോട്ടുള്ള ചെറുപുഴയിലെത്തി. അങ്ങനെ കുറച്ചുദൂരം സഞ്ചരിച്ചുചെന്നപ്പോാം ആ പുഴയുടെ പടിഞ്ഞാറേക്കരയിൽ വിശാലമായ ഒരു പുൽ തകിടിയും പടർന്നു പന്തലിച്ചു പൂത്തുലഞ്ഞു നിന്ന 'തിരുക്കൊന്ന' (കണിക്കൊന്ന)യും ദൃശ്യമായി. വശ്യമനോഹരമായ ആ കാഴ്ച കണ്ടപ്പോാം, "ആഹാ! തിരുക്കൊന്നയും, പുഴയും. വിശ്രമിക്കാൻ പറ്റിയ സ്ഥലം! തോണി അങ്ങോട്ടടുക്കട്ടെ" എന്നു കല്പിച്ചു. യാത്രാമദ്ധ്യേ വിശ്രമിക്കാനിറങ്ങിയ പെരുമാാം പിന്നെ സ്ഥിര വിശ്രമം അവിടെത്തന്നെയാക്കി. പെരുമാാം എഴുന്നള്ളിയിട്ടുണ്ടെന്നുള്ള വാർത്ത കർണ്ണാകർണ്ണികയാകേട്ടറിഞ്ഞ നാട്ടുകാർ (ബുദ്ധമതക്കാരായ പാലി ആര്യന്മാരും, ആയി രാജാവായ വരഗുണൻെറ അനുയായികളും) അവിടെ ഓടിയെത്തി സങ്കടങ്ങാം അറിയിച്ചു. കൂട്ടത്തിൽ കടൽ പിൻവാങ്ങിയപ്പോാം കണ്ടുകിട്ടിയ ശാസ്താ വിഗ്രഹവും വിഹാരത്തിൻെറ അവശിഷ്ടങ്ങളും പെരുമാളിൻെറ ശ്രദ്ധയിൽ പെടുത്തി. അനന്തരം നാട്ടുകാരുടെ ആഗ്രഹപ്രകാരം ഇന്നു ശാസ്താ ക്ഷേത്രം നില്ക്കുന്നിടത്തു നിന്നു മൂന്നു നാഴിക പടിഞ്ഞാറ് അന്നു കരയായിരുന്ന സ്ഥലത്ത് വലിയ എടുപ്പുകളും മകുടങ്ങളുമുള്ള ഒരു വിഹാരം (ക്ഷേത്രം) പണികഴിപ്പിച്ചു അതിൽ ശാസ്താ വിഗ്രഹം പ്രതിഷ്ഠിച്ച് ആരാധനായോഗ്യമാക്കിത്തീർത്തു. അന്നുമുതൽ ചക്രവർത്തി തിരുമേനി തിരുവാമൊഴിഞ്ഞ തിരുക്കൊന്നപ്പുഴ ആളുകാം പറഞ്ഞു പറഞ്ഞു തൃക്കുന്നപ്പുഴയായി. ഇങ്ങനെയാണ് പഴയ ശ്രീമൂലവാസത്തിന്നു തൃക്കുന്നപ്പുഴയെന്നു ക്ഷേത്രത്തിനു തൃക്കുന്നപ്പുഴ ശാസ്താ ക്ഷേത്രമെന്നും പേരു ലഭിച്ചത്.

## തൃക്കുന്നപ്പുഴ ശാസ്താ ക്ഷേത്രം

ഈ ക്ഷേത്രത്തെക്കുറിച്ചും പ്രബലമായ രണ്ടഭിപ്രായങ്ങാം നിലനില്ക്കുന്നുണ്ട്. അതിലൊന്നു തൃക്കുന്നപ്പുഴ ക്ഷേത്രത്തിൽ കാണുന്ന വിഗ്രഹം ബുദ്ധൻേറതാണെന്നും, ബുദ്ധ പ്രതിമയോടൊപ്പം പീഠത്തിൽ കാണുന്ന സ്ത്രീയുടേയും കുട്ടിയുടേയും വിഗ്രഹങ്ങാം യശോധരാദേവിയുടേയും മകൻ രാഹുലൻേറതുമാണെന്നും, അതല്ല ഹരഹരസുതനായ ശാസ്താവിൻെറയും, ശാസ്താവിൻെറ ഭാര്യ പ്രഭയുടേയും മകൻ സത്യകൻെറയുമാണെന്നുമാണ് പറഞ്ഞുവരുന്നത്. ശ്രീമൂലവാസം ആയിരത്തി അഞ്ഞൂറ് കൊല്ലങ്ങാംക്ക് മുമ്പു മുതൽ തന്നെ ബുദ്ധമതക്കാരുടെ അധീനതയിലായിരുന്നു എന്നും തുടർന്നു ചേരമാൻ പെരുമാളിൻെറ ആഗമനകാലം വരെയും അവരുടെ അധീനതയിൽ തന്നെ ഇരുന്നിരുന്നു എന്നുള്ളതിനും മതിയായ തെളിവുകാം ധാരാളമുണ്ട്. ചേരമാൻ പെരുമാാം ഇവിടെ വിശ്രമത്തിനു വന്നകാലത്തു നാട്ടുകാർക്കുവേണ്ടി ഒരു ആരാധനാലയം പണികഴിപ്പിച്ചു കൊടുത്തിരുന്നു എന്നുള്ളതിനു അടിയിൽ കാണുന്ന നാടൻ പാട്ടു തെളിവായി സ്വീകരിക്കാവുന്നതാണ്.

## തൃക്കുന്നപ്പുഴക്ഷേത്രത്തെക്കുറിച്ചുള്ള പഴയ നാടൻ പാട്ട്

തിരുക്കൊന്നപ്പുഴ കടാപ്പുറത്തൂന്നു
അയ്യപ്പനാങ്ങള കൊണ്ടുവന്നു
പറവൂരങ്ങേ പടിപ്പുരക്കെട്ടിൽ
കുടിയിരുത്തീട്ടൊള്ള നാത്തൂനേ!
നിങ്ങടെ നാട്ടിക്കാണാനൊള്ളൊരു
കാഴ്ചകളെന്തെടി നാത്തൂനേ!

തൃക്കുന്നപ്പുഴ മകുടകുടാരം
പൊന്നുകൊണ്ടാണെടി നാത്തൂനേ!
പൊന്നിട്ടമകുടം തെളങ്ങിക്കാണുമ്പം
ഉള്ളും തെളങ്ങും നാത്തൂനേ!
തിരുമുറ്റത്തൊരു തെങ്ങും പൊക്കത്തിൽ
കൊടിമരമൊണ്ടെടി നാത്തൂനേ!
പൊന്നിട്ട കൊടിമരം തെളങ്ങിക്കാണുമ്പം

ഉള്ളും തെളങ്ങും നാത്തൂനേ!
ചേരം പെരുമാളു വന്നേപ്പിന്നെ
പണിയിച്ചതാണെടി നാത്തൂനേ!
കൊട്ടുകളൊണ്ടേ! കൊയലൂത്തൊണ്ടേ
കൊത്തളമൊണ്ടെടി നാത്തൂനേ!
തിരുക്കൊന്നപ്പുഴമേളം കാണാൻ
പോരുന്നോടി നാത്തൂനേ!

തൃക്കുന്നപ്പുഴ നിന്നും അമ്പലപ്പുഴയ്ക്കു വടക്കു വശമുള്ള പറവൂരിലേക്കു വിവാഹം കഴിച്ചുകൊണ്ടു പോയ ഒരു പെണ്ണിനോടു അവളുടെ നാത്തൂൻ നാട്ടു വിശേഷം ചോദിച്ചപ്പോൾ പറഞ്ഞ മറുപടിയാണ് ഈ പാട്ടിൻെറ ഉള്ളടക്കം.

പെരുമാൾ തൃക്കുന്നപ്പുഴയിൽ സ്ഥിരതാമസം തുടങ്ങി കുറച്ചുനാൾ കഴിഞ്ഞപ്പോൾ അവിടെ ഒരു ലോകമതസമ്മേളനം വിളിച്ചുകൂട്ടി. അക്കാലത്തു അറേബ്യയിൽ നിന്നു കുറേ ഇസ്ലാം മത പണ്ഡിതന്മാർ കൊടുങ്ങല്ലൂലിൽ എത്തിയിരുന്നു. പെരുമാളിൻെറ പ്രത്യേക ക്ഷണപ്രകാരം അവരിൽ ചിലരും തൃക്കുന്നപ്പുഴയിൽ വിളിച്ചുകൂട്ടിയ മതസമ്മേളനത്തിനു എത്തിയിരുന്നു. ആ സമ്മേളനത്തിൽ നടന്ന വാദപ്രതിവാദത്തിൽ വച്ചു ഹിന്ദുമതപണ്ഡിതന്മാരെയും, ബുദ്ധമത പണ്ഡിതന്മാരെയും ഖുറാനിലെ പതിരില്ലാത്ത തത്വോപദേശങ്ങളും, സിദ്ധാന്തങ്ങളും വിശദമായി വ്യാഖ്യാനിച്ചു പ്രഖ്യാപിച്ച് നിഷ്പ്രഭരാക്കി. മുസ്ലീം പണ്ഡിതന്മാരുടെ വാക്ധോരണിയിലും ഇസ്ലാമിൻെറ സൽചരിതത്തിലും ആകൃഷ്ടനായ പെരുമാൾ കുറേ അനുചരന്മാരോടൊത്തു ആ മുസ്ലീം പണ്ഡിതന്മാർക്കു ശിഷ്യപ്പെടുകയും ഇസ്ലാം മതം സ്വീകരിച്ചു മക്കത്തേക്കു പോയെന്നും, അതല്ല തൃക്കുന്നപ്പുഴയിൽ തന്നെ സമാധിയടഞ്ഞെന്നും ചരിത്ര പണ്ഡിതന്മാർ സ്ഥിരീകരിക്കുന്നു.

നൂറ്റാണ്ടുകൾക്കു ശേഷം പെരുമാൾ പണിയിച്ച ക്ഷേത്രവും എടുപ്പുകളും വീണ്ടുമുണ്ടായ കടലാക്രമണത്തിൽ പെട്ടു നശിച്ചു നാമാവശേഷമായി തീർന്നു. കാലക്രമത്തിൽ കടലടങ്ങിയ കാലത്തു നശിച്ചു പോയ ക്ഷേത്രത്തിൻെറ ചില അവശിഷ്ടങ്ങവും അല്പസ്വല്പം കേടുപാടുകളോടുകൂടിയ ശാസ്താവിഗ്രവും മത്സ്യബന്ധനത്തിനുപോയ ചിലരുടെ ശ്രദ്ധയിൽ പെട്ടു. അനായാസം കരയിലെത്തിക്കാവുന്ന ക്ഷേത്രാവശിഷ്ടങ്ങളും ചൈതന്യപൂർണ്ണമായ ശാസ്താവിഗ്രഹവും കരയിലെത്തിച്ചു 'പള്ളിച്ചാൽ' എന്ന സ്ഥലത്തു ഒരു ഓലമേഞ്ഞ കൂരയിൽ അവർ സൂക്ഷിച്ചുവന്നു.

ചേരമാൻ പെരുമാളിൻേറയും, പള്ളിബാണപ്പെരുമാളിൻെറയും കാലത്തിനു മുമ്പും പിമ്പും ബുദ്ധ വിഹാരങ്ങൾ സ്ഥിതി ചെയ്തിരുന്ന പ്രദേശങ്ങൾ അതാതു വിഹാരങ്ങളുടെ സ്വതന്ത്ര ഭരണത്തിൻ കീഴിലായിരുന്നു. അതനുസരിച്ചു തൃക്കാക്കര, പാലാരിവട്ടം, തൃക്കുന്നപ്പുഴ തുടങ്ങിയ പല പ്രദേശങ്ങളും ബുദ്ധമതക്കാരായ പാലി ആര്യന്മാരുടെ കൈവശമായിരുന്നു. ഒമ്പതാം നൂറ്റാണ്ടോടുകൂടി തൃക്കാക്കര വിഹാരത്തിൻെറ മേൽനോട്ടം വഹിച്ചിരുന്ന "നമ്പി" കൂറുമാറി ബ്രാഹ്മണനാകുകയും, തൃക്കാക്കര വിഹാരം ഒരു വിഷ്ണുക്ഷേത്രമാക്കി രൂപാന്തരപ്പെടുത്തുകയും ചെയ്തു. എന്നുമാത്രമല്ല ബ്രാഹ്മണ സമൂഹത്തിൻെറ പിൻബലത്തോടുകൂടി വിഹാരംവക സ്വത്തുവകകൾ കയ്യടക്കി "നമ്പ്യാതിരി" എന്ന സ്ഥാനം സ്വീകരിച്ച് 'ഇടപ്പള്ളി രാജ്യം സ്ഥാപിക്കുകയും ചെയ്തു. അനന്തരം ശത്രുതാമനോഭാവത്തോടുകൂടി പാലി ആര്യന്മാരുടെ കൈവശമുണ്ടായിരുന്ന വിഹാരങ്ങൾ പലതും ആക്രമിച്ചു കീഴ്പ്പെടുത്താൻ തുടങ്ങി. ഈ ആക്രമണത്തെ ചെറുക്കാനോ, പിന്തിരിപ്പിക്കാനോ വിഹാരാധിപന്മാർക്കു കഴിഞ്ഞില്ല. അതുകൊണ്ട് അന്ന് പാലി ആര്യന്മാരുടെ നേതാവായിരുന്ന പാലിയത്തച്ചൻ പെട്ടെന്നു ഇടപ്പള്ളി രാജാവുമായി ഒരു സമാധാന ഉടമ്പടിയുണ്ടാക്കി. ആ ഉടമ്പടി പ്രകാരം തൃക്കുന്നപ്പുഴയും മറ്റു ചില പ്രദേശങ്ങളും അവിടങ്ങളിലെ സമ്പത്തുകളോടും കൂടി ഇടപ്പള്ളി രാജാവിനു വിട്ടുകൊടുത്തു. ഇങ്ങനെയാണു തൃക്കുന്നപ്പുഴദേശം ഇടപ്പള്ളി വകയായി തീർന്നതെന്ന വസ്തുത 'പാലിയം ശാസന'ത്തിൽ നിന്നു മനസ്സിലാക്കാവുന്നതാണ്.

തൃക്കുന്നപ്പുഴ ഇങ്ങനെ ഇടപ്പള്ളി വകയായി തീർന്നതോടുകൂടി ഭരണസൗകര്യത്തിനുവേണ്ടി കൊട്ടാരം, പകുതിക്കച്ചേരി, പോലീസ്സ്റ്റേഷൻ മുതലായവ സ്ഥാപിച്ചു ഭരണം ഉറപ്പിച്ചു. അതോടുകൂ

ടി നാട്ടുകാർ പള്ളിച്ചാലിൽ സൂക്ഷിച്ചിരുന്ന വിഗ്രഹത്തിൻെറയും മറ്റും കാര്യം തമ്പുരാൻെറ ശ്രദ്ധയിൽ പെട്ടു. തമ്പുരാൻ നേരിട്ടെഴുന്നള്ളിച്ചെന്നു വിഗ്രഹത്തിൻെറ സൂക്ഷ്മസ്വഭാവം മനസ്സിലാക്കി വിഗ്രഹവും മറ്റും തൃക്കുന്നപ്പുഴ കൊട്ടാരത്തിലേക്കെടുപ്പിച്ചു. അനന്തരം ഇന്നു കാണുന്ന ക്ഷേത്രവും ശ്രീകോവിലും പണികഴിപ്പിച്ചു വിഗ്രഹത്തിൻെറ അറ്റകുറ്റപ്പണികരം പൂർത്തിയാക്കി കൊല്ലവർഷം 931-ാം ആണ്ടു മകരമാസം 27-ാംതീയതി മണിയറ്റാറ്റു നാരായണൻ നമ്പൂതിരിയെക്കൊണ്ടു പ്രതിഷ്ഠ നടത്തിച്ചു. കൂടാതെ പുതിയ ശാസ്താക്ഷേത്രത്തിനു വടക്കുകിഴക്കേഭാഗത്തായി പണ്ടുമുതൽ വട്ട ശ്രീകോവിൽ പോലെ നിന്നിരുന്ന കെട്ടിടത്തിൽ (കുടീരത്തിൽ) സുബ്രഹ്മണ്യപ്രതിഷ്ഠയും അതിനോടു ചേർന്നു ശിവപ്രതിഷ്ഠയും നടത്തി അതും ക്ഷേത്രമാക്കി തീർത്തിട്ടുണ്ട്. ഇടപ്പള്ളിക്കാർ തൃക്കുന്നപ്പുഴയുടെ അധികാരം വിട്ടൊഴിഞ്ഞതോടു തൃക്കുന്നപ്പുഴപ്രദേശം കേരളാസ്റ്റേറ്റിൻെറ ഭാഗമായും ശാസ്താക്ഷേത്രം അയ്യപ്പസേവാസംഘത്തിൻെറ 301-ാം നമ്പർ തൃക്കുന്നപ്പുഴ ശാഖയുടെ വകയായും തീർന്നു.

## പല്ലന ശ്രീപോർക്കലി ഭദ്രകാളീക്ഷേത്രം

'ശ്രീമൂലപാദ'മെന്നറിയപ്പെട്ടിരുന്ന ബുദ്ധമതകേന്ദ്രവും ബുദ്ധവിഹാരവും പല്ലനയിൽ ഇന്നു കാണുന്ന ഭദ്രകാളിക്ഷേത്രം നില്ക്കുന്ന സ്ഥാനത്തായിരുന്നതായിട്ടാണു ശ്രീമാൻ ഇളംകുളവും മറ്റു ചില ചരിത്ര ഗവേഷകരും സമർത്ഥിച്ചിരിക്കുന്നത്. ഇന്നു കാണുന്ന ക്ഷേത്രം കലവറ വീട്ടുകാരും മറ്റും പലയാവർത്തി പുതുക്കിപ്പണിയിച്ചിട്ടുള്ളതായി പറയപ്പെടുന്നു. ആദ്യകാലത്തു ഇതൊരു ഭിക്ഷുണീ മന്ദിരമായിരുന്നു എന്നും ബുദ്ധമതത്തെ ഉന്മൂലനം ചെയ്തു ഹൈന്ദവാധിപത്യം ഉറപ്പിച്ചു തുടങ്ങിയ കാലത്തു അവിടെയുണ്ടായിരുന്ന സന്യാസിനിമാരെയും അന്തേവാസികളെയും ദേഹോപദ്രവമേല്പിച്ചും ജന്തുബലി, തെറിപ്പാട്ടു തുടങ്ങിയ വികൃതപ്രക്രിയകരം കൊണ്ടും ഓടിച്ചിട്ട് ഈ ഭക്ഷുണീമന്ദിരത്തിൽ ഭദ്രകാളി പ്രതിഷ്ഠ നടത്തി ഇന്നത്തെ ക്ഷേത്രമാക്കി രൂപാന്തരപ്പെടുത്തുകയാണു ചെയ്തത്. കാലക്രമത്തിൽ ഇടപ്പള്ളി വകയായി തീർന്ന ഈ ക്ഷേത്രവും തൃക്കുന്നപ്പുഴയുടെ മേൽ അവർക്കുണ്ടായിരുന്ന അധികാരം നഷ്ടപ്പെട്ട തോടുകൂടി അനാഥമായിത്തീർന്നു. സമീപകാലത്തായി ഈ ക്ഷേത്രവും അയ്യപ്പസേവാസംഘം ഏറ്റെടുത്തു പുനരുദ്ധാരണപ്പണികളും മറ്റും നടത്തി ഇപ്പോരം അഭിവൃദ്ധിയിൽ എത്തിച്ചിട്ടുണ്ട്.

## പറേന്തറപ്പള്ളി (പാനൂർ വടക്കേപ്പള്ളി)

തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ആറാംവാർഡിലാണ് ഈ പള്ളി സ്ഥിതിചെയ്യുന്നത്. ഇതിനു 250 കൊല്ലത്തിനുമേൽ പഴക്കമുണ്ടെന്നാണു പറയപ്പെടുന്നത്. പറയന്തറ എന്ന കുടുംബക്കാരുടെ വകയായിരുന്ന പ്രസ്തുത പള്ളി ഇന്നു നട്ടുകാർക്കായി വിട്ടുകൊടുത്തിട്ടുണ്ട്. പാനൂർ മഹല്ലുക്കാരാണ് ഈ പള്ളിയുടെ ഭരണം ഇപ്പോരം നടത്തിപ്പോരുന്നത്. സമീപകാലത്തായി പുനരുദ്ധാരണപ്പണികരം നടത്തി പള്ളി കൂടുതൽ സൗകര്യപ്രദമാക്കീട്ടുണ്ട്.

## വരവുകാടുപള്ളി (പാനൂർ തെക്കേപ്പള്ളി)

ഈ പള്ളി തൃക്കുന്നപ്പുഴ പഞ്ചായത്തിൽ അഞ്ചാം വാർഡിൽ സ്ഥിതി ചെയ്യുന്നു. പൊന്നാനിയിൽ നിന്നു വന്ന കുറേ മുഹമ്മദീയരും പെരുമാളിൻെറ കാലത്തു ഇസ്ലാംമതം സ്വീകരിച്ചവരുടെ പരമ്പരിയിൽപ്പെട്ട മുസ്ലീമുകളും ചേർന്നുള്ള അഞ്ചു മഹല്ലുകാരുടെ നേതൃത്വത്തിൽ പണികഴിപ്പിച്ചതാണു ഈ പള്ളി. ഉദ്ദേശം അഞ്ഞൂറുകൊല്ലത്തിനുമേൽ പഴക്കം ഈ പള്ളിക്കുണ്ടൊന്നാണു പറയപ്പെടുന്നത്. ഇപ്പോരം പല മഹല്ലുകാരും പ്രത്യേകം പള്ളികരം പണിയിച്ചു ആരാധന നടത്തിപ്പോരുന്നു. അങ്ങനെയാണു തൃക്കുന്നപ്പുഴ, പള്ളിപ്പാടുമുറി തുടങ്ങിയ പള്ളികളുടെ ഉത്ഭവം. നൂറ്റാണ്ടുകരം പഴക്കുണ്ടായിരുന്ന പാനൂർ വരവുകാടു പള്ളി പാനൂർ മഹല്ലുകാരുടേയും ഉദാരമതികളായ മറ്റു ചിലരുടേയും നിർല്ലോഭമായ സാമ്പത്തിക സഹായത്താൽ ഇപ്പോരം പുതുക്കി പണിതുകൊണ്ടിരിക്കയാണ്.

## പതിയാങ്കര കണ്ടലേഴത്തു പള്ളി.

തൃക്കുന്നപ്പുഴ പഞ്ചായത്തിൽ ഒന്നാം വാർഡിൽ പതിയാങ്കര എന്ന സ്ഥലത്താണു ഈ പള്ളി സ്ഥി

തി ചെയ്യുന്നത്. ഈ പള്ളി പണിയുന്നതിനു സ്ഥലം ദാനം ചെയ്തത് കണ്ടലേഴത്തു കുടുംബക്കാരാണ്. ഇതിനു മുന്നൂറ്റമ്പതുകൊല്ലത്തെ പഴക്കമുണ്ടെന്നാണു പറയപ്പെടുന്നത്. പതിയാങ്കര മഹല്ലുകാരാണു ഈ പള്ളി പണിയിച്ചിട്ടുള്ളത്. നിസ്ക്കാരാദി കാര്യങ്ങൾക്കും പെരുനാൾ ആഘോഷങ്ങൾക്കും വിപുലമായ സൗകര്യങ്ങൾ ഈ പള്ളിയിലുണ്ട്.

## ദേശീയ സ്വാതന്ത്ര്യസമരത്തിൻെറ അനുരണനങ്ങൾ

ഇന്ത്യൻ സ്വാതന്ത്ര്യസമരം നഗരങ്ങളെ കേന്ദ്രീകരിച്ചായിരുന്നില്ല, ഗ്രാമീണ ജനതയായിരുന്ന സ്വാതന്ത്ര്യസമരത്തിലെ മുന്നണി പോരാളികൾ. ഇന്ത്യൻ ഗ്രാമങ്ങളിലെ ജനങ്ങളുടെ മനസ്സ് കണ്ടെത്തിയ മഹാത്മാഗാന്ധിയാണ് ഗ്രാമസ്വരാജ് എന്ന തത്വം പ്രചരിപ്പിച്ചത്. മഹാത്മാഗാന്ധിയുടേയും മറ്റ് ദേശീയ നേതാക്കന്മാരുടേയും ആഹ്വാനമുൾക്കൊണ്ട് തെല്ലെങ്കിലും തങ്ങളുടേതായ പങ്ക് വഹിക്കുവാൻ കഴിഞ്ഞ ഒട്ടനവധി ദേശസ്നേഹികൾക്ക് ജന്മം നല്കിയ ഗ്രാമമാണ് നമ്മുടേത്. സർവ്വശ്രീ. പാണ്ഡവത്ത് ശങ്കരപ്പിള്ള, ടി.കെ. ബാലകൃഷ്ണൻ എന്ന ബാലാജി, എസ്. അനിരുദ്ധൻ, കെ.ജി.എൻ. പണിക്കർ, അക്കൻെറ പറമ്പിൽ കൊച്ചുകുഞ്ഞനാശാൻ, അച്ചുതൻ, പടിയിൽ കരുണാകരപണിക്കർ, സി.കെ. നാണു തുടങ്ങിയവർ നാടിൻെറ മോചന പോരാട്ടങ്ങൾക്ക് തനതായ സംഭാവനകൾ നല്കിയവരാണ്. ഇതിൽ ശ്രീ. പാണ്ഡവത്ത് ശങ്കരപ്പിള്ള ഈ ഗ്രാമത്തിൻെറ പുനഃസൃഷ്ടിയിൽ വഹിച്ച നേതൃപരമായ പങ്ക് തൃക്കുന്നപ്പുഴയുടെ ചരിത്രത്തിലെ അവിസ്മരണീയമായ ഒരേടാണ്.

1969ലെ അറവുകാട് സമരാഹ്വാനത്തിൻെറ അലയൊലികൾ ഈ തീരദേശഗ്രാമത്തിലെ ദേശസ്നേഹികളിലും വിപ്ലവബോധമുണർത്തി.കേരളത്തിലാകമാനം മിച്ചഭൂമി കൈവശപ്പെടുത്തുന്നതിനുവേണ്ടി തൊഴിലാളികൾ നടത്തിയ സമരത്തിൻെറ സംഗമഭൂമിയായിരുന്നു നമ്മുടെ പഞ്ചായത്തിലെ ഇടപ്പള്ളി തോപ്പ്. സർവ്വശ്രീ. എൻ. പി. ശിവരാമൻ നായർ, ആർ. നാസർ, സുധാകരൻ, കേശവൻ മൂപ്പൻ തുടങ്ങിയവർ പോലീസിൻേറയും ജന്മി ഗുണ്ടാ സംഘത്തിൻേറയും കൊടിയ മർദ്ദനങ്ങൾക്കിരയായി.

## മാറ്റൊലികളുയരുന്ന പല്ലനയാർ

ഏകദേശം 200 വർഷത്തിൽ കൂടുതൽ പഴക്കമുള്ള പല്ലനയാർ, പമ്പയാറിൻെറ ഭാഗമായ പൂക്കൈതയാറും കായംകുളം പൊഴിമുഖവുമായി ബന്ധിപ്പിക്കുന്നതിന് വെട്ടിയുണ്ടാക്കിയതാണ്. ഭൂമിശാസ്ത്രപരമായി ഈ പഞ്ചായത്തിനെ രണ്ടായി വിഭജിച്ചുകൊണ്ട് ഒഴുകുന്ന പല്ലനയാർ ഈ ഗ്രാമത്തിൻെറ രമണീയതയ്ക്ക് മാറ്റു കൂട്ടുന്നു.

പല്ലന ദേശത്തിൻെറ ഹൃദയത്തുടിപ്പുകൾ മഹാകവി കുമാരനാശാൻെറ ആകസ്മിക ദേഹവിയോഗമോർത്ത് ഇന്നും ദുഃഖസ്മൃതികളയവിറക്കുന്നു. ഒരു സാമുദായിക പരിഷ്കർത്താവിനോ ഭരണാധികാരിക്കോ ഒരു ദശവത്സരം കൊണ്ട് സാധ്യമല്ലാത്ത വിപ്ലവകരമായ മാനസിക പരിവർത്തനങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ച മഹാകവിയുടെ മൃത്യു ഇന്നും നാട്ടിലെ ജനങ്ങൾ ഒരു ഞെട്ടലോടെ സ്മരിക്കുന്നു. മഹാകവിയുടെ മൃതശരീരം അടക്കം ചെയ്ത സ്ഥലം പിന്നീട് കുമാരകോടിയായിത്തീർന്നു. കൊല്ലവർഷം 1099 മകരം 3-ാം തീയതി "റെഡീമർ" ബോട്ടിൽ മുറജപം കഴിഞ്ഞ് മഹാകവിയുടെ തിരിച്ചുള്ള യാത്രാവേളയിൽ 'കരുണ' എന്ന കവിത ചൊല്ലി സഹയാത്രികർക്ക് കുളിർമ്മ ഏകിയ ആ അർദ്ധരാത്രിയുടെ അന്ത്യയാമങ്ങളിലാണ് മഹാകവിയുടെ അന്ത്യം സംഭവിച്ചത്. ദുരന്തമറിഞ്ഞെത്തിയ നാട്ടുകാരും മറ്റും ചേർന്ന് രക്ഷാപ്രവർത്തനങ്ങളും അന്ത്യകർമ്മങ്ങളും യഥാവിധി നടത്തുകയുണ്ടായി. ഇതിനു നേതൃത്വം നല്കിയ നീലമനമഠം തിരുമേനിക്കും കലവറ കേശവപിള്ളയ്ക്കും പാരിതോഷികമായി ശ്രീമൂലം തിരുനാൾ തിരുമനസുകൊണ്ട് "വീരശൃംഖല" നല്കി ആദരിക്കുകയുണ്ടായി.

മഹാകവിയോടൊപ്പം ബോട്ടപകടത്തിൽ മരിച്ച മറ്റ് ഒട്ടനേകം പേരുടെ മൃതദേഹങ്ങൾ സംസ്കരിച്ചത് ലക്ഷ്മിത്തോപ്പിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന ആശാൻ സ്മാരകഗ്രന്ഥശാലാ സമുച്ചയത്തിൻെറ സ്ഥലത്താണ്.

കേരളത്തിൻെറ സാമൂഹ്യനവോത്ഥാനത്തിനു വേണ്ടി തൂലിക പടവാളാക്കിയ അനശ്വര കവിയുടെ വിപ്ലവാഹ്വാനങ്ങൾ ഇന്നും പല്ലനയാറിൽ നിന്നും മാറ്റൊലി കൊള്ളുന്നു.



# കൃഷി

# ജലസേചനം



കായംകുളം കായലിൻെറ വടക്കേയറ്റംമുതൽ ഏകദേശം 11 കി. മീ. നീളത്തിലുള്ള T. S. കനാലും അത്രത്തോളം നീളത്തിൽ അറേബ്യൻ കടൽതീരവും ഉൾപ്പെടുന്ന ശരാശരി 2 കി. മീ. വീതിയും ഉള്ള പ്രദേശമാണ് തൃക്കുന്നപ്പുഴ പഞ്ചായത്ത്. ലഭ്യമായ സ്ഥിതിവിവരകണക്കുകൾ വച്ചുപരിശോധിച്ചാൽ കൊല്ലവർഷം 1128വരെ (1952) മൊത്തം വിസ്തൃതിയുടെ 15% ത്തോളം നെൽകൃഷിയും 23% തെങ്ങുകൃഷിയും ബാക്കിവെള്ളകെട്ടുകളും ചതുപ്പുപ്രദേശവുമായ കാർഷികപരിതസ്ഥിതി ആയിരുന്നു തൃക്കുന്നപ്പുഴയുടേത്. 15% ത്തോളം നെൽകൃഷിയിൽ ഭൂരിഭാഗവും തീരപ്രദേശത്തോടടുത്ത നിലങ്ങളിലായി കിഴക്കേകര പ്രദേശങ്ങളിൽ നാമമാത്രമായ കരകൃഷിയും ഉണ്ടായിരുന്നു. കൊല്ലവർഷം 1128-ാമാണ്ട് ഉണ്ടായ കടൽക്ഷോഭം തീരപ്രദേശത്തെ നെൽകൃഷിയെയും പാടങ്ങളെയും നാമവശേഷമാക്കി. ഇന്നും ഇത്തരത്തിലുള്ള നെൽപാടങ്ങളുടെ ഭാഗങ്ങൾ ഇപ്പോഴും കൃഷിയില്ലാതെ നിലനിൽക്കുന്നുണ്ട്.

കടൽക്ഷോഭത്തിന് ശേഷം നെൽകൃഷിയിൽ നിന്നും കർഷകർ പൂർണ്ണമായും തെങ്ങുകൃഷിയിലേക്ക് കേന്ദ്രീകരിച്ചു.

## തെങ്ങുകൃഷി

ഒരു കാർഷികമേഖല അല്ലായെങ്കിലും ഭൂവിസ്തൃതിയുടെ മുന്തിയഭാഗം തെങ്ങുകൃഷിക്കുവേണ്ടിയാണ് ഉപയോഗിക്കപ്പെട്ടിരിക്കുന്നത്. എന്നാൽ തെങ്ങുകൃഷികൊണ്ടുമാത്രം ഉപജീവനം നടത്തുന്നവർ തുലോം തുച്ഛമാണ്. ഇതിനുകാരണം തെങ്ങുകൃഷി ആദായകരമല്ലാത്ത സ്ഥിതിവിശേഷമാണ്.

ഭൂപരിധി (ഹെക്ടർകണക്കിന്)




*ആകെ കൈവശഭൂമി വിസ്തീർണ്ണം 5671*

മണ്ണിൻെറ സ്വഭാവം

| | | | | |
|---|---|---|---|---|
| കടൽ | 120 | 425 | 60 | 1400 |
| | കടൽ മണ്ണ് | ചെളി കലർന്ന മണ്ണ് | T. S. കനാൽ | ചെളി കലർന്ന ചതുപ്പു പ്രദേശം |
| കൃഷി | തെങ്ങ് | തെങ്ങ് കമുക് വാഴ മറ്റ് ഇടവിളകൾ | | തെങ്ങ് മറ്റ് ഇട വിളകൾ |

കുമാരപുരം പഞ്ചായത്ത്

## തെങ്ങ്കൃഷി പ്രശ്നങ്ങളും സാധ്യതകളും

951.15 ഹെക്ടർപ്രദേശത്ത് നിലവിൽ തെങ്ങുകൃഷിയുണ്ട്. ഇവിടെനിന്നുമുള്ള ഉൽപ്പാദനലഭ്യത നാൾക്കുനാൾ കുറഞ്ഞുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കർഷകർ തെങ്ങുകൃഷിയോട് വിമുഖത പ്രകടിപ്പിക്കുന്നു.

### തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് തെങ്ങുകൃഷി സംബന്ധിച്ച വിവരങ്ങൾ പട്ടിക

| വാർഡ് നമ്പർ | തെങ്ങ് എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം | കായ്ക്കാത്തത് | കായ്ക്കുന്നത് | ആകെ | റൂട്ട് വിൽറ്റ് | ലീഫ് റോട്ട് | ബഡ് റോട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 |
| 1 | 59.2 | 3330 | 9990 | 13320 | 3996 | 1332 | 1066 | 133 | 799 | 7326 |
| 2 | 72.8 | 4095 | 12285 | 16380 | 4914 | 1638 | 1310 | 164 | 983 | 9009 |
| 3 | 86.4 | 4860 | 14580 | 19440 | 5832 | 1944 | 1555 | 194 | 1166 | 10691 |
| 4 | 69.6 | 3915 | 11715 | 15660 | 4698 | 1566 | 1253 | 157 | 940 | 8614 |
| 5 | 76.8 | 4320 | 12960 | 17280 | 5184 | 1728 | 1382 | 173 | 1037 | 9504 |
| 6 | 76.00 | 4275 | 12825 | 17100 | 5130 | 1710 | 1368 | 171 | 1026 | 9405 |
| 7 | 79.2 | 4455 | 13365 | 17820 | 5346 | 1782 | 1426 | 178 | 1069 | 9801 |
| 8 | 81.6 | 4590 | 13770 | 18360 | 5508 | 1836 | 1469 | 184 | 1102 | 10099 |
| 9 | 111.2 | 6255 | 18765 | 25020 | 7506 | 2502 | 2002 | 250 | 1801 | 13761 |
| 10 | 121.55 | 6837 | 20511 | 27348 | 8204 | 2735 | 2188 | 273 | 1641 | 15041 |
| 11 | 116.80 | 6570 | 19710 | 26280 | 7884 | 2628 | 2102 | 263 | 1577 | 14454 |
| Total | 951.15 | 53502 | 160506 | 214008 | 64202 | 21401 | 17121 | 2140 | 12841 | 117705 |
| | | | | | | | | | | |

## പ്രശ്നങ്ങൾ

1. തെങ്ങുകൾ തമ്മിൽ ശരാശരി 7 മീറ്റർ അകലം പാലിക്കണമെന്നുള്ള ശാസ്ത്രീയ വശംപാലിക്കാതെയുള്ള കൃഷിരീതി വൃക്ഷസാന്ദ്രത വർദ്ധിപ്പിക്കുന്നതിനും അതുവഴി ഉൽപ്പാദക്ഷമത കുറയുന്നതിനും കാരണമാകുന്നു. തൽഫലമായി ഇടവിളകൃഷി നടത്താൻ കഴിയാതെവരുകയും തന്മൂലം ജൈവവളം അന്യമായിതീരുകയും ചെയ്യുന്നു.
2. അശാസ്ത്രീയമായ കൃഷിരീതി മൂലമുണ്ടാവുന്ന മൂടൽ മണ്ടചീയലിനൊരു കാരണമായിതീരുന്നു.
3. വർഷകാലത്ത് വെള്ളംകെട്ടികിടക്കുന്നതും വേനൽക്കാലത്ത് നീർവീഴ്ചക്കുറവും കൃഷിക്ക് ദോഷകരമാണ്.
4. തെങ്ങുകൾക്ക് നമ്മുടെ പ്രദേശത്ത് വ്യാപകമായി-ഉണ്ടാകുന്ന മഞ്ഞരോഗം, മണ്ടചീയൽ,വേർചീയൽ, ബട്ട്റൂട്ട്, നീരൊലിപ്പ് എന്നിവ തടയാൻ കഴിയുന്നില്ല.
5. ചുവന്നെചെല്ലി, മണ്ടപ്പുഴ, വവ്വാൽ, എലി എന്നിവയുടെ ശല്യം വ്യാപകമാകുന്നുണ്ട്.
6. തെങ്ങുകൾക്ക് എക്കൽ, മണൽ, ചെളി തുടങ്ങിയവ എത്തിക്കുന്നതിനും, കോരുന്നതിനുമുള്ള കൈതോടുകൾ നികത്തി പുരയിടമാക്കിയതിൻെറ ഫലമായി സമയാസമയങ്ങളിലുള്ള ദേഹണ്ഡം നടക്കാതെ വരുന്നു.
7. കീടനാശിനികളുടേയും, രാസവളങ്ങളുടേയും അമിതമായ വിലവർദ്ധനവ് കാർഷികച്ചിലവ് വർദ്ധിപ്പിക്കുന്നതിന് ഇടയാക്കി.
8. എലിശല്യം എന്നുള്ളത് സകലവിധ കർഷകരേയും ബാധിക്കുന്ന ഒരു പ്രശ്നമാണ്. എന്നാൽ ഒരു കർഷകന് മാത്രമായി പരിഹരിക്കുവാൻ പറ്റാത്തതുമാണ്.
9. 10 വർഷംമുമ്പ്വരെ T. S. കനാലിലേയ്ക്ക് സുഗമമായി ഒഴുകികൊണ്ടിരുന്ന തോടുകൾ ചകിരിച്ചോറും, മണ്ണുംവീണ് അടഞ്ഞുപോയിട്ടുണ്ട്. ഇത് മലിനജലം കെട്ടിനില്ക്കുന്നതിനും, വേരുചീയലിനും കാരണമായി തീർന്നിട്ടുണ്ട്.
10. വിളവെടുപ്പിനുമാത്രം തൊഴിലാളികളെ കിട്ടുകയും മരുന്നുതളി ഉൾപ്പെടെയുള്ള മറ്റ് അനുബന്ധജോലികൾക്ക് തൊഴിലാളികളെ ലഭിക്കാതിരിക്കുകയും ചെയ്യുന്നതുമൂലം ഈ രംഗത്ത് പ്രതിസന്ധി നേരിടുന്നു.

## പരിഹാരങ്ങൾ

1. തെങ്ങുകൾ തമ്മിൽ ശരിയായ അകലം പാലിച്ചുകൊണ്ടുള്ള ശാസ്ത്രീയ കൃഷിരീതി പ്രചരിപ്പിക്കുന്നതിന് കൃഷിഭവനുകൾ മുൻകൈ എടുക്കുക.
2. നിലവിലുള്ള തോടുകളും, വാച്ചാലുകളും നികത്തുന്നത് കർശനമായി തടയുക.
3. നിലവിൽ T. S. കനാലിലേയ്ക്കുള്ള തോടുകൾ പലതും മണ്ണ് വീണ് അടഞ്ഞുകിടക്കുന്നതും (പഞ്ചായത്ത്പുറംമ്പോക്ക് തോട് ഉൾപ്പെടെ) പഞ്ചായത്തിൻെറ നേതൃത്വത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ ജനപങ്കാളിത്തത്തോടെ ആഴം കൂട്ടുകയും വൃത്തിയാക്കുകയും ചെയ്താൽ ഇന്ന് തെങ്ങുകൃഷിക്ക് നേരിടുന്ന പ്രതിസന്ധിക്ക് ഒരുപരിധിവരെ പരിഹാരംകാണാം.
4. വേനൽകാലത്ത് പമ്പ്സെറ്റുകൾ കൃഷിഭവനുകൾ വഴി നൽകുകയോ പഞ്ചായത്ത് മുഖേനയോ വാടകയ്ക്ക് നൽകുകയോ ചെയ്യുക.
5. തെങ്ങുകൃഷി നടത്തുന്ന സ്ഥലങ്ങളിൽ കാർഷികോദ്യോഗസ്ഥർ കാലാകാലങ്ങളിൽ പരിശോധനനടത്തി ആവശ്യംവേണ്ട നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.
6. കാർഷിക സബ്സിഡിയും, വളംസബ്സിഡിയും നിലനിർത്തുന്നതിനുള്ള ജനകീയ സമ്മർദ്ദം വളർത്തികൊണ്ടുവരിക.
7. പ്രകൃതിക്ഷോഭം മൂലവും മറ്റുരോഗങ്ങൾമൂലവും തെങ്ങുകൾ നശിച്ചാൽ അതിനുള്ള നഷ്ടപരിഹാരം ഇൻഷുറൻസ് കമ്പനി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുക.
8. എലിനശീകരണത്തിനുവേണ്ടി കൃഷിഭവനുകൾ വഴി എലിവിഷകിറ്റുകൾ എല്ലാ വീടുകളിലും എത്തിക്കുകയും വർഷത്തിൽ രണ്ടോ മൂ

ന്നോ തവണ സമയബന്ധിതമായി നടപ്പിലാക്കുകയും ചെയ്യുക.

9. തൊഴിലധിഷ്ഠിതവിദ്യാഭ്യാസത്തിലുൾപ്പെടുത്തി തെങ്ങുകയറ്റവും മരുന്നുതളിയും പഠിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്ക്കരിക്കുക.

## ഇടവിളകൾ

കാച്ചിൽ, ചേമ്പ്, ചേന, കപ്പ, ചീര, വഴുതന, വെണ്ട, പാവൽ, കിഴങ്ങ്, പയർ, മുതിര തുടങ്ങിയവ ഇടവിളകളായി കൃഷിചെയ്യുവാനുള്ള അനന്തസാദ്ധ്യത നമ്മുടെ ഗ്രാമത്തിലുണ്ട്. എന്നാൽ അശാസ്ത്രീയ കൃഷിസമ്പ്രദായം മൂലം (തെങ്ങുകൾ അടുത്ത് വയ്ക്കുന്നതുമൂലം) ഇടവിള കൃഷിചെയ്യുവാൻ സ്ഥലലഭ്യത പ്രശ്നമാകുന്നുണ്ട്. ഇത് ഒഴിവാക്കി ശാസ്ത്രീയകൃഷി സമ്പ്രദായം നടപ്പിലാക്കുവാൻ നമ്മൾ ശ്രദ്ധിച്ചാൽ ഇടവിളകൾ ആദായകരമാക്കാം.

## പച്ചക്കറികൾ

ഒരുകുടുംബം ഭക്ഷണത്തിനുവേണ്ടി ചിലവാക്കുന്ന തുകയുടെ 15% പച്ചക്കറിക്കുവേണ്ടിയാണ്. ഇത്തരത്തിൽ പരിശോധിക്കുമ്പോൾ നല്ലൊരുതുക കുടുംബവരുമാനത്തിൽ നിന്നും പുറത്തേയ്ക്ക് ഒഴുകുകയാണ്. ഇത് പരിഹരിക്കുന്നതിനായി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കണം.

1. അടുക്കളത്തോട്ടം വ്യാപകമാക്കുകയും കൃഷി ഉദ്യോഗസ്ഥന്മാർ അതിനുള്ള പ്രോത്സാഹനത്തിന് മുന്തിയ പരിഗണന നൽകുകയും ചെയ്യണം.
2. വിത്തുകളുടെ പരസ്പര കൈമാറ്റത്തിന് കൃഷിഭവനുകൾ മുൻകൈ എടുക്കുക.
3. അടുക്കള തോട്ടങ്ങളുടെ മേൽനോട്ടത്തിന് വാർഡുതല സമിതികൾ ഉണ്ടാക്കുകയും ഏറ്റവും നല്ല അടുക്കളതോട്ടത്തിന് പഞ്ചായത്തുതലത്തിൽ അവാർഡ് നല്കുകയും ചെയ്യുക.
4. ഒരു വീട്ടിൽ ഒരു കമ്പോസ്റ്റ്കുഴി എന്നത് മുഖ്യകാർഷികമുദ്രാവാക്യമായി അംഗീകരിക്കുക.
5. സ്കൂളുകൾവഴി പച്ചക്കറിവിത്തുകൾ വിതരണം ചെയ്യുകയും കുട്ടികളിലും രക്ഷിതാക്കളിലും പച്ചക്കറികൃഷിയോടുള്ള ആഭിമുഖ്യം വളർത്തുകയും ചെയ്യുക.
6. മലക്കറി വ്യവസായ സഹകരണസംഘം രൂപീകരിച്ച് സംഭരണവും വിതരണവും കാര്യക്ഷമമാക്കുക.

## കൃഷിഭവൻ

1987 നവംബർ 1ന് ഗവണ്മെൻറുരൂപീകരിച്ച കൃഷിഭവനുകൾ കാർഷികരംഗത്ത് ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് നാന്ദികുറിച്ചു. എന്നാൽ ജനങ്ങൾ പ്രതീക്ഷിച്ച തലത്തിലേക്കു കൃഷിഭവനുകൾക്ക് ഉയരുവാൻ സാധിച്ചിട്ടില്ല. ചെറുകിട നാമമാത്ര കർഷകരെ ഒഴിവാക്കികൊണ്ടുള്ള പുത്തൻക്രമീകരണം ആ മേഖലയിലെ യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പോരായ്മ സൃഷ്ടിച്ചു. ഇന്നും നിലനില്ക്കുന്ന ഈ പോരായ്മ പരിഹരിച്ചുകൊണ്ട് മുഴുവൻ കർഷകരെയും ഉപാധിരഹിതമായി ഉൾപ്പെടുത്തി കർഷകസമിതികൾ പുനഃസംഘടിപ്പിക്കുവാൻ കഴിയണം.

ജനങ്ങളിൽ ശാസ്ത്രീയകൃഷിസമ്പ്രദായങ്ങൾ എത്തിക്കുന്നതിനുള്ള കേന്ദ്രങ്ങളായ കൃഷിഭവനുകൾ അതുചെയ്യാതെ സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്ന കേവലം ഏജൻറുമാരായി മാറിയിരിക്കുന്നു. ഇതിനുമാറ്റംവരുത്തി പഞ്ചായത്തുകളിലെ കാർഷികരംഗത്തെ പരിപോഷിപ്പിക്കുന്നതിനുതകുന്ന പുത്തൻ പദ്ധതികൾ ആവിഷ്കരിക്കുവാൻ തയ്യാറാകണം.

1. കൃഷിഭവനുകൾ വഴി ആവശ്യമുള്ള കർഷകർക്ക് ട്യൂബ് വെല്ലുകളും പമ്പുസെറ്റുകളും നൽകുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുക.
2. ആറുമാസത്തിലൊരിക്കലെങ്കിലും മണ്ണുപരിശോധനാക്യാമ്പ് സംഘടിപ്പിക്കുക.
3. ശാസ്ത്രീയവളപ്രയോഗത്തെക്കുറിച്ചും കൃഷി സമ്പ്രദായങ്ങളെക്കുറിച്ചും ബോധവൽക്കരണം സംഘടിപ്പിക്കുക.
4. പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി

കൃഷിഭവനുകൾ മുഖേന മുഴുവൻ വീടുകളിലും പച്ചക്കറി കിറ്റുകൾ എത്തിക്കുന്നതിന് കാലാകാലങ്ങളിൽ പച്ചക്കറിതോട്ടങ്ങൾ സന്ദർശിച്ച് വിലയിരുത്തൽ നടത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നല്കുകയും ചെയ്യണം.

5. പഞ്ചായത്തുകൾക്ക് ഓരോ വർഷവും ലഭിക്കുന്ന ഉപാധിരഹിതഫണ്ടിൻെറ ഒരു നിശ്ചിതശതമാനം കാർഷികരംഗത്തേയ്ക്ക് മാറ്റി വയ്ക്കുക.

6. കൃഷിഭവൻെറ നേതൃത്വത്തിൽ നേഴ്സറികൾ സ്ഥാപിക്കുക.

7. കാർഷികവിളകൾക്ക് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായം അർഹതയുള്ളവർക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുക.

8. കൃഷിഭവൻെറനേതൃത്വത്തിൽകാർഷികത്തൊഴിൽ സംഘങ്ങൾ രൂപീകരിക്കുകയും നടീൽ വസ്തുക്കൾ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ലഭിക്കത്തക്ക വിധത്തിൽ ജനപ്രതിനിധികളെ ഉൾപ്പെടുത്തി വിതരണം നടത്തുകയുംചെയ്യുക.

## നടീൽ വസ്തു വിതരണം.

തൃക്കുന്നപ്പുഴ കൃഷിഭവൻ മുഖേന 1993 മുതൽ 96 വരെയുള്ള കാലയളവിൽ സബ്സിഡി ഇനത്തിലും സൗജന്യമായും നൽകിയ നടീൽ വസ്തുക്കളുടെ വിവരണം താഴെകൊടുക്കുന്നു.

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| തെങ്ങ് | 475 | 155 | 1000 |
| കശുമാവ് | - | - | - |
| കുരുമുളക് | 100 | 2500 | 5097 |
| കവുങ്ങ് | - | 250 | - |
| വാഴവിത്ത് | - | - | 5403 |
| പച്ചക്കറികിറ്റ് | 1803 | 1553 | - |
| ചണമ്പ്വിത്ത് | - | - | 450കെ. ജി. |

## ദുരിതാശ്വാസവിതരണം.

നമ്മുടെ കാർഷികമേഖലയിൽ ജൂൺ, ജൂലായ് മാസങ്ങളിൽ ഉണ്ടാകുന്ന വെള്ളപ്പൊക്കം ദുരിതം വിതയ്ക്കാറുണ്ട്. ഇപ്രകാരം കാർഷികവിളകൾക്ക് നാശം സംഭവിക്കുന്ന കർഷകർക്ക് ദുരിതാശ്വാസം വിതരണം ചെയ്യുന്നതിന് കൃഷിഭവനുകൾ മുഖേനയുള്ള സംവിധാനം അനർഹരുടെ കയ്യടക്കലിലൂടെ ഒരു പരിധിവരെ ദുരുപയോഗം ചെയ്യപ്പെടുന്നുണ്ട്. സമഗ്രമായ ദുരിതാശ്വാസ തിട്ടപ്പെടുത്തലിലൂടെ ഇതിന് പരിഹാരംകാണാൻ കഴിയണം. പ്രകൃതിക്ഷോഭത്തിൻെറ യഥാർത്ഥ സമയത്ത്തന്നെ കൃഷിഭൂമി സന്ദർശിക്കുവാൻ തയ്യാറായാൽ ഈ ന്യൂനത പരിഹരിക്കുവാൻ കഴിയും.

| [illegible] | [illegible] | | | | [illegible] | [illegible] |
|---|---|---|---|---|---|---|
| | [illegible] | [illegible] | [illegible] | [illegible] | | |
| [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] | [illegible] |
| 93-94 | - | - | - | - | - | 63,950 |
| 94-95 | - | - | - | - | - | - |
| 95-96 | - | - | - | - | - | - |

*ധനസഹായം ലഭിച്ചവർ 124*

*ആകെ തുക = 63,950*

## കാർഷിക ഉപകരണങ്ങൾ

കൃഷിഭവൻെറ നേതൃത്വത്തിൽ പഞ്ചായത്തിലെ വാർഡുകളിൽ കർഷകർക്ക് 3, 10, 11 വാർഡുകളിലായി ആറ് ഷോർട്ടബിൾ പമ്പുസെറ്റും 1,3,7,8,9,10,11 വാർഡുകളിലായി 7 റോക്ക്സ്പെയറുകളും വിതരണം ചെയ്തിട്ടുണ്ട്. മരംകയറുന്നതിനുള്ള തൊഴിലാളികളുടെ അപര്യാപ്തത കണക്കിലെടുത്ത് തെങ്ങുകയറ്റ യന്ത്രങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുകയും അത് പ്രവർത്തിപ്പിക്കുന്നതിനുള്ള പരിശീലനം കൃഷിഭവൻ മുഖേന പഞ്ചായത്തുതലത്തിൽ ലഭ്യമാക്കുകയും ചെയ്യുക.

## രാസവള വിതരണസംവിധാനം

സഹകരണമേഖലയിൽ പ്രവർത്തിക്കുന്ന 855-ാം നമ്പർ സർവ്വീസ് കോ-ഓപ്പറേറ്റീവ്ബാങ്ക് മു

ഷേന മാത്രമാണ് പഞ്ചായത്തിലെ കർഷകർക്ക് ഇപ്പോൾ രാസവളം ലഭ്യമാകുന്നത്. ഇത് വിസ്തൃതമായ പഞ്ചായത്തിൻെറ മുഴുവൻ പ്രദേശങ്ങളിലെയും കർഷകർക്ക് ആവശ്യമായ തോതിൽ രാസവളം ലഭ്യമാകുന്നതിന് സഹായകമല്ല. ആയതിനാൽ വാർഡ് കർഷകസമിതികൾ പുനഃസംഘടിപ്പിച്ചുകൊണ്ട് അതുവഴി രാസവളം വിതരണം ചെയ്യുന്നതിനുള്ള സമഗ്രപദ്ധതി നടപ്പിലാക്കണം.

## ജൈവവളം

പ്രദേശത്ത് സുലഭമായി കിട്ടുന്ന ചകിരിച്ചോറ് ഉപയോഗിച്ചുള്ള ജൈവവളനിർമ്മാണത്തെകുറിച്ച് ജനങ്ങൾക്കിടയിൽ പ്രചാരണം സംഘടിപ്പിക്കുകയും മറ്റ് ജൈവവളങ്ങളുടെ നിർമ്മാണത്തിനും ഉപയോഗത്തിനുള്ള ശ്രമങ്ങൾ വ്യാപകമാക്കുകയും ചെയ്യുക. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്നവർ കന്നുകാലി വളർത്തലിൽകൂടി ശ്രദ്ധിക്കുന്നത് കാർഷികആദായം വർദ്ധിക്കുന്നതിന് സഹായകമാകും.

ശീമക്കൊന്ന വേലികളിൽ വച്ച് പിടിപ്പിക്കുകയും ഇതിൻെറ ഇല ജൈവവളമായി ഉപയോഗിക്കുകയും ചെയ്യാം.

കപ്പകൃഷി-വിളവെടുപ്പിനോട് ചേർന്ന് ഇല തട്ടി താഴെ ഇടണം.

ശീലാന്തി-ഇല ജൈവവളം
തടി-വിലപിടിപ്പ്
(10 വർഷംകൊണ്ട് 10,000 രൂപയുടെ തടി)
പയറുകൾ

# ജലസേചനം

ജലസേചനം വ്യാപകമാക്കുകവഴി തെങ്ങ്, വാഴ, പയർവർഗങ്ങൾ, പച്ചക്കറികൾ തുടങ്ങിയ ഒട്ടേറെ വിളവുകളുടെ ഉൽപ്പാദനക്ഷമതയിൽ ഗണ്യമായ വർദ്ധനവ് നടത്തുവാൻ കഴിയും. ഉപ്പുവെള്ളത്തിൻെറ ഭീക്ഷണി ഏറ്റവും കൂടുതൽ അനുഭവപ്പെടുന്നത് ജലസേചന സംവിധാനത്തെയാണ്. അതിനാൽ കൃഷിക്കാർ ജലസേനച ബുദ്ധിമുട്ടുകൊണ്ട് തെങ്ങ് ഒഴിച്ച് മറ്റുകൃഷികൾ ചെയ്യുവാൻ മടിക്കുന്ന കാഴ്ച പഞ്ചായത്തിലെ 11 വാർഡുകളിലും നിഴലിച്ചുകാണാം.

മഴയെമാത്രം ആശ്രയിച്ചു കൃഷിനടത്തുന്ന പഞ്ചായത്തിൽ രണ്ടുഘട്ടങ്ങളിലാണ് മഴ ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ്വരെ ലഭിക്കുന്ന കാലവർഷവും, സെപ്റ്റംബർ മുതൽ ഒക്ടോബർ വരെ ലഭിക്കുന്ന തുലാവർഷവും. പഞ്ചായത്തിലെ നീരൊഴുക്ക് ചെറുതോടുകളിമായി ബന്ധപ്പെട്ടുകിടക്കുന്നു. തിരുവനന്തപുരംമുതൽ ഹോസ്ദുർഗ്വരെ 560 കിലോമീറ്റർ നീളത്തിലുള്ള ദേശീയജലപാത ഈ പഞ്ചായത്തിലെ 11 വാർഡുകളിലും കൂടിയാണ് കടന്നുപോകുന്നത്. മിക്കവാറും എല്ലാ കൈവഴിതോടുകളും എത്തിച്ചേരുന്നത് ദേശീയ ജലപാതയിലാണ്. 1-ാം പഞ്ചവത്സരപദ്ധതിയിൽ (1951-56) കേരളത്തിൻെറ കൃഷിക്കും കൃഷി സംബന്ധമായ പദ്ധതികൾക്കും കൂടി 5.6 2 കോടി വകയിരുത്തിയിരുന്നു. ചെറുകിട ജലസേചനപദ്ധതികൾക്ക് 1-ാം പദ്ധതികാലത്തുതന്നെ മുൻതൂക്കവും നൽകിയിരുന്നു. ഒരോ പഞ്ചവത്സരപദ്ധതികളിലും കൃഷിക്കും മറ്റുജലസേചനപദ്ധതികൾക്കുമായി കാലാനുസൃതമായ വർദ്ധനവും ഉൾപ്പെടുത്തിയിരുന്നു. എന്നാൽ 1-ാം പദ്ധതികാലം മുതൽ തന്നെ വളരെ കുറച്ചു തുക മാത്രമേ ചെലവാക്കിയിരുന്നുള്ളൂ. ബാക്കിതുക ലാപ്സാക്കിയിരുന്നു. അത് ഇപ്പോഴും തുടർക്കഥയായി മാറിക്കഴിഞ്ഞിരിക്കുന്നു.

12.5 കി. മീ. നീളത്തിലുള്ള കടലോരവും അത്രയുംതന്നെ നീളമുള്ള ദേശീയ ജലപാതയും പഞ്ചായത്തിന് ചുറ്റപ്പെട്ടുകിടക്കുന്ന ജലപ്രദേശങ്ങളുമാണ് ജലവുമായി ബന്ധപ്പെട്ട ആസ്തികൾ (പട്ടിക1)

## പട്ടിക 1
## ജലവുമായി ബന്ധപ്പെട്ട ആസ്തികൾ

| | | |
|---|---|---|
| ദേശീയ ജലപാത | : | 12.5 കി.മീ. |
| തോട്/ അരുവി | : | 112 എണ്ണം |
| തീരപ്രദേശം | : | 12.5 ച.കി.മീ. |
| കുളം | : | 150 എണ്ണം |
| ജലസംഭരണി | : | 1 എണ്ണം |
| കുഴൽ കിണർ | : | 21 എണ്ണം |

## പട്ടിക 2
## ഹരിപ്പാട് കാലാവസ്ഥ നിരീക്ഷണകേന്ദ്രത്തിൽ നിന്നുള്ള
## 1994 മുതൽ 1996 വരെയുള്ള മഴയുടെ അളവ്

| 1994 | | 1995 | | 1996 | |
|---|---|---|---|---|---|
| JAN | No. Rain | JAN | No Rain | JAN | 46 mm decimals |
| FEB | No Rain | FEB | 17 mm decimals | FEB | No Rain |
| MAR | 20 mm decimals | MAR | 13 mm decimals | MAR | No Rain |
| APR | 84.4 mm decimals | APR | 279 mm decimals | APR | 94 mm decimals |
| MAY | 244 mm decimals | MAY | 373 mm decimals | MAY | 34 mm decimals |
| JUNE | 481 mm decimals | JUNE | 430 mm decimals | JUNE | 389.2 mm decimals |
| JULY | 612 mm decimals | JULY | 505 mm decimals | JULY | 325 mm decimals |
| AUG | 347 mm decimals | AUG | 246 mm decimals | AUG | 73 mm decimals |
| SEPT | 265 mm decimals | SEPT | 251 mm decimals | SEPT | 311 mm decimals |
| OCT | 480 mm decimals | OCT | 142 mm decimals | OCT | 139 mm decimals |
| NOV | 154 mm decimals | NOV | 65 mm decimals | NOV | |
| DEC | No Rain | DEC | No Rain | DEC | |

## തോടുകൾ

പഞ്ചായത്തിൽ ആകെയുള്ള പ്രാധാന തോടുകളുടെ എണ്ണം 112 ആണ്. ഉപ്പുവെള്ളം കയറുന്നത് തടയുന്നതായി തൃക്കുന്നപ്പുഴയിലും, തോട്ടപ്പള്ളിയിലും ചിർപ്പുകൾ ഉണ്ട്. പുളിക്കീഴ്പാലത്തിന് സമീപം താൽക്കാലിക ബണ്ടും വർഷംതോറും നിർമ്മിക്കാറുണ്ട്. എന്നാൽ തോട്ടപ്പള്ളിയിലെ ചിർപ്പ് കാലാകാലങ്ങളിൽ അറ്റകുറ്റപണികൾ നടത്താതിരുന്നതിനാൽ രണ്ടു ഷട്ടറുകളും ഇപ്പോൾപ്രവർത്തനക്ഷമമല്ല. തൃക്കുന്നപ്പുഴയിലെ ഷട്ടറുകളിൽ ഒരെണ്ണംമാത്രമേ ഇപ്പോൾ പ്രവർത്തിക്കുന്നുള്ളൂ. ദേശീയ ജലപാത ആയതിനാൽ ദിനംതോറും ബോട്ടുകളും ചെറുവള്ളങ്ങളും ബാർജും കടന്നുപോകുന്നുണ്ട്. അതിനാൽ ചിർപ്പുകളുടെ കേടായ ഷട്ടറുകൾ അടിയന്തിരപ്രാധാന്യത്തോടെ റിപ്പയർചെയ്ത് പ്രവർത്തനക്ഷമമാക്കേണ്ടതാണ്.

## കുളങ്ങൾ

ചെറുതും വലുതുമായ 150 കുളങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പൈപ്പുവെള്ളം വരുന്നതിനുമുമ്പ് അതാതുപ്രദേശങ്ങളിലുള്ള കുളങ്ങളെയായിരുന്നു ആശ്രയിച്ച് പോന്നിരുന്നത്. എന്നാൽ പൈപ്പുവെള്ളം ലഭ്യമാകാൻ തുടങ്ങിയതോടുകൂടി കുളങ്ങളെ സംരക്ഷിക്കാതെ വന്നതിനാൽ അവയെല്ലാം ഉപയോഗശൂന്യമായി കുളങ്ങൾക്ക് വേണ്ടത്ര ആഴം ഇല്ലാത്തതിനാൽ വേനൽകാലത്ത് അവ വറ്റിപോകുന്നു.

## മണ്ണ് ജലസംരക്ഷണം

ഒഴുകിപ്പോകുന്ന വെള്ളം നിയന്ത്രിച്ചു മണ്ണൊലിപ്പ് തടയുന്ന സംവിധാനത്തിന് പഞ്ചായത്തിൽ കൂടുതൽ പ്രാധാന്യം നല്കിയിരുന്നില്ല. 1964-ലെ കേരള ഭൂവികസിത നിയമമനുസരിച്ചാണ് സംസ്ഥാനത്ത് മണ്ണുസംരക്ഷണ പ്രവർത്തനം നടക്കുന്നത്. സമുദ്രതീരത്തോടുവളരെ അടുത്ത പ്രദേശമായതിനാലും, തട്ടുനിരപ്പ് ഭൂമിയായതിനാലും മറ്റുള്ള പ്രദേശങ്ങളിൽ ചെയ്യുന്ന രീതിയിൽ ഇവിടെ മണ്ണു സംരക്ഷണ പ്രവർത്തനം നടത്തേണ്ട ആവശ്യമില്ല. ഓരോ പ്രദേശത്തിനും, അനുയോജ്യമായതും ചിലവുകുറഞ്ഞതുമായ മണ്ണുസംരക്ഷണ പരിപാടി ആവിഷ്ക്കരിക്കുവാൻ ഗവേഷണം നടത്തേണ്ടതാണ്.

## നിർദ്ദേശങ്ങൾ

1. തൃക്കുന്നപ്പുഴയിലേയും, തോട്ടപ്പള്ളിയിലേയും ചിർപ്പുകൾ എത്രയും പെട്ടന്ന് നന്നാക്കി ഉപ്പുവെള്ളം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കുക.
2. വെള്ളപ്പൊക്കം സ്ഥിരമായി ഒഴിവാക്കാൻ ഉന്നതതല മർഗ്ഗനിർദ്ദേശം സ്വീകരിക്കുക.
3. തോടുകളും, കുളങ്ങളും ജനപങ്കാളിത്തത്തോടെ സംരക്ഷിച്ച് ഉപയോഗയോഗ്യമാക്കുക.
4. ബാർജുകൾ കടന്നുപോകുന്നതിനൽ ദേശീയ ജലപാതയുടെ ഇരുകരകളിലും വ്യാപകമായ മണ്ണിടിച്ചിൽ ഉണ്ടാകുന്നതിനാൽ ജനപങ്കാളിത്തത്തോടുകൂടി തീരം സംരക്ഷിക്കുവാൻ വേണ്ട നടപടിസ്വീകരിക്കുക.
5. വാർഡുതലത്തിൽ നിലവിലുള്ള കേരകർഷക സമിതിയുടെ പ്രവർത്തനം എല്ലാ വീടുകളേയും ഉൾപ്പെടുത്തി സംരക്ഷിക്കുക.
6. തെങ്ങ്, വാഴ, പച്ചക്കറികൾ മറ്റ് ഇടവിളകൾഎന്നിവയ്ക്ക് ജലസേചനം നടത്തുവാൻ, ആവശ്യമുള്ള കർഷകർക്ക് നിലവിലുള്ളതിനേക്കാൾ കൂടുതൽ സബ്സിഡിയോടുകൂടി പമ്പ്സെറ്റ് നൽകുവാൻ നടപടി സ്വീകരിക്കുക.
7. കൃഷി, ജലസേചനം എന്നിവയെകുറിച്ച് കർഷകരെ ബോധവൽക്കരിക്കുവാൻ വാർഡുതലത്തിൽ ഇൻഫർമേഷൻ സെൻറർ ആരംഭിക്കുക.
8. T. S. കനാലിന് രണ്ടുകരയിൽ നിന്ന് കനാലിലേയ്ക്ക് പതിക്കുന്ന പൊതുമാർഗ്ഗമല്ലാത്ത തോടുകളിൽ ആവശ്യാനുസരണം ബണ്ടുകൾ നിർമ്മിച്ച് ജലസംഭരണികളായി നിലനിർത്തി മോട്ടോർപമ്പുപയോഗിച്ച് സമീപപ്രദേശങ്ങളിലുള്ള കൃഷിയിടങ്ങളിൽ ജലസേചനം നടത്താവുന്നതാണ്.
9. കൃഷിവകുപ്പിലെയും കാർഷിക എഞ്ചിനീയറിങ് വകുപ്പിലേയും വിദഗ്ദ്ധസമിതി പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ സന്ദർശിച്ച് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി ബന്ധപ്പെട്ട വകുപ്പിൻെറ അനുമതി ലഭ്യമാക്കി പദ്ധതി നടപ്പാക്കേണ്ടതാണ്.

## പട്ടിക III

# പഞ്ചായത്തിലെ പ്രധാനകുളങ്ങളെ സംബന്ധിച്ചുള്ള വിവരം

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | മുറിയാലിൽ കുളം | 1 |
| 2 | മുസ്ലിം പള്ളികുളം | |
| 3 | കുന്നുപറമ്പിൽ കുളം | |
| 4 | പുണ്യംപറമ്പിൽ കുളം | |
| 5 | ഇടത്തുരുത്ത് പള്ളിക്കുളം | |
| 6 | കൂനൻചിറ കുളം | |
| 7 | പുത്തൻ പുരയ്ക്കൽ കുളം | |
| 8 | നെടിയ പറമ്പിൽ കുളം | |
| 9 | ബംഗ്ലാവിൽ കുളം | |
| 10 | ശ്രീഭവനം കുളം | |
| 11 | മുതിരപ്പറമ്പിൽ കുളം | |
| 12 | ഒടിപ്പത്ത് കുളം | 2 |
| 13 | പുത്തൻ പറമ്പിൽ കുളം | |
| 14 | തണ്ടേലിൽ കുളം | |
| 15 | കൊച്ചുഒടിപ്പത്ത് കുളം | |
| 16 | പീടികപ്പറമ്പിൽ കുളം | |
| 17 | കുറ്റിക്കാട്ട് കുളം | 3 |
| 18 | കളയ്ക്കാട് കുളം | |
| 19 | തൃക്കുന്നപ്പുഴ ക്ഷേത്രക്കുളം | |
| 20 | ചക്കാലയിൽകുളം | |
| 21 | പുതുക്കേരി കുളം | 4 |
| 22 | കാട്ടാശ്ശേരികുളം | |
| 23 | മുഞ്ചത്തറ കുളം | |
| 24 | പടന്നയിൽകുളം | |
| 25 | കിഴക്കുംമുറികുളം | |
| 26 | നടുവത്തറ കുളം | |
| 27 | തൈയ്യാപറമ്പ് കുളം | |
| 28 | കടമ്പോലി കുളം | 5 |
| 29 | കുറ്റഴിത്തിൽ കുളം | |
| 30 | കുന്നച്ചൻ പറമ്പിൽ കുളം | |
| 31 | വെളിയത്ത് കുളം | |
| 32 | തത്തേത് കുളം | |
| 33 | കുമ്പളം കുളം | |
| 34 | പറക്കാട് കുളം | |
| 35 | വേണാട് കുളം | |
| 36 | വേട്ടിത്തറ കിഴക്ക് കുളം | |
| 37 | കുടുംബിശ്ശേരി കുളം | 6 |
| 38 | പറയംതറ കുളം | |
| 39 | മുളന്നികുന്നേൽ കുളം | |
| 40 | കുറ്റികുഴത്ത് കുളം | |

| ക്രമ നമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 41 | കുന്നുതറയിൽ കുളം | |
| 42 | പുളിക്കൽ കുളം | |
| 43 | പറത്തറ കുളം | |
| 44 | കുരുടാങ്കൽ കുളം | |
| 45 | പുത്തൻപുരയ്ക്കൽ കുളം | |
| 46 | ചെമ്പൻപറമ്പിൽ കുളം | 7 |
| 47 | തോപ്പിൽകുളം | |
| 48 | കണിയാംപറമ്പിൽ കുളം | |
| 49 | തറയിൽ കുളം | |
| 50 | ഉമ്മപറമ്പിൽ കുളം | |
| 51 | ഇല്ലത്ത് കുളം | |
| 52 | കൊച്ചുപോച്ചയിൽ കുളം | |
| 53 | കുന്നുതറ കുളം | |
| 54 | വട്ടത്തറയിൽ കുളം | |
| 55 | ഭഗവതിപറമ്പിൽ കുളം | |
| 56 | കൊച്ചിപറമ്പിൽ, പഞ്ചികുളം | |
| 57 | കുന്നത്ത് മഠത്തിൽ | 8 |
| 58 | പാണ്ടവത്ത് | |
| 59 | മക്കോതകരിയിൽ | |
| 60 | ആയിരം തെങ്ങിൽ | |
| 61 | വാരൻറകയ്യിൽ | |
| 62 | ഗീതാഭവനം | |
| 63 | പല്ലനഅമ്പലം | |
| 64 | മീനത്തേൽ കുളം | 9 |
| 65 | വള്ളക്കടവിൽ കുളം | |
| 66 | ഒറ്റതെങ്ങിൽ കുളം | |
| 67 | പറമ്പിൽ | |
| 68 | ഇലഞ്ഞിത്തറപ്പാട് | |
| 69 | വെമ്പഴപ്പറമ്പിൽ കുളം | 10 |
| 70 | അക്കൻെറ പറമ്പ് | |
| 71 | പുത്തൻപറമ്പിൽ കുളം | |
| 72 | അക്കരക്കാട്ടിൽ കുളം | |
| 73 | വലിയപറമ്പ്സ്കൂൾ കുളം | |
| 74 | അറ്റത്ത് കുളം | |
| 75 | കൊച്ചുപറമ്പിൽ കുളം | |
| 76 | പടിയിൽ കുളം | |
| 77 | പടന്നയിൽ കുളം | |
| 78 | കുണ്ടത്തിൽ കുളം | |
| 79 | ശാന്തഭാവനം കുളം | |
| 80 | കളപ്പറമ്പിൽ കുളം | 11 |





# മത്സ്യ സമ്പത്തും



# മൃഗപരിപാലനവും

12.5 കി.മീ. കടൽ തീരത്തോടു കൂടിയ ഗ്രാമപഞ്ചായത്താണ് നമ്മുടേത്. പഞ്ചായത്തിലെ 1മുതൽ 8വരെയുള്ള വാർഡുകൾ കടൽ തീരത്തോട് തൊട്ടു കിടക്കുന്നവയാണ്. ജനസംഖ്യയുടെ 30%ത്തോളം മത്സ്യബന്ധനത്തിലും അനുബന്ധതൊഴിലുകളിലും ബന്ധപ്പെട്ടിരിക്കുന്നു. മനുഷ്യാധ്വാനത്തേയും പ്രകൃതി ശക്തിയെയും മാത്രം ആശ്രയിച്ച് മത്സ്യബന്ധനം നടത്തിയിരുന്ന ആദ്യനാളുകളിൽ തൊഴിൽ ദിനങ്ങൾതന്നെ കുറവായിരുന്നു. വിസ്തൃതമായ മേഖലകളിൽ പോയി മത്സ്യബന്ധനം നടത്താൻ കഴിയാതിരുന്ന അന്നത്തെ പരിമിതി തീരകടലിനെ മാത്രം ആശ്രയിക്കുന്നതിലേക്ക് മത്സ്യതൊഴിലാളികൾ എത്തിച്ചേർന്നു. മത്സ്യവിപണനമേഖല പരിമിതവും സംസ്കരണസജ്ജീകരണങ്ങൾ, കുറവായിരുന്നതും, കൂടുതൽ മത്സ്യം പിടിച്ചാലും മത്സ്യത്തൊഴിലാളികളുടെ കൈകളിലേക്ക് തുച്ഛമായ തുകമാത്രം എത്തിച്ചേരുന്നതിന് ഇടയാക്കി.

5 പേർ ചേർന്ന് പണിയെടുക്കുന്ന ചെറുവള്ളങ്ങൾ, 15 മുതൽ 16പേർ വരെ ചേർന്ന് പ്രവർത്തിപ്പിക്കുന്ന താങ്ങുവള്ളങ്ങൾ എന്ന് അറിയപ്പെട്ടിരുന്ന വലിയ വള്ളങ്ങൾ, 50തിനുമേൽ ആളുകൾ ചേർന്ന് കൂട്ടായി കരയിൽ നിന്ന് വലിക്കുന്ന കമ്പാ വലകളും ആയിരുന്നു അന്നത്തെ മത്സ്യബന്ധന സംവിധാനങ്ങൾ.

മത്തി, അയല, ചെമ്മീൻ, കരിയ്ക്കാടി, മുള്ളൻ (കുറുച്ചി) നെത്തോലി, ചൂട, താട, പരവ തുടങ്ങിയ ഇനങ്ങൾ വർദ്ധിച്ച അളവിൽ കിട്ടിയിരുന്നു. എന്നാൽ ഇതിലെ ചിലയിനങ്ങൾ ഇന്ന് വംശനാശത്തിന്റെ വക്കിൽ എത്തിയോയെന്ന് തോന്നിപ്പോകും. പണ്ടു കാലത്ത് 4,5 മാസത്തോളം ചെമ്മീൻ യഥേഷ്ടം കിട്ടിയിരുന്നു.

## പഞ്ചായത്തിൽ ലഭ്യമാകുന്ന മത്സ്യത്തിന്റെ അളവ്

| നമ്പർ | മത്സ്യത്തിന്റെ പേര് | കാലഘട്ടം |
|---|---|---|
| 1. | അയല, മത്തി, നെത്തോലി | ജൂൺ - ആഗസ്റ്റ് |
| 2. | ചെമ്മീൻ | ജൂൺ - ആഗസ്റ്റ് |
| 3. | അയല, മത്തി, നെത്തോലി | സെപ്റ്റംബർ മുതൽ ഡിസംബർ |
| 4. | അയല, മത്തി, നെത്തോലി | ജനുവരി - മെയ് |

## പഞ്ചായത്തിലെ മത്സ്യബന്ധന ഉപകരണങ്ങളുടെ വിവരം

| നമ്പർ | ഉപകരണങ്ങൾ | എണ്ണം | തൊഴിലാളികളുടെ എണ്ണം |
|---|---|---|---|
| 1. | വലിയ വള്ളങ്ങൾ (രണ്ട് എഞ്ചിൻ ഘടിപ്പിച്ചവ) | 30 | 1300 |
| 2. | ചെറു വള്ളങ്ങൾ (ഒരു എഞ്ചിൻ ഘടിപ്പിച്ചവ) | 98 | 450 |
| 3. | എഞ്ചിൻ ഘടിപ്പിക്കാത്ത വള്ളങ്ങൾ | 15 | 55 |
| 4. | മത്സ്യബന്ധന ബോട്ടുകൾ | 12 | ലഭ്യമല്ല. |
| 5. | ബോട്ടുകളിൽ പോയി പണിയെടുക്കുന്നവർ | | 300 |
| 6. | മത്സ്യസംസ്കരണ വിപണനരംഗങ്ങളിൽ പണിയെടുക്കുന്നവർ | | 305 |
| | ആകെ | | 2410 |

കായികാധ്വാനത്തിലൂടെ മത്സ്യം സമ്പാദിച്ചിരുന്ന ആദ്യനാളുകളിൽ അരോഗദൃഢഗാത്രരായ മത്സ്യത്തൊഴിലാളികൾ നാടിന്റെ സമ്പത്ത് ആയിരുന്നു. എന്നാൽ ഇന്ന് യന്ത്രവത്കരണം വന്നതോടുകൂടി ഈ രംഗത്തെ തൊഴിലാളികൾ ഒരു പരിധി വരെ അലസതയും മറ്റ് ആരോഗ്യപ്രശ്നങ്ങളും ഉടലെടുത്തിട്ടുണ്ട്. മുഴുപ്പട്ടിണിയും അരപട്ടിണിയും ആയിരുന്നു മത്സ്യത്തൊഴിലാളികളുടെ ആദ്യനാളുകളിലെ സമ്പാദ്യം. "കടലുണ്ടെങ്കിൽ പട്ടിണികൂടാതെ കഴിയാമെന്ന സങ്കല്പമാണ് ആദ്യനാളുകളിൽ ഉണ്ടായിരുന്നത്. വിദ്യാഭ്യാസ സംസ്കാരിക പരമായി വളരെ പിന്നോക്കം നിന്നിരുന്ന ബഹുഭൂരിപക്ഷം, ഏറിയ അളവിൽ ഇടത്തട്ടുകാരുടെ ചൂഷണത്തിനു വിധേയരായിരുന്നു.

1980കളിൽ യന്ത്രവത്കരണം വന്നതോടു കൂടി മത്സ്യബന്ധനമേഖലയുടെ മുഖഛായ തന്നെ മാറി. കാര്യമായ മനുഷ്യാധ്വാനം ഇല്ലാതെ തന്നെ മത്സ്യബന്ധനത്തിനു പോകാമെന്നതിനാൽ മത്സ്യബന്ധന ഏരിയ തന്നെ വർദ്ധിച്ചിട്ടുണ്ട്. തന്നെയുമല്ല മത്സ്യം സമൃദ്ധമായി ലഭിക്കുന്ന അവസരങ്ങളിൽ ഒരു ദിവസം ഒന്നിൽ കൂടുതൽ പ്രാവശ്യം മത്സ്യബന്ധനത്തിനു പോകാമെന്ന സ്ഥിതിയും സംജാതമായി. സംസ്കരണരംഗത്ത് ആധുനിക സജ്ജീകരണങ്ങൾ വന്നതോടുകൂടി വിദേശ മാർക്കറ്റുകളെ സമീപിക്കുന്നതിനും, അതുവഴി കേരളത്തിലെ മത്സ്യ ഇനങ്ങൾക്ക് മാർക്കറ്റ് ഉണ്ടാക്കിയെടുക്കുന്നതിനും, മത്സ്യതൊഴിലാളികളുടെ ജീവിതനിലവാരം ഉയരുന്നതിനുംകാരണമായി. ഇതുകൂടാതെ കേരളം വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ കൈവരിച്ച സാർവ്വത്രിക പുരോഗതി ഈ മേഖലയിലെ ജീവിത നിലവാരത്തിലും മാറ്റം വരുത്തി.

## പ്രശ്നങ്ങൾ

1 ജൂൺ മുതൽ ഡിസംബർ വരെയുള്ള 7 മാസക്കാലം മത്സ്യബന്ധനത്തിന് ഒരു ദിവസത്തേക്ക് 150 ലിറ്റർ മണ്ണെണ്ണ ആവശ്യമായി വരും (ഏകദേശം 31,500 ലിറ്റർ 7 മാസത്തേക്ക്) തുടർന്നു വരുന്ന അഞ്ച് മാസങ്ങളിൽ 100 ലിറ്റർ വീതം 15,000 ലിറ്റർ മണ്ണെണ്ണ ആവശ്യമാണ്. ആകെ ഒരുവർഷത്തേക്ക് ഏകദേശം 46,500 ലിറ്റർ മണ്ണെണ്ണ വരെ വേണ്ടി വരുന്നു. എന്നാൽ സർക്കാർ അനുവദിച്ചിട്ടുള്ള വിഹിതം വെറും 7,200 ലിറ്റർ മണ്ണെണ്ണ മാത്രമാണ്. ഇതുതന്നെ പല അവസരങ്ങളിലും 10 മുതൽ 20%വരെ കുറച്ചാണ് നൽകുന്നത്. ബാക്കി മണ്ണെണ്ണ കരിഞ്ചന്തിയിൽ നിന്ന് ഭീമമായ വിലയ്ക്ക് വാങ്ങേണ്ടതായി വരുന്നു.

2. ജൂൺ മുതൽ ഒക്ടോബർ വരെ പഞ്ചായത്തിന്റെ തീരപ്രദേശത്ത് അതിരൂക്ഷമായ കടലാക്രമണം ഉണ്ടാകാറുണ്ട്. ഇത് മത്സ്യബന്ധ മേഖലയിൽ ഗുരുതരമായ സ്ഥിതി വിശേഷം സൃഷ്ടിക്കുന്നു.

3 മത്സ്യതൊഴിലാളികൾ വല, എഞ്ചിൻ മുതലായ മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നത് വിദൂര സ്ഥലങ്ങളിൽ നിന്നുമാണ്. വർദ്ധിച്ച സാമ്പത്തിക ചെലവിന് ഇത് വഴിതെളിക്കും.

4 മത്സ്യം സമൃദ്ധമായ ഉണ്ടാകുന്ന അവസരത്തിൽ മത്സ്യവ്യാപാരികളും കയറ്റുമതിക്കാരും ഇടത്തട്ടുകാരും ഐസ് ഉൾപ്പെടെയുള്ള സംസ്കരണ സാമഗ്രികൾക്ക് കൃത്രിമക്ഷാമം സൃഷ്ടിച്ച് മത്സ്യം വില കുറച്ച് വാങ്ങാൻ ശ്രമിക്കുന്നു.

5 മത്സ്യതൊഴിലാളി കുടുംബങ്ങളുടെ സാമ്പത്തിക സ്ഥിതി കടലിൽ പോകുന്ന പുരുഷതൊഴിലാളികളെ മാത്രം ആശ്രയിച്ചാണ് ഇരിക്കുന്നത്. തുടർച്ചയായി മത്സ്യം ലഭിക്കാത്ത അവസരങ്ങളിൽ കൊടും ദാരിദ്ര്യവലയത്തിൽ അകപ്പെടുന്നു.

6 മൺസൂൺ കാലത്ത് ചാകരയുള്ള വിദൂര സ്ഥലങ്ങളിലും മറ്റ് അവസരങ്ങളിൽ ദൂരെയുള്ള ഷിപ്പിങ്ങ് ഹാർബറുകളിലും പോയാണ് മത്സ്യബന്ധനം നടത്തുന്നത്. ഇത് മത്സ്യബന്ധന ചെലവ് വർദ്ധിപ്പിക്കുന്നു.

7 അമിതമായ പലിശയ്ക്ക് പണം കടം എടുത്താണ് ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നത്. ഈ കടം നിലനിൽക്കുമ്പോൾ തന്നെ മത്സ്യബന്ധന ഉപകരണങ്ങളുടെ അറ്റ കുറ്റ പണികൾ തീർക്കുന്നതിനുവേണ്ടി വീണ്ടും അവരെ തന്നെ

സമീപിക്കേണ്ടി വരുന്നു. ഇതിൻെറ ഫലമായി കടബാദ്ധ്യത വർദ്ധിക്കുന്നതിനും, വരുമാനത്തിൻെറ മുഖ്യ പങ്ക് കടം നൽകുന്ന ഇടത്തട്ടുകാർ കൈക്കലാക്കുന്നതിന് കാരണമാകുന്നു. ചുരുക്കത്തിൽ മത്സ്യതൊഴിലാളി കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടബാദ്ധ്യത പിൻഗാമിക്ക് കൈമാറുന്നു.

8 മത്സ്യതൊഴിലാളി ഗ്രാമങ്ങളിൽ വർഷന്തോറും ജനസാന്ദ്രത വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇത് പലവിധ സാംക്രമിക രോഗങ്ങൾക്ക് കാരണമാകുന്നു.

9 വൈദ്യുതി, കുടിവെള്ളം, പാർപ്പിടക്ഷാമം തുടങ്ങിയ സാമൂഹിക പ്രശ്നങ്ങൾ ഈ മേഖലയിൽ പരിഹരിക്കപ്പെടാതെയും അവശേഷിക്കുന്നു.

10 മൺസൂൺ കാലത്ത് ട്രോളിംഗ് ഫലപ്രദമായി നിയന്ത്രിക്കാത്തതിനാൽ മത്സ്യത്തിൻെറ പ്രജനനത്തിൽ കാര്യമായ കുറവ് സംഭവിക്കുന്നു.

11 മത്സ്യബന്ധന യാനങ്ങളുടെ (ഫിഷിംഗ് ബോട്ട്) എണ്ണം ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം മത്സ്യബന്ധ ഏരിയായിൽ കുറവ് സംഭവിക്കുകയും മത്സ്യസമ്പത്ത് അമിതമായി ചൂഷണത്തിന് വിധേയമാകുകയും ചെയ്യുന്നു. തന്മൂലം പരമ്പരാഗത മത്സ്യതെത്താഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരുന്ന മത്സ്യത്തിൻെറ അളവിൽ ഗണ്യമായ കുറവ് സംഭവിക്കുന്നു. പഴയ കാലങ്ങളിൽ ലഭ്യമായിക്കൊണ്ടിരുന്ന പല മത്സ്യ ഇനങ്ങളും ഇന്ന് ലഭ്യമല്ല. ഉദാ: താട, പരവ, അതോടൊപ്പം തന്നെ ചെമ്മീൻ വർഗ്ഗത്തിൽപെട്ട മത്സ്യത്തിൻെറ അളവ് കുറയുന്നു.

12 വിദേശട്രോളറുകൾക്ക് ലൈസൻസ് നൽകിയതുമൂലം ആഴക്കടലും തീരക്കടലും ബഹുരാഷ്ട്രകുത്തകകളുടെ ചൂഷണത്തിന് വിധേയമാകുകയും മത്സ്യത്തിൻെറ പ്രജനനത്തെ ഗുരുതരമായി ബാധിക്കുകയും പരമ്പരാഗത മത്സ്യത്തെഴിലാളികൾക്ക് ലഭ്യമായിക്കൊണ്ടിരുന്ന മത്സ്യത്തിൻെറ അളവ് മുൻവർഷങ്ങളെ അപേക്ഷിച്ച് കുറയുകയും ചെയ്യുന്നു.

13 പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ യന്ത്രവൽക്കരണത്തിൻെറ ഭാഗമായി മത്സ്യബന്ധന യാനങ്ങളുടെ (ഫിഷിംഗ് ബോട്ടുകളുടെ) എണ്ണം വർദ്ധിക്കുകയും ക്യാച്ചിംഗ് ഏരിയ കുറയുകയും ചെയ്യുന്നു. ഇതിനാൽ ഒന്നിലധികം വള്ളങ്ങള് ഒരു മേഖലയിൽ തന്നെ മത്സ്യബന്ധനം നടത്തേണ്ടി വരുന്നു. ഇത് മത്സ്യലഭ്യ കുറയുന്നതിന് കാരണമാകുന്നു.

14 ശക്തമായി വീശുന്ന കാറ്റിനെതിരായും അലറി അടിക്കുന്ന തിരമാലകളെ ഭേദിച്ചും കഠിനമായ സൂര്യതാപത്തിൻ നടുവിൽ മത്സ്യബന്ധനം നടത്തുന്ന പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് നാല്പത്തി അഞ്ച് വയസ്സിനുശേഷം അന്ധത ബാധിക്കുന്നു.

15 1987 തൊട്ട് ഡിസംബർ മുതൽ മെയ്വരെയുള്ള മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾ കൊടും പട്ടിണിയിലാണ്.

16 ജൂലൈ മുതൽ നവംബർ വരെയുള്ള അഞ്ച് മാസങ്ങളിൽ മത്സ്യം കൂടുതലായി ലഭിക്കുന്നത് മൂലം കുറഞ്ഞ വില മാത്രമേ ലഭിക്കുന്നുള്ളൂ. ഈ അവസരങ്ങളിൽ ചില പ്രത്യേക മത്സ്യങ്ങൾക്ക് വിപണി ലഭിക്കാത്തതിനാൽ മത്സ്യഗ്രാമങ്ങളിൽ തന്നെ ഉണക്കുന്ന സ്ഥിതി വിശേഷമുണ്ട്. ഇത് മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ അനാരോഗ്യകരമായ സാഹചര്യങ്ങൾ സൃഷ്ടിക്കുകയും സാംക്രമിക രോഗങ്ങൾ പടർന്നു പിടിക്കുന്നതിനു കാരണമാകുകയും ചെയ്യുന്നു.

17 ഈ പഞ്ചായത്തിൽ ഒരു വിഭാഗം മത്സ്യത്തൊഴിലാളികൾ ഭവന രഹിതരാണ്. 1980-ൽ മത്സ്യത്തൊഴിലാളി ഭവനനിർമ്മാണത്തിന് അനുവദിച്ച തുക കടുത്ത ദാരിദ്ര്യം മൂലം അടച്ചു തീർക്കാൻ സാധിച്ചിട്ടില്ല. പലിശ ഇനത്തിൽ തന്നെ നല്ലൊരു തുക അടച്ചുതീർക്കേണ്ടതായിവരുന്നു. ഇത് മത്സ്യത്തൊഴിലാളികളുടെ ജീവിതഭാരം വർദ്ധിപ്പിക്കുന്നു.

18 മത്സ്യബന്ധന ഉപകരണങ്ങളുടെ വില വർദ്ധനവു മൂലം പുതുതായി ഈ രംഗത്ത് മത്സ്യബന്ധന വള്ളങ്ങൾ ഉണ്ടാകാതിരിക്കുന്നു. ഉള്ളത് തന്നെ ഇടയ്ക്ക് വച്ച് നിർത്തുന്ന അവസ്ഥയും നിലവിലുണ്ട്. തന്മൂലം തൊഴി

ലാളികൾക്ക് തൊഴിലിനുപോകുവാൻ കഴി യാത്ത അവസ്ഥയാണുള്ളത്.

19. തീരദേശ പരിപാല നിയമം നടപ്പാക്കുന്നതിന് കേന്ദ്രഗവൺമെൻറ് ആലോചിക്കുകയാണ്. കടലും, കായലുമായി ഉൾപ്പെട്ടുകിടക്കുന്ന ഈ പ്രദേശത്ത് ഈ നിയമം നടപ്പാക്കുന്നതിലൂടെ പഞ്ചായത്തിൻെറ പുരോഗതിയും നിർമ്മാണ പ്രവർത്തനങ്ങളും തടസ്സപ്പെടും. ഒന്നു മുതൽ എട്ടുവരെയുള്ള വാർഡുകളിലെ സാമ്പത്തിക പുരോഗതിയേയും മത്സ്യത്തൊഴിലാളികളുടെ ഉന്നമനത്തെയും ഗുരുതരമായി ബാധിക്കും.

## പരിഹാരങ്ങൾ - സാധ്യതകൾ

1 മത്സ്യബന്ധനത്തിന് ആവശ്യമായ ഇന്ധനത്തിൻെറ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ കോട്ട വർദ്ധിപ്പിക്കുകയും നിലവിലുള്ള എഞ്ചിനുകൾ വെരിഫിക്കേഷൻ നടത്തി (പഞ്ചായത്ത്-ഫിഷറീസ് സംയുക്തമായി വെരിഫിക്കേഷൻ നടത്തുക) കുതിരശക്തിക്ക് ആനുപാതികമായി മുഴുവൻ എഞ്ചിനുകൾക്കും മണ്ണെണ്ണ പെർമിറ്റ് അനുവദിക്കുകയും ചെയ്യുക. ഈ രംഗത്തുള്ള ഇടത്തട്ടുകാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിന് മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ വഴി മണ്ണെണ്ണ വിതരണം ചെയ്യുകയും സഹകരണസംഘങ്ങളിൽ മണ്ണെണ്ണ ബങ്ക് സ്ഥാപിക്കുകയും ചെയ്തു.

2 കാലാകാലങ്ങളിൽ പഞ്ചായത്തിൽ അനുഭവപ്പെടുന്ന അതിരൂക്ഷമായ കടലാക്രമണം തടയുന്നതിന് കടൽ ഭിത്തി കാര്യക്ഷമമായി നിർമ്മിക്കണം.

3 മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾ വ്യാസാസ്റ്റോറുകൾ വഴിയോ, മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകര ണസംഘങ്ങൾ വഴിയോ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികൾക്ക് സാമ്പത്തിക ഭദ്രത കൈവരിക്കുവാൻ സാധിക്കും.

4 മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യത്തിൻെറ വിപണനവും സംസ്കരണവും സംഭരണവും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണ സംഘമോ മത്സ്യഫെഡോ ഏറ്റെടുക്കുന്നത് ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനും യഥാർത്ഥ വില മത്സ്യത്തൊഴിലാളിക്ക് ലഭ്യമാക്കുന്നതിനും സാധിക്കും.

5 മത്സ്യത്തൊഴിലാളി സ്ത്രീകൾക്ക് തൊഴിൽ അവസരങ്ങൾ ലഭിക്കുന്നതിന് പീലിംഗ് ഷെഡുകൾ സ്ഥാപിക്കുന്നതിനും മറ്റ് അനുബന്ധ തൊഴിലുകളിൽ ഏർപ്പെടുന്നതിനും, മത്സ്യത്തൊഴിലാളി സ്ത്രീകൾക്കു വേണ്ടി പ്രത്യേകം സഹകരണസംഘങ്ങൾ സ്ഥാപിച്ച് അവയിലൂടെ സഹായധനം വിതരണം ചെയ്യുക.

6 ചാകരയിലും ഫിഷിംഗ് ഹാർബറിലും പോയി മത്സ്യബന്ധനം നടത്തുന്നതു മൂലമുണ്ടാകുന്ന ഭീമമായ സാമ്പത്തിക നഷ്ടം തൃക്കുന്നപ്പുഴ പഞ്ചായത്തിൻെറ പ്രധാന ഭാഗത്ത് ഫിഷ്ലാൻറിംഗ് സെൻറർ സ്ഥാപിക്കുന്നതിലൂടെയും കായംകുളം ഫിഷിംഗ് ഹാർബറിൻെറ നിർമ്മാണം ദ്രുതഗതിയിൽ പൂർത്തീകരിക്കുന്നതിലൂടെയും ഒഴിവാക്കാൻ സാധിക്കും. ഫിഷ്ലാൻറിംഗ് സെൻററിൽ വരുന്ന വള്ളങ്ങളിൽ നിന്നും വ്യാപാരികളിൽ നിന്നും പഞ്ചായത്തിന് ചെറിയ തോതിൽ നികുതി ഈടാക്കാവുന്നതുമാണ്.

7 മത്സ്യത്തൊഴികളെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും രക്ഷിക്കുന്നതിനും ഋണബാദ്ധ്യതകളിൽ നിന്നും കരകയറ്റുന്നതിനും മത്സ്യബന്ധന ഉപകരണങ്ങളും അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനും മത്സ്യത്തൊഴിലാളി ക്ഷേമ സഹകരണസംഘങ്ങൾ വഴി കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുക.

8 വൈദ്യുതീകരിക്കപ്പെടാത്ത മത്സ്യത്തൊഴിലാളി ഭവനങ്ങളെ തീരജ്യോതി പദ്ധതിയിൽ ഉൾപ്പെടുത്തി സമയബന്ധിതമായി മുഴുവൻ ഭവനങ്ങളും വൈദ്യുതീകരിക്കുക.

9 മത്സ്യത്തൊഴിലാളി സമ്പാദ്യ ആശ്വാസ പദ്ധതി (Savings cum- Releaf Scheme) യുടെ തുക വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

10 മത്സ്യത്തൊഴിലാളി മേഖലയിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനാവശ്യമായ സ്ഥലങ്ങളിൽ പൈപ്പു ലൈനുകൾ വലിക്കുകയും പൊതുടാപ്പുകൾ സ്ഥാപിക്കുകയും ചെയ്യുക.

11 വർഷം തോറും മത്സ്യസമ്പത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന കുറവ് പരിഹരിക്കുന്നതിന് മൺസൂൺ കാലത്ത് (ജൂൺ, ജൂലായ്, ആഗസ്റ്റ്) പൂർണ്ണമായി ട്രോളിംഗ് നിരോധിക്കുക.

12 വർഷംതോറും മത്സ്യബന്ധന ബോട്ടുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ലൈസൻസില്ലാതേയും വ്യാജ ലൈസൻസുകൾ സംഘടിപ്പിച്ചും കേരളത്തിൽ നിരവധി ബോട്ടുകൾ മത്സ്യബന്ധനം നടത്തുന്നുണ്ട്. തന്മൂലം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന മത്സ്യത്തിൻെറ അളവിൽ കുറവു സംഭവിക്കുകയും ഡിസംബർ മുതൽ മെയ് വരെയുള്ള കാലയളവിൽ മത്സ്യം ലഭിക്കാത്ത അവസ്ഥയും സംജാതമാകുകയും ചെയ്യുന്നു. ഇത് പരിഹരിക്കുന്നതിന് ബോട്ടുകൾക്ക് ലൈസൻസ് നൽകുന്ന കാര്യത്തിൽ കർശനമായ നിയന്ത്രണം ഏർപ്പെടുത്തുക.

13 വിദേശ ട്രോളറുകൾക്ക് കേന്ദ്രഗവൺമെൻറ് ലൈസൻസ് നൽകിയതുമൂലം ആഴക്കടലിലും തീരക്കടലിലുമുള്ള മത്സ്യസമ്പത്ത് അമിതമായ ചൂഷണത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. മത്സ്യത്തിൻെറ പ്രജനനത്തെ അടക്കം ബാധിക്കുന്ന ഈ പ്രശ്നം പരിഹരിക്കുന്നതിന് വിദശ ട്രോളറുകൾക്ക് നൽകിയ ലൈസൻസുകൾ റദ്ദാക്കുന്നതിന് സംസ്ഥാന ഗവണ്മെൻറ് കേന്ദ്ര ഗവൺമെൻറിനുമേൽ സമ്മർദ്ദംചെലുത്തുക.

14 മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന നേത്രരോഗങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിന് സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന നേത്രജ്യോതി പദ്ധതി കാര്യക്ഷമമായി നടപ്പാക്കുക.

15 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ പൊതുവെ ആരോഗ്യപരമായ സാഹചര്യങ്ങളാണ് നിലവിലുള്ളത്. പഞ്ചായത്തിൻെറ ജനസംഖ്യയിൽ 30%ത്തിലധികം വരുന്ന മത്സ്യത്തൊഴിലാളികൾക്കുവേണ്ടി ഫിഷറീസ് ആശുപത്രികൾ സ്ഥാപിക്കുക.

16 മത്സ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പാക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക.

17 കേന്ദ്രഗവൺമെൻറ് നടപ്പാനുദ്ദേശിക്കുന്ന തീരദേശ പരിപാലന നിയമത്തിൻെറ പരിധിയിൽ നിന്നും കേരളത്തെ ഒഴിവാക്കുക.

18 ഫിഷിംഗ് ബോട്ടുകളുടെ രാത്രികാല ട്രോളിംഗിനു നിയന്ത്രണം ഏർപ്പെടുത്തുകയും പരമ്പരാഗത തൊഴിലാളികളുടെ രാത്രികാലങ്ങളിലെ മത്സ്യബന്ധനം ഇല്ലാതാക്കുന്നതിനു വേണ്ടി വ്യാപകമായ ബോധവൽകരണം നടത്തുക.

19 മൂന്നാം വാർഡുമുതൽ 8-ാം വാർഡുവരെ മുമ്പുണ്ടായിരുന്ന തീരദേശ റോഡ് സംരക്ഷിക്കുകവഴി അടിക്കടി ഉണ്ടാകുന്ന കടലാക്രമണം തടയുവാനും ഈ പ്രദേശത്തിൻെറ ഏതു ഭാഗത്ത് മത്സ്യം പിടിച്ചാലും അതു സംഭരിക്കാൻ വാഹനങ്ങൾ എത്തുകയും ചെയ്യും.

## ഉൾനാടൻ മത്സ്യം

തൃക്കുന്നപ്പുഴ പഞ്ചായത്തിലെ രണ്ടു ശതമാനത്തോളം വരുന്ന ജനങ്ങൾ ഉൾനാടൻ മത്സ്യത്തൊഴിലാളി വിഭാഗത്തിൽപെടുന്നവരാണ്. വലവീശുകയും കോരുവല ഉപയോഗിച്ചും നീട്ടുവല ഉപയോഗിച്ചും മറ്റുനാടൻ രീതി ഉപയോഗിച്ചുമാണ് മത്സ്യം പിടിക്കുന്നത്. ഇതിൽ ഗണ്യമായ വിഭാഗം കക്കാ വാരിയും ജീവിച്ചുപോരുന്നു. കായംകുളം കായലും ടി.എസ്. കനാലും മറ്റും ഉൾത്തോടുകളിൽ നിന്നുമാണ് സാധാരണ മത്സ്യബന്ധനം നടത്തി വരുന്നത്. പ്രധാനമായും ലഭിക്കുന്ന മത്സ്യങ്ങൾ കരിമീൻ, നാരൻ ചെമ്മീൻ, മുട്ടിച്ചെമ്മീൻ, പ്രാഞ്ഞിൽ, ആറ്റുവാള, നരിമീൻകോര, വരാൽ, കാരി, കൂരി, ഞണ്ട് തുടങ്ങിയവയാണ് പ്രധാനമായി ലഭിക്കുന്നത്. എന്നാൽ ഇന്നീ രംഗത്ത് ഈ വിഭാഗം തൊഴിലാളികൾ വളരെയേറെ പ്രതിസന്ധിനേരിടുകയാണ്. പല മത്സ്യങ്ങളും ഇന്ന് വംശനാശം നേരിട്ടു കഴിഞ്ഞു. മറ്റുള്ളവ തന്നെ വംശനാശത്തിൻെറ ഭീഷണി നേരിടുകയാണ്.

ആയതുമൂലം ഈ വിഭാഗം തൊഴിലാളികൾ പട്ടിണിയെ നേരിടുകയാണ്.

## പ്രശ്നങ്ങൾ

1 അടുത്ത കാലങ്ങളിലായി ഉണ്ടായിക്കൊണ്ടിരിക്കുന്ന മത്സ്യരോഗങ്ങൾ

2 പാടശേഖരങ്ങളിൽ പ്രജനനം നടക്കുന്ന ചെമ്മീൻ കുഞ്ഞുങ്ങൾ അവിടെ നിന്ന് വെള്ളപ്പൊക്കക്കാലത്ത് പുറത്തു വന്ന് ടി.എസ് കനാലിലും കായംകുളം കായലിലും ധാരാളമായി എത്തിയിരുന്നത് ഇന്ന് പാടങ്ങളിലെ രാസവള പ്രയോഗവും കീടനാശിനിയുടെ ഉപയോഗവും മൂലം മത്സ്യക്കുഞ്ഞുങ്ങളുടെ വംശനാശം നേരിട്ടു.

3 ആറ്റിലും, കായംകുളം കായലിലും പരിസരത്തുള്ള തൊണ്ടുതല്ലു മില്ലുകളിൽ നിന്നും ഉള്ള ചകിരിച്ചോറ് പുറംതള്ളുന്നതുമൂലം മത്സ്യത്തിന്റെ ഉത്പാദനം നശിക്കുന്നു.

4. ഉൾത്തോടുകളിൽ അശാസ്ത്രീയ രീതിയിൽ മത്സ്യം പിടിക്കാൻ നഞ്ച് (വിഷം) കലക്കുന്ന രീതി മത്സ്യത്തിന്റെ ഉത്പാദനം പാടെ നശിപ്പിക്കുന്നു.

5 ഈ രംഗത്ത് കറുത്ത കക്കാ വാരി, ഇറച്ചി വിറ്റും തോട് വിറ്റും വന്നിരുന്ന വിഭാഗത്തിന് കഷ്ടപ്പാടുകളുടെ കാലമാണ്. കക്കാ ഓട്ടി (തോട്) പുറത്ത് നല്ല മാർക്കറ്റുള്ളപ്പോൾ ഇടത്തട്ടുകാരുടെ ചൂഷണം മൂലം വേണ്ടത്ര വില ലഭിക്കാത്ത സ്ഥിതിയുണ്ട്. ആയത് മൂലം വലിയ സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു.

6 കക്കാ ഇറച്ചി വളരെ ഏറെ കാത്സ്യം അടങ്ങിയിട്ടുള്ളതാണ്. വിദേശങ്ങളിൽ വരെ സംസ്കരിച്ച് അയക്കുന്നുണ്ട്. വേണ്ടരീതിയിൽ ഈ രംഗത്ത് ഇന്ന് ശ്രദ്ധിക്കുന്നില്ല.

7 കക്കായുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന ഈ വിഭാഗം തൊഴിലാളികളുടെ ആരോഗ്യനില വളരെ മോശമാണ്. വളരെ നേരം വെള്ളത്തിൽ മുങ്ങി പണിയെടുക്കുന്ന ഇവർക്ക് കേഴ്വിക്കുറവ്, കാഴ്ചക്കുറവ് ശ്വാസം മുട്ടൽ തുടങ്ങി അനേകം രോഗങ്ങൾ ഇവരെ കീഴടക്കുന്നു.

8 ഇതിൽ ഏറെ പേർക്കും പാർപ്പിട സൗകര്യമില്ല. ഈർപ്പമുള്ള ചെറ്റപ്പുരയിൽ കഴിയുന്നവരാണ്.

## സാധ്യതകൾ

1 ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ഉൾതോടുകളിലും കുളങ്ങളിലും മത്സ്യം വളർത്താൻ വേണ്ട സാമ്പത്തിക സഹായം സർക്കാർ മുൻകൈ എടുത്ത് കൊടുക്കുക.

2 മത്സ്യകൃഷിയെ സംബന്ധിച്ച് വിദഗ്ദ്ധർ മുൻകൈ എടുത്ത് പരിശീലനം നൽകുക.

3 ചെറിയ വള്ളം, വല, തുടങ്ങിയ തൊഴിലുപകരണങ്ങൾ വാങ്ങാൻ ബാങ്കുകൾ വഴി സബ്സിഡി നിരക്കിൽ ലോൺ കൊടുക്കുക.

4 ഈ വിഭാഗം തൊഴിലാളികൾക്ക് സർക്കാർ ഭവന പദ്ധതിപ്രകാരം വീട് ഉണ്ടാക്കിക്കൊടുക്കുക.

5 ടി.എസ്. കനാലിലേക്കും ഉൾതോടുകളിലും ചകിരിച്ചോറ് ഉൾപ്പെടെയുള്ള മലിന വസ്തുക്കൾ തള്ളുന്നത് നിരോധിക്കുക.

6 ഉൾതോടുകളിലും കുളങ്ങളിലും നഞ്ചു കലക്കൽ (വിഷം) കർശനമായി നിരോധിക്കുക.

7 കക്കാ ഓട്ടി സംഭരിക്കാനും, വിപണനം ചെയ്യാനും ഈ പഞ്ചായത്തിൽ സഹകരണ സംഘം സ്ഥാപിക്കുക

8 കക്കാ ഇറച്ചി ഉപയോഗിച്ചുള്ള അച്ചാർ ഉൾപ്പെടെയുള്ള ഫുഡ് പ്രൊഡക്ട്സ് ഈ പ്രദേശത്ത് സ്ഥാപിക്കാൻ ആവശ്യമായ എല്ലാ സഹായങ്ങളും നൽകുക.

9 കക്കാ ഓട്ടി ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള ഒരു ഫാക്ടറി സ്ഥാപിക്കുക

10 കായംകുളം കായൽ കുഴിക്കുന്നതുമൂലം ഈ രംഗത്ത് തൊഴിൽ നഷ്ടപ്പെടുന്നവർക്ക് പകരം തൊഴിലോ മതിയായ നഷ്ടപരിഹാരമോ നൽകുക.

11 ഇവരുടെ ആരോഗ്യ സ്ഥിതി പരിശോധിക്കുന്നതിനായി ഒരു വിദഗ്ദ്ധ മെഡിക്കൽ സംഘത്തെ ഉപയോഗിച്ച് വർഷത്തിൽ ഒരിക്കൽ ക്യാമ്പ് നടത്തുക.



മത്സ്യക്കൃഷി, മത്സ്യബന്ധന, മത്സ്യസംസ്കരണ മേഖലയിൽ കേരളത്തിന് അനന്ത സാദ്ധ്യതകളാണുള്ളത്. ഇതിൽ മത്സ്യബന്ധനമേഖലയും മത്സ്യസംസ്കരണ മേഖലയും ഒരുവിധം വളർച്ച പ്രാപിച്ചു കഴിഞ്ഞു. പക്ഷേ ഇതേവരെ മത്സ്യക്കൃഷി മേഖല വേണ്ടത്ര വികാസം പ്രാപിച്ചിട്ടില്ല. എന്നതൊരു വസ്തുതയാണ്. അതേ സമയം തന്നെ തൊട്ടയൽ സംസ്ഥാനങ്ങളായ ആന്ധ്രയും തമിഴ്നാടും നമ്മേ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ്. ജലസംപുഷ്ടമായ കേരളത്തിൽ ഇങ്ങനെ സംഭവിച്ചതിലുള്ള കാരണങ്ങളാണ് താഴെ കൊടുക്കുന്നത്.

1. ധനസഹായ സ്ഥാപനങ്ങൾ കേരളത്തിൽ മുതൽ മുടക്കാൻ താല്പര്യപ്പെടുന്നില്ല.
2. ഭൂരിഭാഗം കൃഷിഭൂമിയും ചെറിയ തുണ്ടുകളും, മറ്റ് ആസ്ഥികൾ ഇല്ലാത്തവരുമാണ് കർഷകർ.
3. കേന്ദ്ര സംസ്ഥാന മത്സ്യകൃഷി വികസന ഏജൻസികൾ നാളിതുവരെ കേരളത്തിലെ മത്സ്യകൃഷി മേഘലയിൽ നടത്തിയ സേവനങ്ങൾ തുലോം പരിമിതമാണ്.
4. സംഘടിതവും, അസംഘടിതവും, പ്രത്യക്ഷവും, പരോക്ഷവുമായ അപഹരണം പാടത്തോ കുളങ്ങളിലോ മത്സ്യം വളർത്താൻ ഒട്ടുമിക്ക കർഷകരേയും വിമുഖരാക്കുന്നു.
5. വർഷകാലക്കെടുതികൾ കേരളത്തിൽ തുലോം കൂടുതലാണ്. ഇവർക്ക് ബദലായി ഇൻഷ്വറൻസ് പരിരക്ഷ നൽകാൻ കമ്പനികൾ മടി കാണിക്കുന്നു.
6. ശാസ്ത്രീയമായ മത്സ്യകൃഷിയെക്കുറിച്ച് മിക്ക കർഷകരും അജ്ഞരാണ്. സാങ്കേതിക പരിജ്ഞാനമുള്ള ആളുകളുടെ സേവനം ഈ മേഖലയിൽ നാളിതുവരെ ലഭ്യമായിട്ടില്ല.
7. ഉയർന്ന കൂലിനിരക്കും, തൊഴിലാളികളുടെ ദൗർലഭ്യതയും ഒരു യാഥാർത്ഥ്യമാണ്.
8. അഭ്യസ്ഥവിദ്യരും, തൊഴിൽ രഹിതരുമായ യുവാക്കൾ കേരളത്തിൽ ധാരാളമുണ്ടെങ്കിലും കായികാദ്ധ്വാനം ആവശ്യമായ തൊഴിൽ മേഘലയിലേക്ക് വരാൻ അവർ വിമുഖരാണ്.
9. നല്ലയിനം മത്സ്യ ചെമ്മീൻ വിത്തുകൾ യഥാസമയത്ത് ലഭിക്കാത്തതും മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇവ കൊണ്ട് വരുന്നതിലുള്ള ബുദ്ധിമുട്ടും മത്സ്യകൃഷിയിൽ നിന്നും കർഷകരെ ഒരു പരിധി വരെ അകറ്റി നിർത്തുന്നു.
10. സർക്കാർ മേഖലയിൽ വൻ മുതൽ മുടക്കോടെ കേരളത്തിൽ സ്ഥാപിച്ചിട്ടുള്ള വിത്തുല്പാദന കേന്ദ്രങ്ങൾ പല കാരണങ്ങളാൽ, പ്രത്യേകിച്ച് സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവുകൊണ്ടും, ശാസ്ത്രീയമായ വീക്ഷണമില്ലായ്മ കൊണ്ടും സാമ്പത്തികമായ പരാജയവും കർഷകർക്ക് വലിയ പ്രയോജനം ചെയ്യാത്തവയുമായിപ്പോയി.

ഇനിയും അനവധി കാരണങ്ങൾ കൊണ്ടാണ് ഇതുവരെ ഈ മേഖലയിൽ മുരടിപ്പ് സംഭവിച്ചത്. ഇനി ചില പരിഹാര ചിന്തകൾ.

1. മത്സ്യകൃഷി മേഖലയിലുള്ള സർക്കാർ സ്ഥാപനങ്ങളിൽ സാങ്കേതിക പരിജ്ഞാനവും അർപ്പണബുദ്ധിയും ശാസ്ത്രീയ വീക്ഷണവുമുള്ളവരെ നിയമിക്കുക.
2. വിത്തുല്പാദന കേന്ദ്രങ്ങൾ ശാസ്ത്രീയമായി പുനരുജ്ജീവിപ്പിക്കുക.
3. മത്സ്യഫെഡിന്റെയോ 'മിൽമ'യുടേയോ രീതിയിൽ മത്സ്യകൃഷിമേഖലയിലും സഹകരണ പ്രസ്ഥാനമുണ്ടാക്കുക.
4. പഞ്ചായത്ത് തലത്തിൽ മത്സ്യകൃഷി സഹകരണ സംഘമുണ്ടാക്കുക. ഇതിലേക്ക് പഞ്ചായത്ത് സമിതിയുടേയും സന്നദ്ധ സംഘടനകളുടേയും സേവനം ലഭ്യമാക്കുക. ഭരണ നേതൃത്വം അർപ്പണ ബോധമുള്ളവരുടെ കൈകളിലാകുമെന്ന് ഉറപ്പാക്കുക.
5. കൃഷി നടത്തിപ്പിനായി സാങ്കേതിക പരിജ്ഞാനമുള്ള ഒരാളുടെ സേവനം ഓരോ പ്രാഥമിക

സംഘത്തിലുമുണ്ടാകണം. ഇയാൾക്ക് കാര്യ നിർവഹണ സമിതിയിൽ അംഗത്വമുണ്ടായിരിക്കണം.

6. മൂലധന നിക്ഷേപം സർക്കാർ ജാമ്യത്തിലൂടെ സംഘങ്ങൾക്ക് ലഭ്യമാക്കണം.

7. പ്രായോഗികമായ സ്ഥലങ്ങളിൽ മത്സ്യകൃഷിയോടൊപ്പം മറ്റ് കൃഷികളും ചെയ്യണം. ഇതിലേക്ക് കൃഷി ഭവനുകൾ മൃഗാശുപത്രികൾ എന്നിവയുടെ സൗകര്യങ്ങൾ ലഭ്യമാക്കണം.

## തൃക്കുന്നപ്പുഴ പഞ്ചായത്ത് ചില പ്രത്യേകതകൾ

ചതുപ്പ് പ്രദേശവും, ചെറുകുളങ്ങളും, കൈത്തോടുകളും, ഇടത്തോടുകളും കൊണ്ട് സമ്പുഷ്ടമാണീ പ്രദേശം. കായലും പുഴയും എപ്പോഴും നിറഞ്ഞു നില്ക്കുന്നതുകൊണ്ട് ജല സമൃദ്ധവും. കായലിലെ ലവണാംശത്തിന്റെ മാറ്റമനുസരിച്ച് കുളങ്ങളിലും ലവണാംശം വ്യത്യസ്ഥ സമയങ്ങളിൽ വ്യത്യസ്തമായിരിക്കും. അതിനാൽ രണ്ട് പരിസ്ഥിതിയിലും മേന്മയോടെ വളരാനും അധികമായ ആദായം നല്കുവാനും കഴിയുന്ന ആറ്റ്കൊഞ്ചാണ് ഈ പ്രദേശത്ത് മത്സ്യക്കൃഷിക്ക് അനുയോജ്യം. ലവണാംശം 0.6%ത്തിൽ കൂടുതൽ മൂന്നുമാസമെങ്കിലും കിട്ടുന്ന സ്ഥലങ്ങളിൽ ഓരു ജലത്തിൽ വളരുന്ന നാരനോ കാരയോ കൃഷിചെയ്യാവുന്നതാണ്.

## കൃഷിരീതി - അർദ്ധ ഊർജ്ജിത രീതി

മത്സ്യകൃഷിക്ക്വേണ്ടി ആദ്യമായി ശ്രദ്ധിക്കേണ്ടത്, മാലിന്യരഹിതമായ ജലത്തിന്റെ ലഭ്യതയാണ്. കൃഷി ചെയ്യാനുദ്ദേശിക്കുന്ന സ്ഥലത്ത് തൊണ്ടോ, ഓലയോ, അഴുക്കിയ ജലമോ എത്തിപ്പെടരുത്. മണ്ണിൽ കൂടുതലായി ഊള (loam) ഉണ്ടായിരിക്കരുത്. ഒരു ചെറിയ പാളി ചെളി ഉള്ളത് നല്ലതാണ്. മണ്ണിലെ PH (അമ്ല, ക്ഷാരാംശത്തിന്റെ തോത്) 7നും 8നും ഇടക്കായിരിക്കണം. ആവശ്യത്തിന്വെയില് കിട്ടാൻ സാദ്ധ്യതയുള്ള സ്ഥലങ്ങളാണ് മത്സ്യകൃഷിക്ക് അനുയോജ്യം.

വേനൽ മാസങ്ങളിലാണ് കുളം ഒരുക്കുന്നത്. കുളത്തിന്റെ തറ, നിരപ്പുള്ളതായിരിക്കണം. വെള്ളപ്പൊക്ക സമയത്ത് ഇടിഞ്ഞ് വീഴാത്ത രീതിയിൽ ബണ്ട് ഉറപ്പിക്കണം. ജലംകയറുന്നതിനും ഇറങ്ങുന്നതിനും പറ്റിയ രീതിയിൽ ചാലുകൾ ഉണ്ടാക്കണം. ഏറ്റവും വർൾച്ചയുള്ള സമയത്ത്പോലും കുളത്തിന്റെ ആഴം അരമീറ്ററിൽ കുറയാൻ പാടില്ല. ഇനി വെള്ളം വറ്റിച്ച് കളമത്സ്യങ്ങളെ കൊന്നുകളയാൻവേണ്ടി അമോണിയം ഫോസ്ഫേറ്റും കുമ്മായവുംചേർക്കണം.

ഇങ്ങനെ ഒരുക്കിയ കുളത്തിൽ ഏക്കറിന് രണ്ട് ടൺ എന്ന കണക്കിൽ ചാണകവും, അമ്ലാംശത്തിന്റെ തോത് അനുസരിച്ച് കുമ്മായവും ചേർക്കണം. മണ്ണിലെ പോഷകമൂലകങ്ങളായ എൻ.പി.കെ കുറവാണെങ്കിൽ ആനുപാതികമായി രാസവളങ്ങളും നല്കണം. ഇതിനുശേഷം ജലം അരിച്ച് കുളത്തിലേക്ക് കയറ്റണം. ഒരാഴ്ചക്ക് ശേഷം വീണ്ടും പി.എച്ചും. മറ്റ് സൂചകങ്ങളും പരിശോധിച്ച് ഏക്കറിന് 10,000 എന്ന തോതിൽ കൊഞ്ചിന്റെ കുഞ്ഞുങ്ങളെ ഇടാവുന്നതാണ്. ആദ്യത്തെ ഒരു മാസം പിണ്ണാക്കും തവിടും കുഴച്ച് കുളത്തിന്റെ പല ഭാഗങ്ങളിലായി ഇട്ട് കൊടുക്കണം. അതിന് ശേഷം പിണ്ണാക്കും, തവിടും കക്കയിറച്ചിയും ലഭ്യതയനുസരിച്ച് കൊടുക്കാവുന്നതാണ്. ഓരോ ദിവസവും കുളത്തിലെ 10% ജലം മാറ്റി പുതിയ ജലം കയറ്റണം.

അഞ്ച്മാസം മുതൽ വിളവെടുപ്പ് തുടങ്ങാം. കുളത്തിലെ ഭക്ഷ്യലഭ്യതയും മറ്റ് സൂചകങ്ങളുടേയും അടിസ്ഥാനത്തിൽ 50 ഗ്രാമിനു മുകളിൽ തൂക്കമുള്ള കൊഞ്ച് 60% എങ്കിലും ലഭിച്ചിരിക്കും. ചെറിയ കൊഞ്ചിനെ വീണ്ടും കുളത്തിലേക്ക് വിടുക. ഒപ്പം ഒരു മാസം നഴ്സറിയിൽ വളർത്തിയ കൊഞ്ചിൻ കുഞ്ഞുങ്ങളെ ആവശ്യാനുസരണം കുളത്തിലേക്കു വിടാം. അഞ്ച് മാസത്തിനു ശേഷം കുളം നിശേഷം വറ്റിച്ച് വിളവെടുക്കാം.

## കൃഷി നടത്തിപ്പ്

മത്സ്യകൃഷിക്ക് ആവശ്യമുള്ള ഒരു ഘടകം ശ്രദ്ധയാണ്. ഓരോ ദിവസവും കുളത്തിന്റെ സൂചകങ്ങൾ ശ്രദ്ധിച്ച് മനസ്സിലാക്കി അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കേണ്ടതാണ്. ഇതിലേക്കായി മുഴുസമയവും ഒരാൾ എങ്കിലും ഉണ്ടായിരിക്കണം.

ആദ്യമായി കുളം ഒരുക്കുമ്പോൾ പ്രാഥമിക ചിലവുകൾ കൂടുതലായി വരും. ഇത് ഗ്രാമസഭ ഇടനില നിന്ന് കർഷകർക്ക് ലഭ്യമാക്കണം. മറ്റു മുതൽ മുടക്ക് സമയബന്ധിതമായി കർഷകർക്ക് എത്തിക്കാൻ ഗ്രാമപഞ്ചായത്ത് ശ്രദ്ധിക്കണം. ശുദ്ധജല മത്സ്യകൃഷി വികസന ഏജൻസി മുതലായ സർക്കാർ സ്ഥാപനങ്ങൾ നല്കുന്ന ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിന് ഗ്രാമസഭക്ക് കർഷകരെ സഹായിക്കാവുന്നതാണ്. കൃഷി നടക്കുന്ന എല്ലാ സമയത്തും ഗ്രാമപഞ്ചായത്ത് പ്രതിനിധി മേൽനോട്ടം വഹിക്കേണ്ടതാണ്. വിളവെടുപ്പിന് ശേഷമുള്ള ആദായം വേണ്ട രീതിയിൽ വിനിയോഗിക്കപ്പെടണം. കൃഷി നടത്തിപ്പിലെ അപാകത മൂലമോ, മറ്റ് കാരണങ്ങളാലോ, കൃഷി പരാജയമായാൽ കർഷകരെ സഹായിക്കുന്നതിലേക്ക് ഗ്രാമ പഞ്ചായത്ത് തന്നെ ഇൻഷ്വറൻസ് പരിപാടി ഉണ്ടാക്കണം. ഇതിലേക്കായി ഓരോ കർഷകന്റെ പക്കൽ നിന്നും ഒരു ചെറിയ തുക ഈടാക്കാവുന്നതാണ്. കൂലിപ്പണികൾ അധികവും ഏറ്റെടുക്കേണ്ടത് ഗ്രാമപഞ്ചായത്ത് നേതൃത്വത്തിലുള്ള തൊഴിൽ പട ആയിരിക്കണം.

## മൃഗപരിപാലനം

തൊഴിലില്ലായ്മ രൂക്ഷമായിക്കൊണ്ടിരിക്കുന്ന നമ്മുടെ നാട്ടിൽ സ്വയം തൊഴിൽ കണ്ടെത്താൻ സാദ്ധ്യതയുള്ള മേഖലയാണ് മൃഗസംരക്ഷണം.

ഗ്രാമീണമേഖലയുമായി ബന്ധപ്പെട്ട തൊഴിൽ മേഖലയാണ് മൃഗസംരക്ഷണം. ഹ്രസ്വകാലടിസ്ഥാനത്തിൽ ചുരുങ്ങിയ മൂലധനമുടക്കിൽ കൂടുതൽ സമ്പദ്‌വർദ്ധനവിന് ഉതകുന്ന മേഖലയായതിനാൽ ഈ മേഖലയിലേക്ക് കൂടുതൽ ജനശ്രദ്ധ തിരിച്ചുവിടേണ്ടത് അനിവാര്യമാണ്.

മൃഗസംരക്ഷണമേഖലയിൽ ഉണ്ടാകുന്ന ഏതു പുരോഗതിയും ഗ്രാമീണ മേഖലയെ സമ്പുഷ്ടമാക്കും. അതിനാൽ നമ്മുടെ പഞ്ചായത്തിന്റെ സാദ്ധ്യതയ്ക്കനുസരിച്ച് ഈ മേഖലയെ വളർത്തേണ്ടത് അത്യാവശ്യമാണ്. ഉൽപ്പാദനോപാധികൾ കർഷകർക്ക് ലഭ്യമാക്കുന്നതോടൊപ്പം ഉൽപ്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് മുൻഗണന നൽകണം.

1982നും 87നും ഇടയ്ക്ക് കന്നുകാലി സമ്പത്തിന്റെ വർദ്ധനവ് ഗണ്യമായിരുന്നു. പാലിന്റെ ഉൽപ്പാദനത്തിലും ഉപഭോഗത്തിലും ഗണ്യമായ നേട്ടം കൈവരിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്.

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നത് മൃഗാശുപത്രിയും, ഗോവർദ്ധന ഉപകേന്ദ്രവുമാണ്. ഈ സ്ഥാപനങ്ങളിൽ ഒട്ടേറെ പോരായ്മകൾ നിലനിൽക്കുന്നു. ആട്, കോഴി, താറാവ് എന്നിവയ്ക്കു പറ്റിയ പരിതസ്ഥിതികളും ഈ പഞ്ചായത്തിൽ നിലനിൽക്കുന്നു.

കായലുകളും, കുളങ്ങളും, തോടുകളും സമൃദ്ധമായി നമ്മുടെ ഗ്രാമപഞ്ചായത്തിൽ ഉള്ളതിനാൽ ആട്, കോഴി, താറാവ് എന്നിവ വളർത്തുന്നതിന് കൂടുതൽ സാദ്ധ്യതകളുണ്ട്.

### പ്രശ്നങ്ങൾ

1. ഗുണമേന്മയുള്ള കന്നുകാലികളുടേയും, പക്ഷിമൃഗാദികളുടെയും ദൗർലഭ്യം
2. വൈക്കോലിന്റെ വില വർദ്ധനവ്
3. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ

### പരിഹാരം

1. സഹകരണാടിസ്ഥാനത്തിൽ തീറ്റപ്പുൽ നിർമാണയൂണിറ്റ് സ്ഥാപിക്കുക.
2. പാൽ സൊസൈറ്റികൾ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.
3. മൃഗാശുപത്രി വികസന സമിതി രൂപീകരിക്കുക.
4. മൃഗപരിപാലനത്തിന് മൊബൈൽ യൂണിറ്റ് സ്ഥാപിക്കുക.
5. കൃത്രിമ ബീജസങ്കലനം വലിയപറമ്പ് കേന്ദ്രമായി സ്ഥാപിക്കുക.
6. ശാസ്ത്രീയ അറവുശാല സ്ഥാപിക്കുക
7. രോഗാണുക്കൾ ഇല്ലാത്ത ഇറച്ചിയാണെന്ന് പരിശോധന നടത്തി സർട്ടിഫിക്കറ്റ് വാങ്ങിയശേഷം ഇറച്ചി വിപണനം നടത്തുക.
8. പഞ്ചായത്തിലെ എല്ലാ വളർത്തുനായ്ക്കൾക്കും പ്രതിരോധ കുത്തിവയ്പ്പ് നടത്തുകയും ലൈസൻസിംഗ് നിർബന്ധമാക്കുകയും, അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുകയും ചെയ്യുക.

### നടപ്പു പദ്ധതികൾ

നടപ്പു പദ്ധതികളിൽ പലതും ഭൂരിഭാഗം കർഷകരിലും എത്തിച്ചേരുന്നതിനോ, അവരെ ഉൾപ്പെടുത്തുവാനോ പൂർണ്ണമായും കഴിഞ്ഞിട്ടില്ല. വരും നാളുകളിൽ ഈ മേഖലയുമായി ബന്ധപ്പെട്ടു ജീവിക്കുന്ന മുഴുവൻ ആളുകൾക്കും സഹായം ലഭിക്കത്തക്ക വിധത്തിൽ പദ്ധതി ആവിഷ്ക്കരിച്ചു നടപ്പിലാക്കുക.

### നടപ്പിലാക്കേണ്ട പദ്ധതികൾ

#### മിനി ഡയറി യൂണിറ്റുകൾ

പാൽ ഉൽപ്പാദനരംഗത്ത് വരും നാളുകളിൽ ഗണ്യമായ പുരോഗതി കൈവരിക്കുവാൻ കഴിയുന്ന ഒരു പദ്ധതിയാണിത്. മൂന്ന് പശുക്കൾ അടങ്ങുന്നതാണ് ഒരു യൂണിറ്റ്. ഈ പദ്ധതിയുടെ നടത്തിപ്പിലേക്കായി വരുന്ന തുക ബാങ്ക് വായ്പാ ധനസഹായം ഗുണഭോക്താവിന്റെ വിഹിതം എന്നിവ വകകൊള്ളിക്കേണ്ടതും, ഇൻഷുറൻസ് പരിരക്ഷ ലഭ്യമാക്കുകയും വേണം.

#### വനിതാസംരഭകർക്കുള്ള പശു വളർത്തൽ

പഞ്ചായത്തിലെ 15 വനിതകളുടെ ഒരു സംഘമാണ് ഗുണഭോക്താക്കൾ. ഒരാൾ കൺവീനറായിരിക്കും. കൺവീനർ സംഘത്തിനുവേണ്ടി ദൈനംദിന പ്രവർത്തനം നടത്തണം. പശു വളർത്തലിനുവേണ്ടിയുള്ള തുക ധനകാര്യസ്ഥാപനങ്ങൾ മുഖേന ലഭ്യമാക്കാവുന്നതാണ്. ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതും ഗ്രാമവികസന വകുപ്പുമായി ബന്ധപ്പെട്ടു ഡി.ഡബ്ല്യു.സി.ആർ.എ. ധനസഹായയം ലഭ്യമാക്കാവുന്നതും ഇൻഷുറൻസ് പരിരക്ഷ ഉറപ്പുവരുത്തേണ്ടതുമാണ്.

ആടുവളർത്തൽ, കോഴി വളർത്തൽ, താറാവ് വളർത്തൽ, ചെറുകിട കാലിത്തീറ്റ യൂണിറ്റുകൾ, പ്രത്യേക കന്നുകുട്ടി പരിപാലനപദ്ധതി ഉൾപ്പെടെ പരിപോഷിപ്പിക്കാൻ നാം പ്രത്യേക ശ്രദ്ധ പതിക്കേണ്ടതാണ്.

# വളർത്തുമൃഗസംഖ്യ

| വാർഡ് നമ്പർ | കാള നാടൻ | | കാള സങ്കരം | | പശു നാടൻ | | പശു സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി | ആന |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 |
| 1 | - | - | - | - | - | - | 50 | 10 | - | - | - | 57 | 2 | - |
| 2 | - | - | - | - | 1 | - | 40 | 5 | - | - | - | 51 | 10 | - |
| 3 | - | - | - | - | - | - | 140 | 20 | 3 | - | - | 80 | 30 | - |
| 4 | - | - | - | - | - | - | 45 | 5 | - | 2 | - | 102 | 12 | - |
| 5 | - | - | - | - | - | - | 65 | 5 | 2 | - | - | 75 | 10 | - |
| 6 | - | - | - | - | - | 2 | 70 | 10 | - | 1 | - | 130 | 5 | - |
| 7 | - | - | - | - | - | - | 135 | 25 | - | - | - | 120 | 20 | - |
| 8 | - | - | - | - | 1 | - | 160 | 3- | - | - | - | 210 | 10 | - |
| 9 | - | - | - | - | 2 | - | 120 | 25 | 1 | - | - | 60 | 5 | - |
| 10 | - | - | - | - | - | 1 | 150 | 40 | - | 1 | - | 140 | 4 | - |
| 11 | - | - | - | - | 2 | - | 84 | 18 | 1 | - | - | 58 | 8 | - |

# വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻ കോഴി | പിടക്കോഴി | | താറാവ് | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ | |
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 60 | 1100 | 90 | 75 | 480 | - |
| 2 | 75 | 1000 | 120 | 45 | 850 | - |
| 3 | 150 | 1500 | 100 | 50 | 450 | 5 |
| 4 | 65 | 525 | 45 | 50 | 750 | - |
| 5 | 110 | 550 | 50 | 60 | 500 | - |
| 6 | 100 | 800 | 150 | 40 | 650 | - |
| 7 | 90 | 750 | 110 | 65 | 550 | - |
| 8 | 50 | 600 | 100 | 75 | 600 | - |
| 9 | 120 | 1400 | 275 | 150 | 1500 | - |
| 10 | 75 | 1200 | 200 | 200 | 1000 | - |
| 11 | 100 | 500 | 50 | 100 | 700 | - |

# രോഗ വിവരങ്ങൾ

| ക്രമ നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന | മറ്റുള്ളവ |
|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| 1 | ദഹനസംബന്ധമായവ (Digestive disorders) | 152 | - | 28 | - | - | - | - | - | - | - |
| 2 | ശ്വാസകോശസംബന്ധം (Raspiratory diseases) | 25 | - | 9 | - | - | - | - | - | - | - |
| 3 | ഉപാപചയ സംബന്ധം (Metabolic diseases) | 15 | - | - | - | - | - | - | - | - | - |
| 4 | ത്വക്ക് രോഗങ്ങൾ (Skin diseases) | 17 | - | 3 | - | - | - | - | - | - | - |
| 5 | ധാതുലവണങ്ങളുടെ അഭാവം (Deficiency diseases) | - | - | - | - | - | - | - | - | - | - |
| 6 | പരാദരോഗങ്ങൾ (Parasitic diseases) | 148 | - | 7 | - | - | 14 | - | - | - | - |
| 7 | പ്രത്യുത്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ (Gynacological disorders) | 41 | - | 2 | - | - | - | - | - | - | - |
| 8 | വന്ധ്യത (infertility) | 2 | - | - | - | - | - | - | - | - | - |
| 9 | അകിടുവീക്കം (Mastitis) | 28 | - | 7 | - | - | - | - | - | - | - |
| 10 | മുടന്തൻ പനി (Ephemeral Fver) | 35 | - | 4 | - | - | - | - | - | - | - |
| 11 | പകർച്ചവ്യാധികൾ (contagion diseases) | - | - | - | - | - | - | - | - | - | - |

# കൃത്രിമബീജസങ്കലന വിവരങ്ങൾ

| മാസം | വളർത്തുമൃഗം (ഇനം) | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിനു രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ |
|---|---|---|---|---|
| ഏപ്രിൽ 95 | പശു | | 41 | |
| | കിടാരി | 1240 | 18 | 30% |
| | എരുമ | | 1 | |
| മേയ് 95 | പശു | | 50 | |
| | കിടാരി | 1400 | 21 | 30% |
| | എരുമ | | - | |
| ജൂൺ 95 | പശു | | 29 | |
| | കിടാരി | 1300 | 20 | 30% |
| | എരുമ | | 1 | |
| ജൂലായ്95 | പശു | | 65 | |
| | കിടാരി | 250 | 15 | 30% |
| | എരുമ | | | |
| ആഗസ്റ്റ് 95 | പശു | | 58 | |
| | കിടാരി | 1400 | 23 | 30% |
| | എരുമ | | 1 | |
| സെപ്റ്റംബർ 95 | പശു | | 50 | |
| | കിടാരി | 1400 | 19 | 30% |
| | എരുമ | | 1 | |
| ഒക്ടോബർ 95 | പശു | | 60 | |
| | കിടാരി | 1405 | 18 | 30% |
| | എരുമ | | 1 | |
| നവംബർ 95 | പശു | | 49 | |
| | കിടാരി | 1400 | 30 | 30% |
| | എരുമ | | 1 | |
| ഡിസംബർ 95 | പശു | | 50 | |
| | കിടാരി | 1300 | 25 | 30% |
| | എരുമ | | 1 | |
| ജാനുവരി 96 | പശു | | 48 | |
| | കിടാരി | 1302 | 27 | 30% |
| | എരുമ | | 3 | |

| മാസം | വളർത്തുമൃഗം (ഇനം) | ആകെ എണ്ണം | കൃത്രിമബീജസങ്കലനം നടത്തിയവ | ഗർഭധാരണത്തിനു രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ |
|---|---|---|---|---|
| ഫെബ്രുവരി 96 | പശു | 1305 | 40 | 30% |
| | കിടാരി | | 22 | 30% |
| | എരുമ | | 1 | |
| മാർച്ച് 96 | പശു | 1300 | 40 | |
| | കിടാരി | | 24 | 30% |
| | എരുമ | | 2 | |
| ഏപ്രിൽ 96 | പശു | 1295 | 50 | |
| | കിടാരി | | 20 | 30% |
| | എരുമ | | 1 | |
| മെയ് 96 | പശു | 1300 | 30 | |
| | കിടാരി | | 23 | 30% |
| | എരുമ | | - | |
| ജൂൺ 96 | പശു | 1302 | 60 | |
| | കിടാരി | | 28 | 30% |
| | എരുമ | | - | |
| ജൂലയ് 96 | പശു | 1300 | 65 | |
| | കിടാരി | | 25 | 30% |
| | എരുമ | | 1 | |
| ആഗസ്റ്റ് 96 | പശു | 1302 | 50 | |
| | കിടാരി | | 36 | 30% |
| | എരുമ | | 1 | |
| സെപ്റ്റംബർ 96 | പശു | 1300 | 50 | |
| | കിടാരി | | 36 | 30% |
| | എരുമ | | 1 | |
| ഒക്ടോബർ 96 | പശു | 1300 | 56 | |
| | കിടാരി | | 56 | 30% |
| | എരുമ | | 2 | |
| നവംബർ 96 | പശു | 1295 | 37 | |
| | കിടാരി | | 37 | 30% |
| | എരുമ | | - | |
| | | 26446 | 978 | |





# വ്യവസായം

തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുന്നതിനും, പ്രതിശീർഷവരുമാനം ഉയർത്തുന്നതിനും വ്യവസായ മേഖലയുടെ പുരോഗതി അനിവാര്യമാണ്. ഒരു വ്യാവസായം ആരംഭിച്ച് ലാഭകരമായി നടത്തുവാൻവേണ്ടത്ര അറിവില്ലായ്മ നിമിത്തം പല സ്ഥാപനങ്ങളും ശൈശവ ദശയിൽ തന്നെ അകാലചരമം പ്രാപിച്ചതിൻെറ ബാക്കി പത്രം നമ്മുടെ കൺമുമ്പിലുണ്ട്. അതിനാൽ വ്യവസായ സംരംഭകർ നടത്താനുദ്ദേശിക്കുന്ന ഉല്പന്നം ഏതാണെന്ന് നിശ്ചയിക്കുന്നതിന് മുമ്പ് സ്ഥലം, ലഭ്യമായ സൗകര്യങ്ങൾ, അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത, സാങ്കേതിക പരിജ്ഞാനം, വിപണനം എന്നിവയെപ്പറ്റി ശരിയായ ഉൾക്കാഴ്ച ഉണ്ടാവണം.

വ്യാവസായികമായി പിന്നോക്കാവസ്ഥയിലുള്ള നമ്മുടെ പഞ്ചായത്തിൽ ഒട്ടേറെ പുതിയ വ്യവസായങ്ങൾക്ക് സാദ്ധ്യതയുണ്ട്. ഏറ്റവും കൂടുതൽ ആളുകൾ പണിയെടുക്കുന്ന കയർമേഖലയിൽ അതുമായി ബന്ധപ്പെട്ട് ഒട്ടേറെ ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാനും അതുവഴി ഒട്ടേറെ പേർക്ക് കൂടുതൽ തൊഴിലവസരങ്ങൾ ഉണ്ടാക്കുവാനും കഴിയും. നമ്മുടെ ഈ ഗ്രമപഞ്ചായത്തിൽ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് പല്ലന കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു ചെറുകിട വ്യവസായ യൂണിറ്റാണ് നിലവിലുള്ളത്.

യന്ത്രവൽകൃത റാട്ടുകൊണ്ട് കയർ നിർമ്മിക്കുവാൻ തൊഴിലാളികളെ പരിശീലിപ്പിക്കുന്നതോടൊപ്പം സ്റ്റൈപ്പൻറും നൽകി ഈ വ്യവസായത്തെ പരിപോഷിപ്പിക്കുവാനും, തൊഴിലാളികളുടെ അദ്ധ്വാനഭാരം ലഘൂകരിക്കുവാനും, കൂടുതൽ ഉൽപ്പാദനം നടത്തുവാനും കയർബോർഡും ബന്ധപ്പെട്ട ഏജൻസികളും തീവ്രശ്രമം നടത്തിക്കൊണ്ടിരിക്കുന്ന ഇന്നത്തെ സാഹചര്യം നമ്മൾ പരമാവധി ഉപയോഗപ്പെടുത്തേണ്ടതാണ്. കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾ എല്ലാ വാർഡുകളിലും ആരംഭിക്കണമെന്ന് ഗ്രാമസഭകളിൽ ഉന്നയിക്കപ്പെട്ട പ്രധാന ആവശ്യവുമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്ത് മുൻകൈ എടുത്ത് ഒമ്പതാം വാർഡിൽ കാട്ടിൽ മാർക്കറ്റു കേന്ദ്രമാക്കി സർവ്വേ നമ്പർ 168/2, 171/2 എന്നിവയിലായി ഉദ്ദേശം 24 ഏക്കർ വസ്തു ഏറ്റെടുത്ത് ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് സ്ഥാപിക്കുവാനുള്ള പ്രാഥമിക നടപടി പൂർത്തിയായിരിക്കുകയാണ്. പരിസ്ഥിതി പ്രശ്നവും, കുടിയറക്കും ഇല്ലാത്തതും ദേശീയ പാതയും നാഷണൽ ഹൈവേയും തൊട്ടടുത്തായതിനാലും ഇത് വളരെ അനുകൂല ഘടകമായി മാറിയിട്ടുമുണ്ട്. സൈറ്റ്സെലക്ഷൻ കമ്മിറ്റി പരിശോധിക്കുകയും ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറ സജീവ പരിഗണനയിലിരിക്കുന്ന ഈ വ്യവസായ എസ്റ്റേറ്റ് ഈ പഞ്ചായത്തിൻെറ സമഗ്ര വികസനത്തിന് മുതൽക്കൂട്ടാവും എന്നതിൽ തർക്കമില്ല.

## വനിതാവ്യവസായം

വനിതകൾ ഉടമസ്ഥകളായി രജിസ്റ്റർ ചെയ്യ പ്പെട്ടതും വനിതകളാൽ നടത്തപ്പെടുന്നതും ആകെ തൊഴിലാളികളിൽ എമ്പതു ശതമാനത്തിൽ കുറയാ തെ വനിതാതൊഴിലളികൾ ജോലി ചെയ്യുന്നതുമാ യ ചെറുകിട വ്യവസായങ്ങളെയാണ് വനിതാവ്യ വസായയൂണിറ്റായി കാണുന്നത്. ഗ്രാമപഞ്ചാ യത്തിൽ ആകെയുള്ള ജനസംഖ്യയിൽ പകുതിയി ലധികം സ്ത്രീകളാണ്. എന്നാൽ വനിതകൾ ചെറു കിട വ്യവസായത്തിലേക്ക് വരാൻ മടിക്കുന്ന കാഴ്ച കേരളത്തിൽ മൊത്തത്തിലായി കാണാം. നമ്മുടെ ഗ്രാമപഞ്ചായത്തിൽ പല്ലന കേന്ദ്രമാക്കി ഡയറിയു ടെ സഹായത്താൽ പേട, സിപ് അപ്, തൈര് എന്നീ പാൽ ഉല്പന്നങ്ങൾ തയ്യാറാക്കി വിതരണം ചെയ്യുന്ന ഒരു യൂണിറ്റു മാത്രമാണ് രജിസ്റ്റർ ചെയ്ത് പ്രവർത്തി ക്കുന്നത്.

വനിതകൾക്കിടയിലെ വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിച്ച് ഈ വിഭവശേഷി പൂർണ്ണമായി ഉപ യോഗപ്പെടുത്തി അതുവഴി കൂടുതൽ തൊഴി ലവസരങ്ങളും സമ്പത്തും കൈവരിക്കുവാൻ നമു ക്കു സാധിച്ചാൽ മാത്രമേ നമ്മുടെ രാജ്യം ശരിക്കും പുരോഗമിച്ചു എന്നു പറയുവാൻ കഴിയൂ.

വനിതാവ്യവസായ സംരംഭകരെ പ്രോത്സാഹി പ്പിക്കുവാനും അവർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാ നും വ്യവസായ വകുപ്പ് തീവ്രശ്രമം നടത്തുന്ന ഈ അവസരത്തിൽ ഒട്ടേറെ വ്യവസായങ്ങൾ തുടങ്ങു വാൻ വനിതകൾ മുന്നോട്ടു വരേണ്ടതാണ്. നാം നി സ്സാരമെന്നു കരുതിയിരുന്ന പല സാധനങ്ങളും ഇന്ന് വ്യാവസായികമായി ഉൽപാദിപ്പിച്ച് വിപണി കൈയടി ക്കിയിരിക്കുന്നു. (ഉദാ. ഉമിക്കരി, വിളക്കുതിരി, ചൂ ല്) ഒട്ടുമിക്ക ഗ്രാമസഭകളിൽ നിന്നും വനിതാ വ്യ വസായ യൂണിറ്റുകൾ ആരംഭിക്കണമെന്ന നിർദ്ദേശം വന്നതിനാൽ ഈ രംഗത്തു നമുക്ക് പ്രവേശിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

## സാദ്ധ്യതകൾ

1. വനിതാവ്യവസായങ്ങളെക്കുറിച്ച് ഗ്രാമതല ത്തിൽ ബോധവൽക്കരണം നടത്തുക.
2. യൂണിറ്റുകൾ ആരംഭിക്കാനുള്ള ലോൺ സൗ കര്യം ഉറപ്പുവരുത്തുക.
3. വനിതാ വ്യവസായ സംരംഭകർ ഉൽപ്പാദിപ്പി ക്കുന്ന ഉൽപ്പന്നങ്ങൾ ഒരു പൊതു വിപണന ശൃംഖല വഴി വിറ്റഴിക്കാനുള്ള സൗകര്യം ഏർ പ്പെടുത്തുക.
4. വനിതാ വ്യവസായ സംരംഭകരെ പ്രത്യേകം സഹായിക്കാനായി താലൂക്കുതോറും/ പഞ്ചാ യത്തു തോറും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരു ടെ സേവനം ഉറപ്പു വരുത്തുക.

## പഞ്ചായത്തു തലത്തിൽ നടക്കുന്ന വ്യവസായ വികസന പദ്ധതികൾ

ആസൂത്രിത ഗ്രാമവികസനത്തിനും തദ്ദേശ ഭരണകാര്യങ്ങളിൽ കൂടുതൽ ജന പങ്കാളിത്തം ഉറപ്പു വരുത്തുന്നതിനും വേണ്ടി വ്യവസായ വകുപ്പ് റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം, പട്ടികജാതിയിൽ പെട്ട സംരംഭകർക്കുള്ള വായ്പാ പദ്ധതി, പട്ടികജാതിയിൽ പെട്ട സംരംഭകർക്കുള്ള ഗ്രാൻറ്, പട്ടികവർഗ്ഗത്തിൽ പെട്ട സംരംഭകർക്കുള്ള വായ്പയും ഗ്രാൻറും, കരകൗ ശല വിദ്യയിൽ പരിശീലനം എന്നീ പദ്ധതികൾ നടപ്പി ലാക്കി വരുന്നു. വളരെയധികം സാദ്ധ്യതയുള്ള ഈ രംഗത്തേക്ക് വരുന്ന യുവതീയുവാക്കൾക്ക് പഞ്ചാ യത്ത് എല്ലാ വിധ പ്രോത്സാഹനങ്ങൾ നൽകുവാൻ തയ്യാറാണ്. ഈ ഗ്രാമപഞ്ചായത്തിൽ 1986ൽ പല്ലന കേന്ദ്രമായി 'തൃക്കുന്നപ്പുഴ ഗ്രാമ പഞ്ചായത്ത് ഹരി ജൻ സർവ്വീസ് സഹകരണ സംഘം' എന്ന പേരിൽ ഒരു സ്ഥാപനം മാത്രമാണ് പ്രവർത്തിക്കുന്നത്.

# ഗ്രാമസഭകളിൽ നിന്ന് ഉയർന്നുവന്ന വ്യവസായ യൂണിറ്റുകളുടെ പട്ടിക

| ക്രമ നമ്പർ | യൂണിറ്റിന്റെ പേര് | വാർഡു നമ്പർ |
|---|---|---|
| 1 | ചെരുപ്പ്. കറിപ്പൗഡർ തുടങ്ങിയ യൂണിറ്റ് | |
| 2 | വനിതാ വ്യവസായ യൂണിറ്റുകൾ | 1 |
| 3 | മല്ലി, മുളക്, പൊടികളാക്കുന്ന യൂണിറ്റ് | |
| 4 | കയറ്റുപായ, ചവിട്ടുമെത്ത യൂണിറ്റ് | |
| 5 | പ്ലാസ്റ്റിക് ഉപകരണനിർമാണയൂണിറ്റ് | |
| 6 | പീലിംഗ്ഷെഡ് നിർമ്മാണ യൂണിറ്റ് | |
| 7 | പ്രസ്സ്, ബുക്ക് ബയൻറിംഗ് യൂണിറ്റ് | |
| 8 | വനിതാ വ്യവസായ യൂണിറ്റ് | 2 |
| 9 | കയർ ഉല്പന്ന നിർമ്മാണ യൂണിറ്റ് | |
| 10 | റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ് | |
| 11 | മത്സ്യം ഉണക്കി സംസ്കരിക്കുന്ന യൂണിറ്റ് | |
| 12 | വനിതാ വ്യവസായ യൂണിറ്റ് | 3 |
| 13 | കയർ ഉല്പാദന യൂണിറ്റ് | |
| 14 | ഹോളോ ബ്രിക്സ് യൂണിറ്റ് | |
| 15 | ചന്ദനത്തിരി യൂണിറ്റ് | |
| 16 | ഇലക്ട്രോണിക്സ് ഉപകരണ യൂണിറ്റ് | |
| 17 | ഉണക്കമീൻ നിർമ്മാണ യൂണിറ്റ് | 4 |
| 18 | കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന ഫാക്ടറി | |
| 19 | തഴപ്പാനെയ്ത്ത്, ഓലമെടച്ചിൽ വ്യവസായ യൂണിറ്റ് | 5 |
| 20 | തഴപ്പായനെയ്ത്ത്, ഓലമെടച്ചിൽ യൂണിറ്റ് | |
| 21 | ചകിരിച്ചോർകൊണ്ട് രാസവളം നിർമാണയൂണിറ്റ് | |
| 22 | വനിതാ വ്യവസായയൂണിറ്റുകൾ | 6 |
| 23 | പച്ചത്തൊണ്ടിൽ നിന്ന് ചകിരി ഉണ്ടാക്കുന്ന ഫാക്ടറി | |
| 24 | കൊപ്രാ സംസ്കരണ യൂണിറ്റ് | 7 |
| 25 | കയർകൊണ്ട് നിർമ്മിക്കുന്ന കയറ്റുപായ്, വിരി, ചവിട്ടി നിർമാണ യൂണിറ്റ് | |
| 26 | കൊപ്രാ സംസ്കരണ യൂണിറ്റ് | |
| 27 | തഴപ്പായ്നെയ്ത്ത്, ഓലമെടച്ചിൽ യൂണിറ്റ് | |
| 28 | കോഴിവളർത്തൽ, കന്നുകാലി വളർത്തൽ യൂണിറ്റ് | 8 |
| 29 | ഖാദി, ഗ്രാമവ്യവസായ യൂണിറ്റ് | |
| 30 | വനിതാ വ്യവസായ യൂണിറ്റ് | |
| 31 | റെഡിമെയ്ഡ് നിർമാണ യൂണിറ്റ് | 9 |
| 32 | റെഡിമെയ്ഡ് വസ്ത്ര നിർമാണ യൂണിറ്റ് | |
| 33 | വനിതാ വ്യവസായ യൂണിറ്റ് | |
| 34 | നാളികേരം കൊണ്ട് നിർമ്മിക്കാവുന്ന അനുബന്ധ വ്യവസായ യൂണിറ്റ് | |
| 35 | യന്ത്രവൽകൃത കയർനിർമാണ യൂണിറ്റുകൾ | |
| 36 | കയർ ഉല്പന്ന നിർമാണ യൂണിറ്റുകൾ | 10 |
| 37 | കയറ്റുപായ്, തടുക്ക് നിർമാണ യൂണിറ്റ് | |
| 38 | വനിതാ വ്യവസായ യൂണിറ്റുകൾ | |
| 39 | യന്ത്രവൽകൃത കയർ നിർമാണ യൂണിറ്റ് | 11 |

1 കയർബോർഡിൻെറ ട്രെയിനിംഗ് സെൻററുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കണം.

2. സഹകരണ മേഖലയിൽ/സഹകരണാടിസ്ഥാനത്തിൽ കയർ ഫാക്ടറി സ്ഥാപിക്കണം.

3. പച്ചത്തൊണ്ടിൽ നിന്നും ചകിരി ഉൽപ്പാദിപ്പിക്കുന്ന നിർമ്മാണയൂണിറ്റുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കുക.

4. കയർമേഖലയിലും, അതുമായി ബന്ധപ്പെട്ടിട്ടുള്ളതും ആയ യന്ത്രങ്ങൾ നന്നാക്കുന്നതിനായി ഒരു വർക്ഷോപ്പ് അനിവാര്യമാണ്.

5. തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി മുതലായ ചെറുകിട വനിതായൂണിറ്റുകൾ എല്ലാ വാർഡുകളിലും സ്ഥാപിക്കണം.

6. ഓലമെടച്ചിൽ, തഴപ്പായ് നിർമ്മാണം, കരകൗശല യൂണിറ്റുകൾ എന്നിവയുടെ വനിതായൂണിറ്റുകൾ വിവിധ വാർഡുകളിൽ സ്ഥാപിക്കണം.

7. ഖാദി ബോർഡിൻെറ ധനസഹായത്തോടെ വിവിധ വ്യവസായ യൂണിറ്റുകൾ എല്ലാ മേഖലകളിലും സ്ഥാപിക്കണം.

8. വൈദ്യുതി/ഇലക്ട്രോണിക്സ് ഉപകരണ നിർമ്മാണത്തിനുള്ള ചെറുകിട യൂണിറ്റുകൾ സ്ഥാപിക്കുക.

9. കയർ, പുല്ലുവർഗങ്ങൾ എന്നിവ ഉപയോഗിച്ച് ആകർഷകമായ കരകൗശലവസ്തുക്കളും ഇൻറീരിയൽ ഡെക്കറേഷനുള്ള ഉൽപ്പന്നങ്ങളും നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ വിവിധ ഭാഗങ്ങളിലായി സ്ഥാപിക്കണം.

ഗ്രാമസഭകളിൽ നിന്നും ഉയർന്ന നിർദ്ദേശ പട്ടികയിൽ നിന്നും മത്സ്യം, കയർ, നാളികേരം, ഇവ അസംസ്കൃത പദാർത്ഥങ്ങൾ ആയി ഉപയോഗിക്കുവാൻ കഴിയുന്ന വ്യവസായങ്ങൾക്ക് നാം മുൻഗണന കൊടുക്കേണ്ടതായുണ്ട്. പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രധാന തടസ്സം മൂതൽ മുടക്കിൻെറ അപര്യാപ്തതയാണ്. എന്നാൽ ഇതു പരിഹരിക്കുന്നതിനുള്ള ഒട്ടേറെ സാദ്ധ്യതകൾ ഗവൺമെൻറ് ഏജൻസികൾ, ബാങ്കുകൾ എന്നിവ മുഖാന്തിരം ഉണ്ട്. എന്നാൽ വ്യവസായ സംരംഭകർക്ക് ഇതിനെക്കുറിച്ചുള്ള വ്യക്തമായ ധാരണകൾ ഇല്ലാത്തതു മൂലം നിലവിലുള്ള സാധ്യതകൾ പോലും ഉപയോഗിക്കുവാൻ കഴിയാതെ വരുന്നു. ഇതാണ് നമ്മുടെ വ്യവസായവികസനത്തിനുള്ള ഒരു പ്രധാന തടസ്സമായി നിൽക്കുന്നത്. ഇതു പരിഹരിക്കുന്നതിനു വേണ്ടി വ്യവസായസംരംഭകർക്കുള്ള സാദ്ധ്യതകളെ സംബന്ധിച്ച് തുടർച്ചയായ ബോധവൽക്കരണം വ്യവസായ വകുപ്പ്, ബാങ്കിംഗ് മേഖല, തുടങ്ങിയവയെ പങ്കെടുപ്പിച്ചുകൊണ്ട് പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തണം.

തൃക്കുന്നപ്പുഴയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ദേശസാൽകൃത ബാങ്ക് ധനലക്ഷ്മി ബാങ്കാണ്. ഈ ബാങ്കിൻെറ വ്യവസായ സംരംഭകരോടുള്ള സമീപനം നമ്മുടെ ഗ്രാമത്തിൻെറ വ്യവസായ വികസനത്തിൽ ഒരു പ്രധാന വെല്ലുവിളിയാണ്. P.M.R.Y പോലുള്ള പദ്ധതികളോട് തികച്ചും നിഷേധാത്മകമായ ഒരു സമീപനമാണ് ബാങ്ക് സ്വീകരിക്കുന്നത്. വ്യവസായ സംരംഭകരെ പ്രോത്സാഹിപ്പിക്കുക എന്നതിലുപരിയായി ചട്ടപ്പടി കാര്യങ്ങൾ മാത്രം ചെയ്യുക എന്ന നിലയിലാണ് ഈ ബാങ്ക് പ്രവർത്തിക്കുന്നത്. പി.എം.ആർ. വൈ. പദ്ധതിയിൽ ഗവൺമെൻറു നിർദ്ദേശിക്കുന്ന എണ്ണം മാത്രം തികയ്ക്കുക എന്ന സമീപനമാണ് ഇവർക്കുള്ളത്. ഇതിനായി ഏറ്റവും കുറഞ്ഞ തുക ലോൺ കൊടുക്കുക എന്ന രീതിയാണ് ഇവർ അവലംബിക്കുന്നത്. അതിനെതിരായ പ്രതിഷേധം ഔദ്യോഗിക തലത്തിലും ജനകീയ തലത്തിലും ഉയർത്തിക്കൊണ്ടു വരണം.



# വിദ്യാഭ്യാസം



കിഴക്കിന്റെ വെനീസ് എന്നറിയപ്പെടുന്ന ആലപ്പുഴ പട്ടണത്തിന് മുപ്പതു കി.മീ. തെക്കായി സ്ഥിതി ചെയ്യുന്ന ഒരു തീരദേശമാണ് തൃക്കുന്നപ്പുഴ. മത്സ്യത്തൊഴിലാളികളും കയർതൊഴിലാളികളുമാണ് ഈ സംഖ്യയിൽ ഭൂരിഭാഗം. ആലപ്പുഴ, കരുവാറ്റ, മാവേലിക്കര, തുടങ്ങിയ സ്ഥലങ്ങളിൽ ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിന് സൗകര്യം ഉണ്ടായിരുന്നെങ്കിലും യാത്രാസൗകര്യം ഇല്ലായിരുന്നതിനാൽ ആദ്യകാലങ്ങളിൽ നമ്മുടെ ഗ്രാമത്തിലുള്ള ജനങ്ങൾക്ക് ആ സൗകര്യം പ്രയോജനപ്പെടുത്താൻ കഴിഞ്ഞിരുന്നില്ല. വിദ്യാഭ്യാസ കാര്യങ്ങളിൽ നമ്മുടെ ഗ്രാമവാസികൾക്ക് പൊതുവെ താൽപര്യം കുറവായിരുന്നു. പ്രൈമറി വിദ്യാഭ്യാസത്തിനു ശേഷം ഉപരിവിദ്യാഭ്യാസം നേടിയിട്ടുള്ളവർ കുറവായിരുന്നു. പ്രൈമറി വിദ്യാഭ്യാസം നേടിയിട്ടുള്ളവർ തന്നെ കരുവാറ്റയിലുള്ള എൻ.എസ്.എസ്. ഹൈസ്ക്കൂളിനെയാണ് ആശ്രയിച്ചിരുന്നത്. അതുകൊണ്ട് സാധാരണക്കാർക്ക് പ്രൈമറി വിദ്യാഭ്യാസത്തിലുപരി വിദ്യാഭ്യാസം സമീപപ്രദേശത്തെ ഹൈസ്ക്കൂൾ സ്ഥാപിതമാകുന്നതുവരെ അപ്രാപ്യമായിരുന്നു. ഈ പ്രതികൂല സാഹചര്യത്തിലും അന്യസംസ്ഥാനങ്ങളിൽ പോയി ഉന്നത വിദ്യാഭ്യാസം നേടിയിട്ടുള്ളവർ നമ്മുടെ ഗ്രാമത്തിൽ പലരുമുണ്ട്.

വിദ്യാഭ്യാസത്തിന്റെ അഭാവം ജനങ്ങളിൽ അപകവതയും സംസ്കാരശൂന്യതയും വളർത്തുമെന്ന് ഉത്പതിഷ്ണുക്കളായ ചിലർ മനസ്സിലാക്കി. ജീവിതത്തിന്റെ നാനാ തുറകളിലുമുള്ള വിജയത്തിന് വിദ്യാഭ്യാസം അനിവാര്യമാണെന്ന ബോധം ജനങ്ങളിൽ ഉണ്ടായിത്തുടങ്ങി. അതോടെ വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാർവ്വത്രികമായ നീക്കം നമ്മുടെ നാട്ടിലും ആരംഭിച്ചു.

മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് മഹത്തായ ഒരു വിദ്യാഭ്യാസചരിത്രവും പാരമ്പര്യവുമാണ് നമ്മുടെ പഞ്ചായത്തിന് ഉള്ളത്. ശതാബ്ദി ആഘോഷിച്ച ഒരു സർക്കാർ പ്രൈമറി സ്കൂൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് എന്നതുതന്നെ ആ ചരിത്ര സത്യത്തിന് ഉദാഹരണമാണ്. മലയാളത്തിലെ സ്നേഹഗായകനായ മഹാകവി കുമാരനാശാന്റെ ഭൗതിക ശരീരം ഏറ്റുവാങ്ങേണ്ടി വന്ന പല്ലനയിൽ 1895 ആഗസ്റ്റ് 1-ാം തീയതി ആരംഭിച്ച സർക്കാർ പ്രൈമറി സ്കൂൾ ആണ് നൂറ്റാണ്ടു പിന്നിട്ട പ്രസ്തുത വിദ്യാലയം. തുടർന്ന് മറ്റ് വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. ഒരു ഹൈസ്ക്കൂൾ ഉൾപ്പെടെ 8 വിദ്യാലയങ്ങൾ ഇന്ന് നമ്മുടെ ഗ്രാമത്തിൽ ഉണ്ട്. ഇതിൽ 5 എണ്ണം സർക്കാർ മേഖലയിലും 3 എണ്ണം സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ സ്കൂളുകളുടെ പേരും അവ സ്ഥാപിച്ച വർഷവും ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | പേര്, സ്ഥലം | വർഷം |
|---|---|---|
| 1 | ഗവ. എൽ. പി. സ്കൂൾ, പല്ലന | 1895 |
| 2. | ഗവ. എൽ. പി. സ്കൂൾ, തൃക്കുന്നപ്പുഴ | 1912 |
| 3 | എം.റ്റി. യു.പി. സ്കൂൾ, തൃക്കുന്നപ്പുഴ | 1950 |
| 4. | ഗവ. എൽ.പി. സ്കൂൾ, കിഴ. നോർത്ത് | 1950 |
| 5. | ഗവ. എൽ.പി. സ്കൂൾ, പാനൂർക്കര | 1953 |
| 6. | കെ.എ.എം. യു.പി. സ്കൂൾ, പല്ലന | - |
| 7. | ആത്മവിദ്യാസംഘം ഗവ. എൽ.പി. സ്കൂൾ, കിഴ. നോർത്ത് | 1920 |
| 8 | എം.കെ.എ.എം. ഹൈസ്ക്കൂൾ, പല്ലന | 1976 |

കോളേജുകളോ സാങ്കേതിക വിദ്യാലയങ്ങളോ നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല. ആലപ്പുഴ, നങ്ങ്യാർകുളങ്ങര, മാവേലിക്കര, കായംകുളം എന്നിവിടങ്ങളിലെ കോളേജുകളും സാങ്കേതിക വിദ്യാലയങ്ങളും ആണ് പഞ്ചായത്തിലെ കുട്ടികൾക്ക് ഉപരി പഠനത്തിന് ആശ്രയം.

നൂറ്റാണ്ടു നീണ്ടു നിന്ന തൃക്കുന്നപ്പുഴയിലെ വിദ്യാഭ്യാസ പ്രവർത്തന ചരിത്രത്തിൽ സ്മരിക്കപ്പെടേണ്ട ചില പ്രധാന വ്യക്തികളാണ് സർവ്വശ്രീ. വാക്ഭടാനന്ദഗുരുദേവൻ, പാണ്ഡവത്തു ശങ്കരപ്പിള്ളി, റ്റി.കെ. ബാലകൃഷ്ണൻ (ബാലാജി), കെ.ജി.എം. പണിക്കർ, ഭാർഗ്ഗവൻ അരയൻ, പറയന്തറ ഉമ്മർകുഞ്ഞ് മുതലായവർ.

മാർത്തോമാ സഭയും എസ്.എൻ.ഡി.പി. യോഗവും എൻ.എസ്.എസും മറ്റ് സാമൂഹിക-സാമുദായിക സംഘടനകളും നമ്മുടെ വിദ്യാഭ്യാസ ചരിത്രത്തിൽ സ്തുത്യർഹമായ പങ്ക് വഹിച്ചിട്ടുണ്ട്. ഗുരുകുല വിദ്യാഭ്യാസത്തിൻെറ മാതൃകയിൽ കുട്ടികളെ അക്ഷരം പഠിപ്പിച്ചിരുന്ന നിലത്തെഴുത്ത് ആശാന്മാരുടെ സേവനം വിദ്യാഭ്യാസരംഗത്ത് കഴിഞ്ഞ കാലങ്ങളിൽ വിലമതിക്കാനാവാത്തതായിരുന്നു. ഇന്ന് ആ സമ്പ്രദായം ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് വഴിമാറിക്കൊടുത്തിരിക്കുന്നു.

മഹാകവി കുമാരനാശാൻെറ സ്മരണയ്ക്കായി പല്ലനയിൽ സ്ഥാപിച്ചിട്ടുള്ള ഹൈസ്ക്കൂൾ ആണ് പഞ്ചായത്തിൽ അവസാനം സ്ഥാപിക്കപ്പെട്ട വിദ്യാലയം. പഞ്ചായത്തിലെ ഏക ഹൈസ്ക്കൂളും അതു തന്നെ. പഞ്ചായത്തിലെ സ്കൂളുകളിലെ അദ്ധ്യാപകരേയും വിദ്യാർത്ഥികളേയും സംബന്ധിക്കുന്ന വിവരങ്ങൾ പട്ടിക 1 എയിൽ ചേർക്കുന്നു.

പട്ടിക 1

| ക്രമ നമ്പർ | സ്കൂൾ | മാനേജ്മെൻറ് | വിദ്യാർത്ഥികൾ | | | അദ്ധ്യാപകർ | | |
|---|---|---|---|---|---|---|---|---|
| | | | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 1. | എം.കെ.എ.എം. ഹൈസ്ക്കൂൾ, പല്ലന | എയിഡഡ് | 569 | 529 | 1098 | 18 | 29 | 47 |
| 2. | കെ.എ.എം. യു.പി.സ്കൂൾ, പല്ലന | " | 348 | 351 | 699 | 1 | 21 | 22 |
| 3. | എം.റ്റി. യു.പി. സ്കൂൾ, തൃക്കുന്നപ്പുഴ | " | 169 | 167 | 336 | 2 | 10 | 12 |
| 4. | ഗവ. എൽ.പി. സ്കൂൾ, തൃക്കുന്നപ്പുഴ | ഗവ. | 349 | 314 | 663 | 3 | 11 | 14 |
| 5. | ഗവ. എൽ.പി. സ്കൂൾ കിഴ. നോർത്ത് | " | 57 | 60 | 117 | 1 | 4 | 5 |
| 6. | ഗവ. എൽ.പി. സ്കൂൾ, പല്ലന | " | 171 | 189 | 360 | 3 | 6 | 9 |
| 7. | ഗവ. എൽ.പി. സ്കൂൾ, പാനൂർക്കര | " | 197 | 206 | 403 | 4 | 4 | 8 |
| 8 | എ.വി.എസ് . ഗവ. എൽ.പി.സ്കൂൾ, കിഴ. നോർത്ത് | " | 127 | 111 | 238 | - | 7 | 7 |
| | | | 1987 | 1927 | 3917 | 32 | 92 | 124 |

വിദ്യാഭ്യാസ സംസ്കാരിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട അംഗൻ വാടികൾ, വായനശാലകൾ, ഇൻസ്റ്റിറ്റ്യൂട്ടുകൾ, ട്യൂട്ടോറിയലുകൾ എന്നിവയും വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസ സാമൂഹിക പ്രവർത്തനകനായിരുന്ന പാണ്ഡവത്തു ശങ്കരപ്പിള്ളയുടെ സ്മരണയ്ക്കായി ഒരു സ്വകാര്യ ഐ.റ്റി.സി.യും അടുത്ത കാലത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പത്തൊമ്പതോളം അംഗൻവാടികളിലൂടെ 500ഓളം കുട്ടികൾക്ക് പോഷക ആഹാരവും പ്രതിരോധ ചികിത്സയും നൽകി പരിപാലിച്ചു പോരുന്നു. കോളേജുകളിലും സാങ്കേതിക വിദ്യാലയങ്ങളിലുമായി പഠനം നടത്തുന്നവർ ആയിരത്തോളം വരുമെന്ന് കണക്കാക്കുന്നു. വൈദ്യശാസ്ത്രത്തിലും സാങ്കേതിക വിദ്യയിലും ബിരുദവും ബിരുദാനന്തരബിരുദവും നേടിയവർ പലരും പഞ്ചായത്തിൽ ഉണ്ട്. ജനസംഖ്യയുടെ 2%ത്തോളം പേർ ഉദ്യോഗസ്ഥരും 5%ൽ അധികം പേർ കോളേജ് വിദ്യാഭ്യാസം നേടിയവരും ആകണമെങ്കിൽ നമ്മുടെ വിദ്യാഭ്യാസ പാരമ്പര്യം മഹത്തരമാകാതെ കഴിയില്ലല്ലോ? എന്നാൽ അഖിലേന്ത്യാ പരീക്ഷകളിൽ വിജയം വരിക്കാൻ അധികം പേർക്ക് കഴിഞ്ഞിട്ടില്ല എന്ന യാഥാർത്ഥ്യം അവശേഷിക്കുന്നു. ശാസ്ത്ര സാങ്കേതിക രംഗത്തും വൈദ്യ ശാസ്ത്രരംഗത്തും ഉന്നത വിദ്യാഭ്യാസത്തിന് എത്തുന്നവരുടെ എണ്ണവും കുറഞ്ഞു വരുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

മേൽ പറഞ്ഞ കാര്യങ്ങൾ പരിശോധിക്കുമ്പോഴാണ് വിദ്യാഭ്യാസ നിലവാരത്തിന്റെ തകർച്ചയെ പറ്റി മനസ്സിലാക്കുന്നത്. നിലവാരത്തകർച്ചയ്ക്ക് കാരണങ്ങൾ പലതും, കാരണക്കാർ പലരും ഉണ്ടെന്നതാണ് സത്യം. വികലമായ വിദ്യാഭ്യാസ നയം, അർപ്പണബോധമില്ലാത്ത അദ്ധ്യാപകർ, ലക്ഷ്യബോധമില്ലാത്ത വിദ്യാർത്ഥികൾ, സാമൂഹ്യ പ്രതിബദ്ധതയില്ലാത്ത സമൂഹം എന്നീ ഘടകങ്ങൾ നിലവാരത്തകർച്ചയ്ക്ക് ആക്കം കൂട്ടിയിട്ടുണ്ട്. പഠിച്ചില്ലെങ്കിലും പണമുണ്ടാക്കാമെന്നും പണമുണ്ടായാൽ മറ്റുള്ളതെല്ലാം സ്വായത്തമാക്കാമെന്നുമുള്ള പുതിയ അനുഭവജ്ഞാനം പഠനത്തിലുള്ള താല്പര്യം ഇല്ലാതാക്കിയിട്ടുണ്ട്. "ഗൾഫ് സംസ്കാരം" അതിന് ഉത്തമോദാഹരണമായി എടുത്തു കാട്ടുകയും ചെയ്യുന്നു. വിദ്യാഭ്യാസരംഗത്തു മാത്രമല്ല ജീവിതത്തിന്റെ എല്ലാ രംഗങ്ങളിലും നിലവാരത്തകർച്ച ഉണ്ടായിട്ടുണ്ട്. അഴിമതി, കൈക്കൂലി, നിയമലംഘനം ഇവയെല്ലാം അതിന്റെ സന്തതികളാണ്.

സർക്കാരിന്റെയും വിദഗ്ദ്ധന്മാരുടേയും കണക്കനുസരിച്ച് പൊതു വിദ്യാഭ്യാസത്തിനാണ് കൂടുതൽ നിലവാരത്തകർച്ച ഉണ്ടായിട്ടുള്ളതെന്ന് കാണുന്നു. ഈ പരിദേവനങ്ങളുടെ മറവിലാണ് നഴ്സറി സ്കൂൾ മുതൽ സ്വാശ്ര കോളേജുകൾ വരെയുള്ള അംഗീകൃതസ്ഥാപനങ്ങൾ തഴച്ചു വളരുന്നത്. തങ്ങളുടെ മക്കൾക്ക് ഏറ്റവും നല്ല വിദ്യാഭ്യാസം കിട്ടുകയെന്നത് ഏതൊരു രക്ഷാകർത്താവിന്റെയും ന്യായമായ ആഗ്രഹമാണ്. എന്നാൽ ആ ആഗ്രഹത്തിന്റെ പേരിൽ ചൂഷണം ചെയ്യപ്പെടുകയാണെന്ന് അവരറിയുന്നില്ല. ഫീസ്, വാഹനക്കൂലി, സംഭാവന എന്നീ ഇനങ്ങളിലായി മാസം തോറും ഒരു നല്ല തുക ചെലവാക്കിയാണ് ഇവിടങ്ങളിലേക്ക് കുട്ടികളെ അയക്കുന്നത്. പഞ്ചായത്തിലെ നൂറോളം കുട്ടികൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ പഠിക്കുന്നുണ്ടെന്ന് കണക്കാക്കുന്നു. സൗജന്യവും സാർവ്വത്രികവും നിർബ്ബന്ധിതവുമായ പ്രൈമറി വിദ്യാഭ്യാസമാണ് ഭരണഘടന വിഭാവന ചെയ്തിട്ടുള്ളത്. അതിനുള്ള സൗകര്യം നമ്മുടെ പഞ്ചായത്തിൽ വേണ്ടുവോളമുണ്ട്. അത് പരമാവധി പ്രയോജനപ്പെടുത്തണമെന്ന് മാത്രം.

## IB, LP, UP, HS വിഭാഗത്തിലെ കുട്ടികളുടെ വിവരം

| L. P. | | | U. P. | | | H. S. | | | ആകെ |
|---|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | |
| 901 | 880 | 1781 | 517 | 518 | 1035 | 569 | 529 | 1098 | 3914 |

## സാക്ഷരത

കേരളം സമ്പൂർണ്ണ സാക്ഷരത കൈവരിച്ച സംസ്ഥാനമായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും ജനസംഖ്യയിൽ പത്ത് ശതമാനത്തോളം പേർ നിരക്ഷരരാണെന്ന യാഥാർത്ഥ്യം വിസ്മരിക്കുക വയ്യ. വിദ്യാസമ്പന്നരുടെ കൂട്ടായ പരിശ്രമം ഉണ്ടായാൽ ഇവരെക്കൂടി സാക്ഷരരാക്കുവാൻ നമുക്കു സാധിക്കും. കഴിഞ്ഞ കാലത്ത് നാം നടത്തിയ കൂട്ടായ പരിശ്രമത്തിൻെറ ഫലമായി കുറച്ചൊക്കെ മാറ്റം വരുത്തുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. സാധാരണക്കാരൻെറ ദൈനം ദിന ജീവിത പ്രശ്നങ്ങൾ വിജയകരമായി നേരിടുന്നതിന് അവർ സാക്ഷരരാകേണ്ടത് അത്യാവശ്യമാണ്. അല്ലാത്ത പക്ഷം നിരന്തരം ചൂഷണം ചെയ്യപ്പെടും എന്നതാണ് സത്യം.

## പഞ്ചായത്തിലെ പൊതു വിദ്യാഭ്യാസ നിലവാരം.

1996-97 അദ്ധ്യയന വർഷാരംഭത്തിൽ ജില്ലാ പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ പൊതു വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനെപ്പറ്റി വിവിധ തലങ്ങളിൽ ചർച്ചകൾ നടക്കുകയുണ്ടായി. അതിൻെറ അടിസ്ഥാനത്തിൽ ചില വിദ്യാഭ്യാസ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിരുന്നു. കൂടാതെ "ഓപ്പറേഷൻ ബ്ലാക്ക്ബോർഡ് പദ്ധതി" അനുസരിച്ച് പ്രാഥമിക വിദ്യാലയങ്ങൾക്ക് പഠനോപകരണങ്ങളും ശാസ്ത്ര പഠനത്തിനാവശ്യമായ കിറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. അദ്ധ്യാപകരുടേയും രക്ഷാകർത്താക്കളുടേയും ആത്മാർത്ഥമായ സഹകരണം പൊതുവിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിന് ആവശ്യമാണെന്ന് ചർച്ചകളിൽ പൊന്തിവരികയും അതിനുവേണ്ടി അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്. 1996- ആഗസ്റ്റു മാസത്തിൽ നടത്തിയ പാദവാർഷികപ്പരീക്ഷയിൽ പഞ്ചായത്തിലെ കുട്ടികൾ കരസ്ഥമാക്കിയ മാർക്ക് നിലവാരം പട്ടിക 2ൽ ചേർക്കുന്നു.

പട്ടിക 2

| ക്ലാസ്സുകൾ | 30% ൽ താഴെ മാർക്കു ലഭിച്ചവർ | 30% നും 40% നും ഇടയിൽ മാർക്കു ലഭിച്ചവർ | 40% നും 50% ഇടയിൽ മാർക്കു ലഭിച്ചവർ | 50% നും 60%നും ഇടയിൽ മാർക്കു ലഭിച്ചവർ | 60% നു മുകളിൽ മാർക്കു ലഭിച്ചവർ | ആകെ |
|---|---|---|---|---|---|---|
| 3 | 78 | 118 | 65 | 61 | 110 | 432 |
| 4 | 62 | 109 | 76 | 61 | 108 | 416 |
| 5 | 43 | 181 | 105 | 57 | 38 | 424 |
| 6 | 55 | 149 | 85 | 45 | 48 | 382 |
| 7 | 74 | 173 | 71 | 47 | 32 | 397 |
| 8 | 210 | 85 | 50 | 30 | 20 | 395 |
| 9 | 225 | 90 | 50 | 25 | 20 | 410 |
| 10 | 140 | 80 | 30 | 20 | 12 | 282 |
| ആകെ | 887 | 985 | 532 | 346 | 388 | 3138 |

നമ്മുടെ പഞ്ചായത്തിലെ വിദ്യാർത്ഥികൾ മെച്ചപ്പെട്ട പഠന നിലവാരമുള്ളവരാണെന്ന് ഈ കണക്കുകൾ വ്യക്തമാക്കുന്നു. ഇത് കുറച്ചു കൂടി മെച്ചപ്പെടുത്തുവാൻ നമുക്ക് കഴിയണം. വിദ്യാലയങ്ങളിൽ ഭൂരിഭാഗവും സർക്കാർ മേഖലയിലുള്ളവയായതിനാൽ അദ്ധ്യാപകരിൽ ഭൂരിഭാഗവും മെറിറ്റടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടവരാണ്. പഞ്ചായത്തിലെ എസ്.എസ്. എൽ.സി. വിജയശതമാനം കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ ക്രമമായി കുറഞ്ഞു വരുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. (പട്ടിക 3)

പട്ടിക 3

| സ്കൂൾ | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| എം.കെ.എ.എം. ഹൈസ്ക്കൂൾ, പല്ലന | 46% | 45% | 43.5% | 41% | 39.5% |

## സ്കൂൾ കോംപ്ലക്സ്

വിദ്യാഭ്യാസരംഗത്ത് ഇടപെടാൻ പഞ്ചായത്തുകൾ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ എല്ലാ വിദ്യാലയങ്ങളേയും സംയോജിപ്പിച്ചുകൊണ്ട് സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ആരംഭിച്ചിരുന്നു. ഹൈസ്ക്കൂളായ എം.കെ.എ.എം ഹൈസ്ക്കൂൾ ആയിരുന്നു സ്കൂൾ കോംപ്ലക്സിന്റെ കേന്ദ്രം. വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ഏകീകരിച്ചു ചിട്ടപ്പെടുത്തുക, പൊതുപഠനനിലവാരവും എസ്.എസ്.എൽ.സി വിജയശതമാനവും ഉയർത്തുക, അധ്യാപകർക്ക് പരിശീലനം നൽകുക എന്നിവ കോംപ്ലക്സിന്റെ ലക്ഷ്യങ്ങളാണ്. പഞ്ചായത്തിലെ മുഴുവൻ അദ്ധ്യാപകരും രക്ഷിതാക്കളും അതിനോട് സഹകരിച്ചിരുന്നെങ്കിലും പിന്നീട് പ്രവർത്തനം മന്ദീഭവിക്കുകയാണുണ്ടായത്.

## അദ്ധ്യാപക - രക്ഷാകർത്തൃ സമിതികൾ

പഞ്ചായത്തിലെ എല്ലാവിദ്യാലയങ്ങളിലും പി.റ്റി.എകൾ സജീവമായി പ്രവർത്തിക്കുന്നുണ്ട്. പഠന നിലവാരവും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുന്നതിന് പി.റ്റി.എ.കൾക്ക് വലിയ സംഭാവന നൽകുവാൻ കഴിയും. വിദ്യാലയങ്ങളിലെ ഉച്ചഭക്ഷണ പരിപാടി വിജയകരമായി നടത്തുന്നതിന് പി.റ്റി.എ. കൾ സഹായിക്കുന്നുണ്ട്. സ്കൂളിന്റെ അറ്റകുറ്റപ്പണികൾ നടത്തുക പ്രാഥമിക സൗകര്യങ്ങളും കുടിവെള്ളവും ലഭ്യമാക്കുക, ഫർണീച്ചർ പണിയിക്കുക തുടങ്ങിയ പ്രവൃത്തികളെല്ലാം പി.റ്റി.എ. കളുടെ ആഭിമുഖ്യത്തിലാണ് നടത്തി വരുന്നത്.

## ഉച്ചഭക്ഷണ പരിപാടി

ഇന്നത്തെ രീതിയിലുള്ള ഉച്ചഭക്ഷണപരിപാടി ആരംഭിച്ചത് 1985ൽ ആണ്. പഞ്ചായത്തിലെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും പരിപാടിയുടെ പ്രയോജനം ലഭിക്കുന്നവരാണ്. പ്രൈമറി വിഭാഗത്തിലുള്ള 2446 വിദ്യാർത്ഥികളിൽ അമ്പതോളം പേർ മാത്രമേ ഉച്ചഭക്ഷണം ഉപയോഗിക്കാതിരിക്കുന്നുള്ളു. സ്കൂൾ അധികൃതർക്ക് വലിയ ബാദ്ധ്യതയായിത്തീർന്നിട്ടുള്ള ഈ പദ്ധതി വിജയകരമായി നടപ്പിലാക്കണമെങ്കിൽ അദ്ധ്യാപക-രക്ഷാകർത്തൃ സമിതിയുടേയും നാട്ടുകാരുടേയും വേണ്ടത്ര സഹായവും സഹകരണവും ഉണ്ടാകണം. സൗജന്യമായി വിഭവങ്ങൾ ലഭിക്കുന്നുണ്ടെങ്കിലും അത് സ്കൂളുകളിലെത്തിച്ച് പാകം ചെയ്ത് കുട്ടികൾക്ക് നൽകുന്നതിന് ഓരോ മാസവും നല്ല തുക കണ്ടെത്തണം. ചെലവിന്റെ മുപ്പത് ശതമാനത്തോളം തുക മാത്രമേ സർക്കാരിൽ നിന്ന് ലഭിക്കുന്നുള്ളു.

## എൻഡോവ്മെൻറുകളും ക്യാഷ് അവാർഡുകളും

പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലും ഉന്നത വിജയം കരസ്ഥമാക്കുന്ന കുട്ടികൾക്ക് വേണ്ടി മഹാമനസ്കരായ വ്യക്തികളും സംഘടനകളും പി.റ്റി.എ.

കളും എൻഡോവ്മെൻറുകളും ക്യാഷ് അവാർഡു കളും ഏർപ്പെടുത്തിയിട്ടുണ്ട്. അർഹരായ വിദ്യാർത്ഥി കൾക്ക് അവ യഥാസമയം നൽകി ആദരിക്കുന്നതി ന് വിദ്യാലയാധികൃതരും പി.റ്റി.എ.കളും വേണ്ട പ്രവർത്തനങ്ങൾ വീഴ്ചകൂടാതെ നടത്തുന്നുമുണ്ട്. സരളാ സദനത്തിൽ ശ്രീ. ആർ. ചന്ദ്രസേനൻ, കിഴ ക്കേക്കര നോർത്ത് ഗവ. എൽ.പി.സ്കൂളിലും, സരളാ സദനത്തിൽ ശ്രീമതി. സരള ആത്മ വിദ്യാസംഘം ഗവ. എൽ.പി. സ്കൂളിലും ഗവണ്മെൻറ് അംഗീകാര ത്തോടെയുള്ള എൻഡോവ്മെൻറുകൾ ഏർ പ്പെടുത്തിയിട്ടുണ്ട്. ഉദാരമതികൾ ഇനിയും നമ്മുടെ പഞ്ചായത്തിലെ കുട്ടികൾക്കു വേണ്ടി എൻഡോ വ്മെൻറുകളും അവാർഡുകവും ഏർപ്പെടുത്തുമെന്നു കരുതുന്നു.

### പട്ടിക 4

### ഗവണ്മെൻറ് സ്കൂളിലെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടേയും എണ്ണം

| ആകെ അദ്ധ്യാപകർ | ഗവ:സ്കൂളുകളിലെ അദ്ധ്യാപകരുടെ എണ്ണം | ഗവ: സ്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം | ശതമാനം |
|---|---|---|---|
| 124 | 43 | 1781 | 45.5 |

പഞ്ചായത്തിലെ സന്നദ്ധപ്രവർത്തകർ ശേഖരി ച്ച പ്രഥമ - ദ്വിതീയ വിവരങ്ങളുടേയും ഗ്രമസഭയിലെ ചർച്ചകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന നി ഗമനങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റി പ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. പതിനൊന്ന് ഗ്രാ മസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചയ്ക്ക് വിധേയമായി. അക്കാദമിക് നിലവാരം, ഭൗതികസാ ഹചര്യങ്ങൾ എന്നീ വിഷയങ്ങളെ അടിസ്ഥാനമാ ക്കി ഓരോ അംഗവും പഞ്ചായത്തിലെ പൊതു വി ദ്യാഭ്യാസത്തെ വിലയിരുത്തിയതായി കാണാം. പഠന നിലവാരത്തകർച്ച, സമരം കൊണ്ടും മറ്റും ഉണ്ടാ കുന്ന അദ്ധ്യയന ദിനനഷ്ടം, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാകുന്ന കാലതാമസം, അദ്ധ്യാപക വി ദ്യാർത്ഥി അനുപാതം, അദ്ധ്യാപക രക്ഷാകർതൃ സമി തി, ഉച്ചഭക്ഷണപരിപാടി, പുതിയ സ്കൂളുകളുടെ ആവശ്യകത, നിലവിലുള്ളവയുടെ അപ്ഗ്രഡേഷൻ, അദ്ധ്യാപകരുടെ പരിശീലനം, കുട്ടികളുടെ കൂട്ട ക്ലാ സ്സ് കയറ്റം, ഡി.പി. ഇ.പി.-ഡയറ്റ് തുടങ്ങിയവയുടെ സേവനലഭ്യത, മാസാന്ത പരീക്ഷകൾ, മൂല്യ നിർണ്ണയ രീതി, പാഠ്യേതര പ്രവർത്തനങ്ങൾ എന്നി ത്യാദി വിഷയങ്ങളെക്കുറിച്ചെല്ലാം ഓരോ ഗ്രാമസഭയി ലും ചർച്ചകൾ നടന്നതായി കാണുന്നു. ഗ്രാ മസഭകളിൽ നിന്ന് ഉരുത്തിരിഞ്ഞു വന്ന അഭിപ്രാ യങ്ങളും നിർദ്ദേശങ്ങളും വിലയിരുത്തുന്നതിന് മുൻ കൂട്ടി ശേഖരിച്ച പ്രാഥമിക - ദ്വിതീയ വിവരങ്ങൾ സഹായകമായി.

ഇത്തരമൊരു റിപ്പോർട്ടിൽ പ്രഥമ പരിഗണന അർഹിക്കുന്ന ഒന്നാണ് അക്കാഡമിക് സൗകര്യ ങ്ങൾ. ഇതൊരു വിദ്യാലയത്തെ സംബന്ധിച്ചിടത്തോ ളം പരമപ്രധാനമാണ്. പഠന പ്രക്രിയയിൽ മുഷിവ് തോന്നുന്ന വിദ്യാർത്ഥികൾക്ക് ഉന്മേഷം പകരാൻ കഴിയുന്നത്ര സൗകര്യം ലഭ്യമാക്കണം. ലൈബ്രറി, ല ബോറട്ടറി, പഠനോപകരണങ്ങൾ, ദൃശ്യ-ശ്രാവ്യ ഉപകരണങ്ങൾ, ബോർഡുകൾ, ഫർണീച്ചറുകൾ തുടങ്ങിയവ ഒരു വിദ്യാലയത്തിൻെറയോഗ്യതാ ചി ഹ്നങ്ങളാണ്. പഞ്ചായത്തിലെ വിദ്യാലയസൗകര്യ ങ്ങളുടെ പരിമിത വെളിപ്പെടുത്തുന്ന പട്ടിക 5ൽ കൊ ടുത്തിരിക്കുന്നു.

### പട്ടിക 5

| | ലൈബ്രറി | ലബോറട്ടറി സയൻസ് കോർണർ | പഠനോ പകര ണങ്ങൾ | റേഡിയോ | ടേപ്പ് റെക്കോർഡർ | ടി.വി. | സിനിമ പ്രൊജക്റ്റർ | സ്ലൈഡർ പ്രൊജക്റ്റർ | ബ്ലാക്ക് ബോർഡ് ആവശ്യമുള്ളത് | മാതൃസംഗമം സജീവം | പിടിഎ സജീവം |
|---|---|---|---|---|---|---|---|---|---|---|---|
| ഉള്ളത് | 6 | 7 | 6 | 4 | - | - | - | - | 4 | 8 | 8 |
| ഇല്ലാത്തത് | 2 | 1 | 2 | 4 | 8 | 8 | 8 | 8 | 4 | - | - |

വിദ്യാലയങ്ങളിലെ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ മറ്റൊരു പോരായ്മയാണ്. കെട്ടിടങ്ങളുടെ അപര്യാപ്തത കാരണം മിക്ക പ്രൈമറി സ്കൂളുകളിലും ഷിഫ്റ്റ് സമ്പ്രദായമാണ് നിലനിൽക്കുന്നത്. മുഴുവൻ സമയവും പഠനം നടക്കുന്ന വിദ്യാലയങ്ങളിലെ കുട്ടികളെത്തന്നെ നിലവാരത്തിലെത്തിക്കുവാൻ പരിശ്രമിക്കേണ്ടിവരുന്ന സാഹചര്യത്തിൽ ഷിഫ്റ്റ് നിലനിൽക്കുന്ന വിദ്യാലയങ്ങളിലെ സ്ഥിതി പറയേണ്ടതില്ലല്ലോ? അതുകൊണ്ട് ഷിഫ്റ്റ് സമ്പ്രദായം നിർത്തലാക്കേണ്ടത് അത്യാവശ്യമാണ്. നിരവധി വസ്തുതകൾ പൊതുവിദ്യാഭ്യാസനിലവാരം താഴുന്നതിന് കാരണമായി മുമ്പ് സൂചിപ്പിച്ചിരുന്നല്ലോ? അവ കൂടാതെ സമരങ്ങൾ, ബന്ദുകൾ ഇവമൂലമുണ്ടാകുന്ന അദ്ധ്യയന നഷ്ടവും മറ്റൊരു കാരണമാണ്. പഞ്ചായത്തിലെ സ്കൂളുകളിൽ 1995-96 അദ്ധ്യയന വർഷം 1.5% മുതൽ 5% വരെ പ്രവൃത്തി ദിനങ്ങൾ ഇത്തരത്തിൽ നഷ്ടപ്പെട്ടതായി കാണുന്നു. ദൃശ്യമാധ്യമങ്ങളുടെ വ്യാപനം, നിലവാരം കുറഞ്ഞ പ്രസിദ്ധീകരണങ്ങളുടെ പ്രചാരണം എന്നിവ അനഭിലഷണീയമായ പ്രവണതകൾ വിദ്യാർത്ഥികളിൽ ഉളവാക്കുന്നു. നല്ലൊരു ശതമാനം കുട്ടികളും ഗൈഡുകളേയും ട്യൂട്ടോറിയലുകളേയും ആശ്രയിക്കുന്നു. ഇതെല്ലാം പരിഹാരം കണ്ടെത്തേണ്ട പ്രശ്നങ്ങളാണ്.

പഞ്ചായത്തിലെ വിദ്യാലയങ്ങളിൽ പലതും പ്രാഥമിക സൗകര്യങ്ങളും കുടിവെള്ളവും ലഭിക്കാത്തവയാണ്. മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടിക 6ൽ ചേർത്തിരിക്കുന്നു.

പട്ടിക 6

| സ്കൂൾ | ആകെ വിദ്യാർത്ഥികൾ | ആകെ അദ്ധ്യാപകർ | മൂത്രപ്പുര | കക്കൂസ് | കുടി വെള്ളം | വൈദ്യുതി |
|---|---|---|---|---|---|---|
| 1. എം.കെ.എ.എം ഹൈസ്കൂൾ, പല്ലന | 1098 | 47 | 2 | 3 | ഉണ്ട് | ഉണ്ട് |
| 2. കെ.എ.എം. യു.പി. സ്കൂൾ, പല്ലന | 699 | 22 | 3 | 2 | ഉണ്ട് | ഉണ്ട് |
| 3. എം.റ്റി. യുപി.സ്കൂൾ, തൃക്കുന്നപ്പുഴ | 336 | 12 | 2 | 2 | ഇല്ല | ഉണ്ട് |
| 4. ഗവ. എൽ.പി.എസ്., തൃക്കുന്നപ്പുഴ | 663 | 14 | 1 | 1 | ഇല്ല | ഉണ്ട് |
| 5. ഗവ. എൽ.പി.എസ്., കിഴ.നോർത്ത് | 117 | 5 | 1 | ഇല്ല | ഇല്ല | ഇല്ല |
| 6. ഗവ. എൽ.പി.എസ്., പല്ലന | 360 | 9 | 2 | 2 | ഉണ്ട് | ഉണ്ട് |
| 7. ഗവ. എൽ.പി.എസ്., പാനൂർക്കര | 403 | 8 | 1 | ഇല്ല | ഇല്ല | ഇല്ല |
| 8. എ.വി.എസ്.ഗവ. എൽ.പി.എസ്., കിഴക്കേക്കര (നോർത്ത്) | 238 | 7 | 1 | 1 | ഇല്ല | ഇല്ല. |

പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി, ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള പൊതു നിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്.

1. ഷിഫ്റ്റുസമ്പ്രദായം നിർത്തലാക്കുക.
2. അക്കാഡമിക്ക് സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക.
3. നിശ്ചിത നിലവാരം ഉള്ളവർക്കുമാത്രം ക്ലാസ് കയറ്റം നൽകുക
4. പാഠപുസ്തകങ്ങളുടെ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക.
5. ആവശ്യമായ അദ്ധ്യാപകരെ യഥാസമയം നിയമിക്കുക.
6. പഠനത്തിൽ പിന്നോക്കം നിൽക്കുന്നവർക്കു വേണ്ടി അദ്ധ്യാപകർ, റിട്ടയർ ചെയ്ത അദ്ധ്യാപകർ, വിദ്യാസമ്പന്നരായ യുവജനങ്ങൾ എന്നിവരുടെ സഹകരണത്തോടെ പ്രത്യേക പഠന ക്രമങ്ങൾ ആവിഷ്ക്കരിക്കുക.
7. പഠനോപകരണങ്ങളും ലാബോറട്ടറികളും വേണ്ടവിധം ഉപയോഗപ്പെടുത്തുക.
8. അദ്ധ്യാപകർക്കുവേണ്ട പരിശീലനം നൽകുക.
9. അദ്ധ്യാപകവിദ്യാർത്ഥി അനുപാതം കുറയുക.
10. സ്കൂൾ കോംപ്ലക്സ് പ്രവർത്തനം ഫലപ്രദമായി നടത്തുക.
11. ഉച്ചഭക്ഷണ പരിപാടിയുടെ മുഴുവൻ ചിലവും സർക്കാർ വഹിക്കുക.
12. മുറികൾ തിരിക്കാത്ത കെട്ടിടങ്ങളിൽ നടത്തുന്ന ക്ലാസ്സുകൾ സ്ക്രീൻ ഉപയോഗിച്ച് വേർതിരിക്കുക.
13. പ്രൈമറി ഹെഡ്മാസ്റ്റർമാരെ ക്ലാസ് ചാർജിൽ നിന്നും ഒഴിവാക്കുക.

ഗ്രാമ സഭാറിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വരുന്ന 5 കൊല്ലത്തേയ്ക്ക് നടപ്പിലാക്കേണ്ട മറ്റ് വിദ്യാഭ്യാസപ്രവർത്തനങ്ങളുടെ വിശദവിവരം താഴെ കൊടുക്കുന്നു.

1 പുതിയ വിദ്യാലയങ്ങൾ അനുവദിക്കുകയും നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയും;

എ) 1-ാം വാർഡിലും 11-ാം വാർഡിലും ഓരോ പ്രൈമറിസ്കൂൾ സ്ഥാപിക്കുക.

ബി) പാനൂർക്കര ഗവ. എൽ.പി.സ്കൂൾ, ആത്മവിദ്യാസംഘം ഗവ. എൽ.പി. സ്കൂൾ, കിഴക്കേക്കര നോർത്ത് ഗവ. എൽ.പി. സ്കൂൾ, തൃക്കുന്നപ്പുഴ എം. റ്റി. യു.പി സ്കൂൾ ഇവ അപ്ഗ്രേഡ് ചെയ്യുക.

സി) പഞ്ചായത്തിലെ ഏക ഹൈസ്ക്കൂൾ ആയ എം. കെ.എ.എം. ഹൈസ്ക്കൂളിൽ പ്ലസ്ടു അനുവദിക്കുക.

ഡി) തൃക്കുന്നപ്പുഴ എൽ.പി.എസ്, ഹൈസ്ക്കൂൾ ആയി ഉയർത്തുക.

2 മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആവശ്യകത:-

എ) പ്രൈമറി സ്കൂളിനോട് അനുബന്ധിച്ച് പ്രീ-പ്രൈമറി വിഭാഗം കൂടി ആരംഭിക്കുക.

ബി) 4-ാം വാർഡിൽ ഒരു ജനവിദ്യാകേന്ദ്രം ആരംഭിക്കുക, ഐ.ടി.ഐ മാതൃകയിൽ ഒരു ഗവ. ടെക്നിക്കൽ സ്ഥാപനം ആരംഭിക്കുക.

സി) 7-ാം വാർഡിൽ സ്വന്തമായി കെട്ടിടം നിർമ്മിച്ച് അംഗൻ വാടികൾ ആരംഭിക്കുക.

ഡി) പല്ലന കെ.എ.എം. യു.പി.സ്കൂളിൽ തൊഴിലധിഷ്ഠിത കോഴ്സ് ആരംഭിക്കുക.

ഇ) ആത്മ വിദ്യാസംഘം എൽ.പി. സ്കൂളിന്റെ കളിസ്ഥലം വെള്ളക്കെട്ടും കാടും പടർന്നു കിടക്കുന്നു. ആയതിനാൽ ഈ ഗ്രൗണ്ട് മണ്ണിട്ട് ലെവൽ ചെയ്യുക.

എഫ്) സ്വന്തമായി കെട്ടിടമില്ലാത്ത ഈ പഞ്ചായത്തിലെ മുഴുവൻ അംഗൻ വാടികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് കൊടുക്കുക.

3 കുടിവെള്ളം :- തൃക്കുന്നപ്പുഴ ഗവ. എൽ.പി.എസ്, കിഴക്കേക്കര നോർത്ത് ഗവ. എൽ.പി.എസ്, ആത്മ വിദ്യാസംഘം ജി.എൽ.പി.എസ്, പാനൂർക്കര ഗവ. എൽ.പി.എസ്, തൃക്കുന്നപ്പുഴ എം.റ്റി. യു.പി.സ്കൂൾ, പല്ലന എം.കെ.എ.എം. ഹൈസ്ക്കൂൾ എന്നിവിടങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.

4 പ്രാഥമിക സൗകര്യങ്ങൾ (മൂത്രപ്പുര, കക്കൂസ്)

കുട്ടികൾക്കു വേണ്ടി മൂത്രപ്പുരയും കക്കൂസും ഇല്ലാത്ത കിഴക്കേക്കര നോർത്ത് ഗവ. എൽ.പി.എസ്., ആത്മവിദ്യാസംഘം ഗവ. എൽ.പി.എസ്., പാനൂർക്കര ഗവ. എൽ.പി. എസ്, തൃക്കുന്നപ്പുഴ ഗവ. എൽ.പി.എസ് എന്നിവിടങ്ങളിൽ മൂത്രപ്പുരയും കക്കൂസും സ്ഥാപിക്കുക.

5 കിഴക്കേക്കര നോർത്ത് ഗവ. എൽ.പി.എസ്, പാനൂർക്കര നോർത്ത് ഗവ. എൽ.പി.എസ്, ആത്മവിദ്യാസംഘം ഗവ. എൽ.പി.എസ്, തൃക്കുന്നപ്പുഴ ഗവ. എൽ.പി.എസ്, എ[illegible]ിവയുടെ

പരിസരം മണ്ണിട്ട് നികത്തുക.

6 ചുറ്റുമതിലില്ലാത്ത എല്ലാ വിദ്യാലയങ്ങൾക്കും ചുറ്റുമതിൽ കെട്ടുക.

7 ഫർണിച്ചർ ആവശ്യമായ വിദ്യാലയങ്ങൾക്ക് അവ പണിയുന്നതിനുള്ള ധനസഹായം നൽകുക.

8 ഉച്ചഭക്ഷണം തയ്യാറാക്കാൻ പാത്രങ്ങളില്ലാത്ത സ്കൂളുകൾക്ക് അതു വാങ്ങുന്നതിനുള്ള ധനസഹായം നൽകുക.

9 സർക്കാർ സ്കൂളുകളുടെ അറ്റകുറ്റപ്പണി കാലാകാലങ്ങളിൽ നടത്തുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

10. പി.റ്റി.എ.യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന വിദ്യാലയപ്രവർത്തനങ്ങളുടെ നടപടിക്രമങ്ങൾ ലഘൂകരിക്കുക.

11 വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാല സ്ഥാപിക്കുക.

12 പല്ലന ഗവ. എൽ.പി.എസ്നു വേണ്ടി പൊതുമരാമത്തു വകുപ്പ് തയ്യാറാക്കി സമർപ്പിച്ചിട്ടുള്ള 65000 രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിക്കുക.

13 സാക്ഷരതാ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുകയും പഞ്ചായത്തിലെ രണ്ട് ജനവിദ്യാകേന്ദ്രങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക.

14 കിഴക്കേക്കര ഗവ. എൽ.പി.എസ്, തൃക്കുന്നപ്പുഴ ഗവ. എൽ.പി.എസ്, പാനൂർക്കര ഗവ. എൽ.പി.എസ് എന്നിവിടങ്ങളിൽ സ്ഥിരമായ പാചക മുറികൾ സ്ഥാപിക്കുക.

15 കിഴക്കേക്കര നോർത്ത് ഗവ. എൽ.പി.എസിനോട് ചേർന്നുള്ള കിണർ വൃത്തിയാക്കി നെറ്റ് ഇടുക.

16 വിദ്യാലയ ആരോഗ്യ പരിപാടി ഫലപ്രദമായി നടപ്പാക്കുക

17 പട്ടികജാതി - പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് അനുവദിക്കുന്ന വിദ്യാഭ്യാസ ധനസഹായം വർദ്ധിപ്പിക്കുക

18 നിലത്തെഴുത്താശാൻ മാർക്ക് നൽകിവരുന്ന ഗ്രാൻറ് കാലോചിതമായി വർദ്ധിപ്പിക്കുയും കുടിശ്ശിക വരാതെ വിതരണം ചെയ്യുക ചെയ്യുക.

19 ഉച്ചഭക്ഷണം പാകം ചെയ്യുന്നതിന് എല്ലാ സ്കൂളുകളിലും പാചകക്കാരെ നിയോഗിക്കുക.

20 എല്ലാ പ്രൈമറി സ്കുളുകളിലും ഓരോ പ്യൂണിനേയും സ്പെഷ്യൽ ടീച്ചേഴ്സിനെയും നിയമിക്കുക.

21 സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് യൂണിഫോമും പാഠനോപകരണങ്ങളും നൽകുക.

22 നമ്മുടെ പഞ്ചായത്തിലെ ഏറ്റവും നല്ല അദ്ധ്യാപകന് പഞ്ചായത്ത് തലത്തിൽ അവാർഡ് നൽകുക. കൂടാതെ 1 മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ മിടുക്കരായ വിദ്യാർത്ഥികൾക്കും അവാർഡ് നൽകുക.

23 എല്ലാ സ്കൂളുകളിലും എൻ.സി.സി., സ്കൗട്ട് മുതലായവ നടപ്പിലാക്കുക

24 വിദ്യാഭ്യാസ നിലവാരം കുറഞ്ഞ കുട്ടികളെ കണ്ടെത്തി അഭ്യസ്ഥവിദ്യരായവരെക്കൊണ്ട് സൗജന്യ റ്റ്യൂഷൻ സമ്പ്രദായം ഏർപ്പെടുത്തുക.

വിദ്യാഭ്യാസരംഗം ചടുലമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജീവമായി കിടക്കുന്ന സ്കൂൾ കോംപ്ലക്സ് സജീവമാക്കുകയാണ്. വലിയ സാമ്പത്തിക ബാദ്ധ്യത ഇല്ലാതെ ബഹുജന പങ്കാളിത്തത്തോടെ അതിൻെറ ലക്ഷ്യങ്ങൾ കൈവരിക്കാൻ കഴിയും. അദ്ധ്യാപകർ അർപ്പണബോധത്തോടെ പ്രവർത്തിക്കുകയും രക്ഷിതാക്കൾ അവരുടെ കടമ നിർവ്വഹിക്കുകയും ചെയ്യേണ്ടതുണ്ട്. വിരസമായ വിദ്യാലയ അന്തരീക്ഷം ആകർഷകമാകത്തക്ക വിധം മോടിപിടിപ്പിക്കുകയും പൂന്തോട്ടം നിർമ്മിക്കുകയും ദൃശ്യശ്രാവ്യ ഉപകരണങ്ങൾ മിതമായ തോതിൽ ഉപയോഗിക്കുകയും ചെയ്യുന്നത് പ്രയോജനകരമായിരിക്കും. കൂടാതെ വിദ്യാർത്ഥികൾക്ക് പഠനോപകാരപ്രദമായ രാഷ്ട്രനേതാക്കന്മാരുടേയും ശാസ്ത്രജ്ഞന്മാരുടേയും ചരിത്രസത്യങ്ങളുടേയും ചിത്രങ്ങൾ പ്രദർശിപ്പിക്കുക.

മുഖ്യമായും വിദ്യാലയങ്ങളിലെ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊന്നി നിന്നുകൊണ്ട് വിദ്യാർത്ഥികളുടെ കർമ്മോത്സുകത ത്വരിതപ്പെടുത്തുകയും അതുവഴി പഠന പ്രവർത്തനങ്ങളിലേയ്ക്ക് അവരെ നയിക്കുകയും ആണ് വേണ്ടത്. സ്കൂൾ പാർലമെൻറുകൾ, സാഹിത്യ സമാജങ്ങൾ, ക്ലബ്ബുകൾ, കൈയ്യെഴുത്തു ചിത്രമാസികകൾ, പൂന്തോട്ട-പച്ചക്കറി തോട്ടങ്ങൾ, പഠന വിനോദയാത്രകൾ, പഠനോപകരണ നിർമ്മാണ പരിപാടികൾ തുടങ്ങിയ അനേക പരിപാടികൾ സ്കൂളുകളിൽ അനായാസം ഏറ്റെടുക്കാവുന്നതാണ്. പി.റ്റി.എ. കളും മാതൃസംഗമങ്ങളും മാസാന്തപരീക്ഷകളും നവീന ബോധന ക്രമങ്ങളും ഒത്ത് ചേർന്നാൽ വിദ്യാഭ്യാസമേഖലയിലെ ശോച്യാവസ്ഥ ഒരു പരിധിവരെ ഇല്ലായ്മ ചെയ്യുവാൻ നമുക്കു കഴിയും.





# പൊതുജനാരോഗ്യം കുടിവെള്ളം

ആരോഗ്യമുള്ള ജനത കർമ്മനിരതമായ ഒരു സമൂഹത്തെ സൃഷ്ടിക്കുന്നുവെന്ന ശാസ്ത്രീയസത്യത്തിന്റെ അടിസ്ഥാനത്തിൽ പരിഷ്കൃത സമൂഹം ആരോഗ്യത്തെ അമൂല്യമായ സമ്പത്തായിപരിഗണിക്കുന്നു. ആരോഗ്യരംഗത്ത് ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കുവാൻ കേരളത്തിന് കഴിഞ്ഞിട്ടുണ്ട്. ശിശുമരണകുറവ്, ആയുർദൈർഘ്യം, ആരോഗ്യസ്ഥിതി, ഉയർന്ന സാക്ഷരത, വിശിഷ്യ സ്ത്രീകളുടെ മെച്ചപ്പെട്ട സാക്ഷരത എന്നിവയുടെ അടിസ്ഥാനത്തിൽ കേരളം കൈവരിച്ച നേട്ടങ്ങൾ "കേരളാ മോഡൽ" എന്നപേരിൽ ലോകജനതയ്ക്ക് മുന്നിൽ ഉയർന്നു നിൽക്കുന്നു. സാമൂഹ്യസാമ്പത്തികരംഗത്ത് നിലനിന്നിരുന്ന അസമത്വങ്ങളെ ഇല്ലാതാക്കുന്നതിൽ നമ്മൾ കൈവരിച്ച നേട്ടങ്ങളും അതിന്റെ പ്രതിഫലനമെന്നോളം ആരോഗ്യരംഗത്ത് കൈവരിച്ച സാർവ്വത്രികതയും ഒക്കെ ഈ രംഗത്തെ പുരോഗതിയുടെ സൂചകങ്ങളായി നാം ഉയർത്തികാട്ടുമ്പോഴും ശക്തമായ ബോധവൽക്കരണത്തിലൂടെയും സംഘടിത പ്രവർത്തനത്തിലൂടെയും നിർമ്മാർജ്ജനം ചെയ്തുവെന്ന് നാം അവകാശപ്പെട്ട കോളറ, മലമ്പനി തുടങ്ങിയ രോഗങ്ങളും എണ്ണമറ്റ പുത്തൻ രോഗങ്ങളും കടന്നുവരുന്നുവെന്നതും, സാംസ്കാരികരംഗത്ത് മുന്നണിയിൽ നിൽക്കുന്ന നമ്മുടേതുപോലുള്ള സമൂഹത്തിൽ എയ്ഡ്സ്പോലുള്ള മാരകരോഗങ്ങൾ വ്യാപകമാകുന്നതും ഈ രംഗത്ത് നിതാന്തജാഗ്രത വേണമെന്നതിന് അടിവരയിടുന്നു.

ഗ്രാമങ്ങളുടെ ആരോഗ്യസംവിധാനങ്ങളെകുറിച്ചുള്ള പരിശോധന പ്രാചീനവും പരിഷ്കൃതവും അപരിഷ്കൃതവുമൊക്കെയായ ആദ്യനാളുകളിൽ നിന്നാണ് തുടങ്ങേണ്ടത്. ആതുര ചികിത്സാസമ്പ്രദായങ്ങൾ സാർവ്വത്രികമാകുന്നതിനെത്രയോ മുമ്പുതന്നെ നാടൻ ചികിത്സാരീതികളും നാടൻഭാഷയിൽ "കൈപുണ്യംനേടിയനാട്ടുവൈദ്യന്മാരും" ഈ രംഗത്ത് സജീവമായിരുന്നു. മനുഷ്യന് പരിസ്ഥിതിയുമായി ബന്ധിപ്പിക്കുന്നതിനും അതുവഴി പ്രകൃതിസ്നേഹം വളർത്തിയെടുക്കുന്നതിനും ഉതകുന്ന ഭാരതത്തിന്റെ തനതായ ചികിത്സാസമ്പ്രദായം "ആയുർവ്വേദം" ഇനിയും അനന്തമായ സാദ്ധ്യതകൾ ഉൾക്കൊള്ളുന്ന ഒരു മേഖലയാണ്. അലോപ്പൊതിയുടെ വ്യാപനത്തിന് മുമ്പ് വ്യാപകമായിരുന്ന ആയുർവ്വേദചികിത്സ, ഇന്ന് ആധുനിക മെഡിസിന് വഴിമാറുന്നുവോ എന്നു തോന്നിപ്പോകാറുണ്ട്. എന്നാൽ ഈ രംഗത്ത് കൂടുതൽ മുന്നേറ്റം നടത്തുവാൻ കഴിഞ്ഞതിന്റെ ഫലമായി ആയുർവ്വേദത്തിലേക്ക് കൂടുതൽ പേർ കടന്നുവരുന്നുവെന്നത് ആശ്വാസകരമാണ്.

ഇന്നത്തെ ആരോഗ്യസ്ഥിതി കൈവരിക്കുന്നതിൽ അലോപ്പൊതി നൽകിയ സംഭാവന അമൂല്യമാണ്. നാടിനെ നടുക്കി വലപ്പോഴും എത്താറുള്ള പകർച്ചവ്യാധികളെ നിയന്ത്രണവിധേയമാക്കുന്നതിൽ ഏറ്റവും കൂടുതൽ ആശ്രയിക്കുന്നത് അലോപ്പൊതിയെയാണ്. ജാപ്പനീസ് എൻസഫലൈറ്റിസ് തുടങ്ങിയ രോഗങ്ങൾ കടന്നുവന്നപ്പോൾ പ്രതിരോധസംവിധാനങ്ങൾ ചിട്ടപ്പെടുത്തുവാൻ മുഴുവൻ ചികിത്സാസമ്പ്രദായങ്ങളെയും ഫലപ്രദമായി വിനിയോഗിച്ചിട്ടുണ്ട്. ശാസ്ത്രസാങ്കേതിക രംഗങ്ങളിലൂടെ അതിദ്രുതം മുന്നേറുന്ന ഈ അവസരത്തിലും ഇന്നലെകളിലെ ആചാരാനുഷ്ഠാനങ്ങളുടെ പുഴുക്കുത്തുകളെന്നോണം ചില സമ്പ്രദായങ്ങൾ ചികിത്സാരംഗത്തും നിലനിൽക്കുന്നുണ്ട്.

തൃക്കുന്നപ്പുഴ, കുമാരപുരം, പള്ളിപ്പാട് എന്നീ പഞ്ചായത്തുകൾ ഉൾക്കൊള്ളുന്ന പ്രവർത്തന

മേഖലയിൽ 13 സബ്സെൻററുകളോടുകൂടിയ ഒരു പ്രാഥമികാരോഗ്യകേന്ദ്രമാണ് തൃക്കുന്നപ്പുഴ PH സെൻറർ. ഇത് കാർത്തികപള്ളി താലൂക്കിലെ ഈ രംഗത്തെ പ്രഥമസംരംഭമാണ്. ആദ്യനാളുകളിൽ മലയേറിയ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുമുള്ള ഏക ആശ്രയം എന്നതരത്തിൽ നമ്മുടെ PH സെൻററിന് ഒരു പ്രത്യേക പ്രാധാന്യം കൈവന്നിരുന്നു.

കയർതൊഴിലാളികളും, മത്സ്യതൊഴിലാളികളും തിങ്ങിപാർക്കുന്ന ഈ തീരദേശഗ്രാമത്തിലെ ജനങ്ങളുടെ ആരോഗ്യനിലവാരം വേണ്ടത്ര അളവിൽ മെച്ചപ്പെട്ടതാക്കുവാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. കേരളത്തിനാകെ തന്നെ മാതൃകാശുചിത്വ ഗ്രാമമായിമാറിയ തൃക്കുന്നപ്പുഴ പഞ്ചായത്ത് കൈവരിച്ച നേട്ടങ്ങൾ സ്ഥായിയായി നിലനിർത്തുന്നതിൽ എത്രമാത്രം വിജയിച്ചുട്ടുണ്ടെന്നത് പരിശോധനാ വിധേയമാക്കേണ്ടതാണ്. എങ്കിലും ഈ രംഗത്ത് SEU അടക്കമുള്ള ഏജൻസികൾ നടത്തിയ ബോധവൽക്കരണപരിപാടികളുടെയും സാനിട്ടേഷൻ പ്രോഗ്രാമുകളുടെയും ഫലമായി ആരോഗ്യരംഗത്ത് നമ്മുടെ ഗ്രാമം കൈവരിച്ചനേട്ടം എടുത്തുപറയത്തക്കതാണ്.

മുളന്നികുന്നതിൽ കറുത്തകുഞ്ഞുവൈദ്യർ, തെക്കേപറമ്പിൽ ഗോവിന്ദൻ വൈദ്യർ, കിടങ്ങിൽ പത്മനാഭൻ വൈദ്യർ, പോച്ചയിൽ കൊച്ചുഗോവിന്ദൻ വൈദ്യർ, കൈതക്കാട്ടിൽ താരാനാഥൻ വൈദ്യർ, കൊച്ചുപറമ്പിൽ രാഘവൻ വൈദ്യർ തുടങ്ങിയ പാരമ്പര്യആയുർവ്വേദ ചികിത്സാവിദ്ഗ്ദ്ധരുടെ സേവനം നമ്മുടെ ഗ്രാമത്തിന് ലഭ്യമായിരുന്നു. മറ്റുചികിത്സാസമ്പ്രദായങ്ങളിൽ നിന്നും വ്യത്യസ്തമായി ആയുർവ്വേദം രോഗിയെ ചികിത്സിക്കുകയും അലോപ്പൊതി രംഗത്തെ ചികിത്സിക്കുകയും ചെയ്യുന്നു. ഒട്ടനവധി ആമൂല്യഔഷധസസ്യങ്ങൾ നമുക്കുചുറ്റും സുലഭമായിരിക്കേ അവയെ അറിയുവാനും പരമാവധി പ്രയോജനപ്പെടുത്തി ആയുർവ്വേദത്തിലെ അനന്തസാദ്ധ്യതകളെ ചൂഷണം ചെയ്യുവാനും കഴിഞ്ഞട്ടില്ല.

ആയുർവ്വേദ ചികിത്സാരംഗത്തെ ഏക സംരംഭം ഈ പഞ്ചായത്തിൽ 10-ാം വാർഡിൽ സ്ഥിതി ചെയ്യുന്ന ആയുർവ്വേദ ആശുപത്രി മാത്രമാണ്. 1987-ൽ സ്ഥാപിതമായ ഈ ആതുരാലയത്തിന് ഒട്ടനവധി പരാധീനതകളും പരിമിതികളും ഉണ്ട്. സ്വന്തമായ കെട്ടിടമോ ആവശ്യത്തിന് ജീവനക്കാരോ ആവശ്യമായ സാമ്പത്തിക ലഭ്യതയോ ഇല്ലാതെയാണ് പ്രവർത്തിക്കുന്നത്. ഏകദേശം 90ൽ പരം രോഗികൾ വാതരോഗത്തിനും പകർച്ചവ്യാധികൾക്കും, മറ്റുരോഗചികിത്സയ്ക്കുമായി ഇവിടെ എത്തിച്ചേരുന്നു.

''സദൃശ്യം സദൃശ്യത്തെ സുഖപ്പെടുത്തുന്നു'' എന്ന അടിസ്ഥാനതത്വത്തിലൂന്നി പ്രവർത്തിക്കുന്ന ഹോമിയോ ചികിത്സാസംവിധാനത്തിന് നമ്മുടെ ഗ്രാമത്തിൽ ഒട്ടനവധി പ്രശ്നങ്ങൾ ഉണ്ട്. സംസ്ഥാന ഹോമിയോ ഡയറക്ടറും കോഴിക്കോട് ഹോമിയോ മെഡിക്കൽകോളേജ് പ്രിൻസിപ്പാളുമൊക്കെയായിരുന്നു യശഃശരീരനായ ഡോ. കെ. എസ്. പ്രകാശത്തിൻെറ ജന്മഗ്രാമത്തിലെ ഏക ഹോമിയോ ആശുപത്രിയുടെ പരാധീനത പരിഹരിക്കാൻ കഴിഞ്ഞട്ടില്ല എന്നത് ഈ രംഗത്തെ നമ്മുടെ അലംഭാവത്തിൻെറ മുഖമുദ്രയായി നിലനിൽക്കുന്നു. നിലവിലുള്ള പോരായ്മകൾ പരിഹരിച്ചുകൊണ്ട് പരമാവധി സേവനം ജനങ്ങൾക്ക് ലഭ്യമാക്കുന്നതിനും അതുവഴി ഹോമിയോപൊതിയിലുള്ള ജനങ്ങളുടെ വിശ്വാസ്യത വളർത്തിയെടുക്കുന്നതിനും കഴിയണം. തൃക്കുന്നപ്പുഴ പഞ്ചായത്തിലെ 8-ാം വാർഡിൽ എൻ. എസ്. എസ്. കരയോഗമന്ദിരത്തിൻെറ വാടകമുറിയിലാണ് ഹോമിയോ ആശുപത്രി പ്രവർത്തിക്കുന്നത്.

നമ്മുടെ പഞ്ചായത്തിൽ സർക്കാർ ഉടമസ്ഥതയിൽ ആകെകൂടി ഒരു പി. എച്ച്. സെൻറർ മാത്രമാണുള്ളത്. വേണ്ടത്ര ഡോക്ടർമാരും മറ്റു ജീവനക്കാരും ഇല്ലാത്തതും ആവശ്യമായത്ര മരുന്നുകൾ ലഭ്യമല്ലാത്തതും മറ്റ് പ്രാഥമികസൗകര്യങ്ങളുടെ അപര്യാപ്തതയും ഈ ആരോഗ്യകേന്ദ്രത്തിൻെറ പരാധീനതകളാണ്. ഗവമ്മെൻറ് മേഖലയിലെ ആശുപത്രികൾ കൂടാതെ സ്വകാര്യമേഖലയിൽ ധാരാളം സ്ഥാപനങ്ങൾ നിലവിലുണ്ട്. ലഭ്യമായ കണക്കുപ്രകാരം സ്വകാര്യമേഖലയിൽ ഒരു അലോപ്പൊതി ആശുപത്രിയും അഞ്ച് ആയുർവ്വേദ വൈദ്യശാലകളും നാല് ഹോമിയോഡിസ്പെൻസറികളും പഞ്ചായത്തിലുണ്ട്.

## ശുചിത്വം

ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ശുചിത്വമുള്ള വീടും പരിസരവും അത്യന്താപേക്ഷിതമാണ്. IDBP, SEU എന്നീ ഏജൻസികളുടെ പ്രവർത്തനങ്ങളുടെ ഫലമായി ഒരു പരിധിവരെയെങ്കിലും ശുചിത്വത്തിൽ മുന്നേറുവാൻ ഈ ഗ്രാമത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ മുഴുവൻ വീടുകൾക്കും കക്കൂസ് ഉണ്ടാവുക, എല്ലാവിധ മാലിന്യങ്ങളും ജനങ്ങൾക്ക് അസൗകര്യമാവാത്തവിധം സംസ്കരിക്കുന്നതിനുമുള്ള സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളിൽ പൂർണ്ണതയിൽ എത്തുവാൻ ഇനിയും ഒട്ടേറെ മുന്നോട്ടുപോകുവാനുണ്ട്. കാലാകാലങ്ങളിൽ ശുചീകരണപ്രവർത്തനങ്ങൾക്കുവേണ്ടി ബോധവൽക്കരണപരിപാടി ശരിയായ രീതിയിൽ നടത്തുവാൻ കഴിയാത്തതിന്റെ ഭാഗമായി പലപ്പോഴും കോളറപോലുള്ള രോഗങ്ങൾ പടർന്നുപിടിക്കാറുണ്ട്. പരിസരശുചീകരണം പാലിക്കാത്തതുമൂലം നമ്മുടെ പഞ്ചായത്തിൽ 93-96വരെയുള്ള കാലയളവിൽ ജലത്തിലൂടെയും വായുവിലൂടെയും പ്രാണികളിലൂടെയും ഒട്ടേറെ രോഗങ്ങൾ പടർന്നുപിടിച്ചിട്ടുണ്ട്.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണി ജന്യരോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 1993-93 | 549 | 1468 | 522 | 14120 |
| 1994-95 | 1768 | 1692 | 173 | 1443 |
| 1995-96 | 1415 | 2817 | 305 | 16120 |

1994-95 ജലവായു ജന്യരോഗങ്ങൾ വർദ്ധിക്കുകയും പ്രാണിജന്യരോഗങ്ങൾ കുറയുകയും ചെയ്തു. പഞ്ചായത്തിൽ മന്തുരോഗികളുടെ എണ്ണം നാൾക്കുനാൾ വർദ്ധിച്ചുവരുന്നുവെന്നത് ഗൗരവകരമായ ശ്രദ്ധ ആകർഷിക്കേണ്ടതാണ്.

## പഞ്ചായത്ത് ആരോഗ്യസ്ഥിതി വിവരം

| | | |
|---|---|---|
| ആകെ വീടുകൾ | - | 6168 |
| സെപ്റ്റിക് ടാങ്ക് | - | 2002 |
| ഇ. എസ്. പി. ടൈപ്പ് | - | 673 |
| തോട് കക്കൂസ് | - | 612 |
| വെളിപ്പറമ്പ് | - | 506 |

## പ്രായാടിസ്ഥാനത്തിൽ ദമ്പതിമാർ

| | |
|---|---|
| 15-19 | 57 പേർ |
| 20-24 | 200 |
| 25-29 | 46 |
| 30-34 | 95 |
| 35-39 | 110 |
| 40-44 | 170 |

## അമ്മമാരുടെ എണ്ണം

(കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

| | | |
|---|---|---|
| 1 കുട്ടി | - | 249 |
| 2 കുട്ടികൾ | - | 239 |
| 2ൽ കൂടുതൽ കുട്ടികൾ | - | 167 |

## കുടുംബാസൂത്രണമാർഗ്ഗം സ്വീകരിച്ച അമ്മമാർ

| | |
|---|---|
| 1 കുട്ടി | 89 |
| 2 കുട്ടി | 133 |
| 2ൽ കൂടുതൽ കുട്ടികൾ | 69 |

## അംഗവൈകല്യം

| | | |
|---|---|---|
| അന്ധർ | - | 12 പേർ |
| ബധിരർ | - | 8 |
| മൂകർ | - | 11 |
| ബധിരമൂകർ | - | 6 |

## മന്ദബുദ്ധികൾ പ്രായക്രമത്തിൽ

| | |
|---|---|
| 0-5 | ഇല്ല |
| 6-10 | 7 |
| 11-15 | 5 |
| 16 നുമേൽ | 20 |

## സ്ഥായിയായ രോഗബാധിതർ

| | |
|---|---|
| രക്തസമ്മർദ്ദമുള്ളവർ | 30 |
| ക്യാൻസറുള്ളവർ | 2 |
| പ്രമേഹം | 26 |
| കുഷ്ഠം | ഇല്ല |
| ക്ഷയം | 8 |
| ഹൃദ്രോഗം | 6 |

| | |
|---|---|
| ഒരു വയസിനുതാഴെ പ്രായമുള്ള കുട്ടികൾ | 309 |
| പ്രതിരോധകുത്തിവെയ്പ് നടത്തിയവർ | 365 |
| ആകെ ഗർഭിണികൾ | 143 |

## ജനനമരണ വിവരങ്ങൾ

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 93-94 | 65 | 97 | കണക്ക് ലഭ്യമല്ല |
| 94-95 | 44 | 115 | |
| 95-96 | 12 | 90 | |

## കക്കൂസ്

പരിസരശുചിത്വം പാലിക്കുവാൻ പരമപ്രധാനമായി വേണ്ട ഒന്നാണ് കക്കൂസ്. നേരത്തെ സൂചിപ്പിച്ചതുപോലെ SEU, IDPB തുടങ്ങിയ ഏജൻസികൾ മുഖേന നമ്മുടെ പഞ്ചായത്തിൽ 2002 കക്കൂസുകൾ നിർമ്മിക്കുകയുണ്ടായി. കൂടാതെ സ്വന്തം ചെലവിൽ വ്യക്തികൾ 673 കക്കൂസുകൾ നിർമ്മിച്ചു. 6182 വീടുകളുള്ള ഈ പഞ്ചായത്തിൽ ഇനിയും 4507 കുടുംബങ്ങൾക്ക് കക്കൂസ് ലഭിക്കേണ്ടിയിരിക്കുന്നു. കക്കൂസില്ലാത്ത വീടുകളിൽ ഭൂരിഭാഗവും തോടുകളിലേക്കും കായലുകളിലേക്കുമാണ് കക്കൂസുകൾ സ്ഥാപിച്ചിരിക്കുന്നത്. ഇതുമൂലം പരിസരമലിനീകരണം ഉണ്ടാകുന്നു. തീരപ്രദേശത്ത് താമസിക്കുന്ന കക്കൂസില്ലാത്ത ഭൂരിഭാഗവും മലമൂത്രവിസർജ്ജനത്തിനായി കടൽത്തീരമാണ് ഉപയോഗിക്കുന്നത്. തന്മൂലം തീരദേശം വൃത്തിഹീനമാവുകയും പലതരത്തിലുള്ള ആരോഗ്യപ്രശ്നങ്ങൾ ഉടലെടുക്കുകയും ചെയ്യുന്നു. തീരദേശങ്ങളിൽ കക്കൂസുള്ളവരിൽ തന്നെ ഒരു ചെറിയശതമാനം ഇന്നും കടൽത്തീരത്തെതന്നെ ആശ്രയിക്കുന്നുണ്ട്.

അശാസ്ത്രീയമായ തൊണ്ടഴുക്കൽ മൂലവും, തൊണ്ടുതല്ലു മില്ലുകളിലെ ചകിരിച്ചോർ തോടുകളിലേക്ക് നിക്ഷേപിക്കുന്നത് ജലമലിനീകരണത്തിനും അതുവഴി മത്സ്യസമ്പത്ത് നശിക്കുന്നതിനും പലതരം സാംക്രമിക രോഗങ്ങൾക്കും കാരണമായിത്തീരുന്നു. ഹോട്ടലുകൾ, പച്ചക്കറിവ്യാപാരസ്ഥാപനങ്ങൾ, അറവുശാലകൾ, പീലിങ്ങ് ഷെഡുകൾ എന്നിവയിൽ നിന്നുണ്ടാകുന്ന മാലിന്യങ്ങളും പരിസരമലിനീകരണത്തിന് കാരണമാകുന്നു. തൃക്കുന്നപ്പുഴ 3-ാം വാർഡിലുള്ള പന്നിവളർത്തൽ കേന്ദ്രത്തിൽ നിന്നും മാലിന്യങ്ങൾ കായലിലേയ്ക്ക് ഒഴുക്കിവിടുന്നത് ആ പ്രദേശത്ത് മലിനീകരണപ്രശ്നങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്.

## ശുദ്ധജല ലഭ്യത

25849 പേർ അധിവസിക്കുന്ന ഈ ഗ്രാമത്തിൽ 6182 വീടുകളും അവർക്കായി 341 പൊതുടാപ്പുകളും 13 കുഴൽക്കിണറുകളും 8 പൊതുകിണറുകളും 60 കുളങ്ങളും നിലവിലുണ്ട്. കൂടാതെ പഞ്ചായത്ത് അതിർത്തിയിൽ സ്വന്തമായി പൈപ്പുലൈൻ എടുത്ത 900 വീടുകളും ഉണ്ട്. ഇത്രയും ശുദ്ധജലസംവിധാനങ്ങൾ നിലവിൽ ഉണ്ടെങ്കിലും പഞ്ചായത്തിന്റെ വിവിധപ്രദേശങ്ങളിൽ ശുദ്ധജലദൗർലഭ്യം അനുഭവപ്പെടുന്നുണ്ട്. തൃക്കുന്നപ്പുഴ പഞ്ചിശാലിൽ, പതിയാങ്കര, പാനൂർ, തൃക്കുന്നപ്പുഴ കിഴക്കേകരഭാഗങ്ങൾ എന്നിവിടങ്ങളിൽ സ്ഥിരമായി ശുദ്ധജലം ലഭിക്കാത്ത അവസ്ഥ നിലവിലുണ്ട്. വളരെ വിസ്തൃതമായ ഈ പഞ്ചായത്തിന്റെ ശുദ്ധജലആവശ്യം നിറവേറ്റുന്നതിന് തൃക്കുന്നപ്പുഴ ജംഗ്ഷനിൽ

പ്രവർത്തിക്കുന്ന നെതർലണ്ട് ഗവണ്മെൻറിൻെറ സഹായത്തോടെ IDBP പദ്ധതിപ്രകാരം നിർമ്മിച്ച വാട്ടർടാങ്കും പലനയിലെ ട്യൂബ്വെല്ലും മാത്രമാണു ള്ളത്. പാനൂരിൽ മുമ്പുപ്രവർത്തിച്ചിരുന്ന വാട്ടർടാ ങ്ക് പുനഃസ്ഥാപിക്കുകയും പതിയാങ്കരയിലെ വാട്ടർ ടാങ്കിൻെറ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുകയും ചെയ്താൽ ഈ രംഗത്തെ ഇന്നുള്ള പ്രതിസന്ധിക്ക് പരിഹാരം കാണാവുന്നതാണ്.

ശുദ്ധജലലഭ്യത താരതമ്യേന ഫലപ്രദമെങ്കിലും വിതരണസംവിധാനത്തിലെ തകരാറുകൾ ജലമലിനീകരണത്തിന് കാരണമാകുന്നു. വർഷങ്ങളോളം പഴക്കമുള്ള മെയിൻ ലൈനുകൾ പലയിടങ്ങളിലും പൊട്ടികിടക്കുന്നതും ടാപ്പുകളും പരിസരവും വൃത്തിഹീനമായി കിടക്കുന്നതും ശുദ്ധജലം വൃത്തിയായിസൂക്ഷിക്കുന്നതിനും കൈകാര്യംചെയ്യുന്നതിലും ശ്രദ്ധയില്ലായ്മയും മലിനീകരണത്തിനും അതുവഴി ജലജന്യരോഗങ്ങൾക്കും കാരണമായിത്തീരുന്നു.

## ജലവിതരണപദ്ധതികൾ

| പദ്ധതികൾ | വാർഡുകൾ | നീളം | കവറേജ് | ടാപ്പുകൾ | ടാപ്പുപരിപാലകന്മാർ | പ്രൈവറ്റ കണക്ഷൻ |
|---|---|---|---|---|---|---|
| IDBP കമ്മീഷനിങ്ങ് 1988 | 5,6,8,9,10 | 30 KM | 95% | 158 | 158 | 900 |
| മറ്റ് പദ്ധതികൾ | 1,2,3,4,7 | 20 KM | 85% | 244 | 240 | |

## കുളങ്ങൾ കിണറുകൾ

നിലവിലുള്ള കുളങ്ങളും കിണറുകളും വൃത്തിയാക്കുന്നതിനുള്ള സ്ഥിരം സംവിധാനം പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കണം. ശുദ്ധജലസോത്രസ്സുകൾ സംരക്ഷിക്കുന്നതിനും മലിനജലം നിർമ്മാർജ്ജനം ചെയ്യുന്നതിനുമായി ഒരു സന്നദ്ധഗ്രൂപ്പിലെ പഞ്ചായത്തുതലത്തിൽ രജിസ്റ്റർ ചെയ്യണം. പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിൽ നിന്നും ഇത്തരത്തിൽ റിപ്പോർട്ടുചെയ്യുന്ന പ്രശ്നങ്ങൾ താമസംവിനാ പരിഹരിക്കുവാൻ ഈ സേനയ്ക്ക് കഴിയണം. പൊതുടാപ്പുകളുടെ പരിസരം, ആശുപത്രി കോമ്പൗണ്ട്, തുടങ്ങിയവയുടെ സംരക്ഷണവും പകർച്ചവ്യാധികൾ, പ്രകൃതിക്ഷോഭങ്ങൾ എന്നിവ പൊട്ടിപുറപ്പെടുമ്പോൾ ആവശ്യമായ പ്രതിരോധനടപടികൾ ബന്ധപ്പെട്ട വകുപ്പുകളുടെ സഹായത്താൽ ചെയ്യാൻ കഴിയും.

## പബ്ലിക്ക് ടാപ്പുകളുടെ പൊതുസ്ഥിതി

ജനങ്ങളുടെ ശുദ്ധജല ആവശ്യത്തെ പൂർണ്ണമായും നിറവേറ്റുന്നില്ലായെങ്കിലും ഒരുപരിധിവരെയുള്ള ശുദ്ധജലലഭ്യത സാദ്ധ്യമാക്കുന്ന പബ്ലിക്ക്ടാപ്പുകളുടെ സ്ഥിതി പലയിടങ്ങളിലും ശോചനീയമാണ്. പഴകിദ്രവിച്ച പൈപ്പുലൈനുകളിലൂടെ ഒഴുകി നഷ്ടപ്പെടുന്ന ശുദ്ധജലത്തിന് കണക്കില്ല. ഇത്തരത്തിൽ പൊട്ടിയൊഴുകുന്ന ജലം നടവഴികളെയും പൊതുവഴികളെപ്പോലും പുഴകൾക്ക് സമാനമാക്കാറുണ്ട്. എന്നാൽ അറ്റകുറ്റപണി നടത്തേണ്ട കെ. ഡബ്ളിയു. എ. യുടെ സമീപനം പലപ്പോഴും ആശ്വാസകരമല്ല. ഈ സ്ഥിതിമാറ്റിയെടുക്കുന്നതിനുള്ള ശക്തമായ ബഹുജനഇടപെടൽ അത്യന്താപേക്ഷിതമാണ്. ചെറിയഅറ്റകുറ്റപണികൾ പരിഹരിക്കുന്നതിന് പ്രാദേശികതലത്തിൽ വൈദഗ്ദ്ധ്യം നേടിയ പൊതുജനങ്ങളുടെ സേവനം പ്രയോജനപ്പെടുത്തേണ്ടതാണ്.

# പുതുതായി സ്ഥാപിക്കേണ്ട ടാപ്പുകൾ

| വാർഡുകൾ | ടാപ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 1 | 1 ഓടമ്പള്ളിൽ തെക്കേപുരയിടത്തിൽ<br>2 ആശാരുകാട്<br>3 കണ്ടംകേരിൽ പുരയിടത്തിൽ<br>4 കടവിൽ പുരയിടത്തിൽ<br>5 ഇടയാടിയിൽ<br>6 നെടിയപറമ്പ്<br>7 പുത്തൻപറമ്പിൽ<br>8 പടന്നകടവ്തെക്കുഭാഗത്ത് കൃഷ്ണവിലാസം കിഴക്കുവശം |
| 2 | 1 പട്ടന്റെ തറയിൽ<br>2 ചാപ്രായിൽ<br>3 ചിറയിൽ പുരയിടത്തിൽ<br>4 രാമച്ചം പറമ്പിൽ<br>5 തറയിൽ പുരയിടത്തിൽ<br>6 കരിമ്പിൽ പുരയിടത്തിൽ<br>7 ചൈതന്യകരയോഗത്തിന് സമീപം<br>8 അമ്പലത്തിങ്കൽ |
| 3 | 1 തെക്കേത്തറഭാഗത്ത് 6 പറമ്പിൽ ഭാഗം<br>2 മുട്ടത്തുപറമ്പിൽ പുരയിടത്തിൽ<br>3 കാട്ടാമഠത്തിൽ പുരയിടത്തിൽ<br>4 തെക്കടത്ത് ഭാഗം<br>5 പടീശ്ശേരിൽ ഭാഗം<br>**മാറ്റിസ്ഥാപിക്കേണ്ട ടാപ്പുകൾ**<br>1 നല്ല മഠത്തിൽ ഭാഗത്തുനിന്നും സ്രാമ്പിക്കൽ വടക്കുഭാഗത്തേക്ക്<br>2 വാഴവേലിൽ നിന്നും പുത്തൻവീട്ടിൽ പടിഞ്ഞാറുവശത്ത് |
| 4 | 1 ചെറിയാശേരിൽ<br>2 മുഞ്ചത്തറഭാഗത്ത്<br>3 കരിത്തറക്കാട്ടിൽ<br>4 വടക്കൻറങ്ങ്<br>5 തൈച്ചിറപറമ്പ്<br>6 കൂടത്തുങ്കൽ പടിഞ്ഞാറുവശം<br>7 വേണാട്ടുപുരയിടത്തിന് കിഴക്കുവശം<br>8 അഞ്ചുതെങ്ങുപാലം മുതൽ കാട്ടാശ്ശേരിൽ ജംഗ്ഷൻ വരെയുള്ള ലൈൻ വലിച്ച് ടാപ്പ് സ്ഥാപിക്കുക |

| വാർഡുകൾ | ടാപ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 5 | 1 കൊല്ലന്റേഴത്ത് പുരയിടത്തിൽ<br>2 കരിനാട് പുരയിടത്തിൽ<br>3 പുത്തേത്ത് പുരയിടത്തിൽ<br>4 മൂത്താൻ പറമ്പ് പുരയിടത്തിൽ<br>5 വളവിൽ പുരയിടത്തിൽ<br>6 നന്ദുകാട് പുരയിടത്തിൽ<br>7 വേലുത്തറകിഴക്ക്<br>8 കടമ്പോലി പുരയിടത്തിൽ<br>9 വാടച്ചിറ പുരയിടത്തിൽ<br>10 പുഞ്ചോളികിഴക്ക് |
| 6 | 1 ആറാംവാർഡിന്റെ വടക്കേയറ്റം മെയിൻ റോഡിൽ നിന്നും 1 1/2 കി. മീ. കിഴക്കുവശം ടാപ്പ്<br>2 പൗനൂർ വടക്കേപള്ളിയുടെ കിഴക്കുഭാഗത്ത്<br>3 കുന്നുതറചിറയിൽ |
| 7 | 1 വാടച്ചിറയിൽ<br>2 ഇല്ലത്തു പടിഞ്ഞാറുവശം<br>3 പാണ്ടിപ്പറമ്പിൽ<br>5 H. S. നു പടിഞ്ഞാറുവശം |
| 8 | വിവിധ പ്രദേശങ്ങളിലായി 40 ടാപ്പ് സ്ഥാപിക്കുന്നതിനായി 3500 m പൈപ്പ് ലൈൻ |
| 9 | 1 ലക്ഷ്മിതോപ്പിൽ ശ്രീവിലാസം വീട്ടിൽ രാജന്റെ വീടിന് തെക്കുവശം ടാപ്പ്<br>2 ലക്ഷ്മിതോപ്പിൽ പുതുവൽകരയിൽ സരോജിനിയുടെ വീടിന് കിഴക്കുവശം ടാപ്പ്<br>3 ബംഗ്ലാവിൽ (തൈച്ചിറയിൽ) പൊന്നപ്പന്റെ വീടിന് പടിഞ്ഞാറ് ദിലീപിന്റെ വീടിന് കിഴക്കുവശംവരെ 400 m ദൂരെ പൈപ്പ്ലൈൻ<br>4 ഉല്ലാസ്ഭവനം രാഘവന്റെ വീടിന് തെക്കുവശം<br>5 വന്തോട്ടിൽ പരമന്റെ വീടിന് വടക്കുവശം<br>6 ഈശ്വരൻപറമ്പിൽ വീടിന് കിഴക്കുവശത്ത്<br>7 തോപ്പിൽ രാഘവന്റെ വീട്ടിൽ നിന്നും വടക്കോട്ട്<br>8 പൊട്ടന്റെ തറപ്പാട് വടക്കുവശം<br>9 രാജന്റെ വീടിന് വടക്കുവശം<br>10 കിഴക്കേമീനത്തിൽ വടക്കുവശത്തുനിന്നും പടിഞ്ഞാറോട്ട് ഒരു ടാപ്പ്<br>11 തൈയ്യിൽ പറമ്പിൽ<br>12 കിഴക്കേറ്റത്ത് പറമ്പിൽ<br>13 ആത്മവിദ്യാസംഘം L.P.S. ൽ ഒരു ടാപ്പ്<br>14 പുത്തൻപറമ്പിൽ ഒരു ടാപ്പ് |

| വാർഡുകൾ | ടാപ്പുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ |
|---|---|
| 10 | 1 കക്കാമായ്ക്കൽ 2477-ാം നമ്പർ SNDP ശാഖയുടെ സമീപത്തുനിന്നും പടിഞ്ഞാറോട്ട് 3 ടാപ്പ് (ജനപങ്കാളിത്തം)<br>2 ശാസ്താപറമ്പ് പുരയിടത്തിൽ<br>3 ചാപ്രായിൽ (സുരേന്ദ്രൻെറ വീടിന് സമീപം) പുരയിടത്തിൽ<br>4 കക്കാമായ്ക്കൽ (കേശവൻെറ വീടിന് സമീപം)<br>5 200 m -ൽ അധികരിക്കാത്ത പ്രദേശങ്ങളിൽ ടാപ്പ്<br>6 M. P. സദനത്തിനടുത്ത്<br>7 ഇടയിലപറമ്പ് പുരയിടത്തിൽ (തങ്കപ്പൻെറ വീടിന് സമീപം)<br>8 മീനത്തുമൂലയിൽ വടക്കുവശം<br>9 പാട്ടത്തിൽ വീടിന് തെക്കുവശം<br>10 പുത്തൻപറമ്പ് വീടിന് പടിഞ്ഞാറ്<br>11 1570-ാം നമ്പർ S.N.D.P. ശാഖയ്ക്ക് വടക്ക്പടിഞ്ഞാറ്<br>12 പുത്തൻചിറ പടിഞ്ഞാറുവശം<br>13 ഉതുമ്പറമ്പിൽ കിഴക്കുവശം<br>14 ചെറുപാറയിൽ കിഴക്കുവശം<br>15 പുന്നച്ചിറ തെക്കുവശം<br>16 2477-ാം നമ്പർ ശാഖയുടെ കിഴക്കേകര<br>17 മുണ്ടുചിറ തോപ്പിൽ പൊടിയൻെറ വീടിനുസമീപം<br>18 കൊച്ചുപറമ്പിൽ പുരയിടത്തിൽ നിന്നും തെക്കോട്ട് മോഹനൻെറ വീടിന് വടക്കുവശം<br>19 ഇടയിലതോപ്പ് പുരയിടത്തിൽ<br>20 പാണ്ഡ്യാലയിൽ വടക്കുവശം (സോമൻെറ വീടിന് തെക്കുവശം)<br>21 കോവട്ടത്ത് ദാമോദരൻെറ വീടിന് തെക്കുവശം<br>22 വാലയിൽ കടയിൽ നിന്നും കിഴക്കോട്ട് കൊച്ചുതറയിൽക്കാട് പുരയിടത്തിലേയ്ക്ക്<br>23 പുത്തൻപറമ്പിൽ നിന്നും കാർത്തികേയൻെറ വസതിക്ക് കിഴക്കുവശം<br>24 ബീനാസദനത്തിൽ അരവിന്ദൻെറ വസതിക്ക് പടിഞ്ഞാറുവശം<br>25 തോപ്പിൽ കുട്ടപ്പൻെറ വസതിക്ക് തെക്കുവശം |
| 11 | 1 കിഴക്കേകര വടക്ക് ഉതുന്തറഭാഗത്ത്<br>2 പുത്തൻപുരയക്കൽ കിഴക്കേച്ചിറയിൽ<br>3 കിഴക്കേകര തെക്ക് കാഞ്ഞിരക്കരപുരയിടത്തിൽ<br>4 അംഗൻവാടിയിൽ<br>5 വിദ്യാനന്ദൻെറ വസതിയ്ക്ക് പടിഞ്ഞാറുവശം<br>നീട്ടേണ്ട സ്ഥലം<br>1 ഉതുന്തറ വീടിന് പടിഞ്ഞാറോട്ട് 150 m ലൈൻ വലിച്ച് ടാപ്പ്<br>2. കല്ലിക്കാട്ടുചിറ മുട്ടിന് വടക്കോട്ട് പുലയൻ തൈയ്യിൽ ദാമോദരൻെറ വീടിന് സമീപം 100 m ലൈൻ വലിച്ച് പൈപ്പ്<br>3. പുളിമൂട്ടിൽ ചിറയിൽ നിന്നും തെക്കോട്ട് അംഗൻവാടിക്ക് സമീപം |

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

1 തൃക്കുന്നപ്പുഴ പഞ്ചായത്തിലെ 1-ഉം 2-ഉം വാർഡുകൾ പൊതുമേഖലയിലോ സ്വകാര്യമേഖലയിലോ ചികിത്സാസംവിധാനം ഇല്ലാത്ത വാർഡുകളാണ്.

2. തോടുകളിലും, കുളങ്ങളിലും മലിനജലം കെട്ടികിടക്കുന്നത് ഒഴിവാക്കുന്നത് ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3. P. H. സെൻറർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. തൃക്കുന്നപ്പുഴ P. H. സെൻറർ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുക

5 2-ാം വാർഡിൽ ഒരു ആയുർവേദ ആശുപത്രിയും 1-ാം വാർഡിൽ ഒരു ഹോമിയോ ആശുപത്രിയും സ്ഥാപിക്കുക.

6 8-ാം വാർഡിൽ നിലവിലുള്ള P. H. C. സബ്സെൻററിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

7 കക്കൂസില്ലാത്ത മുഴുവൻ വീടുകളിലും കക്കൂസ് നിർമ്മിക്കുന്നത് ആവശ്യമായ നടപടി സ്വീകരിക്കുക.

8. 8-ാം വാർഡിൽ പ്രവർത്തിക്കുന്ന ഗവൺമെൻറ് ഹോമിയോ ആശുപത്രിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുക. ഇതിനായി കരീക്കടവിൽ റോഡിന് സമീപമുള്ള സർക്കാർ വക പുറംപോക്ക് ഭൂമി ഉപയോഗിക്കുക.

9. പൊതുടാപ്പുകളുടെ പരിസരം സംരക്ഷിക്കുക.

10. ആരോഗ്യബോധവൽക്കരണത്തിന് സ്ഥിരം സംവിധാനങ്ങൾ ഏർപ്പെടുത്തുക.

11. ഓടകളും കലുങ്കുകകളും കെട്ടിമലിനജലം ഒഴുക്കികളയുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

# ആരോഗ്യരംഗം സ്ഥാപനവിവരങ്ങൾ

| ചികിത്സാവിഭാഗം | വർഷം | IP | OP | ത്വക്ക് രോഗം | വാതരോഗം | പകർച്ച വ്യാധികൾ | മറ്റ് രോഗങ്ങൾ | കെട്ടിടം | | ഉദ്യോഗസ്ഥരുടെ എണ്ണം | സ്ഥാപിത വർഷം |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | സ്വന്തം | വാടക | | |
| അലോപ്പതി P.H.C തൃക്കുന്നപ്പുഴ | 1992 to 1993 | 955 | 27,785 | 659 | 5443 | 3464 | 18,22 | √ | | 40 | |
| | 93-94 | 963 | 21,280 | 964 | 3657 | 2539 | 14,120 | | | | |
| | 94-95 | 698 | 23,274 | 884 | 4318 | 3643 | 14,431 | | | | |
| | 95-96 | 1065 | 165522 | 736 | 5119 | 4537 | 16120 | | | | |
| ആയുർവേദം | 92-93 | - | 32400 | 9720 | 16200 | 1620 | 4860 | | √ | 4 | 1987 |
| | 93-94 | - | 36000 | 10800 | 18000 | 1800 | 5400 | | | | |
| | 94-95 | - | 39600 | 11880 | 19800 | 1980 | 5940 | | | | |
| | 95-96 | - | 54000 | 16200 | 27000 | 2700 | 8100 | | | | |
| ഹോമിയോ | 95-96 | - | 36680 | | | | | | √ | 3 | 1988 |



# ഗതാഗതവും ഊർജ്ജവും



ഏതൊരു ഗ്രാമത്തിന്റെയും വളർച്ചയിൽ ഗതാഗതസംവിധാനങ്ങൾ ചെലുത്തുന്ന സ്വാധീനം വളരെ വലുതാണ്. ഭൂവിസ്തൃതിയുടെ കൂടുതൽ ഭാഗവും അറബിക്കടലാലും കായലാലും തോടുകളുമായും ചുറ്റപ്പെട്ട പഞ്ചായത്തിന്റെ ആദ്യകാലങ്ങളിൽ ഗതാഗത സൗകര്യം വളരെ പരിമിതമായിരുന്നു. പഞ്ചായത്തിന്റെ നാമമാത്രമായ പ്രദേശത്തെ മാത്രം സ്പർശിച്ചിരുന്ന ഒരു റോഡാണ് ഈ രംഗത്തെ ഒരു പുതിയ യുഗത്തിന് ആരംഭം കുറിച്ചുകൊണ്ട് കടന്നുവന്നത്. 1950ന് ശേഷം റ്റി.എസ്. കനാലിന്റെ കിഴക്കു ഭാഗത്തു വരെ എത്തിയ റോഡിലൂടെ വന്നെത്തിയ വാഹനങ്ങൾ പഞ്ചായത്തിലെ റോഡ് ഗതാഗത ചരിത്രത്തിന് ആമുഖമായി. ഇപ്പോഴത്തെ ജംഗ്ഷന് കിഴക്കുഭാഗം മുസ്ലിം പള്ളിക്കു വടക്കു ഭാഗത്തു നിന്നും ഉണ്ടായിരുന്ന കടത്ത് കടന്നാണ് റോഡിലെത്തിയിരുന്നത്. ഈ ദുസ്ഥിതിയ്ക്കു പരിഹാരം തേടിയുള്ള ശ്രമങ്ങളുടെ ഭാഗമായി 1958 മുതൽ തൃക്കുന്നപ്പുഴ പാലത്തിന്റെ പണി ആരംഭിച്ചു. 1972ൽ ശ്രീ. ടി.കെ. ദിവാകരൻ പൊതുമരാമത്തു മന്ത്രിയും ശ്രീ. അമ്മാടിശം പറമ്പിൽ സുകുമാരപ്പണിക്കർ പ്രസിഡൻറുമായിരുന്ന കാലത്ത് പാലം പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു. ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാൽ ഒറ്റപ്പെട്ടു കിടന്നിരുന്ന നമ്മുടെ പഞ്ചായത്തിൽ ഇത് വിപ്ലവകരമായ മാറ്റത്തിന് നാന്ദികുറിച്ചു. 1957 കാലയളവിൽ തൃക്കുന്നപ്പുഴ തോട്ടപ്പള്ളി റോഡ് യാഥാർത്ഥ്യമായതോടെ ഗതാഗത രംഗത്ത് ഒരു വമ്പിച്ച മുന്നേറ്റം നടത്തുവാൻ കഴിഞ്ഞു.

റോഡു ഗതാഗതത്തിൽ പിന്നോക്കം നിന്ന അവസരത്തിൽ പോലും ജലഗതാഗത സംവിധാനം നിലവിലുണ്ടായിരുന്നു.കൊല്ലം - ആലപ്പുഴ റൂട്ടിൽ ബോട്ട് സർവ്വീസ് നടത്തിയിരുന്നു. കൂടാതെ കൊടുങ്ങല്ലൂർ, മണ്ടയ്ക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് തീർത്ഥാടകസംഘങ്ങൾ വള്ളങ്ങളിൽ സഞ്ചരിച്ചിരുന്നു. 1923 (1099 മകരം 3)ന് കേരളത്തിന്റെ നവോത്ഥാനത്തിനായി തൂലിക ചലിപ്പിച്ച മലയാളത്തിന്റെ അനശ്വര കാവ്യപ്രതിഭയെ കവർന്നെടുത്ത പല്ലന ''റെഡിമർ'' ബോട്ടപകടം പഞ്ചായത്തിന്റെ ജലഗതാഗത ചരിത്രത്തിൽ ഇന്നും ദുഃഖസ്മൃതികളുയർത്തി അവശേഷിക്കുകയാണ്.

## പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി. റോഡുകൾ

| നമ്പർ | റോഡ് | ഉടമസ്ഥത | ദൂരം (കി.മി.) | വീതി | ബസ്യാത്രാ സൗകര്യം |
|---|---|---|---|---|---|
| 1 | തൃക്കുന്നപ്പുഴ-തട്ടാരമ്പലം | P. W. D. | 1.90കി.മി. | 8മി. | ബസ് യാത്രാ സൗകര്യം ഉണ്ട്. |
| 2 | തോട്ടപ്പള്ളി-തൃക്കുന്നപ്പുഴ | P. W. D. | 6.600 ക.മീ. | 6മി. | " |
| 3 | പല്ലന - കുമാരകോടി | P. W. D. | 0.750 കി.മീ. | 6മീ. | ബസ്ഗതാഗതം ഇല്ല. |

# പഞ്ചായത്ത് ഉടമസ്ഥതയിൽ നിലവിലുള്ള റോഡുകൾ

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി | മെറ്റൽ | ഗ്രാവൽ | മണൽ |
|---|---|---|---|---|---|---|---|
| 1 | | പള്ളിമുക്ക് ആറ്റുകടവ് റോഡ് | 450 മീ. | 3 മീ. | | √ | |
| | | വാട്ടർ ടാങ്ക് തൈപ്പിൽ കടവ് | 250 മീ. | 1.5മീ. | | | √ |
| | | കായിപ്പുറം പാലം-ചിറയിൽ പാലം | 1000മീ. | 1.5 മീ. | | | √ |
| | | മുറിയാലിൽ-പടന്ന കടവ്മുട്ട്റോഡ് | 500 മീ. | 1.5 മീ. | | | √ |
| | | മുരിയ്ക്കുംമൂട് കോളനി-ബീച്ച്റോഡ് | 200 മീ. | 1.5മീ. | | | √ |
| | | ചിറയിൽ പാലം - കടപ്പുറം റോഡ് | 200 മീ. | 1.5 മീ. | | | √ |
| | | ചിറയിൽ പാലം - പൊട്ടന്റെ തറ | 1000മീ. | 1.5മീ. | | | √ |
| 2 | | എ.കെ.ഡി.എസ്. 70 മുതൽ വാടച്ചിറ വരെ | 600മീ. | 3.മീ. | | √ | |
| | | കുറവൻ പുരയ്ക്കൽ എസ്.എൻ.ഡി.പി. | 300മീ. | 3 മീ. | | √ | |
| | | എം.റ്റി.യു.പി.എസ്. ഉണ്ണീട പറമ്പ് | 225മീ. | 2.5മീ. | | √ | |
| | | മുത്തേരിജംഷൻ - വാടച്ചിറ | 400മീ. | 2മീ. | | | √ |
| | | കുറവൻ പുരയ്ക്കൽ - വാലുചിറ | 200മീ. | 1.5മീ. | | | √ |
| | | കരിത്തറ - കടപ്പുറം | 400മീ. | 1.5മീ. | | | √ |
| | | എസ്.എൻ.ഡി.പി. - കരിത്തറ | 100മീ. | 1.5 മീ. | | | √ |
| 3 | | പി.എച്ച്.സി. പനയ്ക്കൽ പാലം | 200മീ. | 2.5 മീ. | | √ | |
| | | പട്ടരുമഠം - പടിഞ്ഞാറുവശം | 150മീ. | 2.മീ | | √ | |
| | | നല്ലമഠം - വാഴവേലിൽ | 250മീ. | 3മീ. | | √ | |
| | | ഗുരുമന്ദിരം - പനയ്ക്കൽറോഡ് | 200മീ. | 3മീ. | | √ | |
| | | പട്ടരുമഠം - പടിഞ്ഞാറേ മഠം | 150മീ. | 3മീ. | | √ | |
| | | തോപ്പിൽ മുക്ക് - ചെങ്കിലിപാലം | 300മീ. | 3മീ. | | √ | |
| | | ഉസ്മാൻ മുക്ക് - മണ്ണേൽ ലക്ഷംവീട് | 200മീ. | 2മീ. | | √ | |
| | | വടക്കേ മഠത്തിൽ - എം.എൻ. മുക്ക് റോഡ് | 100മീ. | 2മീ. | | √ | |
| | | പപ്പൻ മുക്ക് - പടീക്കടവ് | 600മീ. | 2.5മീ. | | √ | |
| | | പപ്പൻ മുക്ക് - കിഴക്കോട്ടുള്ള റോഡ് | 100മീ. | 2മീ. | | √ | |
| | | ബീച്ച് റോഡ്, എൻ.എസ്.എസ്. റോഡ് | 100മീ. | 2മീ. | | √ | |
| | | കാണിക്കമണ്ഡപം- വാലുചിറ | 500മീ. | 2.5മീ. | | √ | |
| | | പോറ്റി മഠം - പടിഞ്ഞാറേ മഠം | 300മീ. | 3മീ. | | | √ |
| | | പള്ളിപ്പാലം - എം.റ്റി.യു.പി.എസ്. റോഡ് | 200മീ. | 3മീ. | | | √ |
| | | പനയ്ക്കൽ - പരപ്പുങ്കൽ | 300മീ. | 1.5മീ. | | | √ |
| | | പട്ടരുമഠം - കടപ്പുറം റോഡ് | 300മീ. | 1.5മീ. | | | √ |
| | | ചെങ്കിളിപ്പാലം - ബീച്ച്റോഡ് | 100മീ. | 1.5 മീ. | | | √ |
| | | കൂർക്കത്തറ കലുങ്ക് - പാണ്ടിപ്പറമ്പിൽ | 200മീ. | 1.5മീ. | | | √ |
| | | എൻ.എസ്.എസ്.ജംഗ്ഷൻ- പാണ്ടിപ്പറമ്പിൽ മുട്ട് | 200മീ. | 2മീ. | | | √ |
| 4 | | പടീപ്പാലം - പാട്ടത്തിൽ ചിറ | 400മീ. | 3മീ. | | √ | |
| | | ചേലക്കാട് - പാട്ടത്തിൽ മുട്ട് | 450മീ. | 2മീ. | | √ | |
| | | വാട്ടർടാങ്ക് കിഴക്കേമുറിമുട്ട് | 400മീ. | 3മീ. | | √ | |
| | | പി.ഡബ്ലിയു. ഡി. റോഡ്, കിഴക്കുമുറി | 400മീ. | 3മീ. | | | √ |
| | | ചേലേക്കാട്ട് - അഞ്ചുതെങ്ങ് | 1000മീ. | 2.5മീ. | | | √ |
| | | സി.വി.സി.എസ്. 549-കടപ്പുറം റോഡ് | 300മീ. | 3മീ. | | √ | |
| | | കിഴക്കേത്ത്ശ്ശേരി കടപ്പുറം | 100മീ. | 3മീ. | | √ | |
| 5 | | പാനൂർ പള്ളിമുക്ക് - അമ്പലശ്ശേരി കടവ് | 600മീ. | 4മീ. | | √ | |
| | | മുളനിക്കൽ - മുട്ടുങ്കൽ ചിറ | 500മീ. | 2.5മീ. | | √ | |
| | | ബസാർ - മുട്ടുങ്കൽ റോഡ് | 500മീ. | 2.5മീ. | | | √ |

| വാർഡ് | കോഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി | മെറ്റൽ | ഗ്രാവൽ | മണൽ |
|---|---|---|---|---|---|---|---|
| 6 | | പുത്തൻപൂരമുക്ക് - റ്റി.എസ്. കനാൽ | 800മീ. | 1.5മീ. | | √ | |
| | | മുളനിൽകുന്ന മുതൽ ബസാർ റോഡ് | 100മീ. | 1.5മീ. | | √ | |
| | | പി.ഡബ്ലിയു.ഡിറോഡ്-കെ.വി. ജെട്ടി റോഡ് | 800മീ. | 2മീ. | | | √ |
| | | പി. ഡബ്ളിയു .ഡി.റോഡ് - മട്ടാന കോളനി | 200മീ. | 1.5മീ. | | | √ |
| 7 | | എച്ച്.എസ്. ഭഗവതി പറമ്പ് റോഡ് | 250മീ. | 3മീ. | | √ | |
| | | കലവറമുക്ക് - കരീക്കടവ് | 400മീ. | 4മീ. | | √ | |
| | | കരീക്കടവ് - കലവറ ജെട്ടി | 400മീ. | 3മീ. | | √ | |
| | | കുറ്റിക്കാട് - ചന്തത്തോട് | 1000മീ. | 3മീ. | | | √ |
| 8 | | മേടയിൽ മുക്ക് - ഗവ.എൽ.പി.എസ്. കാട്ടിപ്പറമ്പ് മുക്ക് | 250മീ. | 4മീ. | | √ | |
| | | പല്ലനദേവീക്ഷേത്രം റോഡ് | 100മീ. | 6മീ. | | √ | |
| | | പി.ഡബ്ലിയു. ഡി. - പാണ്ടവജി | 300 | 2മീ | | √ | |
| | | പി.ഡബ്ലിയു. ഡി.-പുല്ലുകാട്ടിൽക്ഷേത്രം | 800 | 2മീ. | | √ | |
| | | പുലത്തറ കട - തുണ്ടിക്കാട്ടിൽ മുട്ട് | 400മീ. | 3മീ. | | √ | |
| | | ഗവ. എൽ.പി.എസ്. - ദേവീക്ഷേത്രം (കുമാരകോടി) | 250മീ. | 4മീ. | | | √ |
| | | പുല്ലംപള്ളിൽ - കൊച്ചുതറ-വാടച്ചിറ | 600മീ. | 3മീ. | | | √ |
| | | ഗവ. എൽ.പി.എസ്. പണ്ടാലമുക്ക് - പി.ഡബ്ലിയു.ഡി. - മുണ്ടം പറമ്പ് | | | | | |

| വാർഡ് | റോഡിന്റെ പേര് | ദൂരം കി.മീ. | വീതി | ഗ്രാവൽ | മണൽ |
|---|---|---|---|---|---|
| 9 | ലക്ഷ്മിതോപ്പ് പി.ഡബ്ലിയു.ഡി. റോഡ് ഇലഞ്ഞിമൂട് | 1500മീ. | 2മീ. | | |
| | ആത്മവിദ്യാസംഘം ഗവ. എൽ.എസ്. മുട്ടേച്ചിറ റോഡ് | 500മീ. | 2മീ. | | |
| | കീച്ചാൽ മൂക്ക് നാൽക്കവല ആറ് | 250മീ. | 1.5മീ. | | |
| | കെ.വി.ജെട്ടി, തെറ്റിക്കാടിൽ പാലം | 1500മീ. | 2മീ. | | |
| 10 | മണികണ്ഠൻചിറ അമ്പലശ്ശേരി കടത്തുകടവ് | 1000മീ. | 6മീ. | | |
| | വാര്യങ്കാട് കുണ്ടത്തിൽ കിഴക്കുവശം | 400മീ. | 2.5മീ. | | |
| | കുണ്ടത്തിൽ കിഴക്കുവശം - അക്കന്റെ പറമ്പ് | 800മീ. | 2.5മീ. | | |
| | കാളാശ്ശേരി വീപ്പന്റെ ചിറ റോഡ് | 2000മീ. | 2.5മീ. | | |
| | ഇടയിലപറമ്പ് - കാട്ടിച്ചിറ പാലം | 550മീ. | 3മീ. | | |
| | കാട്ടിച്ചിറ - വലിയപറമ്പ് | 550മീ. | 3മീ. | | |
| | അമ്പലം പടിയിൽ കടവ് | 900മീ. | 3മീ. | | |
| | പടിയിൽ കടവ് - ഭീമൻ ചാടി | 1000മീ. | 2.5മീ. | | |
| | കക്കാമടയ്ക്കൽ - വലിയപറമ്പ് | 1000മീ. | 2മീ. | | |
| | പറമ്പിൽ സൊസൈറ്റി - ചെറുപാറ | 1000മീ. | 1.5മീ. | | |
| | പറമ്പിൽ സൊസൈറ്റി - വീപ്പന്റെ ചിറ | 500മീ. | 2മീ. | | |
| | കാളാശ്ശേരി സരളാലയം | 1000 2മീ. | | | |
| 11 | തണ്ടാൻകാട് - കൊച്ചാറ്റിൽ പാലം | 1000 | 3മീ. | | |
| | കൊച്ചാറ്റിൽപ്പാലം - പുന്നയ്ക്കാട്ടു ചിറ | 700മീ. | 2.5മീ. | | |
| | കൊച്ചാറ്റിൽ പാലം - പുത്തൻചിറ | 2000മീ. | 3മീ. | | |

പഞ്ചായത്ത് മെയിൻറോഡ് (തൃക്കുന്നപ്പുഴ-പതിയാങ്കര) 2850 മീ. 6 മീ. (ടാർ)

## നിലവിലുള്ള റോഡുകളുടെ അവസ്ഥ

### പി.ഡബ്ലിയു.ഡി. റോഡുകൾ

പഞ്ചായത്തിലെ പി.ഡബ്ലിയു.ഡി.യുടെ ഉടമസ്ഥതയിലുള്ള റോഡുകളുടെ സ്ഥിതി ശോചനീയമാണ്. തൃക്കുന്നപ്പുഴയെ ആലപ്പുഴയുമായി ബന്ധിപ്പിക്കുന്നതിനുള്ള പ്രധാനമാർഗ്ഗമായ തൃക്കുന്നപ്പുഴ - തോട്ടപ്പള്ളി റോഡിൻെറ പല ഭാഗങ്ങളും കുണ്ടും കുഴികളുമായി കിടക്കുന്ന അവസ്ഥയാണുള്ളത്. തൃക്കുന്നപ്പുഴ ജംഗ്ഷൻ വടക്കുഭാഗം, പഞ്ചിപ്പാട്ടുമുറി പള്ളിക്കു വടക്കുഭാഗം, പാനൂർ പുളിമൂട്ടിൽ ജംഗ്ഷൻ, കുറ്റിക്കാട് ജംഗ്ഷനു വടക്കുഭാഗം, എന്നിവിടങ്ങളിൽ റോഡിൻെറ നിലവിലുള്ള സ്ഥിതി വാഹന ഗതാഗതത്തിന് ഭീഷണി ഉയർത്തുന്നതാണ്.

## പ്രശ്നങ്ങൾ

1 റോഡുകളോടനുബന്ധിച്ച് ആവശ്യമുള്ളിടങ്ങളിൽ ഓവുചാലുകൾ സ്ഥാപിയ്ക്കാത്തത് റോഡുകളുടെ തകർച്ചയ്ക്ക് കാരണമാകുന്നു.

2 റോഡുകൾക്കിരുവശവും ഗ്രാവൽ ഇട്ട് അപ്രോച്ച് റോഡു (നടപ്പാത) നിർമ്മിക്കാത്തത് റോഡിൻെറ ഇരുവശങ്ങളും തകരുന്നതിന് കാരണമാകുന്നു.

3 റോഡുനിർമ്മാണത്തിൽ നിർദ്ദേശിക്കപ്പെട്ട തരത്തിൽ സാമഗ്രികൾ ഉപയോഗിക്കാതിരിക്കുന്നത് ഗുണനിലവാരത്തെബാധിക്കുന്നു.

4 കാലവർഷസമയത്ത് തൃക്കുന്നപ്പുഴയുടെ കേന്ദ്രഭാഗം വെള്ളത്തിനടിയിലാകാറുണ്ട്. ഇതുവഴിയുള്ള ഗതാഗതത്തിനും മറ്റു കാര്യങ്ങളിലും ഇത് തടസ്സം സൃഷ്ടിക്കാറുണ്ട്.

5 റോഡിനിരുഭാഗങ്ങളിലുമുള്ള വൃക്ഷങ്ങളുടെ ചില്ലകളും, ഓലകളും റോഡിലേക്ക് ചാഞ്ഞു നില്ക്കുന്നതിനാൽ ഇതിലൂടെ റോഡിലേക്ക് കുത്തി ഒഴുകുന്ന ജലം റോഡിൽ കുഴികളുണ്ടാകുന്നതിന് കാരണമാകുന്നു.

6 പഞ്ചായത്ത് അതിർത്തിയിലുള്ള പി.ഡബ്ലിയു.ഡി റോഡിൻെറ അറ്റകുറ്റപ്പണികൾ കാലാകാലങ്ങളിൽ ചെയ്യാൻ പി.ഡബ്ലിയു.ഡി. ശ്രദ്ധിക്കുന്നില്ല.

## സാദ്ധ്യതകൾ/പരിഹാരങ്ങൾ

1 റോഡിനിരുവശങ്ങളിലേക്കുമുള്ള പല ഓവുചാലുകളും അടഞ്ഞുകിടക്കുന്നു. ഇവ ഉപയോഗക്ഷമമാക്കി മാറ്റുക.

2 റോഡു നിർമ്മാണത്തോടനുബന്ധിച്ച് തന്നെ അപ്രോച്ച് നിർമ്മാണവും ഏറ്റെടുക്കുക.

3 റോഡു നിർമ്മാണത്തിൽ ജനകീയസമിതികളുടെ പങ്കാളിത്തം ഉറപ്പാക്കുക.

4 തൃക്കുന്നപ്പുഴ ജംഗ്ഷനിൽ നിന്നും റ്റി.എസ്. കനാലിലേക്ക് ജലം ഒഴുകി പോകത്തക്ക തരത്തിൽ ഓടകൾ നിർമ്മിക്കുക.

5 റോഡിലേക്ക് ചാഞ്ഞു നില്ക്കുന്ന വൃക്ഷങ്ങളുടെ ചില്ലകളും, ഓലകളും വെട്ടിമാറ്റുന്നതിനുള്ള സംവിധാനം പഞ്ചായത്ത് തലത്തിൽ ഏർപ്പെടുത്തുക.

6 പി.ഡബ്ലിയു.ഡി. റോഡുകൾക്ക് ഉണ്ടാകുന്ന ചെറിയ അറ്റകുറ്റപ്പണികൾ പഞ്ചായത്തുകൾക്ക് ജനപങ്കാളിത്തത്തോടെ ഏറ്റെടുക്കുന്നതിന് അംഗീകാരം നല്കുക.

7\. പഞ്ചായത്തിലെ മുഴുവൻ വാർഡുകളുടേയും പ്രധാന ഭാഗങ്ങളിൽ ഗതാഗത മാർഗ്ഗങ്ങളും, പ്രധാന കേന്ദ്രങ്ങളിലേക്കുള്ള ദൂരവും കാണിക്കുന്ന ബോർഡുകൾ സ്ഥാപിക്കുക. ഇത്തരം ബോർഡുകൾ വിവിധ സ്ഥാപനങ്ങളുടെ സ്പോൺസർഷിപ്പിൽ സ്ഥാപിക്കാവുന്നതാണ്.

## പഞ്ചായത്തു റോഡുകൾ - പ്രശ്നങ്ങൾ

1 പഞ്ചായത്ത് രേഖയിലുള്ള പല റോഡുകളും സ്വകാര്യവ്യക്തികളുടെ കൈവശമായതിനാൽ ഇതുവഴിയുള്ള ഗതാഗതത്തിന് പല തടസ്സങ്ങളും ഉണ്ടാകുന്നു.

2 പല പഞ്ചായത്തു റോഡുകളും തോടുകൾ നികത്തി നിർമ്മിച്ചവയാകയാൽ മഴക്കാലത്ത് ഇവ വെള്ളത്തിനടിയിൽ ആകുന്നു.

3\. തൃക്കുന്നപ്പുഴ - മംഗലം റോഡ് ഒഴികെയുള്ള മുഴുവൻ പഞ്ചായത്തു റോഡുകളും ഗ്രാവൽ റോഡുകളാകയാൽ മഴക്കാലത്ത് ഒലിച്ചുപോവുകയും ആവർത്തനച്ചിലവിനിടവരുത്തുകയും ചെയ്യുന്നു.

4 പഞ്ചായത്തു റോഡുകളുടെ നിർമ്മാണം നോമിനികളെ ഏൽപ്പിക്കുന്നതുമൂലം ജനകീയ പങ്കാളിത്തം ഇല്ലാതെ വരികയും യഥാർത്ഥ അളവിൽ സാമഗ്രികൾ ഉപയോഗിക്കുന്നുണ്ടോ എന്ന് ഉറപ്പു വരുത്തുവാൻ കഴിയാതെ വരികയും ചെയ്യുന്നു.

## പരിഹാരങ്ങൾ, സാദ്ധ്യതകൾ

1 പഞ്ചായത്തു റോഡുകൾ അളന്നു തിട്ടപ്പെടുത്തി സംരക്ഷിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുക.

2 ഒരേ സമയം പല വാർഡുകളിൽ ഗ്രാവൽ റോഡുകൾ നിർമ്മിക്കുന്ന ഇപ്പോഴത്തെ സ്ഥിതി ഒഴിവാക്കി വിഭവസാദ്ധ്യത പരിഗണിച്ച് മുൻഗണനാ അടിസ്ഥാനത്തിൽ റോഡുകൾ ടാർ ചെയ്യുക.

3. റോഡുകളുടേയും മറ്റു നിർമ്മാണ പ്രവർത്തനങ്ങളുടേയും മേൽനോട്ടം ജനകീയ സമിതികൾക്ക് വിട്ടുകൊടുക്കുന്നത്, നിർമ്മാണത്തിലെ അപാകതകൾ പരിഹരിക്കുന്നതിനിടയാക്കും.

4. ഭൂമിശാസ്ത്രപരമായ കാരണങ്ങളാൽ പഞ്ചായത്തു കേന്ദ്രവുമായി ഒറ്റപ്പെട്ടുകിടക്കുന്ന 9,10 വാർഡുകളെ ബന്ധിപ്പിക്കുന്നതിന് തീരദേശ ജലപാതയിലൂടെ (കിഴക്കേക്കര വഴി) ലക്ഷ്മി ത്തോപ്പിൽ നിന്നും തെക്കോട്ട് വന്ന് നാല്ക്കവല ആറിനു കുറുകെ കലുങ്ക് നിർമ്മിച്ച് കെ. വി. ജെട്ടി റോഡുമായി ബന്ധിപ്പിക്കുക. ഇവിടെ നിന്നും അമ്പലശ്ശേരി റോഡുമായി ബന്ധിപ്പിക്കുന്നതിന് തെറ്റിക്കാട്ടിൽ മുട്ടേൽ ഒരു കോൺക്രീറ്റു പാലവും അതിനു വടക്കുഭാഗത്തായി ആറ്റുകടവിൽ ഒരു കലുങ്കും നിർമ്മിച്ചാൽ നിലവിലുള്ള ഒറ്റപ്പെടൽ ഒഴിവാക്കാം.

5. പുരാതനമായ പൊതുവഴികൾ പഞ്ചായത്തു വക ഗ്രാവൽ റോഡാക്കി ഉയർത്തുന്നതിന് ഏതെങ്കിലും വസ്തു ഉടമസ്ഥർ തർക്കമുന്നയിച്ചാൽ ടി. റോഡ് കടന്നു പോകാനുള്ള വസ്തു പഞ്ചായത്ത് ഏറ്റെടുത്ത് പണി പൂർത്തിയാക്കുക.

## പുതിയതായി ഗ്രാവൽ ചെയ്യേണ്ട റോഡുകൾ

| പേര് | വാർഡ് |
|---|---|
| പതിയാങ്കര സൗഹൃദ ജംഗ്ഷൻ - പടന്നക്കടവ് റോഡ്<br>കൊണ്ടകശ്ശേരി - കരിയിൽ റോഡ് "<br>വൃന്ദാവനം - കൊണ്ടകശ്ശേരി "<br>കൊണ്ടകശ്ശേരി - കരീത്തറ റോഡ് " | 1 |
| എം. റ്റി. യു.പി.എസ്. - തൃക്കുന്നപ്പുഴ ജംഗ്ഷൻ<br>പതിയാങ്കര വാടച്ചിറ റോഡ് - കാട്ടിൻകിഴക്ക്വരെ " | 2 |
| പള്ളത്ത് ബീച്ച് റോഡ് ഗ്രാവൽ ചെയ്യണം<br>പള്ളിമുക്ക് ആൽ സന്നിധാനം റോഡ് "<br>ഉസ്മാൻ മുക്ക് - പള്ളിശാലിൽ റോഡ<br>തോപ്പിൻ മുക്ക് നോർത്ത് - ചെങ്കിളി റോഡ്<br>എൻ.എസ്.എസ്. കരയോഗം - പാണ്ടിപ്പറമ്പ് റോഡ്<br>കൂർക്കത്തറ - പാണ്ടിപ്പറമ്പ് "<br>പനയ്ക്കൽ ; പരപ്പുങ്കൽ " | 3 |

| പേര് | വാർഡ് |
|---|---|
| ചെറിയശ്ശേരി ക്ഷേത്രം - തൃക്കുന്നപ്പുഴ തോട്ടപ്പള്ളി റോഡ് ഗ്രാവൽ<br>വാർഡിന്റെ തെക്കേ അറ്റം - കാട്ടാശ്ശേരി കിഴക്കുവശം "<br>പീടികച്ചിറ - ബീച്ച് റോഡ് " | 4 |
| മരയ്ക്കാട്ട് വടക്കുവശം - കൊച്ചുപോച്ചയിൽ റോഡ് "<br>പാനൂർപള്ളി പടിഞ്ഞാറ് - കൊല്ലംപറമ്പ് റോഡ് "<br>പാനൂർ എൽ.പി. സ്കൂളിനു വടക്കുവശം - ബസാർ റോഡ് പാലം "<br>പള്ളിയുടെ കിഴക്ക് - ബസാറുമായി ബന്ധിപ്പിക്കുന്ന റോഡ് | 5 |
| പുത്തംപുരയ്ക്കൽ ജംഗ്ഷനിൽ നിന്നു പടിഞ്ഞാറോട്ട് ഇരുനൂറ് മീ. "<br>പാനൂർ - കെ.വി. ജെട്ടി റോഡ് "<br>പുത്തംപുരയ്ക്കൽ നിന്നും കിഴക്കോട്ട് " | 6 |
| തോപ്പിൽ ജംഗ്ഷൻ - ബീച്ച് റോഡ് "<br>ബീച്ച്കലവറ റോഡ് | 7 |
| മേടയിൽ മുക്ക് - കുമാരകോടി റോഡ് "<br>ഗവ. എൽ.പി.എസ്., പാണ്ഡ്യാല പഞ്ചായത്ത് റോഡ് "<br>കല്ലംപള്ളി - വാടച്ചിറ റോഡ് "<br>ഇളേരി - കുമാരകോടി "<br>തുണ്ടിക്കാട് - പുല്ലുകാട് റോഡ് "<br>പുലത്തറ - കുറ്റിക്കൽ റോഡ് "<br>മംഗലശ്ശേരി - പാണ്ടിപ്പറമ്പ് "<br>കുറ്റിക്കൽ പഞ്ചായത്തു മുക്ക് - വാടച്ചിറ റോഡ് "<br>മുണ്ടൻ പറമ്പ് റോഡ് "<br>പാണ്ടവജി റോഡിലേക്കുള്ള നടപ്പാത<br>പൂന്തോപ്പ് - കലവറ തീരദേശം റോഡ് " | 8 |
| ലക്ഷ്മിത്തോപ്പ് പി.ഡബ്ലിയു.ഡി. റോഡ് - തട്ടാൻ ബ്ലോക്കു വരെ "<br>കുമാരകോടി - എൻ. എച്ച് 47 റോഡുവരെ "<br>ലക്ഷ്മിത്തോപ്പ് ജെ.ആർ.വൈ. പാലം - കിഴക്കോട്ട് "<br>ലക്ഷ്മിത്തോപ്പ് - തെക്കോട്ട് പത്താംവാർഡ് വഴി കാർത്തികപ്പള്ളി - തൃക്കുന്നപ്പുഴ റോഡുവരെ "<br>കെ.വി. ജെട്ടി - കോടാലിപ്പറമ്പ് റോഡ് "<br>കരിപ്പുത്തറ - അണ്ടോളിപ്പറമ്പ്<br>കാട്ടിൽ മാർക്കറ്റ് - മുഖപ്പിൽ റോഡ് "<br>ചിറയിൽ - കൊച്ചുതറപ്പാട് റോഡ് " | 9 |
| കക്കാമടയ്ക്കൽ - അക്കന്റെപറമ്പ് റോഡ്<br>പറമ്പിൽ കടവ് അക്കന്റെ പറമ്പ് കക്കാ മടയ്ക്കൽ വഴി - വലിയ പറമ്പ് റോഡ്<br>വരാമൂലയിൽ ഭാമന്റെ വസതി - വളവൻചിറ റോഡ് "<br>വണ്ടിക്കാരൻ ചിറ റോഡ് - വാലേൽകടവ് റോഡ് | 10 |

| പേര് | വാർഡ് |
|---|---|
| വില്ലേജ് ആഫീസിലേക്ക് അപ്രോച്ച് റോഡ് "<br>ഗുരുമന്ദിരം - കണിശ്ശേരി പാലംവരെ "<br>കൊച്ചാറ്റിപ്പാലം - കല്ലുക്കാട്ടു ചിറ വരെ "<br>തണ്ടാൻകാട് - വീരാൻ പറമ്പ് റോഡ് "<br>ചീർപ്പുമുതൽ തെക്കോട്ട് "<br>തണ്ടാംകാട്ടിൽ നിന്ന് പടിഞ്ഞാറോട്ട് "<br>കൊച്ചുതയ്യിൽ പുതുവൽ ക്ഷേത്രത്തിലേക്ക് " | 11 |

## ടാറിംഗ് നടത്തേണ്ട ഗ്രാവൽ റോഡുകൾ

| | |
|---|---|
| പതിയാങ്കര പള്ളിമുക്ക് വാട്ടർ ടാങ്ക് റോഡ് | 1 |
| എ.കെ.ഡി.എസ്. 70 മൂത്തേരിൽ റോഡ് | 2 |
| പാനൂർപ്പള്ളിമുക്ക് - അമ്പലശ്ശേരി കടവു റോഡ് | 5 |
| കലവറ - കരീൽക്കടവ് റോഡ് | 7 |
| കലവറ ജെട്ടി റോഡ്<br>പല്ലന ഷണ്മുഖപുരം റോഡ്<br>കുലത്തറ - തൊണ്ടിക്കാട് റോഡ്<br>പാണ്ടവജി റോഡ് - വാടച്ചിറവരെ<br>പല്ലന ദേവിക്ഷേത്രം റോഡ് | 8 |
| കുമാരകോടി - കരുവാറ്റ റോഡ് | 9 |
| മണികണ്ഠൻ ചിറ - അമ്പലശ്ശേരി കടവ്<br>വലിയ പറമ്പ് - അമ്പലശ്ശേരി | 10 |
| എസ്.എൻ. നഗർ മുതൽ ഗുരുമന്ദിരം വഴി തെക്കോട്ട് മൂലേക്കാട് ഭാഗംവരെ | 11 |

## പുതിയതായി നിർമ്മിക്കേണ്ട കോൺക്രീറ്റ് പാലങ്ങൾ

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| 1<br>2<br>3<br>4<br>5<br>6<br>7 | വൃന്ദാവനം പടിഞ്ഞാറ് മേത്താളിശ്ശേരി പാലം<br>കൊണ്ടകശ്ശേരി - കരിയിൽ പാലം<br>കൊണ്ടകശ്ശേരിപ്പാലം<br>ഇടയാടി കുറുക്കുട്ടിൽപ്പാലം<br>പുത്തൻചിറ - തെക്കേക്കാട് താഴ്വനപ്പാലം<br>മൂത്തേരിപ്പാലം<br>കാട്ടിൽ പാലം | 1 |

| ക്രമനമ്പർ | പേര് | വാർഡ്നമ്പർ |
|---|---|---|
| 8 | ഞാറത്തറക്കാട്ടിൽ പാലം | |
| 9 | മുതിരപ്പറമ്പു പാലം | |
| 10 | എലപ്പത്രപ്പാലം | 2 |
| 11 | മുട്ടേൽപാലം | |
| 12 | മേനാംപറമ്പിൽ പാലം | |
| 13 | പാണ്ടിപ്പറമ്പ് | |
| 14 | തെക്കേത്തറ പാലം | 3 |
| 15 | മുഞ്ചത്തറ പാലം | |
| 16 | ചിറയിൽ പറമ്പ് പാലം | |
| 17 | മുല്ലമംഗലം പാലം | |
| 18 | കിഴക്കൻ മുറിയിൽ പാലം | 4 |
| 19 | മുട്ടുങ്കൽ പടിഞ്ഞാറു വശം (പൊളിഞ്ഞുപോയത്) | |
| 20 | വാലേച്ചിറ പാലം | |
| 21 | നന്തുക്കാട് പാലം, മൂത്താൻ പറമ്പ് പാലം | |
| 22 | കാട്ടിൽ പാലം | 5 |
| 23 | പുത്തൻ പുര പഞ്ചായത്തുറോഡ് പാലം | |
| 24 | കെ.വി. ജെട്ടി പാലത്തിനു തെക്കുവശം സ്ലാവുപാലം (പടിഞ്ഞാറേക്കര) | |
| 25 | കെ.വി. ജെട്ടി കുന്നത്തുതറ പാലം | |
| 26 | വാലിൽ ചിറ പാലം | |
| 27 | കണ്ടത്തിൽ പീടികപ്പാലം | |
| 28 | നാട്ടുതോടിനു കുറുകെ പാലം (ഗാന്ധി ബസാറിനു പടിഞ്ഞാറോട്ട്) | |
| 29 | പുത്തൻ പറമ്പിൽ നിന്നും വലിയ തുണ്ടു വഴി പാനൂർപ്പള്ളിയിലേയ്ക്ക് 2 പാലം | 6 |
| 30 | പല്ലന എച്ച്.എസിനു കിഴക്കു ചന്തത്തോട്ടിൽ പാലം | |
| 31 | ചെല്ലിക്കാട്ടിൽ വടക്കുവശം (കാംവർട്ട് പാലം) | |
| 32 | പാട്ടത്തിൽ വടക്കുവശം പാലം | |
| 33 | ഭഗവതിപ്പറമ്പിൽ പാലം | 7 |
| 34 | കുമാരകോടി - ലക്ഷ്മിത്തോപ്പ് പാലം | |
| 35 | പുല്ലുകാട്ടിൽ കിഴക്കുവശം | |
| 36 | വാടച്ചിറയിൽ തെക്കുവശം | |
| 37 | വാടച്ചിറയിൽ - മാക്കോ തകരിയുമായി ബന്ധിപ്പിക്കുന്ന പാലം | |
| 38 | പട്ടന്റെ കരിച്ചിറ പാലം | |
| 39 | കൊച്ചുതറ മുട്ടുപാലം | |
| 40 | പുല്ലുകാട്ടിൽ പടിഞ്ഞാറു പാലം | 8 |
| 41 | കാട്ടിൽ മാർക്കറ്റു പാലം | |
| 42 | ലക്ഷ്മിത്തോപ്പ് ആമ്പാടി വീട്ടിന് സമീപം പാലം | |

| ക്രമനമ്പർ | പേര് | വാർഡ്നമ്പർ |
|---|---|---|
| 43 | കുമാരകോടി - ലക്ഷ്മിത്തോപ്പ് പറമ്പ് 4പാലം | |
| 44 | ഇലഞ്ഞിമൂട്ടിൽ പാലം | |
| 45 | പട്ടാണിച്ചിറ - ലക്ഷ്മിത്തോപ്പ് പാലം | |
| 46 | തെറ്റിക്കാട്ടിൽ തടിപാലത്തിന് വടക്ക് പഞ്ചായത്ത് മുട്ട് സ്ഥിതി ചെയ്യുന്ന പാലം | |
| 47 | കരിപ്പൂത്തറ മുക്ക് - കോടാലിപ്പറമ്പ് 4 സ്ലാബുപാലം | |
| 48 | കുഞ്ചോളിപ്പറമ്പ് - അണ്ടോളിപ്പറമ്പ് പാലം | |
| 49 | കുഞ്ചോളിപ്പറമ്പ് - ആശാരിപ്പറമ്പ് പാലം (സ്ലാബ് പാലം) | |
| 50 | മേത്തൻ പറമ്പ് - കാട്ടിൽ മാർക്കറ്റ് പാലം | |
| 61 | കൊച്ചുതെക്കതിൽ തയ്യിൽ പറമ്പ് പാലം (2) | |
| 52 | കുളത്തിപ്പറമ്പ് - കോടാലിപ്പറമ്പ് (സ്ലാബ് പാലം) | |
| 53 | കെ.വി. ജെട്ടി - നക്കോലയാറ് പാലം | |
| 54 | മണ്ണിടച്ചിറയിൽ മാനസത്തിലേക്ക് (സ്ലാബ്പാലം) | |
| 55 | കീച്ചാൽ മുക്കിൽ നിന്നും ലക്ഷ്മിത്തോപ്പ് (2 പാലം) | |
| 56 | കൊച്ചുതറപ്പാട് പടിഞ്ഞാറ് (ചെറിയപാലം) | |
| 57 | ബ്ലംഗ്ലാവിൽ ചിറയിൽ നിന്നും പടിഞ്ഞാറോട്ട് (സ്ലാബുപാലം) | |
| 58 | മീനത്തുമൂല-തട്ടാൻ ബ്ലോക്ക് (3 സ്ലാബുപാലം) | 9 |
| 59 | അക്കൻെറ പറമ്പു പാലം | |
| 60 | വാലേൽ തങ്കച്ചൻെറ വീടിൻെറ സമീപം പാലം | |
| 61 | വലിയ പറമ്പ് - കോയിക്കലേത്ത് തോപ്പ് പാലം | |
| 62 | കക്കാ മടയ്ക്കൽ - ഇടപ്പള്ളി തോപ്പ് പാലം | |
| 63 | കൊമ്പുകാരൻ മുട്ടേൽ പാലം | |
| 64 | കുത്തിയതോട്ടിൽ പാലം | |
| 65 | ഉഷാഭവനം സദാനന്ദൻെറ തെക്കുവശം പാലം | |
| 66 | തുണ്ടുപറമ്പിൽ പാലം | |
| 67 | വളവൻചിറയിൽ പാലം (2 എണ്ണം) | |
| 68 | കരുണാകരൻെറ (ലേഖാഭവനം) കിഴക്കുവശം പാലം | |
| 69 | ഉണ്ടാൻെറ പറമ്പിൽ പാലം (2 എണ്ണം) | |
| 70 | എസ്.എൻ.ഡി.പി. ബ്രാഞ്ച് നമ്പർ 1570ന് കിഴക്കുവശം പാലം | |
| 71 | സാനൂപ്പറമ്പിൽ പാലം | |
| 72 | കുത്തിയതോടിനു പടിഞ്ഞാറുവശം പാലം | |
| 73 | ശാസ്താ പറമ്പ് പാലം | |
| 74 | കൊട്ടാരത്തിൽ പാലം | 10 |
| 75 | കല്ലിക്കാട്ടുചിറ പാലം | |
| 76 | തണ്ടാൻകാട്ടിൽ കിഴക്കോട്ടുള്ള പാലം | |
| 77 | മംഗലശ്ശേരി പാലം | |
| 78 | ശാസ്താപറമ്പിൽ പാലം | |
| 79 | ഇടയിലപ്പറമ്പ് ചിന്താമണിയുടെ വീടിനു സമീപം | |

# പുതിയതായി നിർമിക്കേണ്ട ബണ്ടും പാലവും

| ക്രമനമ്പർ | പേര് | വാർഡ്നമ്പർ |
|---|---|---|
| 1 | ഓടമ്പള്ളിൽ തെക്കുവശം പാലം | |
| 2 | മോതീൻകാട് പാലം | |
| 3 | പുത്തമ്പുരയ്ക്കൽ കാട്ടിൽ നിന്നും പുത്തൻ പുരയ്ക്കൽ പാലം | 1 |
| 4 | ചാപ്രായിൽ ഭാഗത്ത് ബണ്ടും പാലവും | |
| 5 | മേനാംപറമ്പിൽ " | |
| 6 | വാഴക്കൂട്ടത്തിൽ " | |
| 7 | തറയിൽ പാലം | 3 |
| 8 | പാട്ടത്തിൽ കറുകപ്പറമ്പ് ബണ്ടും പാലവും | |
| 9 | കാട്ടാശ്ശേരി പനയത്തറ തോട്ടിൽ പാലം | |
| 10. | പുതുക്കേരി ബണ്ടും പാലവും | 4 |
| 11 | വെണ്ണേക്കിഴക്കതിൽ നിന്നും ബസാർ പാലവുമായി ബന്ധിപ്പിക്കുന്ന ബണ്ടും പാലവും | |
| 12 | തോപ്പിൽ പുരയിടത്തിൽ ബണ്ടും പാലവും | |
| 13 | നന്തുകാട്ടിൽ തെക്കോട്ടു മുണ്ടകനിലത്തിൽ | 5 |
| 14 | പറമ്പിൽ കിഴക്കു പാലം | |
| 15 | പടന്നയിൽ കിഴക്കു പാലം | |
| 16 | പാട്ടത്തിൽ വടക്കു പാലം | 7 |
| 17 . | തോപ്പിൽ കൊച്ചുചെറുക്കൻെറ വീടിനു സമീപം ബണ്ടും പാലവും | |
| 18 | പുത്തൻ പൂരയിൽ രാജപ്പൻെറ വീടിനു സമീപം ബണ്ടും പാലവും | |
| 19 | തറപ്പാട് മുരളിയുടെ വീടിനു തെക്കുവശം " | 9 |
| 20 | പടിയിൽ മൂർത്തി ക്ഷേത്രത്തിനു കിഴക്കുവശമുള്ള കടത്തുകടവിൽ ബണ്ടും പാലവും. (ജനകീയ പങ്കാളിത്തം) | |
| 21 | പറമ്പിൽ കിഴക്കുവശം ബണ്ടും -പാലവും | |
| 22 | ചെല്ലിക്കാട്ടിൽ പടിഞ്ഞാറുവശം ബണ്ടും പാലവും | |
| 23 | എ. മണിയൻെറ വസതിക്കു സമീപം ബണ്ടും പാലവും | |
| 24 | കോയിക്കലേത്ത് തോപ്പിൽ (2) ബണ്ടും പാലവും. | |
| 25 | വീപ്പൻെറ തറ കിഴക്കുവശം ബണ്ടും പാലവും | |
| 26 | ചാപ്രായിൽ പണിക്കരുടെ വസതിക്കു സമീപം ബണ്ടും പാലവും | |
| 27 | വളവൻചിറ തെക്കുവശം ബണ്ടും പാലവും | 10 |
| 28 | തട്ടാൻകാട് വീരാൻ പറമ്പ് റോഡിൽ ബണ്ടും പാലവും | |
| 29 | മൂപ്പേക്കാട്ടിൽ വടക്കുവശം ബണ്ടും പാലവും | |
| 30 | തട്ടാൻ കാട്ടിൽ പടിഞ്ഞാറു വശം ബണ്ടും പാലവും. | |
| 31 | കരുവ കിഴക്കുവശം ബണ്ടും പാലവും | 11 |

## ജലഗതാഗതം

റോഡ് ഗതാഗതം സാർവ്വത്രികമാവുന്നതിനു മുമ്പ് ഗ്രാമീണ തനിമയും പ്രൗഢിയും വിളിച്ചോതുന്ന ജലഗതാഗത സംവിധാനം തൃക്കുന്നപ്പുഴയിൽ ഉണ്ടായിരുന്നു. ജലഗതാഗത വകുപ്പിൻെറ ബോട്ടുകളും സ്വകാര്യ വള്ളങ്ങളും ജലഗതാഗതത്തിന് ഉപയോഗിച്ചിരുന്നു. ആലപ്പുഴ പോലുള്ള വ്യവസായകേന്ദ്രത്തിലേക്കും കച്ചവടകേന്ദ്രത്തിലേക്കും നാടൻ കെട്ടുവള്ളങ്ങളിൽ കയറും മറ്റും കയറ്റികൊണ്ടു പോകുകയും അവിടെ നിന്നും പലചരക്കു സാധനങ്ങളും മറ്റും ഇവിടേക്കു കൊണ്ടുവരുന്നതിനും ജലഗതാഗതമാർഗ്ഗങ്ങളെയാണ് മുഖ്യമായും ആശ്രയിച്ചിരുന്നത്. വിവാഹം, വിനോദയാത്രകൾ എന്നിവയ്ക്കും അലങ്കരിച്ച വള്ളങ്ങൾ സാർവ്വത്രികമായി ഉപയോഗിച്ചിരുന്നു.

ജലഗതാഗതം റോഡുഗതാഗതത്തിന് വഴി മാറിയതോടെ കായലുകൾ ഏതാണ്ട് നിശ്ചലാവസ്ഥയിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. നഷ്ടൈശ്വര്യത്തിൻെറ ബാക്കി പത്രമെന്നോണം കെട്ടുവള്ളങ്ങളും, യാത്രാ നൗകകളും, ടൂറിസ്റ്റു ബോട്ടുകളും വല്ലപ്പോഴും എത്താറുണ്ട്. എങ്കിലും ജലഗതാഗതത്തിൻെറ അനന്ത സാദ്ധ്യതകളെ പ്രയോജനപ്പെടുത്തുന്നതിനും, അതുവഴി ടൂറിസം സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

## പ്രശ്നങ്ങൾ

1. ജലഗതാഗതത്തിന് അനുയോജ്യമായ കനാലുകളും തോടുകളും നികത്തുന്നത് പതിവായിട്ടുണ്ട്.
2. കായംകുളം കായലിലേക്കും, റ്റി.എസ്. കനാലിലേക്കും ചകിരിച്ചോർ നിക്ഷേപിക്കുന്നത് ജലഗതാഗതത്തിനു തടസ്സം സൃഷ്ടിക്കുന്നു.
3. പല കനാലുകൾക്കും തോടുകൾക്കും കുറുകെ നിർമ്മിച്ചിരിക്കുന്ന പാലങ്ങൾ അതുവഴിയുള്ള ജലഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നു.
4. നഷ്ടത്തിൻെറ പേരിൽ ജലഗതാഗത വകുപ്പിൻെറ ബോട്ടുസർവ്വീസുകൾ പൂർണ്ണമായും നിർത്തിവച്ചിരിക്കുന്നു.
5. ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ ഇല്ലായ്മ

## പരിഹാരമാർഗ്ഗങ്ങൾ

1. പൊതു ഉടമസ്ഥതയിലുള്ള കനാലുകളും തോടുകളും തോടുകളും സംരക്ഷിക്കുന്നതിനുള്ള ജനകീയ പ്രസ്ഥാനം വളർത്തിയെടുക്കുക.
2. കായലോരങ്ങളിലെ തൊണ്ടുതല്ലുമില്ലുകളിൽ നിന്ന് പുറം തള്ളുന്ന ചകിരിച്ചോർ കായലിലേക്ക് തള്ളാതെ സംസ്കരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക.
   1. ചകിരിച്ചോറിൽ നിന്ന് ശാസ്ത്രീയ മാർഗ്ഗങ്ങളിലൂടെ വളം നിർമ്മിക്കുക.
   2. ചാരമാക്കി മാറ്റി കൃഷിഭൂമിയിൽ ഉപയോഗിക്കുക.
   3. ഇഷ്ടിക നിർമ്മാണത്തിനുപയോഗിക്കുക.
3. ജലഗതാഗത വകുപ്പിൻെറ ബോട്ടുസർവീസുകൾ പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
4. കെട്ടുവള്ളങ്ങൾ ജലനൗകകളാക്കി മാറ്റി സ്ഥിരമായി സർവ്വീസ് നടത്തുന്നതിന് ജലഗതാഗത വകുപ്പ് മുൻകൈ എടുക്കുക.

## ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശങ്ങൾ

നിലവിലുള്ള കടത്തുകടവുകളിൽ (കെ.വി. ജെട്ടി, കുമാരകോടി, അമ്പലശ്ശേരി, പടിയിൽ, വാലേൽ കടവ്) സ്റ്റെപ്പു കെട്ടി സൗകര്യപ്പെടുത്തുക. 10-ാം വാർഡിൽ ദേശീയ ജലപാതയിൽ വാലേൽ കടവിലുള്ള സ്വകാര്യകടത്ത് പഞ്ചായത്തുവക കടത്തായി അംഗീകരിക്കുക.

പഞ്ചായത്തിൽ, പടിയിൽ കടവിന് കിഴക്കു വശത്തുള്ള ടെൻറർ കടത്ത് (കൊച്ചുപറമ്പ്) നിർത്തലാക്കി അവിടെ ബണ്ടും പാലവും നിർമ്മിച്ചാൽ വർഷംതോറും പഞ്ചായത്തിൽ നിന്ന് നൽകുന്ന ഉദ്ദേശം 7500 രൂപ ലാഭിക്കാനും, പൊതുജനത്തിന് യാത്രാസൗകര്യം സുഗമമാക്കാനും കഴിയും.

## വൈദ്യുതി

ആധുനിക പുരോഗതിയുടെ അടിസ്ഥാനമായ വൈദ്യുതി, ഗ്രാമത്തിൽ കടന്നു വന്നത് 1952ലാണ്. ഇത് വികസന രംഗത്ത് പുതിയൊരു കാൽവെപ്പ് ആയിരുന്നു.

എന്നാൽ നാല്പതു പതിറ്റാണ്ടിനു ശേഷവും ഈ രംഗത്തു പൂർണ്ണമായ പുരോഗതി കൈവരിക്കുന്നതിനു കഴിഞ്ഞിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ വീടുകളിലും ഇതുവരെ വൈദ്യുതി എത്തിയിട്ടില്ല. വൈദ്യുതി ബോർഡിൻെറ ഒരു ഓഫീസും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. നിലവിൽ ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കളുടെ എണ്ണം വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ആലപ്പുഴ ജില്ലയിലെ കരുവാറ്റ 66 കെ.വി. സബ്സ്റ്റേഷനിൽ നിന്നും, പുന്നപ്ര 110 കെ.വി. സബ്സ്റ്റേഷനിൽ നിന്നുമാണ് പഞ്ചായത്തിൽ വൈദ്യുതി എത്തുന്നത്. നിലവിൽ പഞ്ചായത്തിൽ 2826 ഗാർഹിക ഉപഭോക്താക്കളും 386 വ്യാപാര ഉപഭോക്താക്കളും 14 വ്യാവസായിക ഉപഭോക്താക്കളും 3 കാർഷിക ഉപഭോക്താക്കളുമാണ് ഉള്ളത്.

കറൻറ് ചാർജ്ജ് അടയ്ക്കുന്നതിന് പഞ്ചായത്തിന് തെക്കുഭാഗത്തുള്ള ഉപഭോക്താക്കവ് 5 കി.മീ. അകലെയുള്ള കാർത്തികപ്പള്ളിയിലും വടക്കൻ മേഖലയിൽ താമസിക്കുന്നവർ 10കി.മീ. അകലെയുള്ള അമ്പലപ്പുഴയിലും പോകേണ്ടതായ സ്ഥിതി വിശേഷം നിലനിൽക്കുന്നു.

ഇലക്ട്രിസിറ്റി ബോർഡിൻെറ കണക്കനുസരിച്ച് പഞ്ചായത്തിൻെറ വിവിധ പ്രദേശങ്ങളിലായി 12 എൽ.റ്റി. ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിലൊന്നു പോലും അധികം ഭാരം വലിക്കുന്നവയല്ല. (പട്ടിക 1ൽ ചേർത്തിരിക്കുന്നു.)

ഗാർഹിക, ഗാർഹികേതര ഉപഭോക്താക്കൾ വൈദ്യുതി രംഗത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം വോൾട്ടേജ് ക്ഷാമമാണ്. അതിനാൽ ഇതിന് പരിഹാരമായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എന്ന നിർദ്ദേശം മിക്ക ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുണ്ട്. മീറ്ററുകളിൽ അധികവും പ്രവർത്തനരഹിതമായി കിടക്കുന്നതിനാൽ ഊർജ്ജ വിതരണത്തിലെ യഥാർത്ഥ കണക്ക് തിട്ടപ്പെടുത്തുവാൻ കഴിയുന്നില്ല.

പഞ്ചായത്തു പ്രദേശത്ത് 87.56ശതമാനം ഗാർഹിക ഉപഭോക്താക്കളും 15.95ശതമാനം വ്യാപാര ഉപഭോക്താക്കളും 04ശതമാനം വ്യാവസായിക ഉപഭോക്താക്കവും 09ശതമാനം കാർഷിക ഉപഭോക്താക്കളും ആണുള്ളത്.

### പ്രശ്നങ്ങൾ

1 അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വോൾട്ടേജ് ക്ഷാമം

2. വൈദ്യുതബോർഡിൻെറ ഓഫീസുകളില്ലാത്തതിനാൽ കരണ്ട് ചാർജ്ജ് അടയ്ക്കുന്നതിനു പോലും കി.മീറ്ററുകൾ സഞ്ചരിക്കേണ്ടതായി വരുന്നു.

3 ഹരിജനങ്ങൾ താമസിക്കുന്ന പ്രദേശങ്ങളിൽ വൈദ്യുതി പൂർണ്ണമായും എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല.

4 ചേലക്കാട്ടു നിന്നും കിഴക്കോട്ടു കിടക്കുന്ന 11 കെ.വി. ലൈൻ താഴ്ന്നുകിടക്കുന്നു.

5. അപേക്ഷ സമർപ്പിച്ച മുഴുവൻ വീടുകൾക്കും വൈദ്യുതി നൽകുന്നതിന് കാലതാമസം നേരിടുന്നു.

6. മുഴുവൻ കോളനികളിലും വൈദ്യുതി പൂർണ്ണമായി എത്തിയിട്ടില്ല.

7. ടച്ചിംഗ് കാലാകാലങ്ങളിൽ മുറിച്ചുമാറ്റാത്തതിനാൽ വൈദ്യുതി വിതരണത്തിൽ തടസ്സം നേരിടുന്നു.

8. മുഴുവൻ വാർഡുകളിലും ആവശ്യത്തിന് സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിച്ചിട്ടില്ല.

9. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന തീരപ്രദേശങ്ങളിൽ വൈദ്യുതി പൂർണ്ണമായും എത്തിയിട്ടില്ല.

10. സ്റ്റെപ്പ് അപ്പ് ഉപയോഗിക്കുന്നതിനാൽ അമിതമായ ഉപയോഗം വൈദ്യുത പ്രതിസന്ധിക്ക് കാരണമാകുന്നുണ്ട്.

11. പുതിയതായി ലൈൻ വലിക്കേണ്ടതും, സിംഗിൾ ഫേസ് ലൈനുകൾ 3ഫേസ് ആക്കേണ്ടതുമായ നിരവധി പ്രദേശങ്ങൾ ഉണ്ട്.

12. സമീപ വസ്തു ഉടമ അനുവാദം നൽകാത്തതിനാൽ വൈദ്യുതി ലൈൻ വലിക്കുവാൻ കഴിയാതിരിക്കുകയും തന്മൂലം വർഷങ്ങളായി വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നതുമായ നിരവധി ഭവനങ്ങൾ പഞ്ചായത്തിലുണ്ട്.

13. കടലിൽ രാത്രികാല സമയങ്ങളിൽ മത്സ്യബന്ധനത്തിനു പോകുന്ന മത്സ്യത്തൊഴിലാളികൾക്ക് കര വ്യക്തമായി കാണാൻ കഴിയാത്ത അവസ്ഥ നിലനിൽക്കുന്നു.

## സാദ്ധ്യതകൾ

1. വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിലേക്കായി ആവശ്യമായ സ്ഥലങ്ങളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.
2. കറൻറുചാർജ് അടയ്ക്കുന്നതിനും, ഉപഭോക്താക്കളുടെ പരാതി ശ്രദ്ധയിൽ പെടുത്താനും പഞ്ചായത്തിൽ ഇലക്ട്രിസിറ്റി ബോർഡിൻെറ സബ്സെൻറർ സ്ഥാപിക്കുക.
3. ഹരിജൻ ഭവനങ്ങൾ കാലതാമസം കൂടാതെ വൈദ്യുതീകരിക്കുന്നതിന് സർക്കാർ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ കാര്യക്ഷമമാക്കുകയും പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കുകയും ചെയ്യുക.
4. വൈദ്യുതി കണക്ഷന് അപേക്ഷ സമർപ്പിക്കുന്ന മുറക്ക് കണക്ഷൻ നൽകുക.
5. മുഴുവൻ കോളനികളും വൈദ്യുതീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.
6. ലൈനുകളിലെ ടച്ചിംഗ് 6 മാസത്തിലൊരിക്കൽ വെട്ടുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക.
7. താഴ്ന്ന് കിടക്കുന്നതായ ലൈനുകൾ, പോസ്റ്റുകൾ എന്നിവ കാലാകാലങ്ങളിൽ വലിച്ചുകെട്ടുകയും, മാറ്റുകയും ചെയ്യുക.
8. പഞ്ചായത്തിൽ ആവശ്യമുള്ള സ്ഥലങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.
9. മത്സ്യബന്ധനത്തിന് പോകുന്ന തൊഴിലാളികൾക്ക് രാത്രി സമയങ്ങളിൽ കര കണ്ടുപിടിക്കുന്നതിന് സെർച്ച് ലൈറ്റുകൾ സ്ഥാപിക്കുക.
10. മുഴുവൻ മത്സ്യത്തൊഴിലാളി ഭവനങ്ങളും വൈദ്യുതീകരിക്കുന്നതിന് സർക്കാർ ആവിഷ്ക്കരിച്ചിരിക്കുന്ന തീരജ്യോതി നടപ്പിലാക്കുക.
11. സൂര്യതാപം, കാറ്റ്, തിരമാല എന്നിവയിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിൻെറ സാദ്ധ്യതകളെപ്പറ്റി പഠിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയമിക്കുക.
12. ഹരിപ്പാട് നിലവിലുള്ള ഗ്യാസ് ഏജൻസിയുടെ പരിധിയിൽ തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിനെ കൂടി ഉൾപ്പെടുത്തി ഗ്യാസ് വിതരണം നടത്തുക.
13. തീരജ്യോതി പദ്ധതി കാര്യക്ഷമമാക്കുക.
14. പുതിയ ലൈനുകൾ വലിക്കേണ്ട സ്ഥലങ്ങളിൽ ലൈൻ വലിക്കുകയും സിംഗിൾ ഫേസ്ലൈൻ ത്രീഫേസ് ലൈൻ ആക്കുകയും ചെയ്യുക.
15. വൈദ്യുതി ലൈൻ വലിക്കുന്നതിന് വസ്തു ഉടമയുടെ കൺസൻറ് വേണമെന്നുള്ള നിയമം പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.
16. വൈദ്യുതിയുടെ മോഷണം തടയുന്നതിന് മീറ്റർ റീഡറന്മാരുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.
17. വലിയപറമ്പ് എൽ.പി.എസ്, പാനൂർ എൽ.പി. എസ്, പല്ലന ഗവ. എൽ.പി.എസ്. അംഗനവാടികൾ എന്നിവ വൈദ്യുതീകരിക്കുക.

## പരിഹാരം

1. ലൈനുകളിലെ ടച്ചിംഗ് ജനകീയ പങ്കാളിത്തത്തോടുകൂടി മുറിച്ചു നീക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ പഞ്ചായത്ത് കമ്മറ്റി നടപടി സ്വീകരിക്കുന്നതിലൂടെ പാഴായിക്കൊണ്ടിരിക്കുന്ന ലക്ഷക്കണക്കിന് യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും.
2. ഗാർഹിക ഉപയോഗങ്ങൾക്കും ഉത്സവങ്ങൾക്കും, വിവാഹാവശ്യങ്ങൾക്കും, ആഘോഷങ്ങൾക്കും വേണ്ടി പാഴാക്കുന്ന വൈദ്യുതി സംരക്ഷിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുക.
3. ഇന്നു വൈദ്യുതി എത്താത്ത കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. നിർദ്ധനരായ ഈ കുടുംബങ്ങളിൽ വൈദ്യുതി എത്തിക്കുന്നതിന് ഉപാധിരഹിത ഫണ്ടിൽ നിന്ന് 10% നീക്കി വയ്ക്കുക.
4. രൂക്ഷമായിക്കൊണ്ടിരിക്കുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുവാൻ പഞ്ചായത്തിലെ എല്ലാ വീടുകളിലും പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്നതിന് പഞ്ചായത്ത് ജനകീയ സമിതികൾ രൂപീകരിക്കുക.

# പുതിയതായി ഇലക്ട്രിക് ലൈൻ വലിക്കേണ്ട സ്ഥലങ്ങൾ

| ക്രമ നമ്പർ | സ്ഥലം | സ്വഭാവം | വാർഡ് |
|---|---|---|---|
| 1 | പതിയാങ്കര വാട്ടർ ടാങ്ക് - പള്ളിമുക്ക് | 3 ഫേസ് | |
| 2 | സൗഹൃദജംഗ്ഷൻ - പടന്നക്കടവ് റോഡ് | സിംഗിൾ | |
| 3 | വാടച്ചിറ നിന്ന് - മോതീൻ കാട് ഭാഗം | സിംഗിൾ | 1 |
| 4 | എ.കെ.ഡി.എസ്. 70 വാടച്ചിറ റോഡിൽ | സിംഗിൾ | |
| 5 | ഞാറക്കാട് കിഴക്കുവശം | സിംഗിൾ | 2 |
| 6 | ചെറിയാശ്ശേരി ട്രാൻസ്ഫോർമർ - വടക്കേ അതിർത്തി | സിംഗിൾ | |
| 7 | വാട്ടർടാങ്ക് - കിഴക്കുംമുറി | സിംഗിൾ | |
| 8 | ചേലക്കാട് - പടിയിൽ | സിംഗിൾ | 4 |
| 9 | പള്ളിമുക്ക് - അമ്പലശ്ശേരി | 3 ഫേസ് | |
| 10. | കൊട്ടാംപള്ളി - വടക്കു തീരദേശം റോഡ് | സിംഗിൾ | |
| 11. | ബസാർ - മുട്ടുങ്ക ചിറ വരെ | സിംഗിൾ | 5 |
| 12. | വാടാച്ചിറ ഭാഗം | സിംഗിൾ | |
| 13. | പുതുവന ലക്ഷംവീട് കോളനി | സിംഗിൾ | |
| 14 | മട്ടാന ലക്ഷംവീട് കോളനി | സിംഗിൾ | 6 |
| 15 | കൊച്ചുപോച്ച - പള്ളിപ്പുര തെക്കതു വരെ | സിംഗിൾ | |
| 16 | വട്ടത്തറ - കരിയിൽക്കടവു വരെ | സിംഗിൾ | |
| 17 | കന്നയിൽ തെക്ക് - കിഴക്കേക്കാട്ടു വരെ | സിംഗിൾ | 7 |
| 18 | ലക്ഷ്മിത്തോപ്പ് കടത്തു കടവ് - പി.ഡബ്ല്യു. ഡി. റോഡിൽ ബംഗ്ലാവിൽ വരെ | സിംഗിൾ | |
| 19 | ബംഗ്ലാവ് - മീനത്തെ മൂല വഴി തട്ടാൻ ബ്ലോക്കു വരെ | സിംഗിൾ | |
| 20 | ലക്ഷ്മിത്തോപ്പ് - ഇലഞ്ഞിമൂടു വരെ | സിംഗിൾ | |
| 21 | കെ.വി. ജെട്ടി മുതൽ - തെറ്റിക്കാടു വരെ | സിംഗിൾ | 9 |
| 22 | വാര്യൻകാട് - അക്കൻെറ പറമ്പുവരെ | സിംഗിൾ | |
| 23 | കക്കാമടയ്ക്കൽ - വലിയപറമ്പ് | സിംഗിൾ | |
| 24 | അമ്പലശ്ശേരി - വാലേൽ വഴി അക്കൻെറ പറമ്പ് | സിംഗിൾ | 10 |
| 25 | കൊച്ചാറ്റ് - വളവൻകാടു വരെ | സിംഗിൾ | 11 |
| 26 | പള്ളിശാലിൽ നിന്നും വടക്കോട്ട് | സിംഗിൾ | |
| 27 | പരപ്പുങ്കൽ നിന്നും കൊച്ചുതറവരെ | സിംഗിൾ | |
| 28 | മേനാംവീട്ടിൽ നിന്നും വടക്കോട്ട് | സിംഗിൾ | 3 |

# പുതിയതായി സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| ക്രമ നമ്പർ | സ്ഥലം | വാർഡ് | സോഡിയം വേപ്പർ | ട്യൂബ് | ബൾബ് |
|---|---|---|---|---|---|
| 1 | പടന്നക്കടവ് സൗഹൃദ ജംഗ്ഷൻ റോഡ് | 1 | √ | √ | √ |
| | പള്ളിമൂക്ക് (സോഡിയം വേപ്പർ) | | | | |
| 2. | എ.കെ.ഡി.എസ്. വാടച്ചിറ, മുത്തേരി ജംഗ്ഷൻ | | | | |
| 3. | അക്കരക്കാരന്റെ പറമ്പിൽ വഴി - കാട്ടിൽ കിഴക്ക് | 2 | √ | √ | √ |
| 4. | പപ്പൻ മുക്ക് - ചേലക്കാട് ഗ്രാവൽ റോഡിൽ (അഞ്ചുതെങ്ങുവഴി) | | | | |
| | തൃക്കുന്നപ്പുഴ ജംഗ്ഷൻ (സോഡിയം വേപ്പർ) | | | | |
| 5. | ഉസ്മാൻ മുക്ക് - പള്ളിശാലിൽ വരെ | | | | |
| 6. | തൃക്കുന്നപ്പുഴ പല്ലന, കുറ്റിക്കാട് ബീച്ച് റോഡ് | | | | |
| 7 | മൂലൻകുഴിത്തറ പടിഞ്ഞാറ് | 3 | | | |
| | കൂർക്കത്തറ, പനയ്ക്കൽപാലം | | | | |
| 8 | അഞ്ചുതെങ്ങിൽ കടവ്, ചേലക്കാട് ജംഗ്ഷൻ (സോഡിയം വേപ്പർ) | | | | |
| 9. | വാട്ടർടാങ്ക് ജംഗ്ഷൻ - കിഴക്കേമുറി ജംഗ്ഷൻ വരെ | | | | |
| 10 | ചെറിയാശ്ശേരി ബീച്ചു റോഡിൽ | | | | |
| 11 | പപ്പൻ മുക്ക് ചേലക്കാട് റോഡിൽ | 4 | | | |
| 12 | കിഴക്കത്തേരി തെക്കുവശം ബീച്ചുറോഡിൽ | | | | |
| 13 | അമ്പലശ്ശേരി കടത്ത്, പള്ളിമൂക്ക് (സോഡിയം വേപ്പർ) | | | | |
| 14 | തയ്യിൽ | | | | |
| 15 | പുത്തേത്ത് വടക്കുവശം | | | | |
| 16 | കൊട്ടാരം പള്ളി വടക്കുവശം | | | | |
| 17 | തീരദേശ റോഡിൽ ട്രാൻസ്ഫോർമറിനടുത്ത് | 5 | | | |
| 18 | പുത്തമ്പുരയ്ക്കൽ നിന്നും തെക്കോട്ട് | | | | |
| 19 | വഴിവിളക്കില്ലാത്തിടങ്ങളിൽ | | | | |
| | പുത്തൻ പുരയ്ക്കൽ ജംഗ്ഷൻ (സോഡിയം വേപ്പർ) | 6 | | | |
| 20 | കൊച്ചുപോച്ച കിഴക്കതിൽ നിന്നും പള്ളിപ്പുരയ്ക്കൽ തെക്കതിൽ വരെ | | | | |
| 21 | വട്ടത്തറ തെക്കതിൽ മുതൽ കരയിൽ കടവ് റോഡ് വരെ | | | | |
| 22 | കന്നയിൽ കിഴക്കുവശം മുതൽ കിഴക്കേക്കാട്ടിൽ വരെ തോപ്പിൽ ജംഗ്ഷൻ (സോഡിയം വേപ്പർ) | 7 | | | |
| 23 | കുമാരനാശാൻ സ്മാരകത്തിൽ | | | | |
| 24 | കുമാരനാശാൻ സ്മാരകത്തിന് പടിഞ്ഞാറുവശം | | | | |
| 25 | വാർഡിൽ നിന്നും 4500 മീ. പുതിയ വൈദ്യുത ലൈൻ വലിക്കുകയും | | | | |
| | പോസ്റ്റുകളിൽ ലൈറ്റ് സ്ഥാപിക്കുക. 20 പോസ്റ്റിൽ ട്യൂബും ബാക്കി ബൾബുകളും. | 8 | | | |
| 26 | കുമാരകോടി കടവ് - കിഴക്കുവാർഡ് അതിർത്തി വരെ | | | | |
| 27 | കെ.വി. ജെട്ടിയിൽ നിന്നും കിഴക്കോട്ട് കാട്ടിൽ മാർക്കറ്റു വരെ | | | | |
| 28 | അമ്പലാശ്ശേരി - കോടാലിപ്പറമ്പ് കെ.വി. ജെട്ടി റൂട്ടിൽ കാട്ടിൽ മാർക്കറ്റ് (സോഡിയം വേപ്പർ) | | | | |

| ക്രമ നമ്പർ | സ്ഥലം | വാർഡ് | സോഡിയം വേപ്പർ | ട്യൂബ് | ബൾബ് |
|---|---|---|---|---|---|
| 29 | അമ്പലാശ്ശേരി കടവ് (സോഡിയം വേപ്പർ) | | | | |
| 30 | അമ്പലാശ്ശേരി - മണികണ്ഠൻ ചിറ റോഡ് | | | | |
| 31 | വാരിയം കാട് അക്കരെ പറമ്പ് റോഡിൽ | | | | |
| 32 | പടിയിൽ കടത്തു കടവിൽ (സോഡിയം വേപ്പർ) | | | | |
| 33 | കക്കാ മടയ്ക്കൽ - വലിയ പറമ്പ് റോഡിൽ | | | | |
| 34 | വലിയ പറമ്പ് ജംഗ്ഷനിൽ (സോഡിയം വേപ്പർ) | | | | |
| 35 | വാർഡിലെ മറ്റു പൊതുവഴികളിലും ലൈറ്റ് | 10 | | | |
| 36 | ചീരാച്ചേരി പാലം (സോഡിയം വേപ്പർ) | | | | |
| 37 | തൃക്കുന്നപ്പുഴ ചീർപ്പ്- തെക്കോട്ട് പൊതു വഴികളിൽ | | | | |
| 38 | തണ്ടാൻ കാട്ടിൽ നിന്ന് കിഴക്കോട്ട് | | | | |
| 39 | ഇടയില പറമ്പ് പുല്ലുകാട് റോഡ് | | | | |
| 40 | തണ്ടാൻകാട്ടിൽ നിന്ന് പടിഞ്ഞാറോട്ട് | | | | |

## പുതിയതായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

| ക്രമ നമ്പർ | സ്ഥലം | വാർഡ് |
|---|---|---|
| 1. | പടന്നക്കടവ് ജംഗ്ഷൻ | 1 |
| 2. | പുത്തമ്പൂരയ്ക്കൽ ജംഗ്ഷൻ | 6 |
| 3. | മണികണ്ഠൻ ചിറ | 10 |
| 4. | വലിയ പറമ്പ് | 10 |
| 5. | പുലയൻ തൈയ്യ് | 10 |

## പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകൾ

| | | |
|---|---|---|
| സാധാരണ ബൾബുകൾ | - | 274 |
| ട്യൂബുകൾ | - | 63 |
| മെർക്കുറി ലൈറ്റ് | - | 5 |
| ആകെ | | 342 |





# പാർപ്പിടം

മനുഷ്യജീവിതത്തിന് ഒഴിച്ചുകൂടാൻ കഴിയാത്ത മൂന്നു കാര്യങ്ങളാണ് ആഹാരം, വസ്ത്രം, പാർപ്പിടം. ജനങ്ങളുടെ എണ്ണം വർദ്ധിക്കുന്തോറും അവർക്ക് പാർപ്പിട സൗകര്യം ഉണ്ടായേ മതിയാകൂ. ആവശ്യാനുസരണം വീടുകൾ വർദ്ധിക്കുന്നില്ലെങ്കിൽ ഓരോ വീടുകളിലുമുള്ള ആളുകളുടെ എണ്ണം വർദ്ധിക്കുന്നതുമൂലം സുഖസൗകര്യങ്ങളുടെ ലഭ്യത കുറവും ആരോഗ്യ പ്രശ്നവും ഉടലെടുക്കുന്നു. ഇൻഡ്യയിലെ പാർപ്പിട പ്രശ്നത്തിൻെറ പ്രധാന കാരണങ്ങൾ ക്രമാതീതമായ ജനസംഖ്യാ വർദ്ധനവും നഗരവൽക്കരണത്തിൻെറ വളരെ വേഗതയിലുള്ള വളർച്ചയുമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 5214 ഭവനമുള്ളതിൽ, ദാരിദ്ര രേഖയ്ക്ക് താഴെയായി 2867 വീടുകളാണുള്ളത്. അതിൽ കോൺക്രീറ്റ് വീടുകൾ 483 എണ്ണവും, ഓടിട്ടവ 2225ഉം ഓലപ്പുര 3262ഉം ആണ്. (വീടും, കടയും ഉൾപ്പെടെ). പഞ്ചായത്തിൽ ഏറ്റവും കൂടുതൽ ഓലപ്പുരയുള്ളത് 9-ാം വാർഡിലാണ് - 430. ഏറ്റവും കൂടുതൽ പാർപ്പിടം നഷ്ടപ്പെടുന്നതിലും ടി വാർഡ് തന്നെയാണ് മുൻ പന്തിയിൽ. കാലവർഷാരംഭത്തിൽ തന്നെ വെള്ളത്തിനടിയിലാകുന്ന 9-ാംവാർഡ് ലക്ഷ്മിത്തോപ്പ് പ്രദേശത്തുള്ള ജനങ്ങൾ പ്രകൃതിക്ഷോഭം ശക്തി പ്രാപിക്കുന്നതോടെ ആശ്വാസ കേന്ദ്രങ്ങളിൽ അഭയം തേടുന്ന കാഴ്ച എല്ലാ വർഷവും കാണാവുന്നതാണ്. അതിനാൽ ഉറപ്പുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് ഈ പ്രദേശത്തിന് കൂടുതൽ പരിഗണന നൽകേണ്ടതാണ്. ഈ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ കോൺക്രീറ്റ് വീടുകൾ ഉള്ള പഞ്ചായത്ത് സിരാകേന്ദ്രമായ 3-ാം വാർഡാണ്. ലക്ഷങ്ങൾ മുടക്കി ആഡംബരമായി ഭവനങ്ങൾ നിർമ്മിക്കുന്നുണ്ടെങ്കിലും മറ്റു വാർഡുകളിൽ ഈ പ്രവണത വളരെ കുറഞ്ഞ നിരക്കിലാണ് കാണുന്നത്.

ഭവന നിർമാണരംഗത്ത് പല ഏജൻസികളും പ്രവർത്തിക്കുന്നുണ്ടെങ്കിലും തൃക്കുന്നപ്പുഴയിലുള്ള ആലപ്പുഴ ജില്ലാ സഹകരണബാങ്ക് മാത്രമാണ് ചെറിയ തോതിലെങ്കിലും ഈ രംഗത്തേക്ക് കടന്നു വന്നിട്ടുള്ളത്.

പഞ്ചായത്തിൻെറ 1 മുതൽ 8 വാർഡുകൾ കടലുമായി ബന്ധപ്പെട്ടു കിടക്കുന്നതിനാൽ പാർപ്പിട പ്രശ്നത്തിൽ വളരെ ബുദ്ധിമുട്ട് ഈ പ്രദേശത്ത് അനുഭവപ്പെടുന്നുമുണ്ട്. കേന്ദ്ര ഗവ. ൻെറ തീരപരിപാലന നിയമം മൂലം ഏറ്റവും ബുദ്ധിമുട്ടുന്നത് ടി വാർഡുകളിൽ തിങ്ങിപ്പാർക്കുന്ന മത്സ്യത്തൊഴിലാളികളാണ്. ഇവർക്ക് വീട് നിർമ്മിക്കുവാൻ വേറെ സ്ഥലം ഇല്ലെന്നുള്ളതും, മറ്റു പ്രദേശങ്ങളിലേക്ക് മാറി താമസിക്കുമ്പോൾ തൊഴിൽ പരമായ ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലും ഓരോ കുടുംബത്തിലും നാലഞ്ചു കുടുംബങ്ങൾ ഒന്നിച്ചു താമസിക്കുന്നു. പലപ്പോഴും ആരോഗ്യപ്രശ്നം ഉണ്ടാകുന്നു. ഭവനരഹിതരുടെ പ്രശ്നം പരിഹരിക്കണമെങ്കിൽ അവർക്ക് ഭൂമി ലഭ്യമാക്കേണ്ടതുണ്ട്. സർക്കാർ പുറമ്പോക്ക് ഭൂമി, പഞ്ചായത്ത് ലീസ് ഭൂമി എന്നിവ ഇതിനായി ഉപയോഗപ്പെടുത്തണം.

കടലാക്രമണത്തിന് വിധേയരായി നാല് ഭവനരഹിതരായ കുടുംബങ്ങൾ പാനൂർ ഗവ. എൽ.പി.എസ്. കെട്ടിടത്തിൽ കഴിയുന്നുണ്ട്. സ്കൂ

ളിൻെറ പുരോഗതിയെ ഇത് വളരെയേറെ ബാധിച്ചിട്ടുണ്ട്. അതിനാൽ ടി കുടുംബങ്ങൾക്ക് വീടു നൽകി പുനഃരധിവസിപ്പിക്കേണ്ടതാണ്. അടുത്ത അഞ്ചുവർഷംകൊണ്ട് ദുർബല വിഭാഗങ്ങളുടെ പാർപ്പിടപ്രശ്നം സമയബന്ധിതമായി ആസൂത്രണം ചെയ്ത് നടപ്പിലാക്കി ഈ പ്രശ്നത്തിന് പരിഹാരം കാണാൻ നാം എല്ലാവരും ഉണർന്ന് പ്രവർത്തിക്കണം.

**പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ താഴെപ്പറയുന്ന ചില നിർദ്ദേശങ്ങൾ പരിഗണിക്കാവുന്നതാണ്.**

1. പഞ്ചായത്ത് തലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം രൂപീകരിക്കുക. (ലേബർ കോൺട്രാക്റ്റ് സഹകരണ സംഘത്തിൻെറ പ്രയോജനം ഉൾപ്പെടുത്തുക)
2. സർക്കാർ ലഭ്യമാക്കുന്ന വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
3. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
4. അപേക്ഷകൾ ഗ്രാമപഞ്ചായത്ത് വഴി വിതരണം ചെയ്യുക.
5. നിർമ്മാണ ചിലവ് 2 ലക്ഷം രൂപായ്ക്ക് മുകളിലുള്ള വീടുകൾക്ക് കർശനമായി പരിധി ഏർപ്പെടുത്തുക
6. സ്റ്റേജ് സർട്ടിഫിക്കറ്റ് നൽകുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്ത് മെമ്പറന്മാർക്ക് നൽകുക.
7. ചിലവ് കുറഞ്ഞ വീടുകൾക്ക് പ്രചരണം നൽകുക.
8. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി 50000 രൂപായായി ഉയർത്തുക
9. രജിസ്ട്രാഫീസിലെ അമിത ഫീസ് ഇല്ലാതാക്കുക
10. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിതരണത്തിൽ സിവിൽ- സപ്ലൈസ് ഇടപെടുക.
11. ഐ എ വൈ, എം.ഡബ്ല്യു.എസ്., ജെ.ആർ. വൈ., ആർ.എൽ.ഇ.ജി.പി എന്നിവ കാലോചിതമായി പരിഷ്ക്കരിക്കുക.
12. പ്രകൃതിക്ഷോഭ പുനരധിവാസ പദ്ധതി 15,000 രൂപായിൽ നിന്ന് 30000 രൂപായായി ഉയർത്തുക.
13. മൈത്രീ ഭവന നിർമാണ പദ്ധതിയുടെ ചുമതല പഞ്ചായത്ത് സ്ഥാപനങ്ങളെ ഏൽപ്പിക്കുക.
14. ഭവന നിർമാണ വായ്പയുടെ പലിശനിരക്ക് കുറയ്ക്കുക
15. ധനകാര്യസ്ഥാപനങ്ങൾ വർഷംതോറും നിശ്ചിത ശതമാനം വായ്പ ഭവന നിർമാണ രംഗത്തേക്ക് നൽകുക.

പഞ്ചായത്തിലെ കുടിലുകൾ മാറ്റിയെടുക്കലും ഭവന രഹിതർക്ക് വീട് നിർമിച്ച് നൽകുവാനും സർക്കാർ വിവിധ ഏജൻസികളിലൂടെ ഇപ്പോൾ ലഭ്യമാകുന്ന വായ്പകൾ കൊണ്ടും സഹായങ്ങൾ കൊണ്ടും കാര്യമായി കഴിയില്ലെന്ന് എല്ലാവർക്കും അറിയാം. വാർഡുതലത്തിൽ ഗുണഭോക്താക്കളുടേയും സന്നദ്ധ സംഘടനകളുടേയും യോഗം വിളിച്ചു ചേർത്ത് ഗുണഭോക്താക്കൾ എത്രരൂപ സമാഹരിക്കാൻ കഴിയുമെന്ന് മനസ്സിലാക്കി സർക്കാർ ഫണ്ടിന് പുറമേ സാധനങ്ങളും മനുഷ്യ വിഭവശേഷിയും ഉൾപ്പെടുത്തി കൂട്ടായ യത്നത്തിൽ കൂടി ഇതിന് പരിഹാരം കാണാവുന്നതാണ്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം ഗ്രാമ പഞ്ചായത്തിനെ ഏൽപ്പിക്കണം.

റവന്യൂ വകുപ്പ്, പ്രകൃതി ക്ഷോഭത്താൽ വീട് നഷ്ടപ്പെട്ടവർക്കുള്ള പുനരധിവാസ പദ്ധതി 94-95ൽ നാമമാത്രമായ തുക മാത്രമാണ് വില്ലേജ് ഓഫീസ് മുഖേന വിതരണം ചെയ്തിട്ടുള്ളത് നഷ്ടത്തിൻെറ 5% പോലും തികയില്ല ഈ തുക.

**ഗ്രാമസഭകളിൽ നിന്നും പൊതുവായി ഉണ്ടായ നിർദ്ദേശങ്ങൾ**

1. ദുർബല വിഭാഗങ്ങളിലേയും കോളനികളിലേയും ഭവനങ്ങൾക്ക് സംഭവിച്ചിരിക്കുന്ന കേടുപാടുകൾ തീർക്കുവാൻ ആവശ്യമായ സാമ്പത്തിക സഹായം നൽകുക.
2. ഓലമേഞ്ഞ വീടുകൾക്ക് പുരകെട്ടി മേയാൻ വർഷംതോറും ധനസഹായം നൽകുക.

3. സ്വന്തമായി ഭൂമി ഇല്ലാത്ത പാവപ്പെട്ടവർക്കും, എസ്സി/എസ്റ്റി വിഭാഗങ്ങൾക്കും പഞ്ചായത്ത് ഭൂമിയും വീടും നൽകുക.
4. മത്സ്യത്തൊഴിലാളി ഭവന നിർമാണ പദ്ധതിക്ക് അനുവദിച്ചിട്ടുള്ള തുക കാലോചിതമായി പരിഷ്ക്കരിക്കുക.
5. സഹകരണസംഘങ്ങൾ മുഖേന ഭവന നിർമാണ വായ്പകൾ വിതരണം ചെയ്യുക.

## റേഷൻ ഷാപ്പ് (പൊതുവിതരണ കേന്ദ്രം)

പൊതുവിതരണ രംഗത്ത് സാധാരണ ജനങ്ങൾ ദൈനം ദിന ആവശ്യം നിറവേറ്റുന്നതിന് ആശ്രയിക്കുന്ന ഏറ്റവും താഴെ ഘടകമാണ് റേഷൻഷാപ്പ്. ഉപ്പുതൊട്ട് കർപ്പൂരം വരെ എന്തും വിലകൊടുത്ത് വാങ്ങാനിറങ്ങുന്ന ഉപഭോക്താവിന്റെ മുന്നിൽ എണ്ണമറ്റ ചതിക്കുഴികൾ രൂപം കൊണ്ടിരിക്കുന്ന കാഴ്ച പൊതുവിതരണ ശൃംഖലയിലുൾപ്പെടെ എല്ലാ മേഖലകളിലും കാണാൻ കഴിയും. ഈ ഗ്രാമ പഞ്ചായത്തിൽ ഉള്ള റേഷൻ ഷാപ്പുകളിലായി 4872 കാർഡുകൾ ഉണ്ട്. മൊത്തം ഗുണഭോക്താക്കൾ 24,953ൽ മേജർ 20769ഉം മൈനർ 4184ഉം വൈദ്യുതി ഇല്ലാത്ത കുടുംബങ്ങൾ 2773ഉം വൈദ്യുതി ഉള്ള 2099ഉം കുടുംബങ്ങളും 11 വാർഡുകളിലായി ഉണ്ട്. 3-ം വാർഡിൽ ഒരു മാവേലി സ്റ്റോർ പ്രവർത്തിക്കുന്നു. എന്നാൽ ഓപ്പൺ മാർക്കറ്റുമായി കിടപിടിക്കാൻ ആവശ്യാനുസരണം നിത്യോപയോഗ സാധനങ്ങൾ കിട്ടാത്തതിനാൽ കച്ചവടം കുറവാണ്. സഹകരണ ബാങ്കുകളിലൂടെ ഓണച്ചന്തകൾ മാത്രമാണ് നടത്തുന്നത്.സാധാരണക്കാരന് സാധനങ്ങൾ ന്യായവിലയ്ക്ക് വാങ്ങുവാൻ പഞ്ചായത്തിൽ വിവിധ മേഖലകൾ (പല്ലന, കാട്ടിൽ മാർക്കറ്റ്) കേന്ദ്രമാക്കി മേഖലാ കേന്ദ്രങ്ങൾ തുറന്നു പ്രവർത്തിക്കേണ്ടതാണ്. പാചകാവശ്യത്തിനുള്ള ഗ്യാസ് ലഭിക്കുന്നതിന് തൃക്കുന്നപ്പുഴ പഞ്ചായത്തിനെകൂടി ഉൾപ്പെടുത്തുക.

## ഗ്രാമസഭകളിൽ നിന്ന് പൊതുവായി ഉണ്ടായ അഭിപ്രായങ്ങൾ

1. റേഷൻ ഷാപ്പുവഴി ഗുണനിലവാരമുള്ള ഭക്ഷ്യസാധനങ്ങൾ വിതരണം ചെയ്യുക.
2. പാചകാവശ്യത്തിന് കുറഞ്ഞത് 15 ലിറ്റർ മണ്ണെണ്ണയ്ക്ക് പെർമിറ്റ് നൽകുക.
3. വൈദ്യുതീകരിച്ച വീട്ടുകാർക്ക് 5 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീട്ടുകാർക്ക് 8 ലിറ്റർ മണ്ണെണ്ണയും അനുവദിക്കുക.
4. ഇപ്പോൾ വിതരണം നടത്തി വരുന്ന ഭക്ഷ്യവസ്തുക്കൾ കൂടാതെ പയർവർഗ്ഗങ്ങൾ ഉൾപ്പെടെ നിത്യോപയോഗ സാധനങ്ങൾ റേഷൻ ഷാപ്പ് വഴി വിതരണം ചെയ്യുക.
5. റേഷൻ ഷാപ്പ് വഴി വിതരണം ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ തോത് കാർഡ് ഉടമകൾക്ക് (റവ, മൈദ, ഗോതമ്പ്) അറിയാൻ കഴിയാത്തതിനാൽ വളരെ ചൂഷണം നടക്കുന്നു. ഇത് അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുക.
6. ഒരു വീട്ടിലെ ഒരംഗത്തിന് പ്രതിമാസം 1 കിലോ പഞ്ചസാര എന്ന തോതിൽ വിതരണം നടത്തുക.
7. റേഷൻ ഷാപ്പുകളിലെ അളവ് - തൂക്കങ്ങളിലെ അപാകത പരിഹരിക്കുക
8. റേഷൻ ഷോപ്പ് പരിശോധിക്കുവാനും, ക്രമക്കേടുകൾക്ക് പരിഹാരം കാണാനും ജനപ്രതിനിധികൾക്ക് കൂടുതൽ അധികാരങ്ങൾ നൽകുക.
9. ഉപഭോക്തൃ പ്രസ്ഥനാനത്തെക്കുറിച്ച് പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം നടത്തുക.

# Sales details of Commodities issued from Maveli Store Thrikkunnapuzha for the year 1991 to 1996

| Sl. No. | Name of Commodity | 1991 | 1992 | 1993 | 1994 | 1995 |
|---|---|---|---|---|---|---|
| 1 | അരി | 67308 | 45989 | 57008 | 51010 | 55950 |
| 2 | പാമോയിൽ | 2709 | 18031 | 24000 | 21011 | 1909 |
| 3. | പഞ്ചസാര | 3408 | 3070 | 2809 | 3501 | 3966 |
| 4. | തേയില | 363 | 295 | 407 | 318 | 384 |
| 5. | ചെറുപയർ | 9004 | 11365 | 10070 | 11080 | 10906 |
| 6. | വൻ പയർ | 389 | 421 | 475 | 510 | 425 |
| 7. | ഉഴുന്നുപരിപ്പ് | 508 | 594 | 569 | 601 | 634 |
| 8. | ഉഴുന്നുപിളർപ്പ് | 87 | 51 | 38 | 59 | 25 |
| 9. | കടല വലുത് | 494 | 508 | 373 | 419 | 466 |
| 10. | കടല ചെറുത് | - | 67 | 49 | 84 | 25 |
| 11. | തുവര | 289 | 174 | 216 | 195 | 172 |
| 12 | പീസ് പരിപ്പ് | 649 | 581 | 499 | 480 | 506 |
| 13. | കടുക് | 117 | 98 | 125 | 130 | 86 |
| 14. | മുളക് | 1494 | 1008 | 1114 | 1309 | 1296 |
| 15. | മല്ലി | 744 | 538 | 480 | 575 | 650 |
| 16. | ജീരകം | 64 | 59 | 61 | 58 | 55 |
| 17. | ഉലുവ | 43 | 67 | 49 | 54 | 50 |
| 18. | മഞ്ഞൾ | 108 | 85 | 79 | 63 | 72 |
| 19. | ശർക്കര | 205 | 109 | 200 | 190 | 100 |
| 20. | ചെറുപയർപരിപ്പ് | 217 | 199 | 153 | 207 | 197 |

| വർഷം | കാർഡ് ഉടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ | | | | | | | മണ്ണെണ്ണ | | | യമഹാ വഴി |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | NE | E | ആകെ | മേജർ (12 വയസ്സിനു മുകളിൽ) | മൈനർ (3-12 വയസ്സ്) | ആകെ | അരി എല്ലാ ഇനവും | ഗോതമ്പ് | റവ | മൈദ | പഞ്ചസാര | പാമോയിൽ | ആകെ | പെർമിറ്റുകളുടെ എണ്ണം | പെർമിറ്റുവഴി വിതരണം ചെയ്തത് | കാർഡുവഴി വിതരണം ചെയ്തത് | |
| 1991-92 | 2985 | 1564 | 4549 . | 19299 | 4836 | 24135 | 10980 ക്വിൻറൽ | 1819 ക്വിൻറൽ | 17.46 | 99.17 | 1726 | 115.58 | | 96 | 5760 ലിറ്റർ | 198378 ലിറ്റർ | 612000 ലിറ്റർ |
| 92-93 | 2996 | 1574 | 4570 | 19340 | 4870 | 24210 | 10280 | | 1650 | 4.50 | 90.00 | 1765 | | 99 | 5946 | 199570 | 610000 |
| 93-94 | 3005 | 1575 | 4580 | 19360 | 4884 | 24244 | 10120. | 1274 | 33.60 | 63.91 | 1366 | 00.61 | | 114 | 4563 | 200170 | 609015 |
| 94-95 | 3005 | 1575 | 4580 | 19360 | 4884 | 24244 | 9876 | 1088 | 25.60 | 66.61 | 1360. | - | - | 114 | 5238 | 201280 | 611376 |
| 95-96 | 2773 | 2099 | 4872 | 20769 | 4184 | 24953 | 6871 | 1535 | 45.97 | 175.23 | 1371. | - | - | 186 | 15204 | 171326 | 671376 |



# സാമൂഹ്യക്ഷേമം

വികസനം ആഗ്രഹിക്കുന്ന എല്ലാ രാഷ്ട്രങ്ങളും അവിടുത്തെ മാനുഷികവിഭവശേഷിയെ പരിപോഷിക്കുന്നതിനും, സാമൂഹ്യക്ഷേമം ഉറപ്പു വരുത്തുന്നതിനും പ്രത്യേകം ശ്രദ്ധയും താല്പര്യവും പ്രകടിപ്പിക്കുന്നതായി നാം കണ്ടു വരുന്നു. കേന്ദ്രസംസ്ഥാന ഗവ.കൾ സാമൂഹ്യക്ഷേമരംഗത്ത് ഒന്നാം പഞ്ചവത്സരപദ്ധതിയിൽ തന്നെ ശ്രദ്ധിച്ചിരുന്നു. പ്രീ. സ്കൂൾ കുട്ടികൾക്ക് ഭക്ഷണം നൽകുക, ശിശുക്ഷേമ പദ്ധതികൾ പെൻഷൻ പദ്ധതികൾ തുടങ്ങി ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്.

ഈ പദ്ധതിക്ക് പുറമേ പട്ടികജാതി പട്ടികവർഗ്ഗ വികസനത്തിനും, ഉന്നമനത്തിനാമായിപട്ടികജാതി വികസനകോർപ്പറേഷനും, വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിച്ചു വരുന്നു.

നിലവിലുള്ള പദ്ധതികളുടെ അപര്യാപ്തത വളരെ പ്രകടമാണ്. പദ്ധതിയെക്കുറിച്ചുള്ള അറിവില്ലായ്മ, അർഹതപ്പെട്ടവർക്ക് ലഭിക്കാതിരിക്കുക, ഉദ്യോഗസ്ഥന്മാരുടെ കടും പിടിത്തം, ഉപയോഗിക്കുമ്പോഴുണ്ടാകുന്ന സാങ്കേതിക പ്രശ്നങ്ങൾ എന്നിവ എടുത്ത് പറയേണ്ടതാണ്. നമ്മുടെ ഗ്രാമപഞ്ചായത്തിൽ കൂടിവിതരണം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികൾ അനുബന്ധം 1ൽ ചേർക്കുന്നു.

മത്സ്യതൊഴിലാളികളും, കയർതൊഴിലാളികളും കൂടുതലായുള്ള ഈ പഞ്ചായത്തിൽ വീടുകൾ തൊട്ടടുത്തടുത്തായതിനാൽ കുട്ടികളുടെ ആരോഗ്യക്ഷേമപരിപാടികൾ കാര്യക്ഷമമായി ബന്ധപ്പെട്ട ഡിപ്പാർട്ട്മെൻറിന് നടത്തുവാൻ കഴിയുന്നില്ല എന്നുള്ളത് വസ്തുതയാണ്. വാർഡിലെ മുഴുവൻ ജനങ്ങൾക്കും ആരോഗ്യരക്ഷ ഉറപ്പുവരുത്തുവാൻ നടപടി സ്വീകരിക്കുന്നതോടൊപ്പം പരിസരശുചിത്വം സ്വയം നടത്തുവാൻ ആവശ്യമായ ബോധവൽക്കരണവും വാർഡുതലത്തിൽ സംഘടിപ്പിക്കേണ്ടതാണ്.

60 വയസ്സ് പൂർത്തിയായ പാവപ്പെട്ടവർക്കെല്ലാം പെൻഷൻ വേണമെന്നും കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷൻ കാലതാമസം കൂടാതെ വിതരണം ചെയ്യണമെന്നും ഗ്രമസഭകളിൽ നിന്ന് ഉയർന്ന് വന്ന അഭിപ്രായമാണ്.

നമ്മുടെ ഗ്രാമപഞ്ചായത്തിൽ 19 അംഗനവാടികളിലായി ഉദ്ദേശം 550ഓളം കുട്ടികൾ പഠിക്കുന്നുണ്ട്. മിക്ക അംഗനവാടികൾക്കും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ല. പ്രാഥമിക സൗകര്യങ്ങളുടെ കുറവും അവർക്കുവേണ്ട കളിക്കോപ്പുകളുടെ അഭാവവും ദൂരീകരിക്കുവാൻ അടിയന്തിരമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. ഗവ. പല ക്ഷേമപരിപാടികളിലായി നിരവധി ആളുകൾ പെൻഷൻ വാങ്ങിക്കൊണ്ടിരിക്കുന്നു. എന്നാൽ അർഹതയുള്ളവർക്ക് പെൻഷൻ ലഭിക്കാനും, അനർഹരെ ഒഴിവാക്കാനും കഴിയണം.

സ്ത്രീ പീഠനം മൂലം ദുരിതമനുഭവിക്കുന്നവരെ നിയമപരമായ സഹായിക്കുന്ന കുടുംബകോടതികളുടെ പ്രവർത്തനം പഞ്ചായത്തിനേ കൂടി ഉൾപ്പെടുത്തുകയും, പരാതി സ്വീകരിച്ച് ടി കോടതിക്ക് റഫർ ചെയ്യാൻ പഞ്ചായത്തിനെ അനുവദിക്കുകയാണെങ്കിൽ വളരെ പ്രയോജനം ലഭിക്കും.

ഐ.ആർ.ഡി.പി.യുടെ സർവ്വേ ലിസ്ററ് പുതുക്കാൻ കാലതാമസം നേരിടുന്നതിനാൽ ധാരാളം പാവപ്പെട്ടവർ ബുദ്ധിമുട്ട് അനുഭവിക്കുകയാണ്. ബാങ്കുകളുടെ നിഷേധാത്മക നിലപാടിൽ മാറ്റം വരുത്തേണ്ടതും ആവശ്യമാണ്.

മരണം, അപകടങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക. ഇതിന് ഗ്രാമ പഞ്ചായത്ത് പ്രസിഡൻറിന് ഒരു ഫണ്ട് രൂപീകരിക്കുവാനും അതിൽ നിന്ന് തൽക്കാല സഹായം ചെയ്തുകൊടുക്കണമെന്നും ഗ്രാമസഭകളിൽ നിന്ന് പൊതുവായി നിർദ്ദേശം ഉണ്ടായി.

## ഗ്രാമസഭകളിൽ നിന്ന് പൊതുവായി ഉയർന്ന് വന്ന നിർദ്ദേശങ്ങൾ

1. ഐ.ആർ.ഡി.പി. ലിസ്റ്റ് എത്രയും വേഗം പുതുക്കുക
2. കുട്ടികൾക്കും ഗർഭിണികൾക്കുമുള്ള ആരോഗ്യപ്രവർത്തനങ്ങൾ വാർഡുതലത്തിൽ നടത്തുവാൻ നടപടി സ്വീകരിക്കുക.
3. കാലതാമസം കൂടാതെ പെൻഷൻ വിതരണം ചെയ്യുക.
4. മരണം അപകടങ്ങൾ, രോഗങ്ങൾ എന്നിവയ്ക്ക് പഞ്ചായത്ത് സാമ്പത്തിക സഹായം നൽകുക.
5. ആരോഗ്യവകുപ്പിൻെറ നേതൃത്വത്തിൽ ബോധവൽക്കരണം വാർഡുതലത്തിൽ നടപ്പിലാക്കുക.
6. തൊഴിലില്ലായ്മാവേതനം, കർഷകതൊഴിലാളി പെൻഷൻ, വിധവാ പെൻഷൻ, അഗതി പെൻഷൻ, വാർദ്ധക്യകാലപെൻഷൻ, ക്ഷയരോഗം പെൻഷൻ, ക്യാൻസർ പെൻഷൻ തുടങ്ങി എല്ലാ പെൻഷനുകളുടേയും തിരഞ്ഞെടുപ്പും, വിതരണവും ഗ്രാമപഞ്ചായത്തിനെ ഏല്പിക്കുക.

## (Trysem) ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

| വാർഡ് നമ്പർ | പരിശീലന വിഷയത്തിൻെറ പേര് | പരിശീലനം ലഭിച്ചവരുടെ എണ്ണം | സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം | ഇതരതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ എണ്ണം |
|---|---|---|---|---|
| 1 | ഇല്ട്രോണിക്സ് | 2 | - | 2 |
| | കംമ്പോസിംഗ് | 3 | - | 1 |
| 3 | ഇലക്ട്രീഷ്യൻ | 1 | 1 | 3 |
| | കംമ്പോസിംഗ് | 1 | - | - |
| 5 | സ്പ്രേ പെയിൻറിംഗ് | 1 | - | 1 |
| 8 | ഫുഡ് പ്രോസസിംഗ് | 2 | 2 | - |
| | മരപ്പണി | 1 | - | - |
| | ഇലക്ട്രീഷ്യൻ | 10 | 07 | 3 |
| | കയർപിരി | 23 | 23 | - |

# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് പെൻഷൻ ധനസഹായം സംബന്ധിച്ച വിവരങ്ങൾ

| വർഷം | അഗതി പെൻഷൻ | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർദ്ധക്യകാല പെൻഷൻ | ക്ഷയരോഗ പെൻഷൻ | ക്യാൻസർ രോഗി പെൻഷൻ |
|---|---|---|---|---|---|---|
| 1992 | - | 32 | 38 | 22 | 4 | 1 |
| 1993 | - | 17 | 21 | 10 | 22 | 1 |
| 1994 | - | 11 | 5 | 5 | 29 | 2 |
| 1995 | - | 129 | 8 | 2 | 20 | 7 |
| 1996 | 34 | 120 | - | - | - | - |

# പ്രകൃതിക്ഷോഭം മൂലം വീടുകൾക്കു അറ്റകുറ്റപ്പണിക്കുവേണ്ടി കിട്ടിയ ധനസഹായം

| വർഷം | തുക | വീടുകളുടെ എണ്ണം |
|---|---|---|
| 1994-95 | 65950 | 122 |

## DWCRA പദ്ധതിപ്രകാരം തൃക്കുന്നപ്പുഴ പഞ്ചായത്തിൽ രൂപപ്പെട്ട തൊഴിൽ സംരംഭങ്ങളുടെ വിവരം

| വാർഡ് നമ്പർ | തൊഴിൽ സംരംഭത്തിൻെറ ഇനം | ആരംഭിച്ച വർഷം | പ്രവർത്തിക്കുന്ന അംഗങ്ങളുടെ എണ്ണം | പ്രവർത്തനക്ഷമത സംബന്ധിച്ച കുറിപ്പ് |
|---|---|---|---|---|
| 8 | കമ്പി കാർപെറ്റ് | 92-93 | 10 | ഫാക്ടറി |
| 8 | കയർപിരി | 92-93 | 13 | ഫാക്ടറി |

## ഗ്രാമീണ കൈത്തൊഴിലുകാർക്ക് ആധുനിക ഉപകരണങ്ങും നൽകുന്ന പരിപാടി (RAD)

| വാർഡ് നമ്പർ | സഹായം ലഭിച്ചവരുടെ എണ്ണം | ഇനി സഹായത്തിന് അർഹതയുള്ളവരുടെ എണ്ണം | ഇനം |
|---|---|---|---|
| 1 | 3 | - | കാർപ്പെൻററി |
| 3 | 1 | - | ബ്ലാക്ക്സ്മിത്ത് |
| 8 | 4 | - | കാർപ്പെൻററി |
| 11 | 1 | - | മേസൺ |

# IRDP ലോൺ വിതരണം സംബന്ധിച്ച് ലഭ്യമായ വിവരം

| വർഷം | ബാങ്കിന്റെ ഏരിയാ | ബാങ്കിന്റെ പേര് | തുക |
|---|---|---|---|
| 1991-92 | തൃക്കുന്നപ്പുഴ സർക്കിൾ (എസ്.സി) | ധനലക്ഷ്മി ബാങ്ക് | 48500 |
| | | കാനറാ ബാങ്ക് | 3500 |
| | പല്ലന സർക്കിൾ (എസ്.സി) | എസ്.ബി.റ്റി. ഡാണാപ്പള്ളി | 26600 |
| | തൃക്കുന്നപ്പുഴ സർക്കിൾ (മറ്റുള്ളവ) | കാനറാബാങ്ക് ധനലക്ഷ്മി ബാങ്ക് | 59335 |
| | പല്ലന സർക്കിൾ (മറ്റുള്ളവ) | ധനലക്ഷ്മി ആൻറ് എസ്.ബി.റ്റി. | 43000 |
| 1992-93 | തൃക്കുന്നപ്പുഴ സർക്കിൾ (എസ്.സി) | ധനലക്ഷ്മി, കോ-ഓപ്പറേറ്റീവ്, | |
| | | കോ-ഓപ്പറേറ്റീവ് ബാങ്ക് ന.855 | 48950 |
| | പല്ലന സർക്കിൾ (എസ്.സി) | എസ്.ബി.റ്റി. ഡാണാപ്പടി | 30900 |
| | | എസ്.സി.ബി. 1689 | |
| | തൃക്കുന്നപ്പുഴ മറ്റുള്ളവർ | കാനറാബാങ്ക് | 6000 |
| | പല്ലന സർക്കിൾ മറ്റുള്ളവർ | എസ്.ബി.റ്റി. ഡാണാപ്പടി | 94934 |
| | | എസ്.സി.ബി. 855 | |
| 1993-94 | തൃക്കുന്നപ്പുഴ സർക്കിൾ (എസ്.സി) | ധനലക്ഷ്മിബാങ്ക് | 21550 |
| | പല്ലനസർക്കിൾ (എസ്.സി) | എസ്.ബി.റ്റി. ഡാണാപ്പടി, ധനലക്ഷ്മി | 90210 |
| | തൃക്കുന്നപ്പുഴ (മറ്റുള്ളവർ) | എസ്.ബി.റ്റി. ഡാണാപ്പടി | 20001 |
| | പല്ലന (മറ്റുള്ളവർ) | എസ്.സി.ബി. 1689 | 93448 |
| 1994-95 | തൃക്കുന്നപ്പുഴ (എസ്.സി) | എസ്.സി.ബി. 1689 | 42520 |
| | പല്ലന " | ധനലക്ഷ്മി | |
| | | കാനറബാങ്ക് | 43667 |
| | തൃക്കുന്നപ്പുഴ (മറ്റുള്ളവർ) | ധനലക്ഷ്മി, കാനറാ | 69000 |
| | പല്ലന " | എസ്.ബി.റ്റി. ഡാണാപ്പടി | 71000 |
| | | ധനലക്ഷ്മി, തൃക്കുന്നപ്പുഴ | |
| 1995-96 | തൃക്കുന്നപ്പുഴ സർക്കിൾ (എസ്.സി) | എസ്.സി.ബി. 855 | 98750 |
| | | കാനറാബാങ്ക്, ധനലക്ഷ്മി | |
| | പല്ലന സർക്കിൾ (എസ്.സി) | ധനലക്ഷ്മി, എസ്.ബി.റ്റി. ഡാണാപ്പടി | 2,05,000 |
| | തൃക്കുന്നപ്പുഴ സർക്കിൾ (മറ്റുള്ളവർ) | കാനറാബാങ്ക്, ധനലക്ഷ്മി | 1,32,000 |
| | പല്ലന സർക്കിൾ " | എസ്.സി.ബി. 855, എസ്.ബി.റ്റി ഡാണാപ്പടി | 73000 |



# കലാസാംസ്കാരിക രംഗം



## സംസ്കാരം

അതിബൃഹത്തായ ഒരു സാംസ്കാരിക പാരമ്പര്യമാണ് നമ്മുടെ ഗ്രാമത്തിന് ഉള്ളത്. വളരെ പുരാതന കാലം മുതൽ കലാസാഹിത്യ - സാംസ്കാരിക രംഗങ്ങളിലെ അനുരണനങ്ങൾ നമ്മുടെ ഗ്രാമ ചരിത്രത്തിൽ നിന്നും ചികഞ്ഞെടുക്കുവാൻ കഴിയും.

നൂറ്റാണ്ടുകൾക്കു മുൻപു തന്നെ തൃക്കുന്നപ്പുഴ ഒരു പേരുകേട്ട സാംസ്കാരി കേന്ദ്രം ആയിരുന്നു. ഭാരത സംസ്കാരത്തിന് തനതായ ഒട്ടേറെ സംഭാവനകൾ നൽകിയ ബൗദ്ധ സംസ്കാരം തഴച്ചു വളർന്നിരുന്ന കേരളഗ്രാമങ്ങളിൽ തനതായ പ്രാധാന്യം ഉണ്ടായിരുന്ന ഒന്നായിരുന്ന "തൃക്കുന്നപ്പുഴ". ബി.സി. ৪-ാം ശതകത്തിൽ വടക്കേ ഇൻഡ്യയിൽ ആരംഭിച്ച മതനവോത്ഥാന പ്രസ്ഥാനങ്ങളിൽ പ്രധാനപ്പെട്ട ഒന്നായ ബുദ്ധമതം വളരെ താമസിച്ചു മാത്രമാണ് തെക്കേ ഇന്ത്യയിൽ പ്രചരിച്ചത്. തെക്കേ ഇൻഡ്യയിൽ ബുദ്ധമതം പ്രചരിച്ചതോടുകൂടി ഒട്ടേറെ ബുദ്ധമതവിഹാര കേന്ദ്രങ്ങളും പിന്നീട് ബുദ്ധമത ക്ഷേത്രങ്ങളും ഉണ്ടായി എന്നാണ് കേരളചരിത്രം ബോദ്ധ്യപ്പെടുത്തുന്നത്. അത്തരത്തിൽ ഉയർന്നു വന്ന ഒരു ബുദ്ധവിഹാര കേന്ദ്രമായിരുന്നു "ശ്രീമൂലവാസം". ഈ ശ്രീമൂലവാസം തന്നെയാണ് ഇന്നത്തെ തൃക്കുന്നപ്പുഴ എന്നതിന് കേരള ചരിത്രത്തിൽ ഒട്ടേറെ തെളിവുകൾ ഉണ്ട്. പഴയ കാല ബുദ്ധവിഹാരകേന്ദ്രങ്ങളിലാണ് ഇന്നത്തെ അയ്യപ്പക്ഷേത്രങ്ങൾ നിലനിൽക്കുന്നത്. ബുദ്ധമതാചാരങ്ങളും, അയ്യപ്പ ഭക്തന്മാരുടെ മതാചാരങ്ങളും തമ്മിൽ ഒട്ടേറെ സാദൃശ്യങ്ങൾ നമുക്ക് ദർശിക്കുവാൻ കഴിയും. വ്രതാനുഷ്ഠാനങ്ങൾ, അയ്യപ്പശരണം വിളികൾ, യോഗാസനമാതൃകയിലുള്ള വിഗ്രഹങ്ങൾ എന്നിവ പ്രധാന സാദൃശ്യങ്ങളാണ്. ഭാരതത്തിൻെറ സാംസ്കാരിക ചരിത്രത്തിൽ ബുദ്ധജൈന മതങ്ങൾക്കുള്ള സ്ഥാനം വളരെ പ്രധാനപ്പെട്ടതാണല്ലോ. അത്തരം ഒരു മത കേന്ദ്രം എന്ന നിലയിൽ ക്രിസ്തുവർഷത്തിനു മുമ്പു തന്നെ "തൃക്കുന്നപ്പുഴ" പ്രാധാന്യം അർഹിച്ചിരുന്നു.

പുരാതനമായ പല കലാരൂപങ്ങളും വളരെ പണ്ടു മുതൽ തന്നെ നമ്മുടെ ഗ്രാമത്തിൽ അരങ്ങേറിയിരുന്നു. "കാക്കാരിശ്ശി" നാടകങ്ങൾ, ഗുസ്തി മത്സരങ്ങൾ, മത്സര വള്ളം കളികൾ എന്നിവയായിരുന്നു ഇവയിൽ പ്രധാനപ്പെട്ടവ. ഗുസ്തി മത്സരത്തിൽ കേരളത്തിൽ തന്നെ പേരുകേട്ടവർ ഇവിടെ പ്രദർശനത്തിന് എത്തിയിരുന്നു. കട്ടച്ചിറ പപ്പുദാസ്, ഇലക്ട്രിക് മൈതീൻകുഞ്ഞ്, തോട്ടപ്പള്ളി പരമുദാസ്, തുടങ്ങിയ പ്രസിദ്ധ ഗുസ്തിക്കാരുടെ പേരുകൾ എന്നും എഴുപതുവയസ്സിനു മേൽ പ്രായമുള്ളവരുടെ ഓർമ്മകളിൽ തെളിഞ്ഞു നിൽക്കുന്നുണ്ട്.

സാംസ്കാരിക വിദ്യാഭ്യാസ രംഗങ്ങളിൽ നമ്മുടെ ഗ്രാമത്തിന് ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള നൽകിയ സംഭാവനകൾ ഗ്രാമചരിത്രത്തിലെ അമൂല്യ രത്നങ്ങളാണ്. തൃക്കുന്നപ്പുഴയിലെ പല സർക്കാർ സ്ഥാപനങ്ങളുടേയും, വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും തുടക്കങ്ങൾക്ക് ശില പാകിയ കരങ്ങൾ ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ളയുടേത് ആയിരുന്നു എന്നത് നാം നന്ദിപൂർവ്വം സ്മരിക്കേണ്ടിയിരിക്കുന്നു. എന്നാൽ ആ പുണ്യാത്മാവിനെ ആദരപൂർവ്വം സ്മരിക്കുവാൻ നമുക്കു കഴിഞ്ഞിട്ടുണ്ടോ എന്ന സ്വയം വിമർശനവും നാം നടത്തണം.

ബാലെ, നാടകപ്രസ്ഥാനത്തിൻെറ തറവാട് നമ്മുടെ ഗ്രാമം ആണെന്നു പറയുവാൻ കഴിയും കേരളത്തിലെ "ബാലെ" പ്രസ്ഥാനത്തിലെ അതി കായനായ ശ്രീ. തൃക്കുന്നപ്പുഴ സദാനനനന്ദൻ തൃക്കുന്നപ്പുഴയിലെ കലാസാംസ്കാരിക - സാമൂഹ്യ രംഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന ഒരു വ്യക്തിത്വ മാണ്.

കേരളത്തിൻെറ യശസ്സുതന്നെ ഉയർത്തിപ്പിടിക്കുന്ന കഥകളി പ്രസ്ഥാനവുമായി ബന്ധപ്പെട്ട് "അക്കൻെറ പറമ്പിൽ കഥകളി ഗ്രൂപ്പ്" എന്ന പേരിൽ അറിയപ്പെട്ടിരുന്ന ഒരു കഥകളി ട്രൂപ്പും തൃക്കുന്നപ്പുഴയിൽ ഉണ്ടായിരുന്നു.

## സാദ്ധ്യതകൾ

ടൂറിസവുമായി ബന്ധപ്പെടുത്തിക്കൊണ്ട് മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന പല്ലന കുമാരകോടിയെ ഒരു പ്രധാന സാംസ്കാരിക കേന്ദ്രമാക്കി ഉയർത്തിക്കൊണ്ടുവരണം. ടൂറിസത്തിൽ നിർദ്ദേശിച്ചിരിക്കുന്ന പദ്ധതികൾ ഇതിനു കൂടി പ്രയോജനപ്രദമാണ്.

പല്ലന കുമാരകോടിയിൽ നടക്കുന്ന ആശാൻ അനുസ്മരണ സമ്മേളനങ്ങൾക്ക് ഒരു അഖില കേരളരൂപം കൊടുക്കുകയും പഞ്ചായത്തടിസ്ഥാനത്തിൽ ആയതിൻെറ നടത്തിപ്പ് ഏറ്റെടുക്കുകയും ചെയ്യുക. ആശാൻ ജന്മ-ചരമദിനങ്ങളോടനുബന്ധിച്ച് ഇന്നു നടക്കുന്ന "ചട്ടപ്പടി രീതികൾ" മാറ്റി കൂടുതൽ ജനകീയമാക്കുക. ദേശീയ ശ്രദ്ധയും മാധ്യമ ശ്രദ്ധയും ആകർഷിക്കുന്ന വാരാചരണങ്ങൾ ഇവയുമായി ബന്ധപ്പെടുത്തി നടത്തുന്നതിന് പഞ്ചായത്തും ഗ്രാമസഭകളും മുൻകൈ എടുക്കുക. കേവലം പല്ലന പ്രദേശത്തുമാത്രം ഒതുങ്ങുന്ന ഒന്നായി ഇതിനെ മാറ്റാതെ ഗ്രാമത്തിൻെറ മുഴുവൻ കഴിവും ഇതിനായി വിനിയോഗിക്കുക. വർഷംതോറും ഉള്ള സാംസ്കാരിക സമ്മേളനങ്ങൾ, കവിസമ്മേളനങ്ങൾ, കഥയരങ്ങുകൾ, പൊതുസമ്മേളനങ്ങൾ തുടങ്ങിയവ വില്ലേജിൻെറ വിവിധ ഭാഗങ്ങളിൽ വച്ചു നടത്തുകയും ആയതിൻെറ നടത്തിപ്പിനായി പ്രാദേശിക സംഘാടക സമിതികൾ പഞ്ചായത്തു കമ്മിറ്റി മുൻകൈ എടുത്ത് ഗ്രാമസഭകൾ മുഖാന്തിരം നടത്തുകയും ചെയ്യുക. എല്ലാ വർഷവും തൃക്കുന്നപ്പുഴയിൽ നിന്നും പല്ലനയിലേക്ക് ഒരു സാംസ്കാരിക ഘോഷയാത്ര നമ്മുടെ എല്ലാ സാധ്യതകളും ഉപയോഗപ്പെടുത്തി നടത്തുകയും ചെയ്യുക. ഈ പ്രവർത്തനങ്ങളിലൂടെ സാംസ്കാരിക രംഗത്ത് നമ്മുടെ ഖ്യാതി വളർത്തുവാൻ കഴിയും.

തൃക്കുന്നപ്പുഴ പഞ്ചായത്തു കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ സംസ്ഥാനതലത്തിൽ "ആശാൻ സ്മാരക യുവസാഹിത്യ അവാർഡ്" ഏർപ്പെടുത്തുക. ഇതിനായി പഞ്ചായത്തു പ്രസിഡൻറ് അദ്ധ്യക്ഷനായി പ്രത്യേകം സ്ഥിരം ജനകീയ കമ്മിറ്റി രൂപീകരിക്കുക. അവാർഡു കമ്മിറ്റിയിൽ പ്രശസ്ത മലയാള സാഹിത്യകാരന്മാരെ ഉൾപ്പെടുത്തുകയും ദേശീയ ശ്രദ്ധയാകർഷിക്കുന്ന ഒരു സാഹിത്യകാരനെ അവാർഡുകമ്മിറ്റിയുടെ ചെയർമാൻ ആക്കുകയും ചെയ്യുക. ആശാൻ അനുസ്മരണ ദിനാചരണങ്ങളോടനുബന്ധിച്ച് ദേശീയ ശ്രദ്ധയാകർഷിക്കുന്ന വ്യക്തികളെക്കൊണ്ട് ഈ അവാർഡ് സമ്മാനിപ്പിക്കുക.

സാംസ്കാരിക അധഃപതനത്തിനും സാംസ്കാരിക ഫാസിസത്തിനും എതിരെ ആശയപരമായ ബോധവൽക്കരണം നടത്തേണ്ടത് ഈ കാലഘട്ടത്തിൻെറ കടമയാണ്. മദ്യപാനികളുടെ അഴിഞ്ഞാട്ടം അവസാനിപ്പിക്കുവാൻ വ്യാജവാറ്റിനും വിൽപ്പനക്കും എതിരായി ജാഗ്രത ഉണ്ടാകേണ്ടിയിരിക്കുന്നു. അശ്ലീല പോസ്റ്ററുകൾ, കാസറ്റുകൾ, സിനിമകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ സാംസ്കാരി അപചയങ്ങൾക്കെതിരായി സമൂഹം കൂട്ടായി വിരൽ ചൂണ്ടേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്.

തൃക്കുന്നപ്പുഴ വില്ലേജിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കലാ സാംസ്കാരിക സംഘടനകളെക്കുറിച്ചുള്ള വിവരണം അന്യാത്ര ചേർത്തിട്ടുണ്ട്. ഇവയെല്ലാം തന്നെ ഫലപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് സംശയമാണ്. ഓണാഘോഷങ്ങളിലും വാർഷികാഘോഷങ്ങളിലും മാത്രമായി ഇവയുടെ പ്രവർത്തനം ചുരുങ്ങിപ്പോയില്ലേ എന്ന് നാം പരിശോധിക്കേണ്ടിയിരിക്കുന്നു.

പഞ്ചായത്തു വക ലൈബ്രറി സ്ഥാപിക്കുകയും ആയതിൻെറ പ്രവർത്തനത്തിനായി ജനകീയ കമ്മിറ്റി

രൂപീകരിക്കുകയും ചെയ്യുക. തൃക്കുന്നപ്പുഴയിലെ ഏറ്റവും പഴക്കം ചെന്ന പതിയാങ്കര "മഹാത്മജി" സമാജം, 10-ാം വാർഡിലെ നവജീവൻ" വായനശാല എന്നിവയുടെ പ്രവർത്തന പുരോഗതിക്ക് ആവശ്യമായ സഹായം ചെയ്യുകയും രണ്ടു വായനശാലകൾക്കും ഓരോ കളർ ടി.വി. വീതം അനുവദിക്കുകയും ചെയ്യുക.

തൃക്കുന്നപ്പുഴയിൽ ഇപ്പോൾ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന യുവജനസംഘടനകളുടേയും സാംസ്കാരിക കലാസംഘടനകളുടേയും ലൈബ്രറികളുടേയും പ്രതിനിധികളെ ഉൾപ്പെടുത്തി പഞ്ചായത്തു തലത്തിൽ ഒരു കോ-ഓർഡിനേഷൻ കമ്മിറ്റി ഉണ്ടാക്കുന്നതു വളരെ നല്ലതായിരിക്കും. ഈ കോർഡിനേഷൻ കമ്മിറ്റിക്ക് പഞ്ചായത്തു തലത്തിൽ ഒരു കൺവീനറെ തെരഞ്ഞെടുക്കുകയും പഞ്ചായത്തു പ്രസിഡൻറ് മുഖ്യരക്ഷാധികാരിയാകുകയും വേണം. യുവജന മേളകൾ, പഞ്ചായത്തുതല മറ്റു പരിപാടികൾ, ശുചീകരണ പ്രവർത്തനങ്ങൾ, സാംസ്കാരിക-സാഹിത്യപ്രവർത്തനങ്ങൾ, മറ്റു സേവന പ്രവർത്തനങ്ങൾ എന്നിവക്കു നേതൃത്വം കൊടുക്കുവാനും ഗ്രാമത്തിലെ വിവിധ സംഘടനകളെ നാട്ടിൽ വികസന കാര്യത്തിൽ ഏകോപിപ്പിക്കുവാനും ഈ കോർഡിനേഷൻ സമിതികൾക്കു കഴിയും. ഇതിൻെറ പ്രവർത്തനത്തിനായി ഒരു പ്രത്യേക മാർഗ്ഗനിർദ്ദേശരേഖ തയ്യാറാക്കുകയും ഒരു പ്രത്യേക സംഘനടക്കു രൂപം കൊടുക്കുകയും ചെയ്യുക.

## കലാസാംസ്കാരിക സംഘടനകൾ

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| | സഹൃദവേദി<br>മഹാത്മജി സ്മാരക സമാജം<br>ശംഖൊലി കലാകായിക സമിതി | 1 |
| | ചൈതന്യ ലൈബ്രറി റീഡിങ്ങ് റൂം<br>ആവണി<br>ജനവിദ്യാകേന്ദ്രം<br>കമലാനെഹ്റു മഹിളാസമാജം<br>ഐശ്വര്യാ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 2 |
| | യംഗ്സ്റ്റാർ ആർട്ട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്<br>പൗർണമി " (റേഡിയോ ക്ലബ്) | 3 |
| | | 4 |
| | കൈരളി കലാസാംസ്കാരിക സംഘടന | 5 |
| | ദർശന ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ്<br>യംഗ്വോയ്സ് | 6 |
| | പി.പി.എ.സി.<br>വൈ.എം.എ | 7 |

| ക്രമനമ്പർ | പേര് | വാർഡ് നമ്പർ |
|---|---|---|
| | സുരഭി ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ്<br>സീനിയർ സുരഭി<br>ജനവിദ്യാകേന്ദ്രം<br>നെഹ്റു യുവകേന്ദ്രം<br>മഹാകവി കുമാരനാശാൻ യൂത്ത് മൂവ്മെൻറ്<br>" സാഹിത്യ സാംസ്കാരിക ട്രസ്റ്റ്<br>" മെമ്മോറിയൽ വോളിബോാം ക്ലബ്ബ്<br>പ്രതിഭാ ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്ബ് | 8 |
| | കൈരളി ബോട്ട്സ് ക്ലബ്ബ്<br>ആശാൻ സ്മാരക ജലോത്സവ സമിതി കെ.വി. ജെട്ടി<br>ആശാൻ സ്മാരക ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബ് രജി. എ 499/95 | 9 |
| | നേതാജി ആർട്സ് ആൻറ് സ്പോർട്സ്<br>എസ്.എൻ.വൈ.എം.എ | 10 |
| | | 11 |

## വായനാശാലകൾ

| | | |
|---|---|---|
| | | 1 |
| 1 | ചൈതന്യ ഗ്രന്ഥശാല ആൻറ് വായനശാല | |
| | പണ്ഡിറ്റ് കറുപ്പൻ സ്മാരക ഗ്രന്ഥശാല | 2 |
| | | 3 |
| | | 4 |
| | വിജ്ഞാനപ്രദായിനി വായനശാല (മുട്ടുങ്കച്ചിറ) | 5 |
| | | 6 |
| | | 7 |
| | ഗ്രാമീണ വായനശാല | 8 |
| | | 9 |
| | നവജീവൻ വായനശാല, വലിയപറമ്പ് | 10 |
| | | 11 |



# വനിത



സമൂഹത്തിൻെറ മുഖ്യധാരയിൽ നിന്നൊഴിഞ്ഞു മാറി ഭവനാന്തരീക്ഷത്തിൻെറ നാലതിരുകളിലേക്കൊതുങ്ങി നിന്നിരുന്ന വനിതകൾ ഇന്ന് സമസ്ത മേഖലകളിലും പ്രവർത്തികൊണ്ടും നേതൃത്വം കൊണ്ടും സാന്നിദ്ധ്യമറിയിക്കുന്ന ഘട്ടത്തിലെത്തി നില്ക്കുകയാണ്. വനിതാ വിമോചനപ്രസ്ഥാനങ്ങളും, പുരോഗമനപ്രസ്ഥാനങ്ങളും ഈ രംഗത്ത് നടത്തിയ പരിശ്രമങ്ങളുടെ ഫലമായി ഒട്ടനവധി നേട്ടങ്ങൾ കൈവരിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അബലകളും ആലംബഹീനരുമായി വിവക്ഷിച്ചിരുന്ന സ്ത്രീ സമൂഹം കൈവരിച്ച നേട്ടങ്ങളുടെ ചരിത്രം സാമൂഹ്യപുരോഗതിയുടെ ചരിത്രവുമായി അനുപൂരകമായിരിക്കുന്നു. ദേശീയ സ്വാതന്ത്ര്യസമരത്തിലും അതോടനുബന്ധിച്ച് അലയടിച്ചുയർന്ന മറ്റ് നിരവധി പ്രക്ഷോഭങ്ങളിലും പോരാട്ടങ്ങളിലും തങ്ങളുടെ തനതായ ശക്തി തെളിയിക്കുവാൻ ഈ സമൂഹത്തിന് കഴിഞ്ഞിട്ടുണ്ട്. സ്ത്രീകളുടെ ഉന്നമനത്തിനു വേണ്ടി ഒട്ടനവധി പദ്ധതികൾ നിലവിലുണ്ടെങ്കിലും അവയുടെ ഗുണഭോക്താക്കൾ ആവാൻ ഗ്രാമീണ വനിതകളിൽ ഒരു ചെറു ന്യൂനപക്ഷത്തിനു മാത്രമേ കഴിയുന്നുള്ളു എന്നത് ഒരു യാഥാർത്ഥ്യമായി നിലനിൽക്കുന്നു.

സ്ത്രീത്വത്തിന് പരിപാവനത കല്പിക്കുന്ന ഭാരതീയ സമൂഹത്തിൽ ഇന്നും ഒട്ടനവധി പ്രതിസന്ധികളേയും വെല്ലുവിളികളേയും ഈ സമൂഹം നേരിടുന്നു. പാരിഷ്കൃതത്തിൻെറ സമുന്നതിയിലേക്കുള്ള യാത്രയ്ക്കിടയിലും സ്ത്രീയെ ഒപ്പം നിറുത്തുവാനും, അവരുടെ മാന്യതയേയും അസ്ഥിത്വത്തേയും അംഗീകരിക്കുവാനും അതുവഴി സ്ത്രീ പുരുഷ സമത്വത്തിൻെറ പ്രായോഗികതയിലേയ്ക്കെത്തുവാനും എത്രമാത്രം കഴിഞ്ഞിട്ടുണ്ട് എന്ന് ഗൗരവപൂർവ്വം പരിശോധിക്കേണ്ടിയിരിക്കുന്നു. പരിഷ്കൃതമെന്നവകാശപ്പെടുന്ന സമൂഹത്തിൻെറ പുഴുക്കുത്തുകളായ വർഗ്ഗീയ ലഹളകളിലും, കലാപങ്ങളിലും എന്തിന് ഗ്രാമങ്ങളിലുയർന്നുവരുന്ന ചെറുസ്പർദ്ധയിൽപോലും ഏറ്റവും കൂടുതൽ ദുരിതം പേറേണ്ടി വരുന്നത് സ്ത്രീ സമൂഹത്തിനാണ്. വർത്തമാനകാല സാമൂഹ്യക്രമത്തിൽ ഭവനാന്തരീക്ഷത്തിൻെറ ഭാരിച്ച ഉത്തരവാദിത്വങ്ങളും, മറ്റും തീർക്കുന്ന പിരിമുറുക്കങ്ങളിൽ പെട്ടുഴലുകയാണ് ഗ്രാമീണ സ്ത്രീകൾ.

സർക്കാർ,സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്നവരുടെ മൊത്തം സംഖ്യയിൽ ജനസംഖ്യാനുപാതികമായി വനിതകളുടെ പ്രാതിനിധ്യം ഇതുവരേയും ഉയർന്നിട്ടില്ല. ഇനിയും ശക്തമായ ഇടപെടലുകളുംബോധവല്ക്കരണവും നടത്തിയെങ്കിൽ മാത്രമേ ഈ രംഗത്തു നിലനിൽക്കുന്ന പിന്നോക്കാവസ്ഥ പരിഹരിക്കുവാൻ കഴിയൂ. ഈ മേഖലയിൽപ്രവർത്തിക്കുന്ന കുടുംബിനികളുടേയും വിശിഷ്യാ അമ്മമാരുടേയും പ്രശ്നങ്ങൾ അടിയന്തിര ഗൗരവമർഹിക്കുന്നവയാണ്. ചുരുക്കത്തിൽ പുരോഗതിയുടേയും നേട്ടങ്ങളുടേയും മാപിനിയിൽ ഉയർന്ന നില രേഖപ്പെടുത്തുമ്പോഴും സമൂഹത്തിൻെറ വിവിധ കോണുകളിൽ നിന്ന് സ്ത്രീ സമൂഹത്തിനേൽക്കേണ്ടി വരുന്ന പീഡനങ്ങൾ സമൂഹ മനഃസാക്ഷിയുടെ സജീവശ്രദ്ധ ആകർഷിക്കേണ്ടതാണ്. ലൈംഗിക അരാജകത്വത്തിൻെറ ബലിപീഠങ്ങളിൽ തകർന്നടിയുന്ന വനിതകളുടെ സംഖ്യ അനുദിനം വർദ്ധിക്കുന്നത് സമൂഹ മനഃസാക്ഷിയുടെ മുന്നിൽ ഒരു ചോദ്യചിഹ്നമായി നിലനിൽക്കുന്നു.

## മഹിളാസംഘടനകൾ

പഞ്ചായത്തിൽ 7 മഹിളാ സംഘനടകളാണ് നിലവിലുള്ളത്. ആദ്യകാലങ്ങളിൽ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്ന ഈ സംഘടനകൾ ഇന്ന് വെറും പേപ്പർ സംഘടനകളായി മാറിയിരിക്കുകയാണ്. വനിതകളുടെ ക്ഷേമരംഗത്ത് ഒട്ടനവധി കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഈ സംഘടനകളുടെ നിർജ്ജീവാവസ്ഥ പരിഹരിക്കുന്നതിനാവശ്യമായ ഇടപെടലുകൾ ബന്ധപ്പെട്ട മേഖലകളിൽ നിന്നുണ്ടാകുകയും കർമ്മനിരതമായ നേതൃനിര ഈ രംഗത്ത് ഉയർന്നു വരുകയും ചെയ്യണം.

## തൊഴിൽ മേഖലയും വനിതാ പങ്കാളിത്തവും

കാർഷികമേഖലയിലും പരമ്പരാഗത മേഖലയിലും പഞ്ചായത്തിലെ വനിതകൾ വ്യാപൃതരായിട്ടുണ്ട്. കാർഷികമേഖല എന്ന തരത്തിൽ ഉയർന്നു വരാത്ത നമ്മുടെ ഗ്രാമത്തിൻെറ 3,8,9,10 വാർഡുകളിൽ നിന്നും വനിതകൾ കാർഷികരംഗത്ത് നാമമാത്രമായി പണിയെടുക്കുന്നുണ്ട്. നെൽകൃഷിയുള്ള വിദൂര പഞ്ചായത്തുകളിലേക്ക് പോയി പണിയെടുക്കേണ്ടി വരുന്ന ഇന്നത്തെ സാഹചര്യം ഈ മേഖലയിൽ നിന്ന് ഒഴിഞ്ഞുമാറുന്നതിന് ഒരു പരിധിവരെ വനിതകളെ പ്രേരിപ്പിക്കുന്നു. പഞ്ചായത്തിലെ പ്രധാനകൃഷിയായ തെങ്ങുകൃഷിയുമായി ബന്ധപ്പെട്ട അനുബന്ധ മേഖലയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്താൻ കഴിയണം.

ഏറ്റവും കൂടുതൽ വനിതകൾ വ്യാപൃതരായിരിക്കുന്നത് കയർ മേഖലയിലാണ്. തീർത്തും അനാരോഗ്യകരമായ സാഹചര്യത്തിൽ പണിയെടുക്കുന്നവരാണ് കയർതൊഴിലാളികൾ. അദ്ധ്വാനത്തിനാനുപാതികമായ വേതനം ഈ രംഗത്തുള്ളവർക്ക് ലഭിക്കുന്നില്ല എന്നുള്ളത് ഒരു പ്രശ്നമായി നിലനില്ക്കുന്നു. മടിയിൽ തൂങ്ങുന്ന ചകിരിക്കെട്ടുകളുമായി നന്നേ പ്രഭാതത്തിൽ കയർപിരി കളത്തിലിറങ്ങുന്ന തൊഴിലാളികളുടെ അദ്ധ്വാനഭാരത്തിൽ ഈ രംഗത്തു വന്ന യന്ത്രവല്കരണം ഒരു പരിധിവരെ ഇളവു വരുത്തിയിട്ടുണ്ട്. എങ്കിലും വ്യാപകമാകുന്ന യന്ത്രവല്ക്കരണം ഈ മേഖലയിലെ തൊഴിൽ സാദ്ധ്യതകളെ എപ്രകാരം ബാധിക്കുമെന്ന ആശങ്കയിലാണ്.

വനിതകൾക്കുള്ള തൊഴിൽ സാദ്ധ്യതകൾ ഏറെയുള്ള ഒരു മേഖലയാണ് മത്സ്യബന്ധനമേഖല. സംസ്കരണരംഗത്തുമാത്രമാണ് നാമമാത്രമായി വനിതകൾ പ്രവർത്തിക്കുന്നത്. ഇവിടേയും വനിതകളെ സഹകരണ അടിസ്ഥാനത്തിൽ സംഘടിപ്പിച്ച് കൂടുതൽ സാദ്ധ്യതകൾ കണ്ടെത്തുന്നതിനുള്ള പരിശ്രമങ്ങൾ ഏറ്റെടുക്കേണ്ടിയിരിക്കുന്നു.

വനിതകൾ നേരിടുന്ന പ്രശ്നങ്ങളും അവയുടെ പരിഹാരമാർഗ്ഗങ്ങളും തേടി ഇനി ഗ്രാമസഭകളിലേക്ക് കടന്നുചെല്ലാം.

## പ്രശ്നങ്ങൾ

1. കുടുംബവരുമാനത്തിൽ ചെറുതെങ്കിലുമായ സംഭാവന നല്കുവാൻ സ്ത്രീകൾക്ക് കഴിയാതെ വരുന്നു. ഇത് ജീവിത സാഹചര്യത്തെ ദോഷകരമായി ബാധിക്കുന്നു.
2 സാമൂഹ്യ സേവന മേഖലകളിൽ നിന്നും വനിതകൾ ഒഴിവാക്കപ്പെടുന്നു.
3. തൊഴിൽ സംരംഭങ്ങൾ വളർത്തിയെടുക്കുന്നതിനുള്ള സാങ്കേതിക ജ്ഞാനത്തിൻെറ അഭാവം
4. സർക്കാർ - സ്വകാര്യമേഖലകളിൽ ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം ഇല്ലായ്മ
5. തൊഴിൽ മേഖലകളിൽ നിന്ന് അദ്ധ്വാനത്തിനാനുപാതികമായ വേതനം സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
6. അംഗൻവാടികളിൽ പണിയെടുക്കുന്നവരുടെ വേതനക്കുറവ്.
7. മാതൃശിശു സംരക്ഷണത്തിൽ ആവശ്യമായ ശാസ്ത്രീയജ്ഞാനം ഇല്ലായ്മ.
8. സ്ത്രീവിദ്യാഭ്യാസത്തിന് ആവശ്യമായ ശ്രദ്ധ ഇല്ലായ്മ.

## പരിഹാരങ്ങൾ

1. സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ വനിതാതൊഴിൽ സംരംഭങ്ങൾ ആരംഭിയ്ക്കുവാൻ പഞ്ചായത്ത് തലത്തിൽ മുൻകൈ എടുക്കുക.

2. സാമൂഹ്യ സേവന രംഗത്ത് കരുത്താർജ്ജി ക്കുന്നതിന് സ്ത്രീകളെ സജ്ജരാക്കുന്നതിനു ള്ള സ്ഥിരം സംവിധാനങ്ങൾ ഉണ്ടാക്കുക.

3. അദ്ധ്വാനത്തിനാനുപാതികമായ വേതനം സ്ത്രീത്തൊഴിലാളികൾക്ക് നേടിയെടു ക്കുന്നതിന് വേണ്ടിയുള്ള സമഗ്ര നിയമനിർമ്മാ ണത്തിനായി ശക്തമായ ബഹുജന ഇടപെടലു കൾ വളർത്തിയെടുക്കുക.

4. ചുറ്റുപാടുകളിൽ നിന്ന് സ്ത്രീകൾക്ക് അനു ഭവിക്കേണ്ടി വരുന്ന പീഢനങ്ങൾക്കറുതി വരുത്താൻ വനിതാസെല്ലറുകളുടെ പ്രവർ ത്തനം താഴെത്തലത്തിൽ വരെ എത്തിക്കുക.

5. സ്ത്രീകളുടെയും കുട്ടികളുടേയും ആരോഗ്യ നി ലവാരം ഉയർത്തുന്നതിനു സഹായകമായ ആ രോഗ്യ ബോധവല്ക്കരണ സംവിധാനം കാര്യ ക്ഷമമാക്കുക.

6. ഹൈസ്ക്കൂൾ വിദ്യാഭ്യാസത്തിനുശേഷമുള്ള പെൺകുട്ടികളുടെകൊഴിഞ്ഞുപോകൽതടയാൻ ആവശ്യമായ ബോധവല്ക്കരണവും, സാമൂഹി ക അവബോധവും വളർത്തിയെടുക്കുക.

7. സ്ത്രീകളുടെ നഗ്നത പ്രദർശിപ്പിക്കുന്ന പോ സ്റ്ററുകളുടേയും സിനിമകളുടേയും നിർമ്മാ ണവും വിതരണവും കർശനമായി നിരോധി ക്കുക.

8. മഹിളാസമാജങ്ങളുടെ പ്രവർത്തനങ്ങളെ കാ ലാകാലങ്ങളിൽ വിലയിരുത്തുന്നതിനും, അവയുടെ പ്രവർത്തനക്ഷമതയ്ക്കുവേണ്ടി സാമ്പത്തിക സഹായമുൾപ്പെടെയുള്ള സംവി ധാനമേർപ്പെടുത്തുന്നതിനും ശ്രദ്ധിക്കുക.

വനിതകളുടെ തൊഴിലില്ലായ്മയ്ക്ക് ഒരു പരി ധിവരെ പരിഹാരം കാണാൻ കഴിയുന്ന കുറെ നിർദ്ദേശങ്ങളും ആവശ്യങ്ങളും വ്യവസായത്തി ന്റെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ☐



# സഹകരണം

## സഹകരണ സംഘം

ഇന്ത്യയിൽ ഏറ്റവും കൂടുതൽ സഹകരണസംഘങ്ങൾ ഉള്ളത് കേരളത്തിലാണ്. ഏകദേശം 14,000 ത്തോളം സഹകരണസംഘങ്ങൾ വിവിധ തുറകളിലായി രജിസ്റ്റർ ചെയ്ത് പ്രവർത്തിച്ചു വരുന്നു. സഹകരണം ഏതുവിധത്തിലുമുള്ള ചൂഷണത്തെയും ഇല്ലാതാക്കുന്നു. ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള മത്സരം ഒഴിവാക്കുന്നു. എല്ലാവർക്കും തുല്യ പരിഗണന കിട്ടുന്നു. സഹകരണസംഘം വ്യക്തികൾ തമ്മിലുള്ള ഒത്തു ചേരലാണ്. പരസ്പര സഹായത്തിലൂടെ സ്വാശ്രയത്വം നേടാൻ സമൂഹത്തിലെ ദുർബലർ ഒന്നിച്ചുചേർന്ന് രൂപീകരിച്ച സംഘങ്ങളുടെ ഇന്നത്തെ അവസ്ഥയെക്കുറിച്ച് നാം ആത്മപരിശോധന നടത്തേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കുകൾ പ്രവർത്തിച്ചു വരുന്നു. 1927ൽ ആരംഭിച്ച തൃക്കുന്നപ്പുഴ കിഴക്കേക്കര സർവ്വീസ് സഹകരണസംഘം ലിമിറ്റഡ് ന. 1689ും, 1934ൽ ആരംഭിച്ച തൃക്കുന്നപ്പുഴ 855-ാം നമ്പർ സർവ്വീസ് സഹകരണസംഘവും.

പഞ്ചായത്തിലെ 9, 10, 11 എന്നീ വാർഡുകൾ പ്രവർത്തനപരിധിയായിട്ടുള്ള 1689-ാം നമ്പർ സഹകരണസംഘത്തിൻെറ ആദ്യകാല സഹകാരികൾ റ്റി.കെ. ബാലകൃഷ്ണൻ (ബാലാജി) കരുണാകരപ്പണിക്കർ, ഡോ. ആർ. കേശവപ്പണിക്കർ (ആർ. കെ.പി.) കെ.കെ. സദാനന്ദൻ, പി.കെ. ഭരതൻ, കെ. പുരുഷൻ, എ. മണിയൻ, പി. സുരേഷ് എന്നിവരായിരുന്നു. ശ്രീ. ഹരീന്ദ്രബാബു പ്രസിഡൻറായി തുടരുന്ന സംഘത്തിൽ 3992 അംഗങ്ങൾ നിലവിലുണ്ട്. ബാങ്കായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്.

പഞ്ചായത്തിലെ 1 മുതൽ 8 വരെയുള്ള വാർഡുകൾ പ്രവർത്തനപരിധിയായിട്ടുള്ള 855-ാം നമ്പർ സർവ്വീസ് സഹകരണസംഘത്തിൻെറ ആദ്യകാല സഹകാരികൾ പാണ്ടവത്ത് ശങ്കരപ്പിള്ള, മേടയിൽ കുട്ടപ്പൻ നായർ, കെ.പി. കോയാകുട്ടി, ഭാസ്കരൻ നായർ, മുഹമ്മദ്കുഞ്ഞ്, നരേന്ദ്രൻ വൈദ്യൻ, എം.സി. കുഞ്ഞിക്കൃഷ്ണൻ എന്നിവരായിരുന്നു. ശ്രീ. കെ. ഗോപാലൻ ഇരുപതുവർഷമായി പ്രസിഡണ്ടായി തുടരുകയാണ്. 5675 അംഗങ്ങളുള്ള സഹകരണബാങ്ക് സാമ്പത്തിക പ്രതിസന്ധിയിലാണ്

ഈ പ്രദേശത്തെ ജനങ്ങളുടെ ജീവിത സാഹചര്യങ്ങളിൽ ടി ബാങ്കുകൾ ഗണ്യമായി സ്വാധീനം ചെലുത്തിയിട്ടുണ്ട്. വിവിധ മേഖലകളിലായി 21 സഹകരണസംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നു. മിക്ക സംഘങ്ങളും നഷ്ടത്തിലാണ് മുന്നോട്ടു പോകുന്നത്. സഹകരണമേഖലയിൽ പ്രത്യക്ഷമായി 42 പേരും പരോക്ഷമായി 50പേരും ജോലി നോക്കുന്നു.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന സംഘങ്ങളുടെ പട്ടിക തരംതിരിച്ച് അനുബന്ധം 1ൽ ചേർക്കുന്നു.

## സഹകരണസംഘങ്ങളുടെ നിലവിലുള്ള അവസ്ഥ

പഞ്ചായത്തിൽ രണ്ട് സർവീസ് സഹകരണബാങ്കുകൾ പ്രവർത്തിക്കുന്നു. ഇവ നഷ്ടത്തിലാണ്.

കയർ വ്യവസായവുമായി ബന്ധപ്പെട്ടു 11 സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും എല്ലാം സാമ്പത്തിക പ്രതിസന്ധിയിലാണ്. 1,2, വാർഡു കേന്ദ്രീകരിച്ച ഒരു ക്ഷീര വ്യവസായ സഹകരണസംഘവും, പല്ലന കേന്ദ്രമായി "തൃക്കുന്നപ്പുഴ വില്ലേജ് വനിതാ സഹകരണസംഘവും പ്രവർത്തിക്കുന്നു. ഡയറിയുടെ സഹായത്താൽ പേ..., സിപ്അപ്, തൈര് തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്നു. പല്ലന കേന്ദ്രമായി പഞ്ചായത്ത് മുഴുവൻ പ്രവർത്തനപരിധിയായി "കുമാരകോടി മാച്ച്വർക്ക്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രവർത്തിക്കുന്നു ചകിരികൊണ്ടുള്ള ചവിട്ടുമെത്ത (തടുക്ക്) നിർമ്മിക്കുന്നു. നാല് മത്സ്യത്തൊഴിലാളിക്ഷേമ സഹകരണസംഘവും, രണ്ട് സ്കൂൾ സഹകരണസംഘവും പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

## പ്രശ്നങ്ങൾ

1. ഭരണസമിതിയുടെ അനാവശ്യധൂർത്ത്.
2. ശരിയായ ഈടിന്മേലല്ലാത്ത ലോൺ വിതരണം.
3. ധനാപഹരണത്തിൽപ്പെട്ട തുക വസൂലാക്കാനുള്ള കാലതാമസം.

## സാദ്ധ്യതകൾ

1. ശരിയായ തിരിച്ചടവിന്റെ മാനദണ്ഡത്തിൽ ലോണുകൾ വിതരണം ചെയ്യുക.
2. പ്രവർത്തനമൂലധനം സ്വരൂപിക്കുന്നതിന് കൂടുതൽ നിക്ഷേപങ്ങൾ സ്വീകരിക്കുക.
3. കൂടുതൽ ചിട്ടികൾ നടത്തുകയും, അതിനാവശ്യമായി ചിട്ടി നിയമം ലഘൂകരിക്കുകയും ചെയ്യുക.
4. കാർഷിക വായ്പകൾക്ക് പലിശ സബ്സിഡി കിട്ടുന്നതിന് വേണ്ടി നിശ്ചിത സമയത്തിനുള്ളിൽ വായ്പ തുക തിരിച്ചടയ്ക്കുക.
5. കാർഷിക വായ്പകളും കാർഷികേതര വായ്പകളും കൂടുതൽ വിതരണം ചെയ്ത് പ്രവർത്തനം കാര്യക്ഷമമാക്കുക.
6. ധനാപഹരണത്തിൽ പെട്ട തുക വസൂലാക്കുന്നതിന് ഭരണസമിതി അടിയന്തിര നടപടി സ്വീകരിക്കുക.
7. ഒരു വീട്ടിൽ നിന്നും ഒരു നിക്ഷേപകൻ, രണ്ടു ചുവട് തെങ്ങിലെ നാളികേരം എങ്കിലും ഡിപ്പോസിറ്റായി നമ്മുടെ സഹകരണബാങ്കിൽ നിക്ഷേപിക്കുക.
8. വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പയുടെ പരിധി ഉയർത്തുക.
9. അഴിമതി ഇല്ലാതാകുന്നതിനുവേണ്ടി ഒരിക്കൽ വരുന്ന ഭരണസമിതി വീണ്ടും വരാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. ഇതിനുള്ള നിയമം സഹകരണ നിയമത്തിൽ ഭേദഗതി വരുത്തുക.

## കയർ വ്യവസായം

കേരളത്തിലെ പതിനഞ്ചു ലക്ഷത്തോളം ജനങ്ങളുടെ ഉപജീവനമാർഗ്ഗമാണ് കയർ വ്യവസായം. 20കോടി രൂപയുടെ വിദേശനാണ്യം കയർ വ്യവസായം രാജ്യത്തിനു നേടിത്തരുന്നുണ്ട്. അംഗങ്ങൾക്ക് കയർവ്യവസായം നടത്തുന്നതിനും അവരുടെ തൊഴിൽ സ്ഥിരവും, ആദായവും ആക്കുന്നതിനുവേണ്ടി രൂപീകരിച്ച സംഘങ്ങൾ 90%വും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

'പഞ്ചായത്തിൽ 11 കയർവ്യവസായ സഹകരണസംഘങ്ങൾ ഉണ്ട്. തൃക്കുന്നപ്പുഴ കിഴക്കേക്കര 3, 9,10,11 വാർഡുകളിൽ 90% കുടുംബങ്ങളും കയർ മേഖലയിൽ പണിയെടുക്കുന്നു. 1 മുതൽ 8 വാർഡുകളിലായി 6 സംഘങ്ങളിലായി 60% കുടുംബങ്ങളും പണിചെയ്യുന്നു. ഇന്ന് കയർ വ്യവസായം വളരെ പ്രതിസന്ധിയെ നേരിട്ടുകൊണ്ടിരിക്കുന്ന കാലഘട്ടമാണ്. കയർ വ്യവസായ സഹകരണസംഘങ്ങൾ എല്ലാംതന്നെ വളരെ സാമ്പത്തിക പ്രതിസന്ധിയിലുമാണ്. കയർ വ്യവസായവുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന എല്ലാവരേയും സഹകരണ മേഖലയിൽ കൊണ്ടു വരുവാനേ, ഇപ്പോൾ നിലവിലുള്ള തൊഴിലാളികൾക്ക് ജോലി സ്ഥിരത ഉറപ്പു വരുത്തുവാനോ, സംഘങ്ങൾക്ക് കഴിഞ്ഞിട്ടില്ല. 1000 തേങ്ങാതൊണ്ടിന് 83.5 കിലോ കയർ ഉല്പാദിപ്പിക്കണമെന്ന് ഡിപ്പാർട്ട്മെൻറിന്റെ അശാസ്ത്രീയമായ കടുംപിടുത്തം മൂലം പല തൊഴിലാളികളും നഷ്ടം

സഹിച്ച് സഹകരണസംഘങ്ങളിൽ നിന്നും തൊണ്ടു വാങ്ങാത്ത അവസ്ഥയാണ് സംജാതമായിട്ടുള്ളത്. ഈ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ജീവിത നിലവാരവുമായി ബന്ധപ്പെട്ടു കൂലി ലഭിക്കുന്നില്ല എന്നുള്ളത് യാഥാർത്ഥ്യവുമാണ്. മറ്റു തൊഴിലുമായി തട്ടിച്ചു നോക്കിയാൽ കയർ വ്യവസായത്തിൽ പണിയെടുക്കുന്ന തൊഴിലാളിക്ക് അധിക ജോലിഭാരവും ക്ലേശകരമായ ജീവിത സാഹചര്യവുമാണ് നിലവിലുള്ളത്. അതിനാൽ പുതിയ തലമുറ ഈ രംഗത്തേക്കു വരുവാൻ അറച്ചു നില്ക്കുന്നു. ചെറുകിട കട്ടവടക്കാർ ചകിരിക്കെട്ട് വീടുകളിൽ എത്തിക്കുന്നതിനാൽ ഈ രംഗത്തെ കുറെ തൊഴിലാളികൾ ആ രംഗത്തേക്ക് കൂടുതൽ ശ്രദ്ധ പതിപ്പിച്ചു കാണുന്നുണ്ട്.

## പ്രശ്നങ്ങൾ

1. കയർ തൊഴിലാളികൾക്കായി ഒരു സമഗ്ര ഭവന നിർമ്മാണ പദ്ധതിയും സാനിട്ടേഷൻ പദ്ധതിയും നടപ്പിലാക്കുക.
2. കയർതൊഴിലാളികൾക്കായി വർക്ക്ഷെഡും, റാട്ടും സൗജന്യമായി നൽകുക.
3. 1000- തേങ്ങാതൊണ്ടിന് 83.5 കിലോ കയർ നല്കണമെന്നു നിയമം മാറ്റി 75 കി. ആയി നിജപ്പെടുത്തുക.
4. സഹകരണ സംഘങ്ങൾ മുഖേന യന്ത്രവൽകൃത റാട്ട് കൊണ്ടുള്ള കയർപിരി പ്രോത്സാഹിപ്പിക്കുക.
5. കയർ മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്ക് വിവാഹത്തിന് ഇന്നുള്ള ധനസഹായം 5000 രൂപായായി വർദ്ധിപ്പിക്കുക.
6. കയർതൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസാവശ്യമായ പഠനോപകരണങ്ങളും, വസ്ത്രങ്ങളും നൽകുക. ഇപ്പോൾ നൽകുന്ന വിദ്യാഭ്യാസാനുകൂല്യം വളരെ പരിമിതമാണ് അത് പരിഷ്ക്കരിക്കുക.
7. ചികിത്സാചെലവിനായി നൽകുന്ന 300 രൂപാ വളരെ പരിമിതമാണ് മരുന്നുകൾക്കും മറ്റും ക്രമാതീതമായി വില കൂടിയതിനാൽ ടി തുക വർദ്ധിപ്പിക്കുകയും മരണാനന്തര ചിലവിനുള്ള തുകയും കാലോചിതമായി വർദ്ധിപ്പിക്കുക.

## സാദ്ധ്യതകൾ

1. ഉൽപ്പാദന വിലയുമായി ബന്ധപ്പെടുത്തി കയറിനും ഉല്പന്നങ്ങൾക്കും വില നിശ്ചയിക്കുക.
2. കയർ വ്യവസായത്തിലെ മദ്ധ്യവർത്തി സമ്പ്രദായം ഒഴിവാക്കുക.
3. പച്ചതൊണ്ടിന് കാലാകാലങ്ങളിലുള്ള വില നിലവാരത്തിനനുസൃതമായി സബ്സിഡി നിരക്ക് വർദ്ധിപ്പിക്കുക.
4. കടലാക്രമണം തടയുന്നതിനും, റോഡു നിർമ്മാണ പ്രവർത്തനത്തിനും കയർ ഉല്പന്നങ്ങൾ കൂടുതലായി ഉപയോഗിച്ചുള്ള സാദ്ധ്യതകൾ ആരായുക.
5. കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ചെറുകിട വ്യവസായ യൂണിറ്റുകൾ സഹകരണാടിസ്ഥാനത്തിൽ സ്ഥാപിക്കുകയും, ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തി ആ യൂണിറ്റിനെ സഹായിക്കുന്നതിന് പഞ്ചായത്ത് മുൻകൈ എടുക്കുകയും ചെയ്യുക.
6. കയർ വ്യവസായ സഹകരണ സംഘങ്ങളോടനുബന്ധിച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ (കയറ്റുപായ്, തടുക്ക്) യൂണിറ്റ് സ്ഥാപിക്കുക.
7. സംഘങ്ങൾക്കുള്ള വർക്കിംഗ് ക്യാപ്പിറ്റലും ഷെയർ ക്യാപ്പിറ്റലും കൂടുതൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുക.
8. ക്ഷേമനിധി അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ ചരമമടഞ്ഞാൽ അവരുടെ കുടുംബത്തിന് 10,000 രൂപാ ധനസഹായവും അവകാശിക്ക് പെൻഷനും അനുവദിച്ച് കുടുംബത്തെ രക്ഷിക്കും.
9. മരണാനന്തര ക്രിയകൾക്കും, വിദ്യാഭ്യാസാവശ്യത്തിനും മറ്റുമുള്ള ധനസഹായം അനുവദിച്ചു കിട്ടുന്നതിന് ഇന്നു നിലവിലുള്ള വിവിധ വകുപ്പുകളിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ ഒഴിവാക്കി സംഘം ബോർഡിൻേറയും, ഗ്രാമപഞ്ചായത്തിൻേറയും തീരുമാനത്തിൻെറ അടിസ്ഥാനത്തിൽ തുക വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുക.
11. മിനിമം കൂലി കാലോചിതമായി പരിഷ്ക്കരിച്ച് നടപ്പിലാക്കുക.
12. മൈത്രി ഭവന നിർമാണ പദ്ധതിയിൽ കയർ തൊഴിലാളികളേയും ഉൾപ്പെടുത്തുക.

## ക്ഷീര വ്യവസായ സഹകരണസംഘം

ലോകത്തിലെ ആകെ കന്നുകാലി സമ്പത്തിൻെറ മൂന്നിൽ ഒരു ഭാഗം ഭാരതത്തിലാണെങ്കിലും ക്ഷീരോല്പാദനത്തിൽ മറ്റു രാജ്യങ്ങളെ അപേക്ഷിച്ച് വളരെ പിന്നിലാണ് നാം. സഹകരണ സംഘങ്ങളു

ടെ പ്രവർത്തനങ്ങൾ കൊണ്ട് ക്ഷീരവ്യവസായത്തെ പുഷ്ടിപ്പെടുത്തി സുശക്തമാക്കാമെന്ന് പല സംസ്ഥാനങ്ങളും നമുക്ക് മാതൃക കാട്ടിയിട്ടുണ്ട്.

പഞ്ചായത്തിൽ പതിയാങ്കര കേന്ദ്രീകരിച്ച് ഒരു ക്ഷീര വ്യവസായ സഹകരണസംഘം പ്രവർത്തിച്ചു വരുന്നു. പഞ്ചായത്തിലെ 1,2 വാർഡുകളാണ് ഇതിന്റെ പ്രവർത്തന പരിധി. പ്രതിദിനം 120 ലിറ്റർ പാൽ ഇവിടെ ശേഖരിക്കുന്നുണ്ട്. അതിൽ 35 ലിറ്റർ പഞ്ചായത്ത് തലത്തിൽ വിൽക്കുകയും 85 ലിറ്റർ മിൽമായെ ഏല്പിക്കുകയും ചെയ്യുന്നു. 11 വാർഡുകളുള്ള പഞ്ചായത്തിൽ 4 ക്ഷീരവ്യവസായ യൂണിറ്റുകൾ സ്ഥാപിക്കണമെന്ന് ഗ്രാമസഭകളിൽ നിന്ന് ആവശ്യം ഉയർന്നിട്ടുണ്ട്. പുതിയതായി വേണ്ട ക്ഷീര സഹകരണസംഘങ്ങളുടെ വിവരം അനുബന്ധം 2 ൽ ചേർത്തിരിക്കുന്നു.

## നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ 11 വാർഡുകളിലും ഉൽപ്പാദിപ്പിക്കുന്ന പാൽ മൊത്തമായി ശേഖരിച്ച്, സംസ്കരിച്ച് പായ്ക്കറ്റുകളിലാക്കി വിതരണം ചെയ്യുവാൻ ഉതകുന്ന വിധത്തിൽ സഹകരണാടിസ്ഥാനത്തിൽ ഒരു യൂണിറ്റ് രൂപീകരിക്കുക.
2. കാലിത്തീറ്റ കുറഞ്ഞ നിരക്കിൽ ഓരോ സംഘത്തിൽ നിന്നും വിതരണം ചെയ്യുക.
3. നല്ല ഇനം കറവമാടുകളെ സംഘങ്ങൾ മുഖേന വിതരണം ചെയ്യുക.
4. ശാസ്ത്രീയ ഗോ സംരക്ഷണം, പച്ചപ്പുൽ ഉല്പാദനം തുടങ്ങിയ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക.
5. ക്ഷീരോല്പാദനം വർദ്ധിപ്പിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.
6. മൃഗസംരക്ഷണ സബ്സെൻറർ വലിയപറമ്പ് കേന്ദ്രമായി പ്രവർത്തിക്കുക.
7. കാലിത്തീറ്റ വില വർദ്ധനവിന് ആനുപാതികമായി പാലിന് വില നിശ്ചയിക്കുക.

## ഭവനനിർമാണ സഹകരണസംഘങ്ങൾ

ഭക്ഷണം, വസ്ത്രം എന്നിവ പോലെ തന്നെ നിത്യ ജീവിതത്തിലെ അനിവാര്യമായ ആവശ്യമാണ് പാർപ്പിടത്തിന്റേത്. ഭവന നിർമാണ വസ്തുക്കളുടെ വിലയും, കൂലി ചിലവും അനുദിനം വർദ്ധിച്ചു കൊണ്ടിരിക്കുകയുമാണ്. ഈ സാഹചര്യത്തിൽ ഓരോ വ്യക്തിയും സ്വയം ഭവന നിർമാണം നടത്തുന്നതിനു പകരം നിരവധി വ്യക്തികൾ ചേർന്ന് സഹകരണാടിസ്ഥാനത്തിൽ വീടുകൾ നിർമ്മിക്കുന്നത് അഭികാമ്യമായിരിക്കും. ഇതുമൂലം മെച്ചപ്പെട്ട സാധനങ്ങൾ മൊത്തമായി ആദായ വിലയ്ക്ക് വാങ്ങുവാനും വിദഗ്ദ്ധമായ മേലന്വേഷണത്തോടെ ചുരുങ്ങിയ ചിലവിൽ സാങ്കേതിക പരിജ്ഞാനം നേടിയ തൊഴിലാളികളെ ഉപയോഗപ്പെടുത്തി അവരവരുടെ ആവശ്യാനുസരണം വീടുകൾ നിർമ്മിക്കാനും കഴിയും. അതിനാൽ നമ്മുടെ പഞ്ചായത്തിൽ ഒരു "റൂറൽ ഹൗസിംഗ് സൊസൈറ്റി" രൂപീകരിച്ച് ഈ രംഗത്തുള്ള ചൂഷണം അവസാനിപ്പിക്കുക.

## ലേബർ കോൺട്രാക്ട് സംഘങ്ങൾ

ഗവ.ൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ലഭിക്കുന്ന ജോലികളാണ് സാധാരയായി സംഘം ഏറ്റെടുക്കാറുള്ളത്. റോഡു നിർമാണം, കെട്ടിട നിർമാണം, മരം മുറിക്കൽ, പാലം കെട്ടൽ തുടങ്ങിയ എല്ലാ പ്രവർത്തിയും സംഘം മുഖേന നടത്താവുന്നതാണ്.

പത്തോ അതിലധികമോ തൊഴിലാളികൾ ഒരു സ്കാഡായി പ്രവർത്തിക്കുകയും ഇവയുടെ ജോലികൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഒരു സ്കാഡ് ലീഡറേയും നിയമിക്കുക. ജോലിയിൽ നിഷ്കർഷയും, കാര്യശേഷിയും പ്രകടിപ്പിക്കുന്ന സ്കാഡ് ലീഡർമാർക്കും തൊഴിലാളികൾക്ക് നൽകുന്ന കൂലിയുടെ ഒരു നിശ്ചിത ശതമാനം പ്രചോദന അലവൻസായി നൽകുന്നു. എല്ലാ തൊഴിലാളികൾക്കും ഒരേ അവസരത്തിൽ തൊഴിൽ നൽകാൻ സാധിക്കാതെ വരുന്ന ഘട്ടത്തിൽ ഊഴപ്രകാരം ഓരോരുത്തർക്കും അവസരം നൽകുന്നു. ന്യായമായ കൂലിയും ഉറപ്പു വരുത്തുന്നു. പകുതി ആക്സിഡൻറ് ആൻറ് പെൻഷൻ ഫണ്ടിലേക്ക് നീക്കിവയ്ക്കുന്നു. കരുതൽ ധനത്തിനും, ഇൻഷുറൻസിനും നീക്കി വച്ചതിനു ശേഷം ബാക്കി തുക അംഗങ്ങൾക്ക് നൽകിയ കൂലിയുടെ അനുപാതത്തിൽ വിതരണം ചെയ്യുന്നു. തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ സൗകര്യങ്ങൾ ലഭ്യമാക്കുവാൻ കഴിയും എന്നുള്ളത് ശ്രദ്ധേയമാണ്. നമ്മുടെ പഞ്ചായത്തിലും ഒരു ലേബർ കോൺട്രാക്ട് സംഘം രൂപീകരിക്കേണ്ടതാണ്. കേരളത്തിൽ നിരവധി സ്ഥലങ്ങളിൽ ഈ സംഘങ്ങൾ നല്ല നിലയിൽ പ്രവർത്തിച്ചു വരുന്നു.

# ഗ്രാമസഭയിൽ നിന്നും ഉയർന്ന്വന്ന പുതിയ സംഘങ്ങളുടെ പട്ടിക

| ക്രമ നമ്പർ | ഇനം | വാർഡ് |
|---|---|---|
| 1 | ക്ഷീരോ ല്പാദക സഹകരണസംഘം | 1 |
| 2. | ഹരിജൻ സഹകരണ സംഘം | |
| 3. | ക്ഷീരോല്പാദക സഹകരണസംഘം | 4 |
| 4. | ക്ഷീരോല്പാദക സഹകരണസംഘം | |
| 5. | മത്സ്യത്തൊഴിലാളി സഹകരണസംഘം | |
| 6. | കൊപ്രാസംഭരണ സഹകരണ സംഘം | 7 |
| 7. | സർവീസ് സഹകരണസംഘം | 8 |
| 8. | പട്ടികജാതി പട്ടിക വർഗ്ഗ സഹകരണസംഘം | |
| 9. | ക്ഷീരോല്പാദനസഹകരണ സംഘം | 9 |
| 10. | കയർ ഉല്പന്നനിർമാണ സഹകരണസംഘം | |
| 11. | നാളികേര ഉല്പന്നങ്ങൾ നിർമിക്കുന്നതിനാവശ്യമായ സഹകരണ സംഘം | 10 |
| 12. | ക്ഷീരസഹകരണ സംഘം. | 8 |
| 13. | ഫിഷറീസ് സഹകരണ സംഘം | 6 |
| 14. | ക്ഷീരോത്പാദക സഹകരണ സംഘം | 3 |

# തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ നിലവിലുള്ള സഹകരണസംഘങ്ങളുടെ പട്ടിക

| ക്രമ നമ്പർ | സംഘത്തിന്റെ പേര് | വാർഡ് |
|---|---|---|
| 1. | തൃക്കുന്നപ്പുഴ കിഴക്കേക്കര സർവ്വീസ് സഹകരണബാങ്ക് ന. 1689 | 10 |
| 2. | തൃക്കുന്നപ്പുഴ സർവ്വീസ് സഹകരണ ബാങ്ക് ന. 855 | 3 |
| 3. | പതിയാങ്കര തെക്ക് കയർ വ്യവസായ സഹകരണസംഘം എ. 722 | 1 |
| 4. | പതിയാങ്കര കയർ വ്യവസായ സഹകരണ സംഘം എ. 507 | 2 |
| 5. | പള്ളിപ്പാട്ടു മുറി കയർ വ്യവസായ സഹകരണ സംഘം എ. 562 | 4 |
| 6. | പാനൂർ കയർവ്യവസായ സഹകരണസംഘം എ. 549 | 5 |
| 7. | പാനൂർ-പല്ലന കയർ വ്യവസായ സഹകരണ സംഘം ന. 647 | 6 |
| 8. | പല്ലന, പാനൂർ കയർവ്യവസായ സഹകരണസംഘം. ന. 317 | 7 |
| 9. | കുമാരകോടി കയർവ്യവസായ സഹകരണ സംഘം എ. 680 | 8 |
| 10. | കിഴക്കേക്കര വടക്ക് കയർ വ്യവസായ സഹകരണസംഘം. ന. 461 | 9 |
| 11. | തൃക്കുന്നപ്പുഴ നോർത്ത് കയർ വ്യവസായ സഹകരണസംഘം ന. എ. 650 | 10 |
| 12. | തൃക്കുന്നപ്പുഴ കിഴക്കേക്കര കയർ വ്യവസായ സഹകരണസംഘം ന. 101 | 10 |
| 13. | തൃക്കുന്നപ്പുഴ കിഴക്കേക്കര തെക്ക് കയർ വ്യവസായ സഹകരണസംഘം ന. 486 | 11 |
| 14. | പതിയാങ്കര ക്ഷീരോല്പാദക സഹകരണസംഘം ന. എ. 160 | 2 |
| 15 | കുമാരകോടി മാച്ച്‌വർക്കേഴ്സ് ഇൻഡസ്ട്രിയൽ (4) കോ-ഓപ്പറേറ്റീവ് സൊസൈറ്റി ന. എസ്.ഐ.എൻ.ഡി. (എ) 131 പല്ലന | 8 |
| 16. | തൃക്കുന്നപ്പുഴ വില്ലേജ് വനിതാ സഹകരണസംഘം ന. 930 പല്ലന | 8 |
| 17. | തൃക്കുന്നപ്പുഴ പഞ്ചായത്ത് ഹരിജൻ സർവ്വീസ് സഹകരണസംഘം എ. 770 പല്ലന പി.ഒ. | 8 |
| 18 | പതിയാങ്കര - പല്ലന മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം എഫ്. എ. 42 | 2 |
| 19. | തൃക്കുന്നപ്പുഴ - മത്സ്യതൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ഡി. എഫ്. (എ) 65/92 | 3 |
| 20. | പതിയാങ്കര മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ഡി. എഫ്. (എ) 64/92 | 2 |
| 21. | പല്ലന-മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണസംഘം ഡി.എഫ്. (എ) 66/92 | 8 |



# പട്ടികജാതി പട്ടികവർഗ്ഗം

## പട്ടികജാതി-പട്ടികവർഗ്ഗക്ഷേമം

പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങളുടെ ക്ഷേമത്തെ മുൻനിർത്തികൊണ്ടുള്ള പദ്ധതികൾ നാം ആവിഷ്കരിക്കേണ്ടതായിട്ടുണ്ട്. നിലവിലുള്ള സാദ്ധ്യതകൾ ഈ വിഭാഗം ജനങ്ങൾ പരമാവധി ഉപയോഗിക്കുന്നുണ്ടോ എന്നതുകൂടി പരിശോധിക്കേണ്ടിയിരിക്കുന്നു. താത്ക്കാലിക സാമ്പത്തിക നേട്ടങ്ങൾ മാത്രംനോക്കി സബ്സിഡികളുടെ പിന്നാലെ പോകാതെ ഗവണ്മെൻറ് ആവിഷ്കരിക്കുന്ന ക്ഷേമ പ്രവർത്തനങ്ങളുടെ യഥാർത്ഥ ഗുണഭോക്താക്കളായി ഇവരെ മാറ്റുവാൻ കഴിയണം. അതിനെ മുൻനിർത്തി ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളുടെ ക്രോഡീകരണം ആണ് ചുവടെചേർക്കുന്നത്.

## നിലവിലുള്ള പ്രശ്നങ്ങൾ

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളിലെ തൊഴിലില്ലായ്മ
2. സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികളെകുറിച്ചുള്ള അജ്ഞതയും അവ വേണ്ടവിധം ഉപയോഗിക്കുന്നവാൻ കഴിയാതിരിക്കുകയും ചെയ്യുക.
3. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങളുടെ പുനരധിവാസം
4. ലക്ഷംവീടുകോളനിയിലെ ശോചനീയാവസ്ഥ
5. ഹരിജൻ വീടുകളുടെ വൈദ്യുതീകരണം
6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ
7. പട്ടികജാതി-പട്ടികവർഗ്ഗ ഭവനങ്ങളിലെ കുടിവെള്ളക്ഷാമം
8. തൊഴിലധിഷ്ഠിത സഹകരണസംഘങ്ങളുടെ അഭാവം
9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വായ്പാസൗകര്യങ്ങളുടെ അപര്യാപ്തത

മുകളിൽ സൂചിപ്പിച്ച പ്രത്യേക വികസന പ്രശ്നങ്ങളോടൊപ്പംതന്നെ നാടിൻെറ മറ്റുപൊതു വികസനപ്രശ്നങ്ങളും ഈ വിഭാഗത്തെ ബാധിക്കുന്നുണ്ട്. നമ്മുടെ ഗ്രാമം നെൽകൃഷിമേഖലയല്ല. ആയതിനാൽ നാളികേരകൃഷിയെ ആശ്രയിച്ചാണ് പട്ടികജാതിവിഭാഗങ്ങളുടെ പരമ്പരാഗതതൊഴിൽ. പട്ടികവർഗ്ഗവിഭാഗങ്ങൾ നമ്മുടെഗ്രാമത്തിൽ തുലോം പരിമിതമാണ്. നാളികേരകൃഷി ഇന്ന് അനുഭവിക്കുന്ന പ്രശ്നങ്ങൾ ഈ വിഭാഗം തൊഴിലാളികളെയും കൂടി ബാധിക്കുന്ന പ്രശ്നങ്ങളാകാറുണ്ട്. ഈ രംഗത്ത് പരമ്പരാഗതതൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നുണ്ട്. പട്ടികജാതിയിൽപെട്ട നാളികേരകർഷകതൊഴിലാളികളിൽ ബഹുഭൂരിപക്ഷവും മറ്റുമേഖലയെയാണ് ഇന്ന് ആശ്രയിക്കുന്നത്. ഇത്തരം തൊഴിലാളികളുടെ അപര്യാപ്തത ഒരു പ്രധാനപ്രശ്നമാണ്. പരമ്പരാഗത തൊഴിലിനോടുള്ള ആഭിമുഖ്യം പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാർക്ക് കുറഞ്ഞുവരുന്നതും തൊഴിലില്ലായ്മയും ഒരു പ്രധാന വെല്ലുവിളിയാണ്. പരമ്പരാഗത തൊഴിലിൻെറ മാന്യതയെകുറിച്ചുള്ള ബോധവൽക്കരണം വളരെ അത്യന്താപേക്ഷിതം ആണ്.

## പരിഹാരങ്ങൾ

1. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ തൊഴിലില്ലായ്മയെകുറിച്ച് പ്രത്യേകം കണക്കെടുപ്പു നടത്തുകയും പഞ്ചായത്തടിസ്ഥാനത്തിൽ ഒരു റിപ്പോർട്ട് തയ്യാറാക്കുകയുംചെയ്യുക. അതിൻെറ അടിസ്ഥാനത്തിൽ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടിയുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുക. തുടർന്ന് ധനകാര്യസ്ഥാപനങ്ങൾ, വിവിധ ഗവണ്മെൻറ് ഏജൻസികൾ,

അർദ്ധസർക്കാർ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടുകൂടി ''സമഗ്രപട്ടികജാതി-പട്ടികവർഗ്ഗ തൊഴിലില്ലായ്മ പരിഹാരപദ്ധതി'' സമയബന്ധിതമായി നടപ്പിലാക്കുക.

2. പട്ടികജാതി-പട്ടികവർഗ്ഗക്ഷേമത്തിനുവേണ്ടി നിലവിലുള്ള പദ്ധതികളെകുറിച്ച് സമഗ്രമായ ബോധവൽക്കരണം ഗ്രാമസമിതികൾ മുഖാന്തിരം നടത്തുക. കാലാകാലങ്ങളിൽ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക്-ജില്ലാപഞ്ചായത്തുകൾ മുഖാന്തിരം വരുന്ന പദ്ധതികളെകുറിച്ച് അറിയിക്കുന്നതിനുവേണ്ടി പഞ്ചായത്താഫീസ്, വില്ലേജാഫീസ് എന്നിവിടങ്ങളിലും വാർഡ് കേന്ദ്രങ്ങളിലും ''പട്ടികജാതി-പട്ടികവർഗ്ഗ വികസന ക്ഷേമ പദ്ധതികളുടെ അറിയിപ്പു ബോർഡുകൾ'' സ്ഥിരമായി ഉണ്ടാക്കുകയും അറിയിപ്പുകൾ പതിക്കുകയും ചെയ്യുക.

3. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി-പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനു വേണ്ടിയുള്ള പ്രത്യേകലിസ്റ്റ് പഞ്ചായത്ത് അടിസ്ഥാനത്തിൽ തയ്യാറാക്കുകയും മുൻഗണന അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും ചെയ്യുക.

4. ലക്ഷംവീടുകോളനികളുടെ നിലവിലുള്ള പ്രശ്നത്തെകുറിച്ച് പഞ്ചായത്തടിസ്ഥാനത്തിൽ ഒരു വിദഗ്ദ്ധസമിതിയെകൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ ''വികസനപദ്ധതി'' ലക്ഷം വീടുകോളനികൾക്കുമാത്രമായി നടപ്പിലാക്കുകയും ചെയ്യുക.

5. ഇനിയും വൈദ്യുതീകരിച്ചിട്ടില്ലാത്ത പട്ടികജാതി ഭവനങ്ങൾ സർക്കാർ സഹായത്താൽ അടിയന്തിരമായി വൈദ്യുതീകരിക്കുക.

6. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിക്കുക. പത്താംക്ലാസിനുമുമ്പ് സ്കൂൾപഠനം നിറുത്തുന്ന ഈ വിഭാഗം കുട്ടികളുടെ ലിസ്റ്റ് പഞ്ചായത്തുകമ്മിറ്റിക്ക് സ്കൂൾ അധികാരികൾ നല്കണം എന്ന് പഞ്ചായത്ത് അതിർത്തിക്കുള്ള സ്കൂൾ അധികാരികളെ അറിയിക്കുക. അത്തരം ലിസ്റ്റ് നിർദ്ദിഷ്ട മെമ്പറന്മാർ മുഖേന വാർഡുസമിതിക്കുകൊടുക്കുക അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കി തുടർന്നുവിദ്യാഭ്യാസം ചെയ്യുന്നതിനുള്ള പ്രേരണ വാർഡുസമിതികൾ ചെലുത്തുക. പട്ടികജാതി-പട്ടികവർഗ്ഗവിഭാഗങ്ങൾക്കുള്ള സ്കൂളുകളിൽ സ്പെഷ്യൽ ട്യൂഷൻ നല്കുക.

ഒരു വാർഡിൽ നിന്നും ഒരാൾവച്ച് 11 വാർഡുകളിൽ നിന്നും 11 പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികളെ പഞ്ചായത്തുകമ്മിറ്റി ''വിദ്യാഭ്യാസ ദത്തെടുപ്പ്'' നടത്തുകയും അവരുടെ പഠനചിലവ് വഹിക്കുകയും ചെയ്യുക. ഇതിനായി ഉദാരമതികളുടെ സംഭാവനയോടുകൂടി ഒരു പ്രത്യേക പ്രാദേശികഫണ്ട് രൂപീകരിക്കാവുന്നതും ആണ്.

7. എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ ഭവനങ്ങളിലും ''വീട്ടുമുറ്റത്ത് ഒരു ടാപ്പ്'' പദ്ധതി നടപ്പിലാക്കി കുടിവെള്ള ക്ഷാമം പരിഹരിക്കുക. ഹൗസ്കണക്ഷൻ എടുക്കുന്നതിനുള്ള ചെലവ് പഞ്ചായത്ത് പ്രത്യേകം നീക്കിവയ്ക്കുന്ന ഫണ്ടിൽനിന്നും വഹിക്കുക.

8. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളെ സംഘടിപ്പിച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ തൊഴിലധിഷ്ഠിത സഹകരണസംഘങ്ങൾ രൂപീകരിക്കുക. പായനെയ്ത്ത്, ക്ഷീരോല്പാദക-സംസ്കരണ-വിപണന സഹകരണസംഘം, നാളികേര സംഭരണവും വിൽപനയും, സ്ലാബു മതിൽ നിർമ്മാണം തുടങ്ങിയവ സഹകരണ അടിസ്ഥാനത്തിൽ സ്ഥാപിക്കാവുന്നതാണ്.

9. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള വായ്പാ സൗകര്യങ്ങൾ കുറച്ചുകൂടി ഉദാരമാക്കുക. ഈ വിഭാഗങ്ങൾക്ക് ഉത്പാദന മേഖലകളിലേയ്ക്ക് വായ്പകൾ കൊടുക്കുന്നതിന് ദേശസാത്കൃത ബാങ്കുകളെ പ്രോത്സാഹിപ്പിക്കുക.

10. ലക്ഷ്മിതോപ്പ് പ്രദേശത്ത് പട്ടികജാതി-പട്ടികവർഗ്ഗക്കാർ തിങ്ങി പാർക്കുന്നതിനാൽ ഇവിടം ഒരു ഹരിജൻ കോളനിയായി പ്രഖ്യാപിക്കുക.

പുരോഗമന പ്രസ്ഥാനങ്ങളുടെ കാലാകാലങ്ങളിലെ ശക്തമായ ഇടപെടലുകളിലൂടെ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങളുടെ സാമൂഹ്യ നിലവാരം ഉയർത്തിക്കൊണ്ടുവരുവാൻ കഴിഞ്ഞിട്ടുണ്ട്. സാമ്പത്തിക-ജീവിത പിന്നോക്കാവസ്ഥകൾക്കാണ് പരിഹാരം ഉണ്ടാവേണ്ടിയിരുന്നത്. തൊഴിൽ അധിഷ്ഠിതവും ദീർഘവീക്ഷണത്തോടുകൂടിയതും ആയ പദ്ധതികളിലൂടെ ഇതിനു പരിഹാരം കാണുവാൻ കഴിയും എന്ന് നമുക്ക് പ്രതീക്ഷിക്കാം.





# വിഭവ സമാഹരണം

വിഭവസമാഹരണത്തിന്റെ അപര്യാപ്തത ഏറ്റവും പ്രധാനപ്പെട്ട ഒരു വികസന തടസ്സമായി നിൽക്കുന്ന ഗ്രാമമാണ് നമ്മളുടേത്. കാർഷിക രംഗം, മത്സ്യ, കയർ ചെറുകിട വ്യവസായം എന്നിവയായിരുന്നു പരമ്പരാഗതമായി നമ്മുടെ ഗ്രാമത്തിന്റെ വിഭവസ്രോതസ്സ്. എന്നാൽ ഗൾഫ് പണത്തിന്റെ വരവോടു കൂടി ഏറ്റവും പ്രധാനപ്പെട്ട ഒന്നായി അത് മാറി തീർന്നിട്ടുണ്ട്. കാർഷിക രംഗവും കയർ വ്യവസായ രംഗവും മത്സ്യരംഗവും വേണ്ടത്ര പുരോഗമിച്ചിട്ടില്ല എന്നു മാത്രമല്ല അവ മുരടിയ്ക്കുകയാണെന്നുകൂടി വിലയിരുത്തേണ്ടിവരുന്നു. അതാതു വ്യവസായങ്ങൾക്ക് കാലാകാലങ്ങളിൽ ഉണ്ടായ സ്വാഭാവിക പ്രതിസന്ധികളും ഗവൺമെന്റു നയങ്ങൾ മൂലമുണ്ടായ പ്രതിസന്ധികളും ഈ മേഖലകളെ തളർത്തുന്നതിന് കാരണമായി തീർന്നിട്ടുണ്ട്. ഈ രംഗങ്ങളിലെ സജീവ ഉയർത്തെഴുന്നേൽപ്പിലൂടെ മാത്രമേ നമ്മുടെ പഞ്ചായത്തിലെ സാമ്പത്തിക വികസന പ്രതിസന്ധികൾക്ക് ഫലപ്രദമായ പരിഹാരങ്ങൾ ഉണ്ടാക്കുവാൻ കഴിയുകയുള്ളൂ. നമ്മുടെ ഗ്രാമത്തിന്റെ ചരിത്രവും ഭൂമിശാസ്ത്രവും ജീവിതരീതികളും സവിശേഷതകളും പരിഗണിച്ചുകൊണ്ടുള്ള ഒരു വിഭവസമാഹരണമാർഗ്ഗമായിരിക്കണം നാം അവലംബിക്കേണ്ടത്. ഈ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് ഗ്രാമസഭകളിൽ നടന്ന ചർച്ചകളുടെ ഒരു ക്രോഡീകരണമാണ് ചുവടെ ചേർക്കുന്നത്. നികുതിയിനങ്ങൾ, നിർമ്മാണ പ്രവർത്തനത്തിലൂടെയുള്ള വിഭവസമാഹരണം, മനുഷ്യവിഭവസമാഹരണം, മറ്റ് ഇതര വിഭവസമാഹരണം എന്നീ നാല് വിഭാഗങ്ങളിലായി ഇത് വിലയിരുത്തപ്പെടുന്നു.

## 1. നികുതിനിർദേശങ്ങൾ

എ) പഞ്ചായത്ത് പരിധിയിൽ മതിലുകളിൽ എഴുതുന്ന പരസ്യങ്ങൾക്ക് സ്ക്വയർ ഫീറ്റ് അടിസ്ഥാനത്തിൽ നികുതി ഏർപ്പെടുത്തുക. പരസ്യബോർഡുകൾ, ബാനറുകൾ ഇവയ്ക്ക് ഇത് ബാധകമാക്കണം.

ബി) പ്രൈവറ്റ് ബസ്സുകളിൽ നിന്നും ഒരു നിശ്ചിത ചാർജ്ജ് പഞ്ചായത്ത് വാങ്ങുക. കൂടാതെ ടാക്സി, ഓട്ടോകൾക്ക് സ്റ്റാൻറ് സൗകര്യം ഏർപ്പെടുത്തി സ്റ്റാൻറു നികുതി പിരിക്കുക.

സി) പൊതുസ്ഥലങ്ങളിൽ രാഷ്ട്രീയപ്പാർട്ടികൾ മറ്റുമത, സാംസ്കാരിക സംഘടനകൾ തുടങ്ങിയവ നടത്തുന്ന സമ്മേളനങ്ങൾക്ക് പഞ്ചായത്ത് അനുമതി വേണമെന്ന് നിർദ്ദേശിക്കുകയും ആയതിന് നിശ്ചിതഫീസ് ഏർപ്പെടുത്തുകയും ചെയ്യുക. പഞ്ചായത്ത് സർട്ടിഫിക്കറ്റ് ഉണ്ടെങ്കിൽ മാത്രമേ മൈക്ക് സാങ്ഷൻ ലഭിക്കുകയുള്ളൂ എന്ന അവസ്ഥ ഉറപ്പുവരുത്തുക.

ഡി) രണ്ടുനിലയോ അതിൽ കൂടുതലോ ഉള്ള കെട്ടിടങ്ങൾക്ക് നികുതി ഗണ്യമായി വർദ്ധിപ്പിക്കുക.

ഇ) പാരലൽ കോളേജുകൾക്കും പ്രൈവറ്റ് ആശുപത്രികൾക്കും മറ്റ് സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വാർഷിക രജിസ്ട്രേഷൻ ഫീസ് ചുമത്തി വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

എഫ്) പഞ്ചായത്തിലെ സ്വകാര്യ ഡ്രൈവർമാരിൽ നിന്നും തൊഴിൽ നികുതി കുറഞ്ഞ നിരക്കിൽ ഈടാക്കുകയും വാഹന ഉടമകൾക്ക് ഒരു നിശ്ചിത വാർഷിക നികുതി ഏർപ്പെടുത്തുകയും ചെയ്യുക.

ആയതിൻെറ ബന്ധപ്പെട്ട സർട്ടിഫിക്കറ്റ് എ.റ്റി.ഓ. ആഫീസിൽ വാഹന രേഖകളോടൊപ്പം ഹാജരാക്കേണ്ടതാണെന്നുള്ള നിയമ നിർമ്മാണം ഗവൺമെൻറിനെക്കൊണ്ട് നടത്തിയ്ക്കുക.

ജെ) മത്സ്യബന്ധനവള്ളങ്ങൾ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റുകൾ കൊടുക്കുകയും ചെയ്യുക. ഇത്തരം രേഖകൾ അപകട ഇൻഷ്വറൻസ്, വായ്പകൾ തുടങ്ങിയവ എടുക്കേണ്ടതായി വരുമ്പോൾ ബന്ധപ്പെട്ട രേഖകളോടൊപ്പം ഹാജരാക്കേണ്ടതാണെന്നു നിയമ നിർമ്മാണം നടത്തുവാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുക.

എച്ച്) വ്യവസായ സ്ഥാപനങ്ങളെ മുഴുവൻ പട്ടിക തിരിച്ചു രജിസ്റ്റർ ചെയ്യുകയും ഇന്നുള്ള പോരായ്മ പരിഹരിക്കുകയും ചെയ്യുക. കയർ വ്യവസായികൾ, കൊപ്രാ വ്യവസായികൾ വൻകിട മത്സ്യവ്യവസായികൾ പീലിംഗ് ഷെഡുകൾ, എസ്എസ്ഐ യൂണിറ്റുകൾ തുടങ്ങിയ ഇനങ്ങളിലേയും കൂടി ലൈസൻസിംഗ് രജിസ്ട്രേഷൻ സംവിധാനം വ്യാപിപ്പിക്കുക.

ഐ) വീട്ടുകരം ശാസ്ത്രീയമായി പരിഷ്കരിക്കുകയും കർശനമായി പിരിച്ചെടുക്കുകയും ചെയ്യുക.

## 2. നിർമ്മാണ പ്രവർത്തനത്തിലൂടെയുള്ള വിഭവസമാഹരണം

എ) പഞ്ചായത്തിൽ ഒരു പൊതു ശ്മശാനം നിർമ്മിക്കുക

ബി) ആറാട്ടുപുഴ തൃക്കുന്നപ്പുഴ പഞ്ചായത്തുകളെ കേന്ദ്രീകരിച്ച് തൃക്കുന്നപ്പുഴയിൽ ഒരു ഫിഷ്ലാൻഡിംഗ് സെൻറർ സ്ഥാപിക്കുക. IRDP Infra - Structure scheme ൽ ഇതിൻെറ നിർമ്മാണം നടത്താനാവുമോ എന്ന് പരിശോധിക്കുക. ലേലഹാൾ, വിശ്രമമുറി വാഹന പാർക്കിംഗ് സംവിധാനം, സ്റ്റാളുകൾ ഇവ ഉൾപ്പെടുന്ന ഫിഷ്ലാൻറിംഗ് സെൻറർ പഞ്ചായത്തിൻെറ വികസനത്തിൻെറ ഒരു നാഴികക്കല്ലായിരിക്കും.

സി) തൃക്കുന്നപ്പുഴയിൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിച്ച് വാർഷികാടിസ്ഥാനത്തിൽ ലേലം ചെയ്തുകൊടുക്കുക.

ഡി.) തൃക്കുന്നപ്പുഴയിൽ രണ്ടു സോഡിയം വേപ്പർ ലാമ്പുകൾ സ്വകാര്യ സ്ഥാപനങ്ങളെ കൊണ്ടോ വ്യക്തികളെ കൊണ്ടോ നിർമ്മിക്കുകയും ആയതിൽ അവരുടെ പരസ്യം പ്രദർശിപ്പിക്കുകയും ചെയ്യുക.

ഇ) പഞ്ചായത്ത് ഉടമസ്ഥതയിൽ ഒരു പൊതു മാർക്കറ്റ് (ഷോപ്പിംഗ് കോംപ്ലക്സ്) സ്ഥാപിക്കുക.

എഫ്) കായലോര വിശ്രമകേന്ദ്രങ്ങൾ സ്ഥാപിച്ച് വിനോദ സഞ്ചാരികളെ ആകർഷിക്കുക.

ജെ) പഞ്ചായത്തു മേൽനോട്ടത്തിൽ എക്സ്പെല്ലർ യൂണിറ്റ്, സോപ്പ്, കാലിത്തീറ്റ നിർമ്മാണശാല തുടങ്ങിയ ചെറുകിട വ്യവസായ പദ്ധതികൾ ആരംഭിക്കുക.

എച്ച്) തൃക്കുന്നപ്പുഴയിൽ ഒരു കമ്മ്യൂണിറ്റി ഹാൾ സ്ഥാപിക്കുക.

ഐ) ആശാൻ സ്മാരക ബ്രിഡ്ജ് മ്യൂസിയം യഥാർത്ഥമാക്കുവാൻ ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തുകയും ആയതിനുവേണ്ടി പഞ്ചായത്ത് ജനകീയാഭിപ്രായ രൂപീകരണം നടത്തുകയും ചെയ്യുക.

## 3 മറ്റ് ഇതര വിഭവസമാഹരണം.

എ) പഞ്ചായത്തിലെ മുഴുവൻ ജനങ്ങളേയും ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതിയിൽ അംഗമാക്കുക.

ബി) പഞ്ചായത്തിലെ മുഴുവൻ ആൾക്കാരേയും ദേശീയ സമ്പാദ്യ പദ്ധതിയിൽ അംഗങ്ങളാക്കാനുള്ള സമയബന്ധിത പദ്ധതി ആവിഷ്ക്കരിക്കുക.

സി) തൃക്കുന്നപ്പുഴയിൽ ഇപ്പോൾ പ്രവർത്തക്കാതിരിക്കുന്ന സിനിമാശാല തുടർന്നു പ്രവർത്തിപ്പിക്കുന്നതിന് വേണ്ടി പഞ്ചായത്ത് ഇടപെടുകയും ആയതു തുടർന്നു പ്രവർത്തിക്കുകയില്ല എന്നു ബോദ്ധ്യപ്പെടുന്ന പക്ഷം പുതിയത് ആരംഭിക്കുന്നതിന് സാമ്പത്തികാടിത്തറയുള്ള വ്യക്തികളിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്യുക.

ഡി) പൊതു സ്ഥാപനങ്ങളിലെ നിർദ്ദേശ ബോർഡുകളും റോഡുകളിലെ അറിയിപ്പ് ബോർഡുകളും സ്ഥാപനങ്ങളെകൊണ്ട് സ്പോൺസർ ചെയ്യിപ്പിക്കുക. അതിൽ പരസ്യം പ്രദർശിപ്പിക്കുന്നതിന് ഫീസ് ഈടാക്കുക.

ഇ) പ്രധാന മന്ത്രിയുടേയും മുഖ്യമന്ത്രിയുടേയും ദുരിതാശ്വാസ നിധി മാതൃകയിൽ പഞ്ചായത്ത് പ്രസിഡൻറിൻെറ വികസന നിധി രൂപീകരിക്കുകയും ആയതിലേക്ക് സംഭാവന നല്കാൻ വ്യക്തികളേയും സ്ഥാപനങ്ങളേയും പ്രോത്സാഹിപ്പിക്കുക. ഒരു പ്രത്യേക വികസനകാര്യത്തിൻെറ പേരിൽ സംഭാവന നല്കാൻ വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ അവകാശം അവകാശം കൊടുക്കുകയും ആ തുക ഉപയോഗിച്ച് ആ വികസനപ്രശ്നം പരിഹരിക്കുകയും ചെയ്യുക. ഗൾഫ് മലയാളികളുടെ സഹായം നാടിൻെറ വികസനത്തിനായി ഇപ്രകാരം ഉപയോഗിക്കാം.

എഫ്) ബാങ്കുകൾ വഴി സമാഹരിക്കുന്ന തുകയുടെ ഒരു നിശ്ചിത ശതമാനം അതാത് വില്ലേജിൽ വികസന പ്രവർത്തനങ്ങൾക്കായി വിനിയോഗിക്കുക.

## 4 മനുഷ്യ വിഭവ സമാഹരണം

എ) പഞ്ചായത്ത് നടപ്പാക്കുന്ന ഓരോ പദ്ധതികൾക്കും പരമാവധി മനുഷ്യ വിഭവ സമാരണം ഉറപ്പാക്കേണ്ടതുണ്ട്. ആയതിലേക്ക് ഒരു പ്രത്യേക പദ്ധതി തന്നെ നടപ്പിലാക്കണം. ഒരു വീട്ടിൽ നിന്ന് കുറഞ്ഞത് ഒരാളെങ്കിലും ജനകീയ ആസൂത്രണ പ്രക്രിയയിലൂടെയുള്ള വികസന പ്രവർത്തനത്തിൽ പങ്കാളിയായി എന്ന് ഉറപ്പുവരുത്തേണ്ടതാണ്. അങ്ങനെ വരുന്ന വ്യക്തികൾക്ക് പഞ്ചായത്ത് മെംബ്റിൻെറ ശുപാർശയോടുകൂടിയ ഒരു സാക്ഷ്യപത്രം പ്രസിഡൻറ് നല്കണം. പഞ്ചായത്തുമായി വിവിധ ആവശ്യങ്ങൾക്ക് ബന്ധപ്പെടുന്ന അവസരത്തിൽ അപേക്ഷയോടൊപ്പം ഈ സർട്ടിഫിക്കറ്റ് കൂടി ഹാജരാക്കുന്നവർക്ക് മുൻഗണനയും പരിഗണനയും നല്കണം.

ബി) വാർഡു തലത്തിൽ ഏറ്റവും നല്ല ജനകീയ ആസൂത്രണ പ്രവർത്തനകനെ പ്രത്യേകം ആദരിക്കുക.

സി) പഞ്ചായത്തിലെ മുഴുവൻ ബഹുജന സംഘനടനകളേയും, കലാ-സാംസ്കാരിക സമിതികളേയും നേരിട്ട് പങ്കാളികളാക്കുക.

ഡി) പഞ്ചായത്തിൽ നല്കുന്ന അപേക്ഷകളിൽ മേലുള്ള ഫീസ് പഞ്ചായത്തിനു ലഭിക്കത്തക്ക തരത്തിൽ ഗവണ്മെൻറിൽ സമ്മർദ്ദം ചെലുത്തുക.

നമ്മുടെ പഞ്ചായത്തിൻെറ പരിമിതിയിൽ ഒതുങ്ങി നിന്നുകൊണ്ടുള്ള വിഭവ സമഹാരണ നിർദ്ദേശങ്ങളാണ് മുകളിൽ ചേർത്തിരിക്കുന്നത്. അനുഭവത്തിൻെറ വെളിച്ചത്തിലും, പ്രായോഗികതയുടെ കണ്ടെത്തലിലൂടെയും ഇനിയും കൂടുതൽ അഭിപ്രായങ്ങൾ നമുക്ക് സ്വായത്തമാക്കുവാൻ കഴിയും. □



# ടൂറിസം



ടൂറിസം ഒരു മുഖ്യ സ്രോതസ്സായി ഉയർത്തി കൊണ്ടു വരുന്നതിനുള്ള സാദ്ധ്യത തുലോം പരിമിതമാണെങ്കിലും കാർത്തികപ്പള്ളി താലൂക്കിലെ മറ്റ് ഗ്രാമങ്ങളെ അപേക്ഷിച്ച് അനന്തമായ ടൂറിസം സാദ്ധ്യതകളുള്ള ഒരു ഗ്രാമമാണ് നമ്മുടേത്. ഔദ്യോഗിക തലത്തിൽ വലിയ പ്രാധാന്യം ഇല്ലെങ്കിലും സീസൺ സമയങ്ങളിൽ ഒട്ടേറെ വിദേശികൾ നമ്മുടെ ഗ്രാമം വഴി കടന്നുപോകാറുണ്ട്. റ്റി.എസ്. കനാലുവഴി ആലപ്പുഴയ്ക്കും കൊല്ലത്തിനുമിടയിൽ ബോട്ടു സഞ്ചാരം നടത്തുന്ന വിദേശ സഞ്ചാരികൾക്ക് ഏറ്റവും പ്രധാനപ്പെട്ട ഒരു ഇടത്താവളമായി നമ്മുടെ ഗ്രാമത്തെ മാറ്റി തീർക്കുവാനുള്ള സാദ്ധ്യതകൾ വളരെ കൂടുതലാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു കയർ ഗ്രാമം കൂടിയായ തൃക്കുന്നപ്പുഴയ്ക്ക് ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ വളരെയധികം കഴിയും. ആധുനിക നാഗരികതയുടെ ജാഡകൾ കടന്നു ചെല്ലാത്തതും ശുദ്ധ ഗ്രാമീണ തനിമ നിലനിൽക്കുന്നതും ആയ പ്രദേശങ്ങളാണ് നമുക്കുള്ളത്.

പഞ്ചായത്തിൻെറ അത്രയും നീളത്തിലുള്ള കടൽ തീരവും കായൽ തീരവും നമ്മുടെ ഗ്രാമത്തിൻെറ ഒരു പ്രത്യേകതയാണ്. തൃക്കുന്നപ്പുഴ ക്ഷേത്രം, കർക്കിടവാവു ദിനത്തിലെ പുണ്യദർപ്പണം, ഇവയുമായി ബന്ധപ്പെട്ട് തൃക്കുന്നപ്പുഴ കടൽ തീരത്തിന് അതി ബൃഹത്തായ ഒരു ചരിത്ര പൈതൃകം കൂടിയുണ്ട്. ഇവയെ ടൂറിസവുമായി ബന്ധപ്പെടുത്തി വളർത്തികൊണ്ടു വരുന്നതിനുള്ള ബോധപൂർവ്വ ശ്രമം നടത്തേണ്ടിയിരിക്കുന്നു. സാദ്ധ്യതകൾ, അവ നടപ്പാക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്നിങ്ങനെ തരം തിരിച്ചു പരിശോധിക്കുകയും, ടൂറിസ്റ്റ് വികസനം നമ്മുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരിപോഷിപ്പിക്കുകയും വേണം.

## സാദ്ധ്യതകൾ

1 മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന പല്ലന കുമാരകോടി ആലപ്പുഴ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു ടൂറിസ്റ്റ് കേന്ദ്രമായി വളർത്തിയെടുക്കുവാൻ കഴിയും. കേരളത്തിൻെറ വിപ്ലവ കവിയുടെ സ്മാരകത്തിനോട് കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന ഗവൺമെൻറുകൾ കാട്ടിയ അവഗണന ഇത്തരുണത്തിൽ ചൂണ്ടിക്കാട്ടാതിരിക്കാൻ കഴിയില്ല. ഇതിനു പരിഹാരമെന്ന നിലയിൽ 1987 ലെ സർക്കാർ അതി വിപുലമായ ഒരു പദ്ധതിക്ക് ടൂറിസ്റ്റ് സാദ്ധ്യതകളെക്കൂടി മുൻ നിറുത്തിക്കൊണ്ട് രൂപം കൊടുക്കുയുണ്ടായി. ഏഷ്യയിലെ തന്നെ ആദ്യ സംരംഭമായ ബ്രിഡ്ജ് മ്യൂസിയം ആയിരുന്നു അത്. എന്നാൽ ഇത് യാഥാർത്ഥ്യമാക്കുവാൻ കഴിഞ്ഞില്ല. പല്ലനയാറിൻ തീരത്തുള്ള ആശാൻ സ്മാരകം പുതുക്കിപ്പണിയുകയും ബ്രിഡ്ജ് മ്യൂസിയ പദ്ധതി യാഥാർത്ഥ്യമാക്കുകയും അതിനോടനുബന്ധിച്ച് ആശാൻ പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കുകയും ചെയ്യുക. ടൂറിസ്റ്റുകൾ, കവികൾ സാഹിത്യകാരന്മാർ തുടങ്ങിയവർക്ക് താമസിക്കുവാനും കലാ- സാഹിത്യചർച്ചകൾ നടത്തുവാനും, സൃഷ്ടികൾ നടത്തുവാനും ഉള്ള സൗകര്യങ്ങൾ ഗ്രാമീണ ശൈലികൾ ഉണ്ടാക്കുക. അതോടൊപ്പം ആശാൻ കവിതകളിലെ കഥാപാത്രങ്ങൾക്ക് ശില്പചാരുത നല്കി മനോഹരമായ ഒരു ശി

ല്പോദ്യാനം തീർക്കുകയും ചെയ്യുക എന്നിവ ഈ പ്രദേശത്തിന്റെ ടൂറിസം വികസനത്തിന്റെ സാദ്ധ്യതകാം വർദ്ധിപ്പിക്കും. ടൂറിസ്റ്റുകാംക്കായി കെ.റ്റി.ഡി.സി.യുടെ ഒരു കായലോരവിശ്രമകേന്ദ്രം ഇവിടെ സ്ഥാപിക്കുന്നത് വളരെ നല്ലതായിരിക്കും.

2 തൃക്കുന്നപ്പുഴ കിഴക്കേക്കര 9-ാം വാർഡിൽ വിനോദസഞ്ചാരികാംക്കായി ഒരു വിശ്രമ കേന്ദ്രം സ്ഥാപിക്കുക. കയർ ഗ്രാമമെന്ന നിലയിൽ ടൂറിസ്റ്റുകാംക്ക് വള്ളം, സൈക്കിാം, സൈക്കിാം റിക്ഷ തുടങ്ങിയവയിൽ ഗ്രാമത്തിലാകമാനം സഞ്ചരിക്കുന്നതിനുള്ള സംവിധാനങ്ങാം ഏർപ്പെടുത്തുകയും ചെയ്യുക.

3. പേയിംഗ് ഗസ്റ്റുകളെ താമസിപ്പിക്കുവാനും അവർക്കുവേണ്ട സൗകര്യം ചെയ്തുകൊടുക്കുവാനും തയ്യാറുള്ള ഗൃഹ ഉടമസ്ഥന്മാരെ പഞ്ചായത്ത് അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്യുക. ഈ വീടുകളിലെ സൗകര്യങ്ങളെ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർ പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കുകയും ഈ ലിസ്റ്റ്കെ.റ്റി. ഡി.സി. പോലുള്ള സ്ഥാപനങ്ങാംക്ക് കൊടുക്കുകയും ടൂറിസ്റ്റുകളെ ആകർഷിക്കുകയും ചെയ്യണം. തൃക്കുന്നപ്പുഴയിലെ ടൂറിസ്റ്റ് സാദ്ധ്യതകളേയും സൗകര്യങ്ങളേയും സംബന്ധിച്ചുള്ള ഒരു ലഘുലേഖ പഞ്ചായത്ത് പ്രസിദ്ധീകരിച്ച് ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ എത്തിച്ചുകൊടുക്കുക.

4. കെ.വി. ജെട്ടി - ആശാൻ സ്മാരക ജലോത്സവം, പതിയാങ്കര- പറമ്പിക്കടവ് ജലോത്സവങ്ങൾ എന്നിവയെ സംബന്ധിച്ച് പ്രചാരണം നടത്തുകയും ഓണക്കാലത്ത് നാടൻ കലാരൂപങ്ങാം ഉാംക്കൊള്ളിച്ചുകൊണ്ട് ടൂറിസ്റ്റ് വാരാഘോഷങ്ങാം പഞ്ചായത്ത് അടിസ്ഥാനത്തിൽ നടത്തുക.

5. പള്ളിശാലിൽ മുതൽ എം.ടി.യു.പി.എസ്. വരെയുള്ള കടപ്പുറം സ്ഥിരമായി വൃത്തിയായി സൂക്ഷിക്കുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ഉറപ്പുള്ള താല്കാലിക വിശ്രമകേന്ദ്രങ്ങാം പണിയുകയും ചെയ്യുക.

## നടപ്പിലാക്കേണ്ട മാർഗ്ഗങ്ങാം

1 പല്ലന ആശാൻ സ്മാരക ബ്രിഡ്ജ് മ്യൂസിയത്തിന്വേണ്ടി ബഹുജന സമ്മർദ്ദം ഉയർത്തുകയും പഞ്ചായത്ത് അടിസ്ഥാനത്തിൽ വിപുലമായ പ്രചരണം നടത്തുകയും ചെയ്യുക.

2. ടൂറിസ്റ്റ് വിശ്രമകേന്ദ്രം സ്ഥാപിക്കുന്നതിനുവേണ്ടി കെ.റ്റി.ഡി.സി. പോലുള്ള സ്ഥാപനങ്ങളുമായി ഔദ്യോഗികമായി ബന്ധപ്പെടുക.

3. ടൂറിസ്റ്റ് മാപ്പ് പ്രസിദ്ധീകരിക്കുക. ഇത് തയ്യാറാക്കുന്നതിന് വിദഗ്ദ്ധന്മാരുാംപ്പെടുന്ന ഒരു പഠന ഗ്രൂപ്പിനെ നിയമിക്കുക.

4. പേയിങ്ങ് ഗസ്റ്റ് സമ്പ്രദായം യാഥാർത്ഥ്യമാക്കുന്നതിനുള്ള സാദ്ധ്യതകാം ഔദ്യോഗിക തലത്തിൽ ആരായുകയും അത് ഗ്രാമസമിതികാം മുഖാന്തിരം നടത്തുകയും ചെയ്യുക.

5. തൃക്കുന്നപ്പുഴ - തോട്ടപ്പള്ളി റോഡ് പുതുക്കി പണിത് നാഷണൽ ഹൈവേ വഴി കടന്നുപോകുന്ന സഞ്ചാരക്കൂട്ടങ്ങളെ തൃക്കുന്നപ്പുഴ വഴി തിരിച്ചു വിടാനും ഗ്രാമത്തിന്റെ പ്രധാനകേന്ദ്രങ്ങാം സന്ദർശിക്കുവാൻ അവസരമുണ്ടാക്കുകയും ചെയ്യുക.

6. കുമാരകോടിയിൽ പണിതുകൊണ്ടിരിക്കുന്ന ഗ്രന്ഥശാലകാംക്ക് വിജ്ഞാനപ്രദങ്ങളായ പുസ്തകങ്ങാം നൽകുക.

7. കുമാരകോടിയേയും ലക്ഷ്മിത്തോപ്പിനേയും തമ്മിൽ ബന്ധിപ്പിക്കുന്നതിന് ഒരു ആർച്ച് ബ്രിഡ്ജ് സ്ഥാപിക്കുക.

8. ടൂറിസ്റ്റുകാംക്ക് സഞ്ചരിക്കുന്നതിനുള്ള യാത്രാ നൗകകാം പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിർമ്മിക്കുക.

9. പല്ലന ഇല്ലത്തു രവി സംഭാവനയായി നല്കിയ സ്ഥലത്ത് നിർമ്മിച്ചുകൊണ്ടിരിക്കുന്ന ലൈബ്രറിയുടെ കാര്യക്ഷമമായ നടത്തിപ്പിനുവേണ്ടി ബന്ധപ്പെട്ട കേന്ദ്രങ്ങളിൽ സമ്മർദ്ദം ചെലുത്തുക.





# സമർപ്പണം

അധികാരം ജനങ്ങൾക്ക് എന്ന അടിസ്ഥാന ലക്ഷ്യത്തിലൂന്നിക്കൊണ്ട് 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയാക്കുന്നതിനുള്ള ചടുലമായ പ്രവർത്തനങ്ങളിൽ കേരളക്കര ആകെ വ്യാപൃതമായിരിക്കുകയാണ്. നാടിന്റെ വികസന പ്രക്രിയയിൽ വെറും കാഴ്ചക്കാർ മാത്രമായിരുന്ന സാധാരണക്കാരെ ആസൂത്രണപ്രക്രിയയിൽ പങ്കാളികളാക്കുന്നതിനുള്ള ധീരവും ശാസ്ത്രീയവുമായ സമീപനമാണ് കേളസർക്കാർ സ്വീകരിച്ചിരിക്കുന്നത്. അവ്യക്തതയുടേയും ആശങ്കകളുടേയും പേരിൽ ആദ്യ നാളുകളിൽ ജനകീയ ആസൂത്രണ പ്രക്രിയയോട് മുഖം തിരിഞ്ഞു നിന്നവർ, ഇതിന്റെ സംഘാടനത്തിലെ തുറന്ന സമീപനവും ഉണർന്നുവരുന്ന ജനകീയ മുന്നേറ്റവും കണ്ട് ആശങ്കയകറ്റി സജീവമായി രംഗത്തെത്തിയത് ആവേശം പകരുന്നു. നാടിന്റെ വികസനത്തിനു വേണ്ടി ഒരു ദിനമെങ്കിലും സംഭാവന നല്കാൻ തയ്യാറുള്ള ഒരു ജനതതിയെ സൃഷ്ടിക്കുന്നതിനുള്ള ഒരു പുത്തൻ സമീപനം ആസൂത്രണ പ്രസ്ഥാനത്തിന്റെ ജനകീയതയിലൂടെ ഉയർന്നു വന്നിട്ടുണ്ട്.

റോഡുകളിലും, പാലങ്ങളിലും മാത്രമൊതുങ്ങി നിന്നിരുന്ന പഴഞ്ചൻ വികസന സങ്കല്പങ്ങളിൽ നിന്നും വ്യതിചലിച്ചുകൊണ്ട് കാർഷിക മേഖലയ്ക്ക് മുൻതൂക്കം നല്കി ഉല്പാദനമേഖലയെ പരിപോഷിപ്പിക്കുന്നതിനും അതിലൂടെ ഗ്രാമത്തിന്റെ ചൈതന്യം തൊട്ടുണർത്തുന്നതിനുമുള്ള ഒരു ശ്രമം ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ ഉയർന്നു വന്നിരിക്കുകയാണ്. അനഭിലഷണീയമായി കൊണ്ടിരിക്കുന്ന കാർഷികവൃദ്ധിക്കും. നാടൻ കൈത്തൊഴിലുകൾക്കും മാന്യത കല്പിക്കുന്ന ഒരു സമീപനവും ഇതിലൂടെ വളർന്നു വരുമെന്നതിൽ സംശയമില്ല.

വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ സർക്കാർ ഫണ്ടിനെ മാത്രം ലക്ഷ്യം വച്ച് കാത്തിരുന്ന ഗ്രാമ പഞ്ചായത്തുകളെ, അമൂല്യമായ ഗ്രാമ സ്രോതസുകളിലേക്ക് തിരിച്ചു വിട്ടത് ജനകീയ ആസൂത്രണപ്രസ്ഥാനമാണ്. നാടിന്റെ വികസന പ്രക്രിയയിൽ നിന്ന് അകന്നു നിന്നിരുന്ന ജനലക്ഷങ്ങളെ വികസനധാരയിലണി നിരത്തി കൊണ്ട് അമൂല്യമായ മനുഷ്യവിഭവം സമാഹരിക്കുവാനുള്ള സമീപനം വികസന രംഗത്ത് അനന്ത സാദ്ധ്യതകൾ കാട്ടിത്തരുന്നു.

സ്വന്തം നാടിനെ തൊട്ടറിയാനും, പഴയ തലമുറയുമായി സംവാദിക്കുവാനും അതുവഴി നാടിന്റെ പൈതൃകം വരും തലമുറയ്ക്കു കൈമാറുവാനുമുള്ള മഹത്തായ സംരംഭമെന്ന നിലയിൽ ജനകീയ ആസൂത്രണപ്രസ്ഥാനത്തിന്റെ പ്രസക്തിയും പ്രാധാന്യവും വളരെയേറെയാണ്. കാര്യക്ഷമമായ വികസനം പ്രാവർത്തികമാക്കണമെങ്കിൽ നിലവിലുള്ള അവസ്ഥയെ സംബന്ധിക്കുന്ന സ്ഥിതി വിവരവും, ഈ രംഗത്ത് സ്വീകരിക്കേണ്ട ശാസ്ത്രീയ സമീപനവും സ്വായത്തമാക്കണം. ഈ രംഗത്ത് ഒട്ടനവധി മുന്നേറുവാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ജനകീയ ആസൂത്രണ പ്രസ്ഥാനം നാളേയ്ക്ക് സംഭാവന നല്കിയ ഏറ്റവും അമൂല്യമായ ഒന്നാണ് ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ. വരും നാളുകളിൽ വികസന പദ്ധതികൾ രൂപപ്പെടുത്തുമ്പോൾ അടിസ്ഥാന പരമായി ദിശ തെളിയ്ക്കുവാൻ ജനകീയ ആസൂത്രണത്തിനു കഴിയുമെന്നതിൽ സംശയമില്ല.

കേരള മോഡലിൽ ഒരു തൂവൽ കൂടി തുന്നിച്ചേർത്തുകൊണ്ട് സമർപ്പിച്ച വികേന്ദ്രീകൃത ആസൂത്രണപ്രസ്ഥാനത്തിന് ശക്തിപകർന്ന ഗ്രാമ നിവാസികളേയും ഔദ്യോഗികതലങ്ങളിലെ മുഴുവനാളുകളേയും ഇത്തരുണത്തിൽ സ്മരിക്കുന്നു. നാടിന്റെ വികസന രേഖ, നമ്മുടെ ഗ്രാമത്തിന്റെ സ്ഥല, ജല, വിഭവ സാദ്ധ്യതകളുടെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് തയ്യാറാക്കുവാനാണ് പരിശ്രമിച്ചിട്ടുള്ളത്. ഈ സെമിനാറിന്റെ സജീവമായ ശ്രദ്ധ ഈ വികസന റിപ്പോർട്ടിന്റെ മുഴുവൻ മേഖലയിലേക്കും ക്ഷണിച്ചുകൊണ്ട് സഹകരിച്ച മുഴുവൻ ദേശസ്നേഹികളേയും ഒരിക്കൽ കൂടി സ്മരിച്ചുകൊണ്ട് നിങ്ങൾക്കായി സമർപ്പിക്കുന്നു.



# പ്രവർത്തനരേഖ

**1995** ഒക്ടോബർ 2 ഗാന്ധിജയന്തി ദിനത്തിലാണ് തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത്. സമൂഹത്തിലെ നാനാതുറയിലുമുള്ള ആളുകളുടെ സാന്നിദ്ധ്യത്തിലായിരുന്നു സത്യപ്രതിജ്ഞാ ചടങ്ങ്. നാടിന്റെ വികസന പ്രവർത്തനങ്ങൾക്ക് രാഷ്ട്രീയം തടസ്സമാകില്ലെന്നും, ജനപങ്കാളിത്തത്തോടെ വികസനരംഗത്ത് കൂടുതൽ മുന്നേറ്റം നടത്തുമെന്നും അഴിമതിരഹിതമായ ഒരു ഭരണം കാഴ്ചവയ്ക്കുമെന്നും തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുവേണ്ടി ശ്രീ. എ. അബ്ദുൽ അസീസ് പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമെന്നുള്ള നിലയിലാണ് തുടർന്നുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

ആദ്യമായി കാർഷികമേഖലയിലെ തളർച്ചക്ക് പരിഹാരം കാണുന്നതിനായി 28-10-95ന് പഞ്ചായത്ത് കമ്മിറ്റിയുടെ നേതൃത്വത്തിൽ കാർഷിക സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. കൃഷി വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, അനുഭവ സമ്പന്നരായ കർഷകർ, കർഷക തൊഴിലാളികൾ, തൊഴിൽരഹിതരായ യുവതീയുവാക്കൾ തുടങ്ങി ഉദ്ദേശം 150-ഓളം പേർ ഈ സെമിനാറിൽ പങ്കെടുത്തു. കാർഷിക പുരോഗതിക്ക് ഉപകരിക്കുന്ന വിശദമായ പല നിർദ്ദേശങ്ങളും ഉരുത്തിരിഞ്ഞു വരികയുണ്ടായി. അതിൻ പ്രകാരം ഒരു വാർഷിക കർമ്മപദ്ധതിക്ക് രൂപം കൊടുത്തു. കൃഷിഭവന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ മുഴുവൻ അംഗങ്ങളും, ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും ഈ മേഖലയിലെ പ്രശ്നപരിഹാരത്തിനായി ഒരു കർമ്മസമിതിക്ക് രൂപം കൊടുക്കുകയും പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും പഠനത്തിന് വിധേയമാക്കി, തുടർന്ന് കാർഷിക വിദഗ്ദ്ധരെ ക്കൂടി ഉൾപ്പെടുത്തി ഒരു സ്കീം തയ്യാറാക്കി.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ഈ പഞ്ചായത്തിന്റെ വ്യാവസായിക പുരോഗതിക്ക് വേണ്ടി 9-1-96ൽ ഒരു വ്യവസായ സെമിനാർ സംഘടിപ്പിക്കുകയുണ്ടായി. ജില്ലാവ്യവസായ ഓഫീസർ, താലൂക്ക് വ്യവസായഓഫീസർ, ചെറുകിട വ്യവസായ സംരംഭകർ, ബാങ്ക് പ്രതിനിധികൾ, തൊഴിൽരഹിതരായ അഭ്യസ്തവിദ്യർ തുടങ്ങി 90-ഓളം പേർ ഇതിൽ സംബന്ധിക്കുകയുണ്ടായി. പുതുതായി ചെറുകിട വ്യവസായ യൂണിറ്റ് രൂപീകരണത്തെക്കുറിച്ചുള്ള ചർച്ചകൾ സജീവമായി ഉയർന്നുവന്നെങ്കിലും ബന്ധപ്പെട്ട സാമ്പത്തിക ഏജൻസികളായ ബാങ്കുകളുടെ നിസ്സഹകരണംമൂലം ചില ചെറുകിട യൂണിറ്റുകൾ ഒഴികെ മറ്റൊന്നും ലക്ഷ്യപ്രാപ്തിയിൽ എത്തിയില്ല.

14-6-96ൽ തൃക്കുന്നപ്പുഴ Govt. L.P.S-ൽ വച്ച് പഞ്ചായത്തിലെ മുഴുവൻ അധ്യാപകരേയും, റിട്ടയേർഡ് അധ്യാപകരേയും, വിദ്യാസമ്പന്നരായ യുവതീയുവാക്കളേയും പങ്കെടുപ്പിച്ചുകൊണ്ട് ഏകദിന ശില്പശാല സംഘടിപ്പിക്കുകയുണ്ടായി. വിദ്യാഭ്യാസ രംഗത്തെ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായ ഒരു സമിതി രൂപീകരിക്കുകയും പഞ്ചായത്ത് അതിർത്തിയിലുള്ള മുഴുവൻ സ്കൂളിലേയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽക്ലാസ് നൽകി അവരുടെ വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തു. അതിന്റെ പ്രവർത്തനം നടന്നുവരികയുമാണ്.

3-7-96ൽ പഞ്ചായത്തിലെ കലാ-സാംസ്കാരിക സമിതിക്ക് രൂപം നൽകി. 34 കലാ-സാംസ്കാരിക സമിതിയാണ് നമ്മുടെ പഞ്ചായത്തിൽ ഉള്ളത്. ഇതി

ലെ മുഴുവൻ പ്രതിനിധികളും ഈ സമിതിയോഗത്തിൽ സംബന്ധിച്ചു. അതിൽ നിന്ന് ഒരു പഞ്ചായത്തുതല സമിതിയെ തെരഞ്ഞെടുക്കുകയും നാട്ടിലെ കലാ-സാംസ്കാരിക രംഗത്ത് ഒരു പുതിയ ഉണർവ്വ് ഉണ്ടാക്കുന്നതിനുള്ള തീരുമാനം കൈക്കൊള്ളുകയും ചെയ്തു.

കേരളോത്സവം നമ്മുടെ പഞ്ചായത്തിൽ ജനകീയ പങ്കാളിത്തത്തോടെ സംഘടിപ്പിക്കുകയും വിജയികൾക്ക് സമ്മാനം നൽകുകയും ചെയ്തു.

ഈ വർഷത്തെ ഓണാഘോഷം 13-8-96ൽ സാംസ്കാരിക പ്രവർത്തകരെയും കലാകാരന്മാരെയും പങ്കെടുപ്പിച്ചുകൊണ്ട് വിപുലമായ രീതിയിൽ ആഘോഷിച്ചു.

19-2-96ൽ പഞ്ചായത്ത്ദിനം പഞ്ചായത്ത് അങ്കണത്തിൽവച്ച് ജനനേതാക്കന്മാരുടെയും, കലാ-സാംസ്കാരിക നായകന്മാരുടെയും സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.

ജില്ലയിൽ ജാപ്പനീസ് രോഗം പടർന്നുപിടിച്ചപ്പോൾ അതിന്റെ ഭാഗമായി പഞ്ചായത്തിൽ വിപുലമായ പ്രതിരോധനടപടികൾ കൈക്കൊള്ളുകയുണ്ടായി. പഞ്ചായത്തിലെ ഹെൽത്ത്സെൻററിന്റെയും സന്നദ്ധസംഘടനകളുടെയും നേതൃത്വത്തിൽ അഞ്ച് ഹോമിയോ മെഡിക്കൽ ക്യാമ്പുകളും, രണ്ട് ആയുർവ്വേദ മെഡിക്കൽ ക്യാമ്പുകളും സംഘടിപ്പിക്കുകയുണ്ടായി. സൗജന്യമായി പ്രതിരോധമരുന്നുകൾ നൽകുകയും പഞ്ചായത്തിലെ മുഴുവൻ പ്രദേശങ്ങളും ശുചീകരിക്കുകയും കൊതുകുനശീകരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. Dr. അനിൽകുമാർ, Dr. എം. ആർ. രവീന്ദ്രൻ, Dr. അശോക് കുമാർ, Dr. സുരേഷ്, Dr. രത്നകുമാർ തുടങ്ങിയവർ ഇതിന് നേതൃത്വം നല്കി. ജില്ലയിൽ കോളറഭീഷണിനേരിട്ടപ്പോൾ 7-8-96ൽ കോളറപ്രതിരോധം എന്ന നിലയിൽ വിപുലമായ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുകയും D. M. O. Dr. രാഘവൻ, ഹോമിയോമെഡിക്കൽ ഡയറക്ടർ ഉൾപ്പെടെയുളളവർ പങ്കെടുക്കുകയും വമ്പിച്ച ബോധവൽക്കരണക്യാമ്പുകൾ സംഘടിപ്പിക്കുകയും ശുചീകരണപ്രവർത്തനങ്ങൾക്ക് പഞ്ചായത്തുകമ്മിറ്റി നേതൃത്വം നല്കുകയും ചെയ്തു. ശുചീകരണപ്രവർത്തനങ്ങൾ ഇപ്പോഴും തുടരുന്നു. ഹെൽത്ത് സെൻററിന്റെ ആഭിമുഖ്യത്തിൽ O.R.S. പൗഡർ വിതരണം ചെയ്യുകയും ചെയ്തു.

1996 ഫെബ്രുവരിമാസം 6-ാം തീയതി പഞ്ചായത്ത് ആക്റ്റ് പ്രകാരമുള്ള ആദ്യത്തെ ഗ്രാമസഭ നടത്തുകയുണ്ടായി. പഞ്ചായത്തിലെ 11 വാർഡുകളിലും വമ്പിച്ച ജനപങ്കാളിത്തം ഈ സഭകളിൽ ഉണ്ടായിരുന്നു. ഉദ്ദേശം 400-500 വരെ ആളുകൾ പങ്കെടുത്തു. ഏറിയപങ്കും സ്ത്രീകളായിരുന്നു. ഗ്രാമസഭകളിൽ നിന്നും വാർഡ് വികസനസമിതികളെ തെരഞ്ഞെടുത്തു. പിന്നീടുള്ള വികസന പ്രവർത്തനങ്ങൾക്ക് ഈ സമിതിയുടെ സജീവപങ്കാളിത്തം ഉണ്ടായിരുന്നു. തുടർന്ന് പഞ്ചായത്ത് മെമ്പർമാർ അംഗങ്ങളായി പഞ്ചായത്തുതലവികസനസമിതി രൂപീകരിക്കുകയും പിന്നീടുള്ള പ്രവർത്തനങ്ങൾക്ക് ഈസമിതി നേതൃത്വം നല്കുകയും ചെയ്തു. പഞ്ചായത്തിലെ 6500ലേറെ വരുന്ന വീടുകളുടെ പൂർണ്ണമായ സർവ്വേ നടത്തുകയും സ്ഥിതിവിവരങ്ങൾ ശേഖരിക്കുകയും ഇതൊരു റിപ്പോർട്ടായി പഞ്ചായത്തിൽ സൂക്ഷിക്കുകയും ചെയ്തു.

വികസനസമിതിയുമായി ബന്ധപ്പെട്ട് ഉപയോഗിച്ച ഫണ്ട് 14,000 രൂപയാണ്. എന്നാൽ 1995 ഒക്ടോബർ 2നുശേഷം ജനകീയ പങ്കാളിത്തത്തോടെ ധാരാളം പ്രവർത്തനങ്ങൾ നടന്നു. തൃക്കുന്നപ്പുഴ L. P. S. ഗ്രൗണ്ട് വൃത്തിയാക്കുകയും, കളിക്കളം മണ്ണിട്ട് ഉയർത്തുകയും ചെയ്തു. കാടുപിടിച്ച് വൃത്തിഹീനമായികിടന്നിരുന്ന പ്രൈമറിഹെൽത്ത് സെൻററും പരിസരവും ഉദ്ദേശം 10,000 രൂപയുടെ വർക്ക് ജനപങ്കാളിത്തത്തോടുകൂടി ശുചീകരിക്കുകയും ചെയ്തു. കുണ്ടും കുഴിയുമായി കിടന്ന തൃക്കുന്നപ്പുഴ-ആറാട്ടുപുഴ റോഡ് ജനപങ്കാളിത്തത്തോടെ ഗതാഗതയോഗ്യമാക്കി.

കേരളപിറവിദിനമായ നവംബർ 1ന് പഞ്ചായത്തിലെ 3,8,9 എന്നീ വാർഡുകളിൽ ഉദ്ദേശം 20,000 രൂപയുടെ ജനപങ്കാളിത്തത്തോടെയുള്ള വർക്കുകൾ നടന്നു. ഇതിൽ പഞ്ചായത്ത് ചെലവ് കേവലം 1,000 രൂപ മാത്രമായിരുന്നു.

പഞ്ചായത്ത് നേരിട്ടുനടത്തിയ പ്രവൃത്തികൾ 7,37,090 രൂപയുടേതാണ്. ഇതിൽ 1 ലക്ഷത്തിലേറെ രൂപയുടെ സന്നദ്ധ പ്രവർത്തനങ്ങൾ ഉണ്ട്. 1,23,400 പ്രവൃത്തികൾ ജവഹർ റോസ്ഗാർ യോജന (J. R. Y.) സ്കീമിൽ നടത്തിയിട്ടുണ്ട്. സർക്കാർ ഡിപ്പാർട്ടു മെൻറുകൾ വഴി വിവിധസ്കീമുകൾ നേടുന്നതിന് ഉദ്ദേശം 30-ഓളം നിർദ്ദേശങ്ങൾ ബന്ധപ്പെട്ടവർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രധാനമായും ഇലക്ട്രിക് സബ് എഞ്ചിനീയർ ഓഫീസ് സ്ഥാപിക്കുന്നതിനും, പ്രൈമറി ഹെൽത്ത് സെൻററിനെ കമ്മ്യൂണിറ്റി ഹെൽത്ത് സെൻററായി മാറ്റുന്നതിനും, മഹാകവി കുമാരനാശാൻ അന്ത്യവിശ്രമം കൊള്ളുന്ന തൃക്കുന്നപ്പുഴയെ ആസ്ഥാനമാക്കി ടൂറിസം വികസിപ്പിക്കുന്നതിനും, തൃക്കുന്നപ്പുഴ-ആറാട്ടുപുഴ റോഡ് P. W. D. ഏറ്റെടുക്കുന്നതിനും പല്ലന ആറിനുകുറുകെ പാലം പണിയുന്നതിനും പഞ്ചായത്തിൽ ഷോപ്പിംഗ് കോംപ്ലക്സും കമ്മ്യൂണിറ്റിഹാളും നിർമ്മിക്കുന്നതിനും കടൽഭിത്തിയില്ലാത്തിടത്ത് കടൽഭിത്തികെട്ടുന്നതിനും, ആയുർവ്വേദ ആശുപത്രി സ്ഥാപിക്കുന്നതിനും, ഒന്നും നാലും വാർഡുകളിൽ വാട്ടർടാങ്ക് സ്ഥാപിക്കുന്നതിനും, മുത്തേരിൽ പാലം പണിയുന്നതിനും തുടങ്ങിയവ സ്കീമുകളിൽ ഉൾപ്പെടുന്നു. കൂടാതെ മഹാകവികുമാരനാശാൻ സ്മാരക ജലമേള ടൂറിസം വാരാഘോഷത്തിൽ ഉൾപ്പെടുത്താനും നിർദ്ദേശിച്ചിട്ടുണ്ട്.

എന്തിനും സർക്കാർ ഫണ്ടിനെ ആശ്രയിച്ചിരുന്ന കാലത്തിൽനിന്നും വ്യത്യസ്തമായി നഷ്ടപ്പെട്ടുകൊണ്ടിരുന്ന അദ്ധ്വാനശേഷി നാടിന്റെ വികസനത്തിനായി സമർപ്പിക്കാൻ ഒരു ജനത തയ്യാറായി മുന്നിലുള്ളപ്പോൾ അവരെ മുന്നിൽകണ്ടുകൊണ്ട് വരുംകാല വികസനപ്രവർത്തനത്തിന് സന്തോഷത്തോടെ പ്രതീക്ഷകൾ അർപ്പിച്ചുകൊണ്ട് ......................

എ. അബ്ദുൾഅസീസ്
പ്രസിഡൻറ്
തൃക്കുന്നപ്പുഴ ഗ്രാമപഞ്ചായത്ത്

# വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

### കൃഷി-ജലസേചനം
സുജാതാ നടരാജൻ
ജി. രമേശൻ
കനകമ്മ
ദിലീപ്
ബാബുമുക്കേൽ
ജി. മണിയൻ
കളയ്ക്കാട് ചന്ദ്രൻ

### മത്സ്യസമ്പത്ത്-മൃഗപരിപാലനം
കെ. ഗോപാലൻ
പി. വസന്തൻ
നടരാജൻ
കേശവൻ

### ജലസേചനം
മേനകാ മോഹൻ
ആർ. നന്മജൻ
എസ്. സുഗുണാനന്ദൻ
സുധ
പളനിയപ്പൻ

### പൊതുജനാരോഗ്യം
ഷെർളിസുരേഷ്
കെ. പുഷ്കരൻ
പ്രസന്ന
ഡോ. രത്നകുമാർ
അബ്ദുൽലത്തീഫ്

### സാമൂഹ്യക്ഷേമം
പുഷ്പാബാലൻ
എം. എ. ലത്തീഫ്
കെ. മനോഹരൻ
വിജയൻ
മോഹൻ തിരുമംഗലം
ചന്ദ്രബോസ്

### വിദ്യാഭ്യാസം
ജി. കാർത്തികേയൻ
വിശ്വംഭരൻ മാമൂട്ടിൽ
അലിക്കുഞ്ഞ്
ഹാഷിംജവാദ്

### വൈദ്യുതി
അബ്ദുൽലത്തീഫ്
ഇസ്മായിൽ
ജി. മോഹൻ
വി. എം. റാഷിദ്
പി. രാമചന്ദ്രൻ

### ഗ്രാമവികസനം-ഗതാഗതം
സി. എച്ച്. സാലി
ബേബി വെമ്പഴപറമ്പ്
പി. കെ. സോമനാഥനാചാരി
ഒ. എം. താജുദ്ദീൻ
ചന്ദ്രബോസ് പാണ്ടിപറമ്പ്

### പൊതുവിതരണം
അബ്ദുൽഖാദർ
വിദ്യാധരൻ ചേലയ്ക്കാട്
മുഹമ്മദ്ഖാദി
കെ. എൻ. സുരേന്ദ്രൻ
ജെ. ജയചന്ദ്രൻ

### സഹകരണം
എ. അബ്ദുൽ അസീസ്
ടി. കെ. രവി
സുധാകരൻ
എൻ. സുരേഷ്
എൻ. കുഞ്ഞുമോൻ
ഉദയചന്ദ്രൻ

### ചരിത്രപഠനം
എസ്. വിനോദ്കുമാർ
എം. പി. രജ്ഞൻ
തൃക്കുന്നപ്പുഴ സദാനന്ദൻ
കെ. നാരായണമേനോൻ
സുഗതൻ
ആനന്ദൻ
ശ്രീകുമാർ
ആർ. സജീവൻ
ഗോപാലപണിക്കർ

### വിഭവസമാഹരണം
സലിംപ്രശാന്തി
ഭാസ്കരൻ നായർ
പി. സജിത്
കെ. പുഷ്കരൻ
കളയ്ക്കാട് ചന്ദ്രൻ

ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്
ആശംസകൾ!

പുതുമയിൽ

പൂർണ്ണതയുമായി

വസ്ത്രങ്ങൾക്ക്

# നാസ് കളക്ഷൻസ്

Design & Print *Jasmine Grafix* Cochin ✆ : 369770